# POPULAR ARTICLES IN MAGAZINES



# എനിക്കൊരുമ്മയെ വേണം

വിവർത്തനം : ടി.എ. മജീദ്

(ആധുനിക അറബി സാഹിത്യകാരി സുആദ് അൽവിലായതി (1954-കുവൈത്ത്)യുടെ 'ഉരീദു ഉമ്മൻ' എന്ന ചെറുകഥാ സമാഹാരത്തിൽ നിന്ന്)

**കുട്ടി** പാത്രത്തിൽ സ്പൂൺ കൊണ്ട് ഇളക്കിക്കൊണ്ടിരിക്കുകയായിരുന്നു. മക്രോണിയുടെ അംശം അവന്റെ നെറ്റിയിൽ വീണു. പാത്രം കഴുകിക്കൊണ്ടിരുന്ന വേലക്കാരി ഇതുകണ്ട് ഉച്ചത്തിൽ പറഞ്ഞു.

വേഗം പോയി വസ്ത്രം മാറിവാ...

പതുക്കെ അവൻ സ്പൂൺ പാത്രത്തിൽ വെച്ചു, പാത്രം കഴുകിക്കൊണ്ടിരുന്ന 'മേരി' (വേലക്കാരി) അവനെ സൂക്ഷിച്ചു നോക്കി എനിക്ക് വെള്ളം വേണം...

അവൾ അവനോട് ഒച്ചവെച്ചു.

കുറച്ചു നേരം മുമ്പല്ലേ നീ കുടിച്ചത്. അവൻ വീണ്ടും ചോദിച്ചു.

എനിക്ക് ദാഹിക്കുന്നു...

മിണ്ടാതെ കിടന്നുറങ്ങാൻ നോക്ക്...

അവൻ വീണ്ടും യാചിച്ചു.

മേരി.... നിനക്ക് അല്ലാഹു....

ഡൈനിംഗ് ടേബിളിൽ നിന്നും അവൾ പാത്രങ്ങൾ എടുക്കുന്നു.

അവൾ ക്ഷോഭിച്ചു.

നിന്നോടല്ലേ പറഞ്ഞത്... തീരെ നിനക്ക് അനുസ

രണ ഇല്ലല്ലേ...

അവൾ ശക്തമായ കൈകൾകൊണ്ട് അവനെ അടുക്കളയുടെ പുറത്തേക്ക് തള്ളി...

അവൻ വാതിലിനടുത്ത് അവളേയും കാത്തുനിന്നു.

അവൾ അവനോട് അട്ടഹസിച്ചു.

നീ നിന്റെ ബെഡ്റൂമിൽ പോയി കിടക്ക്...

എനിക്ക് പേടിയാവുന്നു...

നിന്നോടല്ലേ പറഞ്ഞത് പോകാൻ...

സോഫയുടെ താഴെ അവൻ അവന്റെ ഒരു കളിപ്പാട്ടം കണ്ടു. അവൻ തറയിലിരുന്ന് അതെടുക്കാൻ ശ്രമിച്ചു. അത് അവന്റെ കൊച്ചു കൈകളിൽ നിന്നും അകലെയായിരുന്നു. അതെടുക്കാൻ അവൻ വീണ്ടും ശ്രമിച്ചു. കാർപ്പെറ്റിന്റെയും സോഫയുടെയും ഇടയിൽ അവൻ കമിഴ്ന്ന് കിടന്ന് ഞരങ്ങി. അവൻ അതിനടുത്ത് എത്താറായി....

അവൻ ഒന്നൂകുടി ശ്രമിച്ചു. അവസാനം അവൻ അത് എടുത്തു. അവൻ പിറകോട്ട് തിരിച്ച് വരാൻ തുടങ്ങി. അവന്റെ തല ഒരു ഭാഗത്തേക്ക് തിരിച്ചു. സോഫയുടെ പുറത്തെത്തി. അവൻ അതെടുത്ത് കളിക്കാൻ തുടങ്ങി. അടുക്കളയിൽ നിന്നും വരുന്ന മേരി ഇത് കണ്ടപ്പോൾ ക്ഷോഭിച്ചു. നിന്നോട് ബെഡ്റൂമിലേക്ക് പോവാൻ പറഞ്ഞില്ലേ...?

മേരി അവന്റെ കൈയിൽ നിന്നും കളിപ്പാട്ടം വാങ്ങി ദൂരേക്ക് വലിച്ചെറിഞ്ഞു.

എനിക്ക് അതുകൊണ്ട് കളിക്കണം...

അവൾ അവന്റെ വാക്കുകൾ ശ്രദ്ധിക്കാതെ അവന്റെ കൈപിടിച്ച് വലിച്ചു. റൂമിലെ ലൈറ്റ് ഓൺ ചെയ്തു. കാഴ്ചയിൽ തന്നെ വിലമതിക്കുന്ന ഫർണിച്ചറുകളായിരുന്നു അവിടെയുണ്ടായിരുന്നത്.. റൂമിന്റെ മധ്യഭാഗത്തായി വെള്ളനിറത്തിലുള്ള കട്ടിലും മൂലയിൽ മരംകൊണ്ട് നിർമ്മിച്ച അലമാരിയും കളിപ്പാട്ടംകൊണ്ട് നിറഞ്ഞു നിൽക്കുന്ന ഒരു ഷെൽഫും ഉണ്ട്. അതിന്റെ അടുത്തായി അവൻ മിണ്ടാതെ നിന്നു. അവൾ തിരിച്ചുവന്നു ഉറക്കെ പറഞ്ഞു : ഇതൊന്നും തൊടരുത്, കട്ടിലിൽ കയറികിടക്ക്...

എനിക്ക് കളിക്കണം, എന്നെ കളിക്കാൻ വിടില്ലേ...

അവൾ അവന്റെ കൈയിൽ അടിച്ചു... ഉടനെ അവൻ കട്ടിലിലേക്ക് ഓടി.. ആ കളിപ്പാട്ടങ്ങളെയും നോക്കി അവൻ കട്ടിലിൽ ഇരുന്നു.

ഉറങ്ങ്... തല തലയണമേൽ വെക്ക്...

എനിക്ക് ഉറക്കം വരുന്നില്ല...

നിന്നോടല്ലേ ഉറങ്ങാൻ പറഞ്ഞത്...

അവളുടെ വാക്കുകൾ അവൻ അനുസരിച്ചു. അവൻ തല തലയിണമേൽ വെച്ചു. മേരി ലൈറ്റ് ഓഫ് ചെയ്തു.

അവൻ പറഞ്ഞു : ലൈറ്റ് ഓഫ് ചെയ്യേണ്ട, എനിക്ക് പേടിയാവുന്നു.

ഇനിയെങ്ങാനും നിന്റെ ശബ്ദം ഞാൻ കേട്ടാൽ നല്ല അടികിട്ടും. അവനെയവിടെ കിടത്തി അവൾ പുറത്തേക്ക് പോയി.

ഇരുട്ടിൽ അവൻ കണ്ണുകൾ തുറന്നില്ല. പിശാച് ഇപ്പോൾ ഇപ്പോൾ വരും, അവൻ പേടിച്ച് പുതപ്പിട്ട് മൂടി.

മേരി അവളുടെ യജമാനത്തിയുടെ റൂമിലേക്ക് പോയി.

അലമാരി തുറന്നു, അലമാരിയിൽ നിന്നും സിൽക്കിന്റെ നൈറ്റി എടുത്തു. അതും ധരിച്ച് അവൾ കണ്ണാടിയുടെ മുമ്പിൽ നിന്നും പൗഡറിട്ടു സുഗന്ധം പൂശി.

അവൾ ആ റൂമിൽ നിന്നും ഹാളിലേക്ക് പോയി ടി.വി. തുറന്നു. സോഫയിൽ ഇരുന്നു. ഇടയ്ക്കിടെ സ്നാക്സും കഴിക്കുന്നുണ്ടായിരുന്നു. എന്നിട്ട് അവൾ റിമോട്ട് കൈയിലെടുത്ത് ഇഷ്ടപ്പെട്ട ചാനലുകൾ മാറ്റിക്കൊണ്ടിരുന്നു. ടി.വി.യുടെ ശബ്ദം കേട്ട് അവൻ കിടക്കയിൽ നിന്ന് എഴുന്നേറ്റ് പതുക്കെ വാതിൽ തുറന്നു. അവളുടെ അടുത്തെത്തി. അവൾ അവനെ ശ്രദ്ധിച്ചില്ല, അവൻ അവൾ ധരിച്ചിരുന്ന നൈറ്റിയിലേക്ക് ചൂണ്ടികാണിച്ചുകൊണ്ട് പറഞ്ഞു.

ഇത് മാമയുടെ വസ്ത്രമാണ്.

അവൻ അവിടെ ഉള്ളതായി അവൾ അറിഞ്ഞു. അവൾ മുഖം ചുളിച്ചുകൊണ്ട് അവനോട് ദേഷ്യത്തോടെ പറഞ്ഞു :

ആരാ നിന്നെ ഇപ്പോൾ ഇങ്ങോട്ട് കൊണ്ടുവന്നത്...

ഇത് മാമയുടെ വസ്ത്രമാണ്....

അവൾ ശക്തമായി അവന്റെ മുഖത്തടിച്ചു.

അവൻ കരഞ്ഞുകൊണ്ട് അവന്റെ റൂമിലേക്ക് ഓടി...

പുതപ്പ് അവന്റെ ശരീരത്തിലേക്കിട്ടു, എന്നിട്ട് പുതപ്പിന്റെ അറ്റം കടിക്കാൻ തുടങ്ങി...

മേരി ഫോണെടുത്ത് ചില നമ്പറുകൾ കറക്കാൻ തുടങ്ങി...

ഹലോ... ലൈത്താ...

.ലൈത്താ... നിനക്ക് സുഖമാണോ? ഇപ്പോൾ സംസാരിക്കാൻ പറ്റിയ സമയമാണോ?

നിന്റെ യജമാനത്തി പുറത്ത് പോയതാണ്, എന്റെ ജയമാനത്തിയും പുറത്ത് പോയതാണ്. കുട്ടി എന്റെയടുത്ത് തന്നെയുണ്ട്. ഞാൻ ഏത് ഡ്രസ്സാണ് ധരിച്ചതെന്ന് നിനക്ക് ഊഹിക്കാമോ?

അതെ, എന്റെ യജമാനത്തിയുടെ സിൽക്കിന്റെ നൈറ്റിയാണ്, സുഗന്ധത്തിന്റെ നല്ല വാസനയുമുണ്ട്...



അതിന് നിനക്ക് വാസനിക്കാൻ കഴിയുന്നുണ്ടോ?

മേരി അവളുടെ സംസാരത്തിൽ മുഴുകി, കുട്ടി തന്റെ കിടക്കയിൽ അസ്വസ്ഥനാണ്. അവൻ പുതപ്പിന്റെ അറ്റം കടിക്കാൻ തുടങ്ങി.

പെട്ടെന്ന് അവൻ ബാത്ത്റൂമിൽ പോവണമെന്ന് തോന്നി. അവൻ കിടക്കയിൽ നിന്നും ചാടിയെഴുന്നേറ്റും, വേഗം ഹാളിലേക്ക് പോയി.

അവൻ മേരിയുടെ അടുത്തെത്തി, അവളുടെ വസ്ത്രത്തിൽ പിടിച്ചു : മേരി... എനിക്ക് ബാത്ത് റൂമിൽ പോവണം.

മേരി അവന്റെ കൈ പിടിച്ച് പിറകോട്ട് തള്ളി, അവൾ സംസാരത്തിൽ മുഴുകി, അവൻ വീണ്ടും അവളോട് പറഞ്ഞു : മേരി... ബാത്റൂം...

അവൾ ഒന്നുകൂടി ശക്തിയായി അവനെ തള്ളി, അവൻ ഹാളിലേക്ക് വീണു, അവൻ അവന്റെ നെറ്റിയിലേക്ക് വീണുകിടന്ന മുടിയിൽ കളിച്ചു നിന്നു. പേടിച്ചുകൊണ്ട് അവളെ വിളിച്ചു : മേരീ...

ദേഷ്യത്തോടെ അവൾ അവനെ നോക്കി, പിന്നെ അവൻ അവന്റെ രണ്ട് കാലുകളും ഇളക്കാൻ തുടങ്ങി. കാലുകളുടെ ഇളക്കം അധികനേരം നിലനിന്നില്ല. പെട്ടെന്ന് അവന്റെ കാലുകൾക്കിടയിലൂടെ മഞ്ഞ നിറമുള്ള ദ്രാവകം ഒഴുകാൻ തുടങ്ങി, അവന്റെ വസ്ത്രവും കാർപ്പെറ്റും മൂത്രത്താൽ വൃത്തികേടായി. മേരി അവനെ ചീത്ത പറഞ്ഞു : ഹൊ... നാശം....

അവൾ ഫോണിലൂടെ മറ്റെന്തൊക്കെയോ പറഞ്ഞുകൊണ്ട് ഫോൺ കട്ട് ചെയ്തു. ദേഷ്യത്തോടെ അവന്റെ അടുത്തേക്ക് പോയി. അവൻ പേടിച്ച് അവളെ നോക്കിക്കൊണ്ടിരുന്നു.

മേരി... ഞാൻ...

അവൾ ശക്തമായി അവന്റെ ശരീരത്തിൽ അടിച്ചു.

അവൻ കരഞ്ഞുകൊണ്ട് പറഞ്ഞു.

മേരി... ഇനി ഞാൻ ചെയ്യില്ല.

അവൾ അവനെ അടിക്കുന്നതിൽ നിന്നും പിന്തിരിഞ്ഞില്ല. അവൾ അവന്റെ കൊച്ചുകൈകൾ പിടിച്ചുവലിച്ചുകൊണ്ട് ബാത്ത്റൂമിലേക്ക് പോയി. അവന്റെ വസ്ത്രങ്ങൾ അഴിച്ചു. അവ

ന്റെ ചെറിയ ശരീരത്തിൽ പലയിടങ്ങളിലായി അവൾ നുള്ളി നോവിച്ചു. അവൻ കരഞ്ഞുകൊണ്ട് അവന്റെ കുഞ്ഞുകൈകൾ കൊണ്ട് അവളെ തടയാൻ ശ്രമിച്ചുകൊണ്ടിരുന്നു.

മേരീ....

അവൾ അവന്റെ വസ്ത്രങ്ങളെല്ലാം മാറ്റി. കിടക്കയിലേക്ക് അവനെ ഇട്ടു... അവൻ കരഞ്ഞ് കട്ടിലിൽ ചുരുണ്ടു കിടന്നു. കുറേ നേരം കരഞ്ഞു... പതുക്കെ പതുക്കെ അവൻ ഉറങ്ങി... അവന്റെ കുഞ്ഞുകവിൾത്തടത്തിലൂടെ കണ്ണുനീർ ഒലിക്കുന്നുണ്ടായിരുന്നു.

11 മണിയായപ്പോൾ അവന്റെ ഉമ്മ വന്നു, മേരിയാകട്ടെ അടുക്കളയിൽ നിലം തുടക്കുകയായിരുന്നു.

യജമാനത്തി മേരിയെ വിളിച്ചു പറഞ്ഞു :

മേരീ... നീ ഇതുവരെ ഉറങ്ങിയില്ലേ...?

അവൾ ചിരിച്ചുകൊണ്ട് പറഞ്ഞു:

അടുക്കള കൂടി ബാക്കിയുണ്ട് ....

ഹിശാം! അവൻ ഭക്ഷണം കഴിച്ചോ...?

കഴിച്ചു, എന്നിട്ടവൻ പെട്ടെന്ന് ഉറങ്ങി.

രാവിലെ മുഖം ചുളിച്ചുകൊണ്ട് ഭക്ഷണം കഴിക്കുന്ന ഭാര്യയെ അദ്ദേഹം ശ്രദ്ധിച്ചു. ഗൗരവത്തോടെ അദ്ദേഹം അവളോട് ചോദിച്ചു :

നിനക്കെന്തുപറ്റി?

വീണ്ടും ഹിശാം കിടക്കയിൽ മൂത്രമൊഴിച്ചു.

ഇവന് എന്തുപറ്റിയെന്നെനിക്കറിയില്ല.

ഭർത്താവ് അവളോട് ചോദിച്ചു :

അവനെ ഡോക്ടറെ കാണിച്ചപ്പോൾ എന്തു പറഞ്ഞു?

ചെയിൽ ചൊറിഞ്ഞുകൊണ്ട് അവൾ പറഞ്ഞു :

അത് മാനസിക പ്രയാസം കൊണ്ടാണ്. അവന്റെ ഈ അവസ്ഥയെക്കുറിച്ച് ഞാൻ ഒരുപാട് ആലോചിച്ചു. എനിക്ക് അതിന്റെ കാരണം കിട്ടിയില്ല. ഡൈനിംഗ് ടേബിളിൽ നിന്നും ഭക്ഷണെടുക്കാൻ മേരി വന്നു... അവൾ ഭക്ഷണസാധനം എടുത്തുപോയതിന് ശേഷം ഉപ്പ പറഞ്ഞു

നീ മേരിയെ വിശ്വസിക്കുന്നുണ്ടോ?

ഉമ്മ... ഉപ്പയെ തടഞ്ഞു

എന്നെക്കാളും കൂടുതൽ അവനോട് വാത്സല്യം അവൾക്കാണ്. ഞാൻ അവനെ അടിക്കുമ്പോഴെല്ലാം അവൾ ഇടപെടുകയും അവന്റെ കൈപിടിച്ച് പുറത്തേക്ക് പോവുകയും അവനെ ചുംബനം കൊണ്ട് പൊതിയുകയും ചെയ്യും. ഇനി എന്തെങ്കിലും ഉണ്ടെങ്കിൽ ഞാനറിയുകയും ചെയ്യും.

കുറച്ച് നേരം നിശബ്ദനായി ഇരുന്നു... പിന്നീട് ചോദിച്ചു :

ഇന്ന് വൈകീട്ട് നിനക്ക് പോകാനുണ്ടോ?

എന്റെ ഉമ്മയുടെ അടുത്ത് വിരുന്നുകാർ വന്നിരുന്നു. എന്നോട് അവരുടെ കൂടെ പോകാൻ പറഞ്ഞു.

ഉപ്പ സ്വയം ചോദിച്ചു : അപ്പോൾ ഹിശാം? അവനെ കൂടെ കൊണ്ടുപോകുന്നുണ്ടോ?

അവൾ ഇല്ല എന്ന് തലയാട്ടി.

ഇല്ല, അവനെ ഞാൻ മേരിയുടെ അടുത്താക്കും.. എന്തുകൊണ്ടാ നീ അവനെ കൊണ്ടുപോകാത്തത്? എങ്ങനെയാണ് ഞാനവനെ കൊണ്ടുപോവുക? അതൊന്നും ശരിയാവില്ല.

എന്തിനാണ് നീ അവനെ തനിച്ച് മേരിയുടെ അടുത്താക്കി പോവുന്നത്...

അവൻ തനിച്ചല്ല, നിങ്ങളുടെ ഉമ്മയില്ലേ ഇവിടെ?

എന്റെ ഉമ്മ വയസ്സായ സ്ത്രീയാണ്. മാത്രമല്ല താഴത്തെ നിലയിലുമാണ്... ഈ വീട്ടിൽ എന്തൊക്കെയാണ് നടക്കുന്നതെന്ന് അവർക്കറിയുകയുമില്ല... നീയാകട്ടെ അവനെ കൂടുതൽ സമയവും മേരിയുടെ അടുത്ത് നിർത്തുന്നു. നിന്റെ കൂടെ ചിലവഴിക്കേണ്ട മുഴുവൻ സമയവും അവൻ അവളുടെ കൂടെയാണ് ചിലവഴിക്കുന്നത്.

ഉപ്പ പറഞ്ഞ വാക്കുകൾ ഉമ്മക്ക് തീരെ ഇഷ്ടപ്പെട്ടില്ല.

അതെങ്ങനെ നിങ്ങൾ പറയും? എന്റെ മകന്റെ കാര്യത്തിൻ ഞാൻ അത്യാഗ്രഹിയാണ്. അവനെ സംരക്ഷിക്കുന്നതിലും അവന്റെ ഓരോ കാര്യത്തിലും അങ്ങനെ തന്നെയാണ്. ഞാനല്ലാതെ മറ്റൊരുമ്മയും അവരുടെ മക്കളുടെ കാര്യത്തിൽ ഇത്ര ശ്രദ്ധ ചെലുത്തില്ല. എ

ന്റെ കുഞ്ഞാണ് എന്റെ ജീവിതം, പിന്നെ എങ്ങനെയാണ് അവന്റെ കാര്യത്തിൽ ഞാൻ അശ്രദ്ധനാവുക.

ഉപ്പ പതിവുപോലെ നിശബ്ദനായി നിന്നു.

വൈകുന്നേരമായപ്പോൾ ഉമ്മ മുടി ചീകികൊണ്ട് കണ്ണാടിക്ക് മുന്നിൽ നിൽക്കുകയാണ്. മാത്രമല്ല, അവൾ ചമഞ്ഞൊരുങ്ങുന്നതിന്റെ അവസാന മിനുക്കുപണിയിലാണ്. കുട്ടി വാതിൽ തുറന്നു. അവന്റെ കൊച്ചു കൈകളാൽ ഉമ്മയുടെ കാലുകൾ കെട്ടിപ്പിടിച്ചു, എന്നിട്ട് പറഞ്ഞു. ഉമ്മാ... എന്നെയും കൂടെ കൊണ്ടുപോവണം...

കണ്ണാടിയിൽ നിന്നും ഒട്ടും ശ്രദ്ധ തിരിക്കാതെ അവൾ പറഞ്ഞു :

കുറച്ച് നേരം കഴിഞ്ഞ് ഞാൻ വരും പിന്നെ ഞാൻ നിന്റെ അടുത്ത് ഉണ്ടാകും...

ഉമ്മ നേരം വൈകു...

ഞാൻ വൈകില്ല...

എല്ലാ പ്രാവശ്യവും ഉമ്മ ഇതു തന്നെയല്ലെ പറയാറുള്ളത്. സ്നേഹത്തോടെ ഉമ്മ അവനെ നോക്കി, അവന്റെ കവിളിൽ തലോടി, പോകാൻ തയ്യാറായിക്കൊണ്ട് അവളുടെ ബാഗ് കൈയിലെടുത്തു. ആ കൊച്ചു ബാലൻ അവരെ കെട്ടിപ്പിടിച്ചുകൊണ്ട് വിളിച്ചു :

ഉമ്മാ...

ഉമ്മ തിരിഞ്ഞു നോക്കി...

ഓ... ഈ രാത്രി നിനക്കെന്തുപറ്റി? ഇപ്പോൾതന്നെ വൈകി...

ഉമ്മാ... ഞാൻ.... ഞാൻ... മേരി...

അവൻ എന്തോ ഉമ്മയോട് പറയാൻ തുടങ്ങി...

പക്ഷേ, അവനത് മുഴുവനാക്കാൻ സാധിച്ചില്ല...

എന്താ... എന്തുപറ്റി.....?

പെട്ടെന്ന് അവന്റെ ചുണ്ടുകൾ താഴേക്ക് പോയിക്കൊണ്ടിരുന്നു. അവൻ ഒന്നുകൂടി യാജിച്ചുനോക്കി.

എന്നെയും കൂടെ കൂട്ടുമോ?

എനിക്ക് കഴിയില്ല.

എന്നാൽ ഞാൻ താഴെ വല്ല്യുമ്മയുടെ അടുത്ത് കിടന്നോളാം.

അവൾ അത്ഭുതത്തോടെ അവനെ നോക്കി...

എന്തുകൊണ്ട് നിനക്ക് നിന്റെ കട്ടിലിൽ കിടന്നുകൂടാ..

നിന്റെ മേരിയുണ്ടാകും...

അവൻ അവരുടെ കൈ പിടിച്ചു.

ഉമ്മാ...

അവൻ എന്തൊക്കെയോ പറഞ്ഞു, പിന്നെ മിണ്ടാതെ നിന്നു, ഉമ്മ വാതിലിനു നേരെ നടന്നു. ആ കൊച്ചു ബാലൻ ഒന്നും മിണ്ടാതെ അവരെ പിന്തുടർന്നു. അവൾ പുറപ്പെടുന്നതിന് മുമ്പ് അവന്റെയടുത്തേക്ക് നോക്കി എന്നിട്ട് അവനെ തലോടി.

അടുക്കളയിൽ പോയി വല്ലതും കഴിക്ക്,

അവൻ ശക്തിയായി അവരെ കൂട്ടിപ്പിടിച്ചു...

ഉമ്മാ ഇവിടെ നിൽക്ക്...

ഇത് ബുദ്ധിമുട്ടായല്ലോ..? ഞാൻ വൈകില്ലെന്ന് പറഞ്ഞില്ലേ....?

അവൻ വീണ്ടും കെഞ്ചി :

പോവുന്നതിന് മുമ്പ് എന്നെ ഒന്ന് ഉമ്മ വെക്കണം.

ഉമ്മ നെടുവീർപ്പിട്ടു, വാത്സല്യത്തോടെ തല അവന്റെയടുത്തേക്ക് താഴ്ത്തി.

വേഗം ... നേരം വൈകുന്നു.

അവൻ ഉമ്മയുടെ പിരടിയിൽ പിടിച്ചു... ശക്തിയായി ഉമ്മയുടെ കവിളിൽ ഉമ്മവെച്ചു.

മതി... മതി.. നീ എന്റെ മെയ്ക്കപ്പെല്ലാം പോക്കുന്നു.

അവൻ ഉമ്മയെ ഉമ്മ വെച്ചുകൊണ്ടേയിരുന്നു.

അവൾ കൈ തട്ടിമാറ്റി പറഞ്ഞു.

ആ... മതി... ഞാൻ പോവുന്നു. ഗുഡ്ബൈ...

വാതിലടച്ചു. കുട്ടി വേഗം ജനലിനടുത്തേക്ക് പോയി. ഉമ്മ പോകുന്നതും നോക്കി നന്നു. അവൾ കാറിൽ കയറി പോയി. കാർ മറ്റൊരു റോഡിലേക്ക് കയറുന്നതുവരെ അതിലേക്ക് നോക്കിക്കൊണ്ടിരുന്നു.

മേരി ഹാളിലേക്ക് വന്നു.

വാ... നീ ഉറങ്ങിയിട്ടു വേണം എനിക്ക് വിശ്രമിക്കാൻ...

രാവിലെ മേരി കുട്ടിയുടെ നനഞ്ഞ ബെഡ്ഷീറ്റ് മാറ്റി അവൾ ദേഷ്യത്തോടെ പിറുപിറുത്തുകൊണ്ടിരുന്നു.



# The Visually Challenged and Identity:

## The Role of Generalisation in the Societal perceptions



**Habeeb.C**
*Assistant Professor of English,
Ferook College, Calicut*

In this global era of the multifaceted technological manifestations, the term 'identity' acquires new and revolutionary dimensions along with man's quest for power and survival. In accordance with the universalisation of the so called intellectual properties, one of the immediate and visible effects of the dynamic information explosion is of course the prominence gained by the marginalized sections in expressing and asserting their identity. The newly cultivated genres such as Postcolonial Literature, Feminist literature, Post structuralist Criticism, Dalid Literature etc, are to be analysed with reference to this aspect. However, the communities such as visually challenged have not yet consciously thought of the panorama of this identity struggle.


Irrespective of all distinctions, the present uproarious technological advancements could play a vital role in promoting the interests of the differently-abled people such as visually challenged. After the development of screen readers and other assistive technological innovations, their dark limited sphere has crossed over its defined space. Today there are computer engineers, civil servants and other such enviable professionals in these communities. What enabled them for a quick creative survival is certainly the scope of the modern technological outbursts.

In spite of these formerly unthinkable innovations, there is no considerable difference in the social identity of the visually challenged community. The society is ready enough to sympathise with them to help them or even to give them undue focus, but they are not ready to admit

their individual identity. In all avenues of social and political life where the general community sees the presence of these marginalized group as a challenge, they use the dictum of impairment to outcast them or to discourage such ventures by them.

There are multiple reasons for this social disparity. The main reason lies with the visually challenged themselves. They have not yet seriously thought of these social problems and their solution. Even after the development of multiple devices for their communication, we have limited literature; sociological, psychological or pure literature, which concentrates on the problems and feelings of the visually challenged. The second reason is the deep-rooted notions of the society. The visually challenged being lived in a stereotypic frame work when they try to come out of it, the society very often fails to recognize them and at times consciously blocks them from their new identity. The attitude of the people to a sightless candidate involving in political or general associational activities is an example for this psychodynamics. It is on account of the same reason that whatever may be the intellectual and social status of a visually challenged individual, the people living in the high class and middle class families are not willing to have matrimonial alliances with the members of this community. Mostly, people of this group get alliances from financially backward families. It is not out of the recognition but out of the other's pathetic plight.

The foremost reality that we come across if we attempt a theoretical analysis of the societal perception of the visually challenged is that, from the very beginning of civilizations itself, there is a basic pattern in such societal perception and representation of the visually challenged. Such a perspective either towards them or towards different terminologies related to them is either negative or one that can satisfy the society's expected objective of compartmentalising them into a very narrow zone. For example, let us look at how the different terms such as



blindness, impairment, disability handicap and the recent coinage "differentability-different ability" have been understood by people across the time. Such perceptions bear no relation to reality. Blindness was the conventional term used to signify visual inconvenience. A thorough search into the linguistic prevalence of this term would convince us of the fact that in most cases where the term 'blind' is used, it is used with a negative connotation. The term blinds signify windo blinds or curtains. We use the adjective blind with negative connotations such as blind faith, blind patriotism, blind worship and so on. The origin of this negative element in these stereotyped usages can be traced to the illusory association of blindness with darkness.

Similarly people fail to understand the real implications of different terms when they use them to describe the visually challenged. Each of these terms has its own specific meaning. The term impairment for instance signifies ***a loss or abnormality of psychological, physiological, or anatomical structure or function. Thus it refers to the physical damage to an organ. The term disability can be defined as any restriction or lack (resulting from an impairment) of the ability to perform an activity in the manner or within the range considered normal for a human being. We often use the term handicap to signify either impairment or disability. But its***

*real implication is a disadvantage for a given individual, resulting from an impairment or a disability, that limits or prevents the fulfilment of a role that is normal (depending on age, sex, and social and culture factors) for that individual. In other words it refers to the psycho social consequences of disability. Impairments and disabilities may be temporary or permanent, reversible or irreversible, and progressive or regressive. The situation people find themselves in may determine to what degree a disability is handicapping for them.*

*However the biggest mistake is in understanding the term differently abled or differentlyabled. People usually define this euphemistic expression as an additional ability or skill attained by a challenged candidate, that is when one sense is weak, that is compensated by an additional enrichment of other senses. Thus they say that a totally visually challenged person can identify the people through voice, smell or touch and that is a different ability. Actually such skills are there even in a sighted candidate, he doesn't use it since his sight helps him to minimize the use of such faculties. The real definition of different ability is doing something in a different way. A visually challenged can do many of the things that a sighted person does, provided there is a little difference in the strategy followed. It could be duplication, modification and adaptation, substitution or some other technics coupled with special sensory development that will enable him to do the things differently. Omission is usually applied only in those regions where sight is a compulsory requirement for the accomplishment of the task. Thus when a sighted person use computer with the aid of a screen, a visually challenged person uses a computer with the aid of screenreader where everything shown on the screen will be read out for him. When a sighted person reads a book looking at it, a challenged person reads the same in a Braille print by touching the dots. These are different abilities for a visually challenged candidate. Very often the society's failure to understand such terminologies in their real sense results in fissures in the policy formulations for the visually challenged.*

However the most dangerous and incurable malady which challenges the identity of the visually challenged is the notion of generalization. It refers to a social phenomenon where an individual trait is attributed by the society to all the members of the community. If .it is something related to a negative predicament, this generalization acquires a peculiar degree of importance. George kutty Kareppparampil in his book Persons with disabilities in the society observes that "

Man cannot resist the temptation to generalize or to spread. He always tries to judge a situation or a person by one most obvious characteristic. He sees that a person is physically handicapped and he believes what he sees, or rather more than what he sees. The disability that he sees in the physical sphere is immediately spread to other areas - psychological, social and moral. In order to prove that man's negative reaction to the physically handicapped is instinctive, some people even try to relate comparable instances in the animal world showing ostracism of those with a typical physique. But their hypothesis cannot be proved by one or two stray instances. Ignorance of the primary causes of disability is also responsible for negative social attitudes".[115] Once a society is familiar with a peculiar kind of generalization, irrespective of any attempts by the members of the disgraced community to cure it, the society is so reluctant to part with it's notion. There are certain conventional social believes such as all the sightless people are singers, and so on. Sometimes the society might have acquired such a notion through the constant presence of disabled beggars in the streets or other social platforms. Besides It is very often seen that suppose an examiner observes some malpractice in a visually challenged student during his examination, he attributes the same to all others of the same group. Thus even the talented among them lose the glory of their achievements. This prevalence of the custom of generalization blocks the challenged community from asserting it's identity. It not only deteriorates the will power of the members but also make even the committed and talented among them disillusioned with the society. It in turn affects their enthusiasm and interest in the public interference. One fact which the society has to realise is that, as the abilities of the sighted people vary according to their social and psychological traits, so is that of the visually challenged.

It is scientifically proved that the visually challenged can undertake any task done by the sighted, other than those which are closely related to the experience of sight, provided there is a certain degree of

modification. Even the degree of this modification depends upon the degree of the concerned individual's impairment. Both the challenged community and the society has to be aware of the difficulties of the marginalized sections such as sightless. However what the general society should give to the challenged is proper recognition, help and encouragement. At the same time they also have to be conscious of the individuality of the concerned candidate. So far the welfare measures, legislations and infrastructural developments done for the challenged communities including the visually challenged are done as a charity of the society. There must be a significant change in this attitude of our mainstream activists and policy formulators, for any normal candidate can become a challenged one at any course of his life. So our attempts to improve the legal, political, social and infrastructural advancement for the challenged people shall be not only to satisfy the existing community, but it shall also be competent to accommodate any such individual who becomes a target of the crucial fate of becoming the victim of such an unexpected and brutal disaster.

Another major problem is the fallacies in the representation of the visually challenged. The studies in this regard show that the major trend in representing the visually challenged either in films or in Literature is to under estimate them or to overestimate them.

Dr Kenneth Jernigan in a speech which he made in London in 1974 makes the following observation about the position of the visually challenged in literature. The literary record reveals no single theme or unitary view of the life of the blind. Instead, it displays a bewildering variety of images often conflicting and contradictory, not only as between different ages or cultures, or among the works of various writers, but even within the pages of a single book.

It is high time that we have came out of this kind of social inadequacies. In the developed nations like United States, the government itself is taking initiative to promote the growth of such sections. In our largest democracy, the authorities are still doubtful in appointing a visually challenged qualified civil servant though they have return so in the bylaw of U.P.S.C.. At last the court had to give a final verdict in this regard to protect the rights of a qualified visually challenged candidate to be recognised as a civil servant. The important solution to all this problems is to have wide variety of literature written, stressing the problems and feelings of the challenged communities. They have to be both research oriented and pure literature. It can be either the normal people writing about the challenged or the challenged communities writing their problems and feelings. The latter category has got more relevance with the issue of the identity crisis. So far we have very limited literature either pure literature or theoritical literature on the visually challenged.

There are many reasons for such an inertia in the community. A lions portion of the community is happy with the kind of charities which they are receiving from the general community. But there of course were the sensitized few. Earlier they did not have proper medium to produce their literature. They had to seek the help of the sighted to write out their materials. After the development of Screen readers this situation is changed. Now at least in Major languages like English and French where the software's are available, visually challenged can produce literature of their own. Lack of avenues to publish these articles is another hindrance. The modern media and films are yet viewing them as a group who require sympathy and charity. Anyhow in recent times there is a slight shift in the attitude of some major media towards the community. The society's basic assumption in interacting with the visually challenged is that it is providing a great space and opportunity for the challenged to get over his closed space, thus the interaction is one sided. Whereas it fails to understand the fact that any interaction is bilateral and both the sides will be equally rewarded through such interactions. So instead of offering them promotion, the society shall give the challenged a space for establishment and growth.

The visually challenged community all over the world is socially well organized. Now the World blind Union has branches in all the major nations of the world. But this has not helped the community to change the stereotyped social constructs about them.

As of all other cured past social inhibitions let us hope that the society will make some remarkable change regarding it's perception and attitude towards the marginalized sections such as visually challenged giving accentuation to their needs rather than the conventions.



# ചോലവനങ്ങളും നദികളും

ഡോ. കെ. കിഷോർകുമാർ

പ്രിയപ്പെട്ട കൂട്ടുകാരേ, ലോകമെങ്ങും ജലത്തെക്കുറിച്ചും അതിന്റെ ഭിന്ന രൂപങ്ങളെക്കുറിച്ചും, ഭാവങ്ങളെക്കുറിച്ചും, സംരക്ഷണത്തെക്കുറിച്ചും ഗഹനമായ ചിന്തകൾ നടക്കുന്ന വർഷമാണല്ലോ ഇത്. പ്രകൃതി കനിഞ്ഞനുഗ്രഹിച്ച ജലസമൃദ്ധമായ ഈ നാട്ടിൽ ജീവിക്കുന്ന നമുക്ക് ജലത്തിന്റെ വിലയെന്താണെന്ന് ശരിക്കറിയില്ല. അതിനാൽ തന്നെ ജലചക്രത്തിൽ പ്രധാന പങ്കു വഹിക്കുന്ന കാടുകൾ ചെയ്യുന്ന സേവനങ്ങളെക്കുറിച്ചും അവയുടെ സംരക്ഷണത്തെക്കുറിച്ചും നമ്മൾ അജ്ഞരാണ്. കണ്ണ് നഷ്ടപ്പെട്ടിട്ടു വേണോ കണ്ണിന്റെ വിലയറിയാൻ?



**കേരളത്തിലെ ഒട്ടു മുക്കാലും നദികളും ഉത്ഭവിക്കുന്നത് പശ്ചിമ ഘട്ടത്തിലെ മഴക്കാടുകളിൽ നിന്നാണ്. ചെറിയവ ആർദ്ര ഇല പൊഴിയും കാടുകളിൽ നിന്നും ഉത്ഭവിക്കുന്നു**

കേരളത്തിലെ സമൃദ്ധമായ മഴയ്ക്ക് കാരണം മൺസൂൺ മേഘങ്ങളെ ഒരു വലിയ മതിൽ പോലെ തടഞ്ഞുനിർത്തുന്ന പശ്ചിമഘട്ടമാണെന്ന് നമുക്കറിയാം. കേരളത്തിലെ ഒട്ടു മുക്കാലും നദികളും ഉത്ഭവിക്കുന്നത് പശ്ചിമഘട്ടത്തിലെ മഴക്കാടുകളിൽ (Evergreen forests) നിന്നാണ്. ചെറിയവ ആർദ്ര ഇല പൊഴിയും (Moist deciduous) കാടുകളിൽ നിന്നും ഉത്ഭവിക്കുന്നു.

കേരളത്തിൽ, രണ്ട് കാലവർഷങ്ങളിൽ നിന്നുമായി ഏതാണ്ട് 3500 മി. മീറ്റർ മഴ ലഭിക്കു



*പശ്ചിമഘട്ട ചോലക്കാടുകളിൽനിന്നും ഉത്ഭവിക്കുന്ന ഒരരുവി*

ന്നെന്നാണ് കണക്കാക്കിയിരിക്കുന്നത്. മഴനിഴൽ പ്രദേശങ്ങളായ (Rain shadow regions) ചിന്നാർ, അട്ടപ്പാടി എന്നിവിടങ്ങളിൽ ഏതാണ്ട് 500 മി. മീറ്റർ മാത്രമേ മഴ ലഭിക്കുന്നുള്ളൂ. ഉന്നത പർവത ശിഖരങ്ങളിൽ പലയിടത്തും 6000–8000 മി. മീ. വരെയാണ് മഴയുടെ അളവ്. ഇവിടങ്ങളിൽ നിന്നാണ് നമ്മുടെ പല വലിയ നദികളും ഉത്ഭവിക്കുന്നത്. ഇത്തരം പ്രദേശങ്ങളിൽ പെയ്യുന്ന മഴ മുഴുവൻ നിമിഷങ്ങൾക്കകം കുത്തിയൊലിച്ച് അറബിക്കടലിൽ എത്താതിരിക്കുന്നതിന് കാരണം അവിടെ സമൃദ്ധമായി വളരുന്ന ചോലവനങ്ങളും (Shola forests) പുൽമേടുകളും ആണ്.

പുൽമേടുകളും ചോലവനങ്ങളും മഴയുടെ പതനശക്തി ആവാഹിച്ചെടുത്ത് സ്പോഞ്ചുപോലെ അവയെ വലിച്ചെടുക്കാൻ മണ്ണിനെ സഹായിക്കുന്നു. മലയിടുക്കുകളിൽ കാണപ്പെടുന്ന നിത്യഹരിത ചോലവനങ്ങൾ, മലഞ്ചെരിവിലൂടെ കുതിച്ചെത്തുന്ന വെള്ളത്തെ പശിമയാർന്ന മണ്ണിലേക്കാവാഹിക്കുന്നു. അത് കുറേശ്ശെ ഉറവകളിലൂടെയും ചെറിയ നീർച്ചാലുകളിലൂടെയും നൽകുക വഴി പുഴകളെ വർഷം മുഴുവൻ നിലനിർത്തുകയും ചെയ്യുന്നു.

ചോലവനങ്ങളും പുൽമേടുകളും ചെയ്യുന്ന ഈ നിശ്ശബ്ദ പാരിസ്ഥിതിക സേവനം പക്ഷേ തിരിച്ചറിയാൻ വിവേകമതിയെന്നഹങ്കരിക്കുന്ന മനുഷ്യനായി

*പുൽമേടുകൾ തോട്ടങ്ങളാകുമ്പോൾ*







പാതാളത്തവള



ടുവോടാര



സയാത്തിയ



ജിംഗോ ബൈലോബ

(ഇവയെ ക്കുറിച്ച് കൂടുതല റിയാൻ പേജ് 8 കാണൂ...)

ല്ല. ബ്രിട്ടീഷുകാരുടെ കാലത്തു തന്നെ മൂന്നാർ, ഊട്ടി, കൊടൈക്കനാൽ തുടങ്ങിയ ഹിൽസ്റ്റേഷനുകളിലെ ഇത്തരം ആവാസ വ്യവസ്ഥകൾക്ക് മരണമണി മുഴങ്ങിയിരുന്നു. വൃക്ഷങ്ങളില്ലാത്ത പുൽമേടുകൾ കൊണ്ട് ആർക്ക്, എന്തു പ്രയോജനം എന്നതായിരുന്നു അവരുടെ ചോദ്യം. പുൽമേടുകൾ തട്ടുതട്ടാക്കിയും അല്ലാതെയും ചായയും കാപ്പിയും വാറ്റിലും അക്കേഷ്യയും യൂക്കാലിപ്റ്റസും നട്ടുപിടിപ്പിച്ചു. നീർച്ചാലുകൾ വരളുകയും പുഴകൾ മെലിയുകയും ചെയ്തപ്പോഴാണ് മനുഷ്യൻ ചെയ്ത അബദ്ധങ്ങൾ പലതും തിരിച്ചറിഞ്ഞു തുടങ്ങിയത്. മാത്രമല്ല, അരുവികളുടെ ഉത്ഭവസ്ഥാനങ്ങളിലുള്ള ഇത്തരം തോട്ടങ്ങളിൽ പ്രയോഗിക്കുന്ന കീടനാശിനികളും, കൃത്രിമ വളങ്ങളും ചേർന്ന് ജലസ്രോതസ്സുകൾ വിഷമയമായി തീരുകയും ചെയ്തു.

"ജീവിക്കുന്ന ഫോസിൽ വനങ്ങളാ'യി കരുതപ്പെടുന്ന ചോല വനങ്ങൾ വെട്ടി നശിപ്പിക്കുന്നതിനു മതിയായ ന്യായീകരണങ്ങൾ മനുഷ്യർ കണ്ടെത്തിയിട്ടുണ്ട്. പൊതുവേ കുള്ളന്മാരായ, നിരവധി ശാഖോപശാഖകളോടു കൂടിയ ചോലവന വൃക്ഷങ്ങൾ തടിയുടെ ഉപയോഗ



**ചോലവനങ്ങൾ ഒരിക്കൽ നശിപ്പിച്ചാൽ, മറ്റു വനങ്ങളെ പോലെ പുനർനിർമിക്കുവാൻ സാധിക്കില്ല**



ആനമുടി



**പു**ൽമേടുകളിൽ 'മനഃപൂർവമുള്ള' തീയിടൽ രാജാക്കന്മാരുടെയും ബ്രിട്ടീഷുകാരുടെയും കാലത്ത് നായാട്ടിന്റെ ഭാഗമായി ചെയ്യാറുണ്ടായിരുന്നു. കത്തിയമർന്ന പുൽമേടുകളിൽ പിന്നീട് പൊടിച്ചു വരുന്ന പുതിയ ഇളം പുൽനാമ്പുകൾ നുണയാൻ ആർത്തിയോടെ എത്തുന്ന വരയാട്, മാൻ, മ്ലാവ്, കാട്ടുപോത്ത് എന്നിവയെ വേട്ടയാടലായിരുന്നു ലക്ഷ്യം. പുൽമേടുകൾ കത്തിയെരിഞ്ഞുണ്ടാകുന്ന ചാരം, മഴയിൽ ഒരു ചെലവുമില്ലാതെ തന്റെ കൃഷിയിടത്തിലെത്തിച്ചേർന്ന് അതിനെ ഫലഭൂയിഷ്ടമാക്കും എന്ന് കരുതി തീയിടുന്നവരും കുറവല്ല. ഭൂമി കയ്യേറ്റക്കാരും തീയിടുന്നതിൽ തൽപ്പരരാണ്.

# പുൽമേടുകളിൽ തീയുണ്ടാകുന്നത്



ത്തിനു പോലും പറ്റാത്തവയാണെന്നതാണ് ഇതിൽ പ്രധാനം. ഈ സസ്യങ്ങളുടെ ഔഷധ മൂല്യങ്ങളെക്കുറിച്ച് കാര്യമായ അറിവൊന്നും ലഭ്യമായിരുന്നില്ല. അതിനാൽ പശ്ചിമഘട്ടത്തിലെ ചോലവനങ്ങളിൽ പലയിടങ്ങളിലും മഴു വീണു. ലക്ഷക്കണക്കിന് വർഷങ്ങളായി മലയിടുക്കുകളിൽ ശേഖരിക്കപ്പെട്ട പശിമയാർന്ന ജൈവാംശ സമ്പന്നമായ മണ്ണു മുഴുവൻ കുത്തിയൊലിച്ചു പോയി. ഭൂഗർഭത്തിലേക്കാണ്ടു പോകേണ്ടിയിരുന്ന ജലമത്രയും തടസ്സമേതുമില്ലാതെ ഒഴുകിപ്പോയി. ലോകത്തിലെ തന്നെ ഏറ്റവും വൃക്ഷനിബിഡവും, തനതു (Endemic) സസ്യ-ജന്തു ജാലങ്ങളുടെ ധാരാളിത്തം കൊണ്ട് സമ്പന്നവുമായ കാടുകൾ വെട്ടിയിറക്കപ്പെട്ടു. അതോടെ അരുവികളുടെ മരണം വേഗത്തിലായി. ചോലവനങ്ങൾ ഒരിക്കൽ നശിപ്പിച്ചാൽ, മറ്റു വനങ്ങളെ പോലെ പുനർനിർമിക്കുവാൻ സാധിക്കില്ല എന്ന കാര്യം ആരും ഓർത്തില്ല.




ഇതിനു പുറമേ ചോലവനങ്ങളുടെയും, പുൽമേടുകളുടെയും അന്തകനായി കാട്ടുതീയുമെത്തി. മലഞ്ചെരിവുകളുടെ താഴെ ഏതെങ്കിലും എസ്റ്റേറ്റിലോ, തൊഴിലാളികളുടെ കോളനികളിലോ ആദിവാസി ഊരിലോ നിന്ന് അല്ലെങ്കിൽ ടൂറിസ്റ്റുകളിൽ നിന്ന് അശ്രദ്ധ മൂലം (പലപ്പോഴും മനഃപൂർവം) പടർന്നു കയറുന്ന തീ പുൽമേടുകളെയും ചോലവനങ്ങളെയും നക്കിത്തുടച്ചുകൊണ്ട് ഘോരതാണ്ഡവമാടുന്നു. നീലക്കുറിഞ്ഞിയും മറ്റ് അപൂർവ സസ്യങ്ങളും ജന്തുക്കളും അഗ്നിക്കിരയായി നശിക്കുന്നു. അത്യപൂർവ സസ്തനികളായ വരയാടുകളുടെ ആവാസ വ്യവസ്ഥകളും ഭക്ഷണ സ്രോതസ്സുകളും

# ചോലവനങ്ങൾ എന്തുകൊണ്ട് ജീവിക്കുന്ന ഫോസിൽ വനങ്ങളായി?



"ഫോസിലുകൾ" എന്താണെന്ന് കൂട്ടുകാർക്ക് അറിയാമല്ലോ. കോടാനുകോടി വർഷങ്ങൾക്ക് മുമ്പ് ജീവിച്ച സസ്യജന്തു ജാലങ്ങളുടെ അവശേഷിക്കുന്ന ശരീരഭാഗങ്ങളോ, അടയാളങ്ങളോ ആണവ. എന്നാൽ കോടാനുകോടി വർഷങ്ങൾക്കു മുമ്പ് ആവിർഭവിച്ചതും ഇന്നും ഭൂമുഖത്തു ജീവിക്കുന്നതുമായ സസ്യ-ജന്തു ജാലങ്ങളെയോ സമൂഹങ്ങളെയോ ആണ് 'ജീവിക്കുന്ന ഫോസിലുകൾ' എന്ന് വിളിക്കുന്നത്.

അനാവൃതബീജി സസ്യമായ (Gymnosperm) 'ജിംഗോ ബൈലോബ' യും (Ginkgo biloba) നമ്മുടെ നാട്ടിൽ കാണപ്പെടുന്ന മരപ്പന്നൽ ആയ 'സയാത്തിയ' യും (Cyathea) ജീവിക്കുന്ന സസ്യഫോസിലുകൾക്കുദാഹരണമാണ്. അതുപോലെ ന്യൂസിലാന്റിലെ അപൂർവ പല്ലിയിനമായ 'ടുവോടാര'യും (Tuotara), നമ്മുടെ നാട്ടിൽ നിന്നും കണ്ടെത്തിയ 'പാതാളത്തവള'യും (Pig Nose Frog) ജീവിക്കുന്ന ജന്തുഫോസിലുകൾ തന്നെ.

ചോലവനങ്ങൾക്ക് പശ്ചിമഘട്ടത്തിന്റെ രൂപീകരണത്തോളം (4.5-6.5 കോടി വർഷം) പ്രായമുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. അതായത്, പിന്നീടുണ്ടായ ഹിമാലയത്തേക്കാൾ പ്രായം!! പശ്ചിമഘട്ട മലനിരകൾ രൂപം കൊണ്ട വേളയിൽ ഈ നിത്യഹരിത വന അങ്ങനെ ഇല്ലായ്മ ചെയ്യപ്പെടുന്നു.

കുടിവെള്ളത്തിന് നെട്ടോട്ടമോടേണ്ടി വന്നപ്പോൾ തിരിച്ചറിവു കൈവന്ന സമൂഹം അവശേഷിച്ച ചോല വനങ്ങളുടെ സംരക്ഷണം ഇന്ന് ഗൗരവതരമായി എടുത്തു വരുന്നുണ്ട്. പുതിയ വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും ബയോസ്ഫിയർ റിസർവുകളുടെയും പ്രഖ്യാപനത്തോടെ പല ചോലവനങ്ങൾക്കും സംരക്ഷണം ഉറപ്പാക്കപ്പെട്ടിരിക്കുന്നു.

പുതുതായി പ്രഖ്യാപിക്കപ്പെട്ട ദേശീയോദ്യാനങ്ങളായ മതികെട്ടാൻ ചോല, ആനമുടി ചോല, പാമ്പാടും ചോല തുടങ്ങിയവ പ്രസിദ്ധമായ ചോലവന മേഖലകളാണ്. ഇതിൽ 'ആനമുടി ചോല' ദേശീയോദ്യാനത്തിലാണ് ദക്ഷിണേന്ത്യയിലെ ഏറ്റവും വിസ്തൃതിയേറിയ ചോലവനവും 'ചോലവനങ്ങളുടെ രാജാവ് എന്ന് അറിയപ്പെടുന്നതുമായ 'മന്നവൻ

ങ്ങൾ 2000 മുതൽ 2600 വരെ മീറ്റർ ഉയരത്തിലേക്ക് എടുത്തുയർത്തപ്പെട്ടു എന്നാണ് ശാസ്ത്രമതം. തന്മൂലമുണ്ടായ കാലാവസ്ഥാ മാറ്റത്തിൽ അനുകൂല വ്യതിയാനങ്ങൾ കൈക്കൊണ്ട് പരിണമിച്ചുണ്ടായവയാണ് ഇന്നത്തെ ചോലവനങ്ങൾ. ശക്തമായ തണുപ്പും, മഞ്ഞും കോരിച്ചൊരിയുന്ന മഴയും, ചെങ്കുത്തായ മലനിരകളും, പ്രത്യേകതയാർന്ന സസ്യ-ജന്തു ജാലങ്ങളുമാണിവിടത്തെ സവിശേഷത. ഡിസംബർ-ജനുവരി മാസ രാത്രികളിൽ അന്തരീക്ഷ താപനില -5 ഡിഗ്രി സെൽഷ്യസ് മുതൽ -10 ഡിഗ്രി സെൽഷ്യസ് വരെ താഴാറുണ്ട്. മേൽ മണ്ണിലെയും സസ്യശരീരത്തിലെയും ജലകണങ്ങൾ ഉറഞ്ഞു പോകും. ചെറു സസ്യങ്ങളും വൃക്ഷത്തൈകളും ഇതുമൂലം കരിഞ്ഞു പോകാറുണ്ട്. ശക്തമായ കാറ്റിലും മഴയിലും മലമണ്ടകളിലെയും മലഞ്ചെരിവുകളിലെയും വൃക്ഷങ്ങൾക്ക് വളരുന്നതിനോ നിലനിൽക്കുന്നതിനോ ഉള്ള സാധ്യത കുറയുന്നു. അതിനാൽ അവ മണ്ണിന്റെയും വെള്ളത്തിന്റെയും ലഭ്യത അധികമുള്ള, സുരക്ഷിതമായ മലയിടുക്കുകളിലും താഴ്വാരങ്ങളിലുമായി ഒതുങ്ങി വളരുന്നു. ഈ സവിശേഷതകൾ കാരണമാണ് ഒരിക്കൽ നശിച്ചാൽ അവയെ പുനർ നിർമിക്കാൻ പ്രയാസമാണെന്ന് പറയുന്നത്. അവിടത്തെ പ്രത്യേക കാലാവസ്ഥ ഒന്നുകൊണ്ടു മാത്രമാണ് അവ നശിക്കാതെ ഇന്നും നിലനിന്നു പോകുന്നത്. ജീവിക്കുന്ന ഫോസിലുകൾ എന്നിവയെ വിളിക്കുന്നതെന്തുകൊണ്ടെന്ന് മനസ്സിലായില്ലേ!!





ചോല' സ്ഥിതി ചെയ്യുന്നത്. ഇടിവര ചോല, പുല്ലാരടി ചോല എന്നീ രണ്ട് ചോല വനങ്ങൾ കൂടി ഈ ദേശീയോദ്യാനത്തിലുണ്ട്.

ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ കൊടുമുടിയായ ആനമുടി (2694 മീറ്റർ) ആനമുടി ചോല ദേശീയോദ്യാനത്തിലല്ല സ്ഥിതി ചെയ്യുന്നത് എന്ന് ഇവിടെ ഓർമിപ്പിക്കട്ടെ. തൊട്ടടുത്തു തന്നെ സ്ഥിതി ചെയ്യുന്ന, വരയാടുകൾക്ക് പ്രസിദ്ധമായ ഇരവികുളം ദേശീയോദ്യാനത്തിലാണത്. ഇരവികുളവും സൈലന്റ് വാലിയുമൊക്കെത്തന്നെ പ്രസിദ്ധങ്ങളായ ചോലവന മേഖലകളാണ്. സംരക്ഷിത കേന്ദ്രങ്ങളായി പ്രഖ്യാപിച്ചതിനാൽ ഇവിടങ്ങളിൽ ഇനി മഴു വീഴില്ല എന്ന് നമുക്ക് പ്രത്യാശിക്കാം.

"വനങ്ങളുണ്ടെങ്കിലേ പുഴകളുള്ളൂ" എന്നും "പുഴകളുണ്ടെങ്കിലേ നമ്മളുള്ളൂ" എന്നുമുള്ള സത്യം നാം ഇനിയും തിരിച്ചറിയേണ്ടിയിരിക്കുന്നു.







# നമ്മുടെ പുഴകൾ

ഡോ.കെ.കിഷോർകുമാർ

കഴിഞ്ഞവർഷം പശ്ചിമഘട്ടത്തെ 'ലോക പൈതൃക കേന്ദ്രമായി' യുനെസ്കോ പ്രഖ്യാപിച്ച വിവരം നിങ്ങളറിഞ്ഞിരിക്കുമല്ലോ! ലോകത്തിലെ അതീവ പ്രാധാന്യമുള്ള എട്ട് 'ജൈവസമ്പുഷ്ട' മേഖലകളിലൊന്നായും, ഭാരതത്തിലെ നാല് 'ജൈവ വൈവിധ്യ ഹോട്ട്സ്പോട്ടുകളി'ലൊന്നായും അറിയപ്പെടുന്ന പശ്ചിമഘട്ടത്തിന് 'ദക്ഷിണേന്ത്യയുടെ ജലസ്തംഭം' എന്നൊരു വിശേഷണം കൂടിയുണ്ടെന്നറിയുമോ?

ഭാരതത്തിലെ 40 ശതമാനത്തോളം വരുന്ന ഭൂപ്രദേശത്ത് വസിക്കുന്ന 25 കോടിയിലേറെ ജനങ്ങൾ, വിശിഷ്യാ ദക്ഷിണേന്ത്യക്കാർ ജലത്തിനായി ആശ്രയിക്കുന്നത് പശ്ചിമഘട്ടത്തെയാണ് എന്നതാണിതിനു കാരണം. കൂടാതെ, ഇവിടത്തെ കാലാവസ്ഥയും അതോടുബന്ധപ്പെട്ടു കിടക്കുന്ന ജൈവവൈവിധ്യവും നിയന്ത്രിക്കുന്നത് പശ്ചിമഘട്ടവും അവിടത്തെ സമൃദ്ധമായ വനങ്ങളുമാണ്. ലോകത്തെ ഏറ്റവും പ്രധാനപ്പെട്ട മൺസൂൺ വ്യവസ്ഥകളിലൊന്നായ തെക്കു-പടിഞ്ഞാറൻ മൺസൂൺ മേഘങ്ങളെ തടഞ്ഞുനിർത്തി നമുക്ക് സമൃദ്ധമായ മഴ തരുന്നതും നദികളെയും മറ്റു ജലസ്രോതസ്സുകളെയും നിലനിർത്തുന്നതും പശ്ചിമഘട്ടമാണ്.

കൃഷ്ണ, ഗോദാവരി, കാവേരി തുടങ്ങിയ ദക്ഷിണേന്ത്യൻ മഹാനദികളെല്ലാം പശ്ചിമഘട്ടത്തിൽ നിന്നാണ് ഉൽഭവിക്കുന്നത്. നമ്മുടെ കേരളത്തെ 'ഹരിതഭൂമി'യായി നിലനിർത്താൻ സഹായിക്കുന്ന 44 നദികൾക്കും, 240 ഓളം അരുവികൾക്കും, മറ്റ് ജലാശയങ്ങൾക്കും ജന്മമേകുന്നതും മറ്റാരുമല്ല.

കേരളത്തിൽ 44 നദികളാണുള്ളതെന്ന് സൂചിപ്പിച്ചല്ലോ. ഇവയിൽ 41 എണ്ണം പടിഞ്ഞാറോട്ടും 3 എണ്ണം കിഴക്കോട്ടും ഒഴുകുന്നു. ഭാരതത്തിലെ മറ്റു നദികളെ അപേക്ഷിച്ചുനോക്കിയാൽ കേരളത്തിലെ



*ഭാരതപ്പുഴ*

നദികൾ വളരെ ചെറുതാണ്. ഇത് മനസ്സിലാകണമെങ്കിൽ നദികളെ തരംതിരിക്കുന്നതിനുള്ള ദേശീയ മാനദണ്ഡം എന്തെന്നറിയണം. പൊതുവേ ഭാരതത്തിലെ നദികളെ വലുപ്പം കൂടിയവ (മേജർ), ഇടത്തരം വലുപ്പമുള്ളവ (മീഡിയം), ചെറിയവ (മൈനർ) എന്നിങ്ങനെയാണ് തരം തിരിച്ചിരിക്കുന്നത്. ഹിമാലയൻ നദികളായ ഗംഗ (2500 കി.മീ), ബ്രഹ്മപുത്ര (2900 കി.മീ), സിന്ധു (2800 കി.മീ), ദക്ഷിണേന്ത്യൻ നദികളായ കൃഷ്ണ (1400 കി.മീ), ഗോദാവരി (1465 കി.മീ) തുടങ്ങിയവ വലുപ്പം കൂടിയ നദികൾക്കുദാഹരണങ്ങളാണ്. ഇത്തരത്തിലുള്ള ഒരു നദി പോലും കേരളത്തിലില്ല!! കേരളത്തിലെ ഏറ്റവും വലിയ നദിയായ പെരിയാറിനു പോലും 244 കി.മീ. മാത്രമേ ദൈർഘ്യമുള്ളൂ. ഇത് ഒരു ഇടത്തരം നദി മാത്രമാണ്. ഭാരതപ്പുഴ (209 കി.മീ), പമ്പ (176), ചാലിയാർ (169) എന്നിവയാണ് മറ്റുള്ളവ. ബാക്കി 40 നദികളും ചെറിയ നദികൾ മാത്രമാണ്.

കേരളത്തിൽ നദി എന്നു നിർവചിക്കപ്പെട്ടിരിക്കുന്നത് 15 കിലോമീറ്ററിലധികം വലിപ്പമുള്ള, വെള്ളം ഒഴുകുന്ന ചാലിനെയാണ്. ഇക്കാരണത്താലാണ് വെറും 16 കി.മീ. മാത്രം ദൈർഘ്യമുള്ള കാസർഗോഡ് ജില്ലയിലെ 'മഞ്ചേശ്വരം നദി' കേരളത്തിലെ ഏറ്റവും ചെറിയ നദിയായത്. ഇതിൽക്കുറവ് ദൈർഘ്യമുള്ളവയെയെല്ലാം നാം അരുവികൾ, നീർച്ചാലുകൾ എന്നിങ്ങനെയാണ് വിളിക്കുന്നത്. ഇത്തരത്തിൽ 240 ഓളം എണ്ണമുള്ളതായി നേരത്തെ സൂചിപ്പിച്ചല്ലോ.



*പമ്പ*

കേരളത്തിൽ 200 കി.മീറ്ററിലധികം ദൈർഘ്യമുള്ള നാലു നദികളേ ഉള്ളൂ. പെരിയാർ*, ഭാരതപ്പുഴ, കബനി, ഭവാനി എന്നിവയാണവ. ഇവ നാലും അന്തർ സംസ്ഥാന നദികളാണ്. ഇതിൽ, കിഴക്കോട്ടൊഴുകുന്ന കബനിയും, ഭവാനിയും കൂടുതലും അന്യസംസ്ഥാനങ്ങളിലൂടെയാണ് ഒഴുകുന്നത്.

100 – 200 കി.മീറ്റർ ദൈർഘ്യമുള്ള നദികൾ ഒമ്പത് എണ്ണമാണ്. ചന്ദ്രഗിരി, വളപട്ടണം, ചാലിയാർ, കടലുണ്ടി, ചാലക്കുടി, മൂവാറ്റുപുഴ, പമ്പ, അച്ചൻകോവിൽ, കല്ലട എന്നിവയാണവ. ബാക്കി 31 നദികൾക്കും 100 കിലോമീറ്ററിൽ താഴെയേ ദൈർഘ്യമുള്ളൂ. അതിൽത്തന്നെ 18 നദികൾക്ക് 50 കിലോമീറ്ററിൽ താഴെയാണ് ദൈർഘ്യം.

*(അടുത്ത പേജിലെ പട്ടിക നോക്കുക)*

*പെരിയാർ*





# കേരളത്തിലെ നദികൾ

| നം. | നദിയുടെ പേര് നീളം (കി. മീ.) നദീതട വിസ്തൃതി (ച.കി.മീ) | ഉത്ഭവ സ്ഥാനം ഉയരം (മീ.) | നദീതട പ്രദേശം ഉൾപ്പെടുന്ന ജില്ലകൾ | പ്രധാന പോഷക നദികൾ | ഗതാഗത യോഗ്യ ദൂരം (കി. മീ.) | ജലസേചന പദ്ധതികൾ | ജലവൈദ്യുത പദ്ധതികൾ |
|---|---|---|---|---|---|---|---|
| | | | | | | | |
| 1 | മഞ്ചേശ്വരം 16 90 | ബാലേപുനി 60 | കാസർഗോഡ് | പാവുരു | 3.2 | - | - |
| 2. | ഉപ്പള 50 250 | വീരകമ്പ മലകൾ 150 | കാസർഗോഡ് | ഉപ്പള | 3.2 | - | - |
| 3. | ഷിരിയ 67 587 | അങ്കേകുന്തി 230 | കാസർഗോഡ് | കല്ലാഞ്ചി തോട്, കന്യാണതോട്, എരമത്തിഹോൾ, കുമ്പ്ല | 4.8 | - | - |
| 4. | മൊഗ്രാൽ 34 132 | കാനത്തൂർ 250 | കാസർഗോഡ് | നെറ്റിപ്പടി മുളിയാർ | - | - | - |
| 5. | ചന്ദ്രഗിരി 105 1406 | പട്ടിഘാട്ട് 1350 | കാസർഗോഡ് | പയസ്വിനി ചന്ദ്രഗിരി | 12.8 | - | [illegible] |
| 6. | ചിറ്റാരിപ്പുഴ 25 145 | ചെട്ടിയാ ഞ്ചൽ 91 | കാസർഗോഡ് | കൽനാട് ബേക്കൽ ചിറ്റാരി | - | - | - |
| 7. | നീലേശ്വരം 46 190 | കിനാനൂർ 140 | കാസർഗോഡ് കണ്ണൂർ | ആര്യങ്കൽ ബൈഗോത്തെ ഹോൾ | - | - | - |
| 8. | കരിയാങ്കോട് 64 561 | പടി നാൽക്കാട് 1520 | കാസർഗോഡ് കണ്ണൂർ | മുണ്ടോറെ പടിമലഹോൾ അരിയക്കടവു ഹോൾ | 24 | കാക്കടവ് | - |
| 9. | കവ്വായി 31 143 | ചീമേനി 1100 | കാസർഗോഡ് കണ്ണൂർ | - | 9.6 | - | - |
| 10. | പെരുവമ്പ 51 300 | പേക്കുരു 325 | കാസർഗോഡ് കണ്ണൂർ | മച്ചാരുതോട് മാതാമംഗലം ചള്ളച്ചാൽ | 16 | - | - |
| 11. | രാമപുരം 19 52 | ഇരിങ്ങൽ 57 | കാസർഗോഡ് കണ്ണൂർ | - | 5.4 | - | - |
| 12. | കുപ്പം 82 539 | പടി നാൽക്കാട് 1630 | കണ്ണൂർ | ചെറിയതോട് കുട്ടിക്കിൽപ്പുഴ | 24 | - | - |
| 13. | വളപട്ടണം 110 1867 | ബ്രഹ്മഗിരി 1350 | കണ്ണൂർ | വലിയപുഴ വെന്നിപ്പുഴ | 44.8 | ആറളം (പരിഗണന യിൽ) | ബാരപോളി (പരിഗണന യിൽ) |
| 14. | അഞ്ചര ക്കണ്ടി 48 412 | കണ്ണോത്ത് 600 | കണ്ണൂർ | കപ്പുതോട് ഇടുമ്പത്തോട് | 27.8 | - | - |
| 15. | തലശ്ശേരി 28 132 | കണ്ണോത്ത് 550 | കണ്ണൂർ | ധർമടം പുഴ | 21.6 | - | - |

| | | | | | | | |
|---|---|---|---|---|---|---|---|
| 16. | മാഹി<br>54<br>394 | വയനാടൻ<br>മലകൾ<br>910 | കണ്ണൂർ<br>കോഴിക്കോട് | – | 24 | – | – |
| 17. | കുറ്റ്യാടി<br>74<br>583 | നരിക്കൊട്ട<br>1320 | കോഴിക്കോട് | ഒനിപ്പുഴ<br>തോട്ടിൽപ്പാലം<br>കണ്ണത്തിൽ | 9.6 | കുറ്റ്യാടി | കുറ്റ്യാടി |
| 18. | കോരപ്പുഴ<br>40<br>624 | അരി<br>ക്കൻകുന്ന്<br>610 | കോഴിക്കോട് | അകലാപ്പുഴ | 24.8 | – | – |
| 19. | കല്ലായി<br>22<br>96 | ചെറുകുള<br>ത്തൂർ<br>45 | കോഴിക്കോട് | – | 9.6 | – | – |
| 20. | ചാലിയാർ<br>169<br>2923 | ഇലമ്പലാരി<br>2066 | കോഴിക്കോട്<br>മലപ്പുറം<br>വയനാട് | കരിമ്പുഴ<br>കാഞ്ഞിരപ്പുഴ<br>ചെറുപുഴ | 68.4 | ചാലിപ്പുഴ<br>ഒലിപ്പുഴ<br>ബൈപ്പൂര പുഴ | പാണ്ടിയാർ<br>പുന്നപ്പുഴ |
| 21. | കടലുണ്ടി<br>130<br>1122 | ചേരക്കൊ<br>മ്പൻ മല<br>1160 | മലപ്പുറം<br>പാലക്കാട് | ഒലിപ്പുഴ<br>വേളിയാർ | 43.2 | – | – |
| 22. | തിരൂർ<br>48<br>117 | ആതവനാട്<br>86 | മലപ്പുറം | വാലില്ലാപ്പുഴ | 9.6 | – | – |
| 23. | ഭാരതപ്പുഴ<br>209<br>6186 | ആനമല<br>1964 | പാലക്കാട്<br>മലപ്പുറം<br>തൃശ്ശൂർ | ഗായത്രിപ്പുഴ<br>ചിറ്റൂർപ്പുഴ<br>കൽപ്പാത്തിപ്പുഴ<br>തൂതപ്പുഴ | 40 | കാഞ്ഞിരപ്പുഴ<br>ചിറ്റൂർപ്പുഴ<br>വാളയാർ<br>മലമ്പുഴ,<br>ഗായത്രി,<br>പോത്തുണ്ടി<br>മംഗലം, മീങ്കര,<br>ചുള്ളിയാർ,<br>അളിയാർ | മലമ്പുഴ |
| 24. | കീച്ചേരി<br>51<br>401 | മച്ചാട് മല<br>365 | തൃശ്ശൂർ | ചൂണ്ടൽതോട് | – | വാഴയാനി | – |
| 25. | പുഴക്കൽ<br>29<br>234 | മച്ചാട്മല<br>525 | തൃശ്ശൂർ | പാറത്തോട്<br>നാടുതോട് | – | – | – |
| 26. | കരുവന്നൂർ<br>48<br>1054 | പൂമല<br>1100 | തൃശ്ശൂർ | മണലി<br>കുറുമാലി<br>ചിമ്മണി | 24 | പീച്ചി<br>ചിമ്മണി | – |
| 27. | ചാലക്കുടി<br>130<br>1704 | ആനമല<br>1250 | തൃശ്ശൂർ<br>പാലക്കാട്<br>എറണാകുളം | പറമ്പിക്കുളം<br>ഷോളയാർ<br>കാരപ്പാറ | 16 | ചാലക്കുടി | പെരി<br>ങ്ങൽക്കുത്ത്<br>ഷോളയാർ |
| 28. | പെരിയാർ<br>244<br>5398 | ശിവഗിരി<br>1830 | ഇടുക്കി<br>എറണാകുളം | മുതിരപ്പുഴ<br>ഇടമലയാർ<br>മംഗലപ്പുഴ<br>പെരിഞ്ഞാൻകുട്ടി | 72 | ഇടമലയാർ | ചെങ്കുളം<br>നേരിയമംഗലം<br>പന്നിയാർ<br>ഇടുക്കി |
| 29. | മൂവാറ്റുപുഴ<br>121<br>1554 | തരംഗം<br>കാനം<br>1094 | എറണാകുളം<br>കോട്ടയം | കല്ലാർ<br>തൊടുപുഴ<br>കോതമംഗലം | 25.6 | മലങ്കര<br>മൂവാറ്റുപുഴ | – |
| 30. | മീനച്ചിൽ<br>78<br>1272 | അറൈ<br>കുന്ന്മുടി<br>1097 | കോട്ടയം | കാടപ്പുഴ<br>കളഞ്ഞു കടവ്<br>കുരിശുമല<br>നെറ്റിപ്പടി, മുളിയാർ | 25.6 | മീനച്ചിൽ | – |
| 31. | മണിമല<br>90<br>847 | തത്തമല<br>1156 | കോട്ടയം<br>പത്തനംതിട്ട | കോകയാർ<br>ഏലക്കൽതോട് | 3.2 | – | – |







| | | | | | | | |
|---|---|---|---|---|---|---|---|
| 32. | പമ്പ<br>176<br>2235 | പുലച്ചിമല<br>1650 | പത്തനംതിട്ട<br>ഇടുക്കി<br>ആലപ്പുഴ | കക്കിയാർ<br>കല്ലാർ<br>അരുത<br>പമ്പ | 73.6 | പമ്പ | ശബരിഗിരി |
| 33. | അച്ചൻകോ<br>വിൽ<br>128<br>1484 | പശുക്കിടാ<br>മേട്<br>700 | പത്തനംതിട്ട<br>ഇടുക്കി<br>ആലപ്പുഴ | കല്ലാർ | 32 | - | അച്ചൻകോ<br>വിൽ<br>(പരിഗണന<br>യിൽ) |
| 34. | പള്ളിക്കൽ<br>42<br>220 | | കൊല്ലം<br>പത്തനംതിട്ട<br>തിരുവനന്തപുരം | - | 3 | - | - |
| 35. | കല്ലട<br>121<br>1699 | കരിമല<br>1524 | കൊല്ലം<br>പത്തനംതിട്ട<br>തിരുവനന്തപുരം | കുളത്തുപുഴ<br>ചെന്തുരുണി | 40 | കല്ലട | കല്ല |
| 36. | ഇത്തിക്കര<br>56<br>642 | മാടത്തുരു<br>ത്തിക്കുന്ന്<br>240 | കൊല്ലം<br>തിരുവനന്തപുരം | വട്ടംപറമ്പ്<br>വട്ടംതോട് | 16 | - | - |
| 37. | അയിരൂർ<br>17<br>66 | - | കൊല്ലം<br>തിരുവനന്തപുരം | - | 1 | - | - |
| 38. | വാമനപുരം<br>88<br>687 | ചെമ്പുഞ്ഞി<br>1860 | കൊല്ലം<br>തിരുവനന്തപുരം | - | 11.2 | വാമനപുരം | - |
| 39. | മാമം<br>27<br>114 | പന്തല<br>ക്കോട്<br>മലകൾ | കൊല്ലം തിരുവ<br>നന്തപുരം | - | 1 | - | - |
| 40 | കരമന<br>68<br>702 | നെടുമങ്ങാട്<br>മലകൾ<br>186 | തിരുവനന്തപുരം | കവിയാർ<br>തോടിയാർ | - | - | - |
| 41. | നെയ്യാർ<br>56<br>497 | അഗസ്ത്യ<br>മലനിരകൾ<br>1860 | തിരുവനന്തപുരം | കല്ലാർ<br>കരവലിയാർ | - | നെയ്യാർ | - |
| | **കിഴക്കോട്ട് ഒഴുകുന്ന നദികൾ** | | | | | | |
| 42. | കബനി<br>230<br>1920 | പക്രംതളം<br>മലകൾ<br>2140 | വയനാട് | മക്കിയാർ<br>പെരിയ<br>പനമരം<br>കാളിന്ദി<br>മാനന്തവാടി പുഴ | - | കബനി<br>ബാണാസുര<br>സാഗർ<br>കാരാപ്പുഴ | |
| 43. | ഭവാനി<br>217<br>562 | അട്ടപ്പാടി<br>കിഴക്കൻ<br>മലഞ്ചെരിവ്<br>1480 | പാലക്കാട് | വരഗാർ<br>കുണ്ട<br>ശിരുവാണി<br>കൊടുങ്ങരപ്പള്ളം<br>കൂനൂർ | - | അപ്പർഭവാനി<br>കൊടിവറി<br>ലോവർ<br>ഭവാനി | |
| 44. | പാമ്പാർ<br>31<br>384 | തലയാർ<br>2073 | ഇടുക്കി | ചിന്നാർ | | അമരാവതി | |



കബനി



ഭവാനി

കേരളത്തിലെ ബഹുഭൂരിപക്ഷം നദികളും ചെറുതാകാൻ ഒരു കാരണം സംസ്ഥാനത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളാണ്. നമ്മുടെ സംസ്ഥാനത്തിന് ഏതാണ്ട് 590 കി.മീറ്റർ നീളമുണ്ട് (കടൽത്തീരം). പക്ഷേ വീതി വെറും 11 മുതൽ 121 കി.മീറ്റർ വരെ മാത്രമാണ്. കേരളത്തിന്റെ കിഴക്കൻ ഭാഗത്ത് അതിരിടുന്ന പശ്ചിമഘട്ടത്തിൽ നിന്നുൽഭവിക്കുന്ന നദികൾ ചെറുതായതിന്റെ കാരണം മനസ്സിലായില്ലേ? മാത്രമല്ല, ഹിമാലയത്തിന് തെക്കുള്ള ഏറ്റവും വലിയ കൊടുമുടിയായ 'ആനമുടി' (2694 കി.മീ) ഉൾപ്പെടെ ഉന്നത ശീർഷങ്ങളായ നിരവധി മലനിരകൾ ഉൾപ്പെടുന്നതാണ് കേരളത്തിലെ പശ്ചിമഘട്ട പ്രദേശങ്ങൾ. അതിനാൽ തന്നെ നദികൾ അതിശീഘ്രം കുത്തിയൊലിച്ച് അറബിക്കടലിലെത്തിച്ചേരുകയും ചെയ്യുന്നു.

പടിഞ്ഞാറോട്ടൊഴുകുന്ന 41 നദികളിൽ 18 എണ്ണം മാത്രമേ അറബിക്കടലിൽ നേരിട്ടു പതിക്കുന്നുള്ളൂ. ബാക്കിയുള്ളവ മറ്റു വലിയ നദികളിലേക്കോ, തടാകങ്ങളിലേക്കോ, കായലിലേക്കോ ചെന്നാണ് ലയിക്കുന്നത്. (ഉദാ: മൂവാറ്റുപുഴ –വേമ്പനാട്ടു കായലിൽ ചെന്ന് ലയിക്കുന്നു. കുറ്റ്യാടിപ്പുഴ-വളപട്ടണം പുഴയിൽ ലയിക്കുന്നു.

കിഴക്കോട്ടൊഴുകുന്ന മൂന്ന് നദികളും അന്തർ സംസ്ഥാന നദിയായ കാവേരിയിൽ ലയിക്കുന്നു. ഇതിൽ പാമ്പാറും ഭവാനിയും തമിഴ്നാട്ടിൽ വച്ചും കബനി കർണാടകത്തിൽ വച്ചുമാണ് ലയിക്കുന്നത് കാവേരിക്ക് 'ദക്ഷിണ ഗംഗ' എന്ന പേരുള്ള കാര്യം അറിയാമോ? ഇതിനെ ഒരു പവിത്ര നദിയായാണ് കണക്കാക്കുന്നത്.

നമ്മുടെ നദികളെല്ലാം തന്നെ മഴയെ മാത്രം ആശ്രയിച്ചാണ് നിലനിൽക്കുന്നത്. മഴയോ, മലകളേയും അവിടത്തെ വനങ്ങളെയും ആശ്രയിച്ചും...!! മഴയെ മാത്രം ആശ്രയിക്കുന്നതിനാൽ നമ്മുടെ നദികളിൽ വേനൽക്കാലത്ത് നീരൊഴുക്ക് വളരെ കുറയുന്നു. പുഴകളുടെ ഉൽഭവസ്ഥാനങ്ങളായ മലനിരകളിൽ സ്ഥിതിചെയ്യുന്ന നിബിഡവനങ്ങളുടെയും പുൽമേടുകളുടെയും ശോഷണവും, ഭൂഗർഭജലത്തിന്റെ പുതുക്കൽ ശേഷിക്ക് നിദാനമായ ചതുപ്പുകളും നെൽപ്പാടങ്ങളും കുളങ്ങളും മണ്ണിട്ടു നികത്തപ്പെടുന്നതും നമ്മുടെ പുഴകളുടെ മരണത്തിന് കാരണമായി തീരാൻ സാധ്യതയുണ്ട്.

കുടിവെള്ളത്തിന് പുറമേ, ജലസേചനം, വൈദ്യുതി ഉൽപ്പാദനം, മൽസ്യബന്ധനം, ശുചീകരണം എന്നിവയ്ക്കെല്ലാം അത്യാവശ്യമായ നദികൾ സംരക്ഷിക്കപ്പെടേണ്ടതുണ്ട്. മാത്രമല്ല, സംസ്കാരങ്ങളുടെ ഈറ്റില്ലവും, രാജ്യത്തിന്റെ സാംസ്കാരിക – സാമ്പത്തിക ഘടനയെ ഏറ്റവുമധികം സ്വാധീനിക്കുന്ന ഘടകവുമായ നദികൾ നിലനിർത്തേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കർത്തവ്യമാണെന്നും ഓർക്കുക...

** പെരിയാറിന്റെ കാര്യത്തിൽ ഇപ്പോൾ തർക്കം നടക്കുന്നുണ്ട്.*

❄


കല്ലട



ചാലിയാർ



# കടലാമ സംരക്ഷണ പദ്ധതി



ഡോ. കെ. കിഷോർകുമാർ

മഹാവിഷ്ണുവിന്റെ ദശാവതാരങ്ങളിൽ രണ്ടാമത്തേതാണല്ലോ 'കൂർമാവതാരം.' ഒന്നാമത്തെ മത്സ്യാവതാരത്തിനും മൂന്നാമത്തെ വരാഹാവതാരത്തിനും ഇടയിലുള്ള ഈ അവതാരം സത്യയുഗത്തിലായിരുന്നെന്നാണ് പറയപ്പെടുന്നത്. പാലാഴിമഥന സമയത്ത് വാസുകി സർപ്പത്താൽ ചുറ്റപ്പെട്ട മന്ഥരപർവതത്തെ കടലിലാണ്ടു പോകാതെ അടിയിൽ താങ്ങി നിർത്തിയത് കൂർമാവതാരമായിരുന്നെന്നാണ് ഐതിഹ്യം! പാലാഴി കടഞ്ഞ് അമൃത് ലഭിച്ചതും ദേവാസുരന്മാർ അതിനുവേണ്ടി യുദ്ധത്തിലേർപ്പെട്ടതും മഹാവിഷ്ണു 'മോഹിനീ' രൂപം ധരിച്ചു അമൃതകുംഭം കൈക്കലാക്കി ദേവന്മാർക്ക് സമ്മാനിച്ചതും ബാക്കി ഐതിഹ്യം.

ഏതായാലും ആമയ്ക്ക് ഹൈന്ദവരുടെയിടയിൽ ഒരു വിശിഷ്ട സ്ഥാനമുണ്ട്. കൂർമാവതാരത്തെ ആരാധിക്കുന്ന മൂന്ന് ക്ഷേത്രങ്ങളും ദക്ഷിണേന്ത്യയിലുണ്ട്. ആന്ധ്രപ്രദേശിൽ ചിറ്റൂർ ജില്ലയിലെ വരദരാജ ക്ഷേത്രവും, ശ്രീകാകുളം ജില്ലയിലെ കൂർമ ക്ഷേത്രവും, കർണാടകത്തിൽ ചിത്രദുർഗ



*കോലാമ (ലെതർ ബാക്ക്)*



ജില്ലയിലെ ഗവിരംഗപൂരിലുള്ള കൂർമ വരദരാജക്ഷേത്രവുമാണിവ. ഇവിടങ്ങളിൽ, പണ്ട് കടലാമകളെ വലയിൽ കിട്ടിയാൽ മുക്കുവർ പ്രാർഥനാ നിർഭരം ശ്രദ്ധയോടെ അവയെ കടലിലേക്കു തന്നെ തിരിച്ചുവിടാറുണ്ടായിരുന്നു. പക്ഷേ, ഇന്ന് സ്ഥിതി മാറിയിരിക്കുന്നു.

ഒരു വശത്ത് അവതാരമായി ആരാധിക്കപ്പെടുന്നുണ്ടെങ്കിലും മറുവശത്ത് കൊലക്കത്തിക്കിരയാക്കപ്പെടുകയും ചെയ്യുന്നു എന്നതാണ് വിരോധാഭാസം. മത്സ്യങ്ങളുടെയും വരാഹങ്ങളുടെയും (പന്നി) സ്ഥിതി മറ്റൊന്നല്ലല്ലോ! ആമകളെക്കുറിച്ച് അൽപ്പം മനസ്സിലാക്കാൻ ശ്രമിക്കാം.

ഏതാണ്ട് 20 കോടി വർഷങ്ങൾക്കു മുമ്പേ ആമകൾ ഉടലെടുത്തിരുന്നു. ഡിനൊസോറുകളുടെയും പുരാതന മനുഷ്യന്റെയും കൂടെ ഇവ കഴിഞ്ഞിട്ടുണ്ട്. പ്രധാനമായും കരയിലും വെള്ളത്തിലുമാണ് ഉരഗവർഗജീവികൾ കഴിയുന്നത്. കരയാമകൾ (Tortoises) വെള്ളത്തിലും സഞ്ചരിക്കാറുണ്ട്. പൊതുവേ കടലിൽ ജീവിക്കുന്നവയെയാണ് കടലാമകൾ (Turtles) എന്ന് വിളിക്കുന്നത്. കരയാമകളിൽ നിന്ന് കാഴ്ചയിൽത്തന്നെ ഇവ വ്യത്യാസപ്പെട്ടിരിക്കുന്നു.

ഏറെ പരിചിതമായ കരയാമകൾ ഭയക്കുമ്പോൾ തല, കാൽ, വാൽ എന്നിവ തോടിനുള്ളിലേക്ക് വലിക്കാറുണ്ട്. എന്നാൽ കടലാമകൾക്ക് ഈ ശേഷിയില്ല. ഇവയുടെ കാലുകൾ വലിയ പങ്കായങ്ങൾ പോലെയാണ്. വലിയ കൺപോളകൾ കണ്ണിന് സംരക്ഷണമേകുന്നു. കരയിൽ കയറിയാൽ ദൂരക്കാഴ്ച കുറവാണെങ്കിലും കടലിൽ ഇവയ്ക്ക് നല്ല കാഴ്ചയാണ്. മാത്രമല്ല നിറങ്ങൾ തിരിച്ചറിയുകയും ചെയ്യും. ചെവികൾക്ക് പുറത്തേയ്ക്ക് ദ്വാരങ്ങളില്ലെങ്കിലും ചെറിയ ആവൃത്തിയിലുള്ള ശബ്ദങ്ങളും കമ്പനങ്ങളും കേൾക്കാൻ കഴിയും. ഇതിനൊക്കെ പുറമേ നല്ല ഘ്രാണശക്തിയുമുണ്ട്. കടലാമകൾക്ക് പല്ലുകളില്ല. എങ്കിലും ഭക്ഷണരീതിയനുസരിച്ച് രൂപാന്തരണം പ്രാപിച്ച വായ ആണുള്ളത്. മറ്റെല്ലാ ഉരഗങ്ങളെയും പോലെ ശ്വാസകോശങ്ങൾ കൊണ്ടാണ് ശ്വസിക്കുന്നത് എന്നതിനാൽ ശ്വാസമെടുക്കാൻ ഇവയ്ക്ക് ഇടയ്ക്കിടെ ജലോപരിതലത്തിലേക്ക് പൊങ്ങി വരേണ്ടതുണ്ട്. ശീതരക്ത ജീവികളായ ഇവ ചുറ്റുപാടിൽ നിന്നും താപം



*ചുണ്ടൻ കടലാമ (ഹാക്ക്സ് ബിൽ)*




*അറ്റ്ലാന്റിക് കടലാമ (കെംപ്സ് റിഡ്‌ലി)*

കരസ്ഥമാക്കുന്നു. കരയിലേക്കും വെള്ളത്തിലേക്കും മാറിമാറി സഞ്ചരിച്ചുകൊണ്ടാണ് അവ ഊഷ്മാവ് കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുന്നത്.

കടൽ ജലത്തിൽ നിന്ന് ശരീരത്തിലെത്തുന്ന അമിതമായ ഉപ്പ് പുറന്തള്ളാൻ ഇവയ്ക്ക് ഉപ്പ് ഗ്രന്ഥികളുണ്ട്. 10 മുതൽ 50 വരെ വർഷം കൊണ്ടാണ് ഇവ പ്രായപൂർത്തിയാകുന്നത്. വെള്ളത്തിൽ വച്ച് ഇണചേർന്നതിനു ശേഷം മുട്ടയിടാനായി കരയിലേക്കെത്തുന്നു. ഒരൊറ്റ തവണ 50 മുതൽ 200 വരെ മുട്ടകൾ ഇടുന്നു.




ഉരുണ്ട മുട്ടകൾ കട്ടിത്തോടില്ലാതെ വെളുത്ത റബ്ബർപന്തുകൾ പോലിരിക്കും. 45 – 70 ദിവസങ്ങളാണ് മുട്ട വിരിയാനെടുക്കുന്ന സമയം. മുട്ട വിരിയുമ്പോഴത്തെ അന്തരീക്ഷ താപനില ആമകളുടെ ലിംഗനിർണയത്തിന് കാരണമാകുന്നുണ്ട്. താഴ്ന്ന താപനിലയിൽ പെൺകുഞ്ഞുങ്ങളാണ് ഉണ്ടാകുക. രാത്രിയിൽ വിരിയുന്ന മുട്ടകളിൽ നിന്നിറങ്ങുന്ന കുഞ്ഞുങ്ങൾ ഏതോ അജ്ഞാത പ്രഭാവത്താൽ കടലിനെ ലക്ഷ്യമാക്കി ഇഴഞ്ഞുനീങ്ങി തിരകളിൽ അപ്രത്യക്ഷമാകും.



*ഒലീവ് കടലാമ (ഒലീവ് റിഡ്‌ലി)*

ഇന്നു കാണപ്പെടുന്ന ഏഴിനം കടലാമകളെ പരിചയപ്പെട്ടാലോ?

കോലാമ (ലെതർ ബാക്ക്), ചുണ്ടൻ കടലാമ (ഹാക്ക്സ് ബിൽ), അറ്റ്ലാന്റിക് കടലാമ (കെംപ്സ് റിഡ്‌ലി), ഒലീവ് കടലാമ (ഒലീവ് റിഡ്‌ലി), മരത്തലയൻ കടലാമ (ലോഗ്ഗർ ഹെഡ്), പച്ച കടലാമ (ഗ്രീൻ ടർട്ടിൽ), പരപ്പൻ കടലാമ (ഫ്ളാറ്റ് ബാക്ക്) എന്നിവയാണീ ഏഴെണ്ണം. ഇവയെല്ലാം വംശനാശ ഭീഷണി നേരിടുന്നതാണെങ്കിലും, ആദ്യത്തെ മൂന്നെണ്ണമാണ് ഗുരുതരമായ ഭീഷണി നേരിടുന്നത്. ഇതിൽ 2.5 മീറ്ററിലധികം നീളവും ഒരു ടണ്ണിലേറെ ഭാരവും



*മരത്തലയൻ കടലാമ (ലോഗ്ഗർ ഹെഡ്)*

വയ്ക്കുന്ന കോലാമയാണ് (തോൽപ്പുറ കടലാമ) കടലാമകളിൽ ഏറ്റവും വലുത്. മുട്ട വിരിഞ്ഞ് രണ്ടോ മൂന്നോ വർഷം കൊണ്ട് പൂർണവളർച്ച എത്തുന്ന കോലാമയ്ക്ക് ഇതിനിടയിൽ 30,000 മടങ്ങോളം വലുപ്പം വർധിക്കുന്നുണ്ട്. ആഴക്കടലിൽ 1200 മീറ്റർ വരെ ആഴത്തിൽ മുങ്ങാങ്കുഴിയിടാൻ കഴിയുന്ന ഒരേയൊരു കശേരുകിയും (vertebrate) ഇതു തന്നെ! കെംപ്സ് റിഡ്‌ലി കടലാമയാണ് കൂട്ടത്തിൽ ഏറ്റവും ചെറുത്. ഇവയ്ക്ക് 2–3 അടി വരെ നീളവും, സുമാർ 45 കിലോഗ്രാം ഭാരവുംകാണും.

## കേരളത്തിലെ കടലാമകൾ

ഇന്ത്യയിൽ കാണപ്പെടുന്ന അഞ്ച് കടലാമകളിൽ 'മരത്തലയൻ കടലാമ' ഒഴികെ ബാക്കി നാലെ

# ഇന്ത്യയിലെ കടലാമകൾ

നമ്മൾ പരിചയപ്പെട്ട ഏഴ് കടലാമകളിൽ കെംപ്സ് റിഡ്‌ലി, ഫ്ളാറ്റ് ബാക്ക് എന്നിവയൊഴികെ ബാക്കി അഞ്ച് എണ്ണവും ഇന്ത്യൻ തീരക്കടലിൽ കാണപ്പെടുന്നു. മാത്രമല്ല പ്രജനനത്തിനായി ഇവ തീരത്തേക്കണയുന്നുമുണ്ട്. തീരദേശ സംസ്ഥാനങ്ങളായ ആന്ധ്രാപ്രദേശ്, കർണാടക, തമിഴ്നാട്, കേരളം, മഹാരാഷ്ട്ര, ഗുജറാത്ത്, ഗോവ, ഒറീസ, പശ്ചിമബംഗാൾ, ലക്ഷദ്വീപ്, അന്തമാൻ നിക്കോബാർ ദ്വീപസമൂഹങ്ങൾ എന്നിവിടങ്ങളിൽ ഇവ പ്രജനനത്തിനെത്തുന്നു.

ഇവിടങ്ങളിൽ ഏറ്റവും അധികം എത്താറുള്ള കടലാമ ഒലീവ് റിഡ്‌ലിയാണ്. ഒറീസയിലെ ഗാഹിർമാത, ദേവി നദീമുഖം, റുഷികുല്യ എന്നീ കടപ്പുറങ്ങൾ ഇത്തരത്തിൽ 'മുട്ടയിടൽ' പ്രാധാന്യമേറിയവയാണ്. ഇവ എത്തുന്നത് ഡിസംബർ - മാർച്ച് മാസങ്ങളിലാണ്. ഈ സമയത്ത് പതിനായിരക്കണക്കിന് കടലാമകളാണ് തീരത്തണയുന്നത്.



*അരിബാഡ*



കൂട്ടത്തോടെയുള്ള ഈ വരവിന് 'അരിബാഡ' (arribada) എന്നാണ് പറയുന്നത്. ഇതൊരു സ്പാനിഷ് വാക്കാണ്. 'വരവ്' എന്നാണർഥം. ക്രമം തെറ്റാതെയുള്ള ഈ വരവ് ലോകത്തെ അത്യപൂർവമായ ഒരു പ്രതിഭാസമായാണ് വിലയിരുത്തപ്പെടുന്നത്.

ണ്ണവും കേരള തീരത്ത് എത്തിയിട്ടുണ്ട്. ഇതിൽ കൂടുതൽ കാണപ്പെടുന്നത് 'ഒലിവ് റിഡ്‌ലി'യാണ്.





*പച്ച കടലാമ (ഗ്രീൻ ടർട്ടിൽ)*

പ്രജനനത്തിനു വേണ്ടിയുള്ള ഈ വരവിൽ തീരത്തെ കടൽഭിത്തികൾക്കും പാറക്കൂട്ടങ്ങൾക്കും പുറമേ മനുഷ്യനും പ്രകൃത്യാ ഉള്ള ശത്രുക്കളും കടലാമകൾക്ക് പ്രശ്നങ്ങൾ തീർക്കാറുണ്ട്.

പച്ചക്കടലാമ അത്ര സാധാരണമല്ല. കോലാമ കോഴിക്കോട്ടും കൊല്ലത്തും പ്രജനനത്തിനെത്തിയതായി വിവരം ലഭിച്ചിട്ടുണ്ട്.

വടക്കൻ കേരളത്തിൽ പൊതുവേ, കടലാമകളെ ശല്യം ചെയ്യാതെ, അവയിടുന്ന മുട്ടകൾ കൈക്കലാക്കി തിന്നുകയും വിൽക്കുകയും ചെയ്യുന്നവരാണെങ്കിൽ തെക്കൻ കേരളത്തിൽ പാവം ആമകളെപ്പോലും കൊലക്കത്തിക്കിരയാക്കുന്ന പ്രവണതയാണ് കണ്ടുവരുന്നത്. ഇത് പാപമാണെന്ന് വിശ്വസിച്ച് തടയുന്ന ഒരു സമൂഹവും മുക്കുവർക്കിടയിലുണ്ട്.






## എന്താണ് കടലാമകളുടെ പ്രാധാന്യം?

കടൽ എന്ന സങ്കീർണമായ ആവാസവ്യവസ്ഥയിലെ, ഭക്ഷ്യശൃംഖലാജാലത്തിലെ ഒരു പ്രധാന കണ്ണിയാണിവ. കടൽ സസ്യങ്ങൾ, കടൽച്ചേന, ജെല്ലിഫിഷ്, സ്പോഞ്ചുകൾ, പവിഴപ്പുറ്റുകളിലെ ജീവികൾ, കൂന്തൾ, കക്ക, ചെമ്മീൻ, മത്സ്യങ്ങൾ എന്നിവയാണ് കടലാമകളുടെ ഭക്ഷണം. അതോടൊപ്പം സ്വയം സ്രാവിനും മുതലയ്ക്കും മാംസഭോജികൾക്കും ആഹാരമായിത്തീരുന്ന ഇവ ആവാസവ്യവസ്ഥകളുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നു. കടലിൽ നിന്ന് ഭക്ഷണവും ഊർജവും സ്വീകരിച്ച് കരയിൽ മുട്ടയിടാനെത്തുന്ന ഇവയെ ഒരു ജൈവപോഷക വാഹകരായിട്ടാണ് (Biological Nutrient Transporters) പരിഗണിച്ചു വരുന്നത്.



പരപ്പൻ കടലാമ (ഫ്ലാറ്റ് ബാക്ക്)

കടൽ മത്സ്യങ്ങളുടെയും, ചെമ്മീൻ, കക്ക, കൂന്തൾ തുടങ്ങിയവയുടെയും സന്തുലിതാവസ്ഥ നിലനിർത്തുന്നതിൽ കടലാമകൾക്ക് വലിയ പങ്കുണ്ട്. ഭക്ഷണാവശ്യങ്ങൾക്ക് വേണ്ടി പല രാജ്യങ്ങളും കടലാമകളെ കൃത്രിമമായി പ്രജനനം ചെയ്യുന്നുണ്ട്. മാത്രമല്ല, കടലാമകളും അവയുടെ പ്രജനന കേന്ദ്രങ്ങളും ഇക്കോ ടൂറിസത്തിലെ പ്രധാന ആകർഷക കേന്ദ്രങ്ങളിലൊന്നാണ്.

*(തുടരും)*



ഡോ. ടി.എ. മുഹമ്മദ്

**ഫാറൂഖ് ഹൈസ്കൂളിന് പ്രാരംഭകാലം മുതൽക്കു തന്നെ പല പ്രത്യേകതകളുണ്ടായിരുന്നു. പഠനനിലവാരത്തിലും അച്ചടക്കത്തിലും അത് മുൻപന്തിയിലായിരുന്നു. വിദ്യാർത്ഥി സംഘടനാ പ്രവർത്തനങ്ങൾ സ്കൂളിലുണ്ടായിരുന്നില്ല. ചുറ്റുപാടുമുള്ള സ്കൂളുകളിലും ഫാറൂഖ് കോളേജിൽ തന്നെയും വിദ്യാർത്ഥി സമരങ്ങൾ കൊടുമ്പിരിക്കൊണ്ടിരുന്ന അവസരങ്ങളിലും പ്രശാന്തമായ അന്തരീക്ഷം അവിടെ നിലനിന്നു.**

# പഴയ പശ്ചാത്തലം


ഞാനോർക്കുകയാണ്, ഈ ഫാറൂഖാബാദ് എന്നുമാത്രം മാറിപ്പോയിരിക്കുന്നു. ആദ്യകാലത്ത് ഇന്നത്തെപ്പോലെ എല്ലാ ഭാഗത്തും ടാറിട്ട റോഡുകളുണ്ടായിരുന്നില്ല. ഇപ്പോൾ അൽഫാറൂഖ് വിദ്യാഭ്യാസ കേന്ദ്രം നിൽക്കുന്ന ഭാഗത്ത് അന്നൊരു വലിയ പുളിമരം ഉണ്ടായിരുന്നു. അതായിരുന്നു ബസ് ടർമിനൽ. കാരാട് ഭാഗത്തേക്ക് അന്ന് ബസ് റൂട്ട് ഉണ്ടായിരുന്നില്ല. അതുകൊണ്ട് അഴിഞ്ഞിലം ഭാഗത്തേക്ക് നടക്കുകയായിരുന്നു പതിവ്. അന്ന് അധികവും, സി.ഡബ്ല്യു. എം.എസ്. ബസ്സുകളാണ് കോളേജ് റൂട്ടിൽ ഓടിയിരുന്നത്. പതിവിലേറെ ആൾക്കാരെ തിക്കിക്കൊള്ളിക്കുന്ന എം.ബി. ട്രാൻസ്പോർട്ട് ബസ്സിന് കപ്പലെമ്പി എന്നായിരുന്നു നാട്ടുകാർ കൊടുത്ത പേര്. ഫറോക്കിലേക്ക് പത്തു പൈസയും കോഴിക്കോട്ടേക്ക് അമ്പതു പൈസയുമായിരുന്നു ബസ് ചാർജ്. അതു തന്നെ വലിയ ചാർജാണെന്നായിരുന്നു അന്നത്തെ പരാതി.

ഇന്ന് മേലേവാരമെന്ന് വിളിക്കപ്പെടുന്ന സ്ഥലത്തിന് പേര് പപ്പൻകുന്ന് എന്നായിരുന്നു. ഫാറൂഖ് കോളേജിലെ ആദ്യകാല ഇംഗ്ലീഷ് അധ്യാപകരിലൊരാളായ ശ്രീ. പത്മനാഭൻ നായർ അവിടെ താമസിച്ചിരുന്നതുകൊണ്ടാണ് ആ പേര് കിട്ടിയത്. കോളേജ് ഹോസ്റ്റലായ ആസാദ് അന്ന് മെയ്ൻ ഹോസ്റ്റലായിരുന്നു. ഇന്നത്തെ അൽ-ഫാറൂഖ് ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ ഹോസ്റ്റൽ അന്ന് ന്യൂ ഹോസ്റ്റൽ എന്നാണ് അറിയപ്പെട്ടിരുന്നത്. പിന്നീടത് ഇഖ്ബാൽ ഹോസ്റ്റൽ എന്ന് പുനർനാമകരണം ചെയ്യപ്പെടുകയുണ്ടായി. ഇന്ന് ഡോ. ആൻഡ്രൂസ് മാസ്റ്റർ താമസിക്കുന്ന സ്ഥലത്ത് ഒരു നോർത്ത്-ഈസ്റ്റ് ഹോസ്റ്റലും പ്രൊഫ. മുഹമ്മദ് ഹസൻ സാർ താമസിക്കുന്ന ഭാഗത്ത് കഞ്ഞി ഹോസ്റ്റൽ എന്ന അപരനാമത്തിൽ അറിയപ്പെട്ട ഫാറൂഖ് ഹോസ്റ്റലും പ്രവർത്തിച്ചിരുന്നു. കാമ്പസ് പള്ളി അന്നൊരു ഒറ്റ നിലയിലുള്ള ഓടിട്ട ചെറിയ കെട്ടിടമായിരുന്നു. കോളേജിന്റെ ഇപ്പോഴത്തെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ പണി അന്ന് തുടങ്ങിയിട്ടേ ഉണ്ടായിരുന്നുള്ളു.

1971ൽ യൂസുഫ് സാഗർ ഹാളിൽ വെച്ചു നടന്ന ഒന്നാം അഖിലേന്ത്യാ എം.ഇ.എസ് സമ്മേളനവും 1973ൽ ഇപ്പോൾ കോളേജ് ലൈബ്രറി നിൽക്കുന്ന ഭാഗത്തു നടന്ന കോളേജിന്റെ രജതജൂബിലി ആഘോഷങ്ങളും 1988ൽ ഓപ്പൺ എയർ സ്റ്റേജിൽ വെച്ചു നടന്ന കോളേജിന്റെ നാൽപതാം വാർഷികാഘോഷങ്ങളും വമ്പിച്ച ജനശ്രദ്ധയാകർഷിച്ച പരിപാടികളായിരുന്നു.

ഫാറൂഖ് ഹൈസ്കൂളിന് പ്രാരംഭകാലം മുതൽക്കു തന്നെ പല പ്രത്യേകതകളുമുണ്ടായിരുന്നു. പഠനനിലവാരത്തിലും അച്ചടക്കത്തിലും അത് മുൻപന്തിയിലായിരുന്നു. വിദ്യാർത്ഥി സംഘടനാ പ്രവർത്തനങ്ങൾ സ്കൂളിലുണ്ടായിരുന്നില്ല. ചുറ്റുപാടുമുള്ള സ്കൂളുകളിലും ഫാറൂഖ് കോളേജിൽ തന്നെയും വിദ്യാർത്ഥി സമരങ്ങൾ കൊടുമ്പിരിക്കൊണ്ടിരുന്ന അവസരങ്ങളിലും പ്രശാന്തമായ അന്തരീക്ഷം അവിടെ നിലനിന്നു. ഫാറൂഖാബാദിലെ അന്നത്തെ ഹെഡ്മാസ്റ്ററായിരുന്ന ലത്തീഫ് സാഹിബിന്റെ ഇടിമുഴക്കം പോലുള്ള ശബ്ദം ഇപ്പോഴും സ്കൂളിനുള്ളിൽ പ്രതിധ്വനിക്കുന്നതു പോലെത്തോന്നും. സ്കൂളിലെ പഠന നിലവാരവും അച്ചടക്കവും നിലനിർത്തിപ്പോരുവാൻ സഹായകമായിത്തീർന്നത് അധ്യാപകരുടെ സഹകരണമാണ്.

ഹൈസ്കൂളിന്റെ മറ്റൊരു സവിശേഷത അതിന്റെ റസിഡൻഷ്യൽ സ്വഭാവമാണ്. പല സ്കൂളുകൾക്കും ഇല്ലാത്ത ഒരു



പ്രത്യേകതയാണത്. അതുകൊണ്ട് കേരളത്തിന്റെ വ്യത്യസ്ത പ്രദേശങ്ങളിൽ നിന്നുള്ള നൂറുകണക്കിനു കുട്ടികൾ ഹോസ്റ്റലിൽ താമസിച്ചു പഠിക്കുകയും ഉന്നത പദവികളിലെത്തുകയും ചെയ്തു. സ്കൂളിന്റെ കോസ്മോപൊളിറ്റൻ സ്വഭാവം നിലനിർത്താൻ രാജാ ഹോസ്റ്റൽ വലിയ ഒരു പങ്കു വഹിച്ചിട്ടുണ്ട്.

കാമ്പസ് സ്കൂൾ എന്ന നിലക്കാണ് അറിയപ്പെടുന്നതെങ്കിലും സാധാരണക്കാരുടെ മക്കളാണ് ഇവിടെ പഠിച്ചുയർന്നവരിൽ ബഹുഭൂരിപക്ഷവും. ഒരുതരത്തിലുള്ള അരിക്കൽ പ്രക്രിയയും കൂടാതെ പരിസരപ്രദേശങ്ങളിൽ നിന്നുള്ള സകല കുട്ടികൾക്കും പ്രവേശനം നൽകിക്കൊണ്ടാണ് ഫാറൂഖ് ഹയർ സെക്കൻഡറി സ്കൂൾ ഇത്രയും ഉയർന്ന വിജയശതമാനം നില നിർത്തുന്നത്.

# വെറുമൊരു പാർലമെന്ററി വ്യാമോഹം

## ഡോ. ടി.എ. മുഹമ്മദ്

കലാലയ ജീവിത കാലത്ത് എന്തെങ്കിലും കുസൃതികൾ ഒപ്പിക്കാത്തവർ ചുരുക്കമായിരിക്കും. 1977-80 കാലഘട്ടത്തിൽ ബിരുദ വിദ്യാർത്ഥിയായിരുന്നപ്പോൾ ചെയ്ത അത്തരമൊരു പ്രവർത്തി ഓർമയിൽ വരികയാണ്.

കോളെജ് യൂണിയൻ തെരഞ്ഞെടുപ്പ് ഇന്നത്തേക്കാൾ ആഘോഷമായി നടന്നിരുന്ന കാലം. കെ.എസ്.യു ഒരു ഭാഗത്തും എം.എസ്.എഫ് - എസ്.എഫ്.ഐ - കേ.വി.ജെ സഖ്യം മറുഭാഗത്തുമായി പൊരിഞ്ഞ പോരാട്ടം നടക്കുന്നു. അടിയന്തിരാവസ്ഥ കഴിഞ്ഞ് ഉടനെ നടന്ന പൊതുതെരഞ്ഞെടുപ്പിൽ ജയിച്ചത് ജനതാ പാർടിയായിരുന്നല്ലോ. അവരുടെ വിദ്യാർത്ഥി വിഭാഗമാണ് കെ.വി.ജെ എന്ന ചുരുക്കപ്പേരിലറിയപ്പെട്ട കേരള വിദ്യാർത്ഥി ജനത. എസ്.ഐ.ഒ യുടെ പൂർവ്വ രൂപമായ ഐഡിയൽ സ്റ്റുഡൻസ് ലീഗും (ഐ.എസ്.എൽ) രംഗത്തുണ്ട്. സ്ഥാനമോഹമൊന്നുമില്ലെങ്കിലും എനിക്കും ഒരു പൂതി മത്സരിക്കാൻ. തോൽക്കുമെന്നു നൂറു ശതമാനം ഉറപ്പുള്ള ചെയർമാൻ സ്ഥാനത്തേക്കു തന്നെ കൊടുത്തു നോമിനേഷൻ. നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധനയിൽ അംഗീകൃത കക്ഷികളുടെ ചില പത്രികകൾ തള്ളപ്പെട്ടെങ്കിലും എന്റേത് സ്വീകരിക്കപ്പെട്ടു. ജയിക്കുക എന്നത് എന്റെ അജണ്ടയിലില്ലാത്തതുകൊണ്ട് പ്രകടന പത്രിക പ്രസിദ്ധീകരിക്കുകയോ പ്രചാരവേല നടത്തുകയോ ഒന്നും ചെയ്തില്ല, എന്നാലും നോട്ടീസ് ബോർഡിൽ ഇട്ടിരുന്ന സ്ഥാനാർത്ഥി പട്ടിക വായിച്ച ചിലർ ഇത് നാട്ടിൽ പാട്ടാക്കി. ചിലപ്പോൾ ജയിച്ചാലോ, അപ്പോൾ എന്തു ചെയ്യും എന്നു ചിലർ, രാഷ്ട്രീയ ബോധമില്ലാത്ത ആൾക്കാർ തലങ്ങും വിലങ്ങും കുത്തിയിട്ട് അപ്രധാന സ്ഥാനാർത്ഥികൾ ജയിച്ച ചരിത്രമുണ്ടെന്ന് വേറെ ചിലർ. ഓ! ആ അവസ്ഥ ആലോചിക്കാൻ വയ്യ. ഓഡിറ്റോറിയത്തിൽ പ്രിൻസിപ്പലും ജയിച്ചു കയറിയ മറ്റു സ്ഥാനാർത്ഥികളും ഒത്ത നടുക്ക് ഞാനും സ്റ്റേജിൽ ഇരിക്കുന്നു. നിറഞ്ഞു കവിഞ്ഞ ഹാളിൽ നിന്നും കുട്ടികൾ നിർത്താതെ കൂവുന്നു. 'ഏരോ' വിടുന്നു. ഡസ്കിലിടിച്ച് ബഹളമുണ്ടാക്കുന്നു. ഈ പൊല്ലാപ്പൊന്നും വേണ്ടായിരുന്നു.

അങ്ങനെ ഓരോന്ന് ചിന്തിച്ചുകൊണ്ടിരിക്കുമ്പോളാണ് മറ്റൊരു


പൊല്ലാപ്പ്. ജനറൽ സീറ്റിലേക്ക് മത്സരിക്കുന്ന എല്ലാ സ്ഥാനാർത്ഥികളുടെയും ഒരു യോഗം പ്രിൻസിപ്പൽ വി. മുഹമ്മദ് സാഹിബ് വിളിച്ചു ചേർത്തിരിക്കുന്നു. എന്നെപ്പോലുള്ള അപ്രധാനികളെ ഒന്നു ചമ്മിക്കണം. അതായിരുന്നു ഉദ്ദേശ്യം. അതിനേതായാലും ഞാൻ നിന്നു കൊടുത്തില്ല. അവിടെ ചെന്നപ്പോൾ ഒരു കാര്യം മനസ്സിലായി, ഞാൻ മാത്രമല്ല വേറെയും ഒരുപാടു പേർ വെറുതെ മത്സരിക്കുന്നവരുണ്ട്. റിട്ടേണിംഗ് ഓഫീസർ ഗോപിനാഥൻ സാർ ഏതായാലും ദേഷ്യത്തിൽ തന്നെയായിരുന്നു. ചെയർമാൻ സ്ഥാനാർത്ഥികളുടെ മാത്രം ബാലറ്റു പേപ്പർ ഉയർത്തിക്കാണിച്ചു അരിശത്തോടെ അദ്ദേഹം പറഞ്ഞു: "കണ്ടില്ലേ, ഇതിന്റെയൊരു വലിപ്പം."

തെരഞ്ഞെടുപ്പു ദിവസം കക്ഷി നേതാക്കന്മാരെല്ലാം വളരെ ഗൗരവത്തിലും പിരിമുറുക്കത്തിലുമായിരുന്നു. ആരോ പറഞ്ഞതു പോലെ അബദ്ധത്തിലെങ്ങാനും ജയിച്ചു പോകുമോ എന്നതായിരുന്നു എന്റെ ഭയം. കൗണ്ടിംഗ് ടേബിളിൽ ഓരോ സ്ഥാനാർത്ഥിക്കും വെവ്വേറെ ട്രേകൾ ഉണ്ടായിരുന്നു. വലിയ ഗൗരവക്കാരനായ നൂർ മുഹമ്മദ് സാറായിരുന്നു ചീഫ് കൗണ്ടിംഗ് ഓഫീസർ. കക്ഷി നേതാക്കന്മാരെല്ലാം അഞ്ഞൂറു വരെ എണ്ണം രേഖപ്പെടുത്തിയ കടലാസുമായാണ് വന്നത്. നേരത്തെ തയാറാക്കാത്തവർ അവിടെ വെച്ച് അത് എഴുതി ഉണ്ടാക്കിക്കൊണ്ടിരുന്നു. ഞാനതൊന്നും കാര്യമാക്കിയില്ല. വോട്ടെണ്ണൽ ആരംഭിച്ചു. ടഫ് ഫൈറ്റായതു കൊണ്ട് നേതാക്കന്മാരെല്ലാം വലിയ ബേജാറിലായിരുന്നു. കുറേ നേരം കഴിഞ്ഞപ്പോൾ എന്റെ ട്രേയിലും വന്നു വീണു ഒരു വോട്ട്. കൗണ്ടിംഗ് ഓഫീസറായിരുന്ന കെ.എ. അലിക്കുഞ്ഞു സാർ എന്നെ അഭിനന്ദിച്ചു. കുറച്ചുകൂടെ കഴിഞ്ഞപ്പോൾ ഒരു വോട്ടു കൂടെ എനിക്കു കിട്ടി. അതിലൊന്ന് എന്റെ തന്നെ വോട്ടായിരുന്നു. മറ്റൊന്ന് അന്ന് പ്രീഡിഗ്രി ഒന്നാം വർഷം പഠിക്കുകയായിരുന്ന എന്റെ പെങ്ങളുടേതായിരുന്നു. അവൾ വിചാരിച്ചത് ഞാൻ ശരിക്കും മത്സരിക്കുകയാണെന്നായിരുന്നു. നമ്മുടെ പ്രേം നസീർ പറയും പോലെ. "മണ്ടിപ്പെണ്ണ്".

കൗണ്ടിംഗ് കഴിഞ്ഞു. ജയിച്ച സ്ഥാനാർത്ഥിയും ഞാനും ഒരേ പോലെ സന്തോഷഭരിതരായിരുന്നു. പുറത്തേക്കു നോക്കിയപ്പോൾ ആർത്തു വിളിച്ച് ഒച്ചയുണ്ടാക്കുന്ന ജനത്തെ കണ്ടു. അൽപ്പം മാറി രണ്ട് പേർ നിൽക്കുന്നുണ്ടായിരുന്നു. എന്റെ നാമനിർദ്ദേശ പത്രികയിൽ ഒപ്പിട്ട നിർദേശകനും പിന്താങ്ങിയും. എനിക്ക് വോട്ട് ചെയ്യാത്ത ആ കശ്മലന്മാർക്ക് വോട്ടിംഗിന്റെ പൂർണ്ണ വിവരങ്ങൾ ഒരു കടലാസിലാക്കി എറിഞ്ഞു കൊടുത്തു.

ഏതായാലും വലിയ കുഴപ്പങ്ങളൊന്നുമില്ലാതെ ഇലക്ഷൻ കഴിഞ്ഞു. തെരഞ്ഞെടുപ്പു പ്രക്രിയകൾ നേരിട്ട് മനസ്സിലാക്കാൻ എനിക്കു സാധിച്ചു. കോളേജധികൃതർ ഒരു കാര്യവും കൂടി ചെയ്തു; പൊതു തെരഞ്ഞെടുപ്പിലെന്ന പോലെ കോളേജ് ഇലക്ഷനിലും സ്ഥാനാർത്ഥികൾ നിശ്ചിത സംഖ്യ കെട്ടിവെച്ചിരിക്കണമെന്ന നിയമം യൂണിവേഴ്സിറ്റിയെ കൊണ്ട് നടപ്പിലാക്കിച്ചു.

പാവപ്പെട്ട വിദ്യാർത്ഥി സമൂഹമേ, ഈയുള്ളവനോട് പൊറുക്കേണമേ!


എഴുത്തോല

# ആദിവാസി അടിമത്തം

## ഭൂതവും വർത്തമാനവും





ഡോ. അസീസ് തരുവണ

**അ**ടിയാള ജീവിതത്തിന്റെ നരകപഥങ്ങളിലൂടെ നൂറ്റാണ്ടുകളെ അതിജീവിച്ച ജന വിഭാഗങ്ങളാണ് കേരളത്തിലെ ആദിവാസികൾ. കൊടിയ ചൂഷണത്തിന്റെയും അതി രറ്റ മനുഷ്യാവകാശ ലംഘനങ്ങളുടെയും ചരിത്രമാണ് പല ആദിവാസിവിഭാഗ ങ്ങൾക്കും ഭൂതകാലം. സ്വച്ഛന്ദമായ ജീവിതം നയിച്ചിരുന്ന തങ്ങളെ പലവിധ ചതിക ളിൽപ്പെടുത്തി അടിമകളാക്കി മാറ്റിയതിനെക്കുറിച്ചുള്ള കരളലിയി ക്കുന്ന ഐതിഹ്യങ്ങൾ ഒട്ടേറെ ആദിവാസിവിഭാഗങ്ങൾക്കിടയിൽ തലമുറകൾ കൈമാറി ഇന്നും നിലനിൽക്കുന്നുണ്ട്. ചില ആദിവാസിവിഭാഗങ്ങൾക്കിടയിൽ തങ്ങൾ നിതാന്ത അടിമകളായി തുടരേണ്ടതിന്റെ ആവശ്യകത അരക്കി ട്ടുറപ്പിക്കുന്നതിനായി മേലാളന്മാർ അടിച്ചേൽപ്പിച്ച വിശ്വാസങ്ങൾ അബോധതലത്തിലെങ്കിലും ഇന്നും അവശേ ഷിക്കുന്നണ്ട്. കേരളീയനവോത്ഥാനത്തിനോ ആധുനികതയുടെ മലവെള്ളപ്പാച്ചിലിനോ തകർക്കാനാവാത്തതാണ് അത്തരം വിശ്വാസങ്ങളും മിത്തുകളും.

തങ്ങൾ അടിമകളായി മാറിയതിനെപ്പറ്റിയുള്ള വയനാട്ടിലെ അടിയവിഭാഗത്തിന്റെ വിശ്വാസം, ആദിവാ സികൾക്കിടയിൽ ആര്യാധിനിവേശവും സവർണ്ണമേൽക്കോയ്മയും കൊടിനാട്ടിയതിന്റെ കൃത്യമായ ചിത്രമാണ് വരച്ചുകാട്ടുന്നത്; ഇത് മറ്റു ആദിവാസിവിഭാഗങ്ങളുടെ അടിയാളവൽക്കരണത്തിന്റെ കൂടി വംശഗാഥയാണ്. തങ്ങൾ നീതിമാനായ മാവേലിത്തമ്പുരാന്റെ മക്കളാണെന്ന് വിശ്വസിക്കുന്ന അടിയാന്മാർ, കാലാന്തരത്തിൽ അടിമകളാ യിമാറിയതിന്റെ ചരിത്രം ഇങ്ങനെ അനാവരണം ചെയ്യുന്നു:

പണ്ട് അടിയാന്മാർ അടിമകളായിരുന്നില്ല എന്നല്ല, അന്ന് ആരും അടിമകളായിരുന്നില്ല. അടിമയും ഉട മയും ഇല്ലായിരുന്നു. മാവേലിയുടെ കാലമായിരുന്നു അത്. കാടുവെട്ടി വിത്തിറക്കി കൃഷി ചെയ്തും ചെറുമൃഗ ങ്ങളെ വേട്ടയാടിപിടിച്ചും അവർ ജീവിച്ചു. മാവേലിമന്റുവായിരുന്നു മന്റു കാരണവർ. അക്കാലത്ത് മനുഷ്യർക്കി ടയിൽ ജാതികളില്ലായിരുന്നു. മന്റ മക്കൾ അങ്ങനെ ആഹ്ലാദത്തോടെ ജീവിച്ചുകൊണ്ടിരിക്കെ മനുഷ്യരുടെ കള്ള ച്ചിരിയുമായി മൂന്ന് കള്ളതമ്പുരാക്കന്മാർ അവിടേക്കു വന്നു. മന്റ കാരണവരായ മഹാബലി അവരെ ഹൃദയം തുറന്നിരുത്തി. തക്കം കിട്ടിയനേരത്ത് കള്ളതമ്പുരാക്കന്മാർ ചതികാട്ടി. മണ്ണും മന്റോം കൈക്കലാക്കി. ചത് എന്തെന്നറിയാത്ത മന്റകാരണവർ മണ്ണും മന്റവും തിരിച്ചുചോദിച്ചു. കള്ളതമ്പുരാക്കന്മാർ അവരുടെ തനിനിറം കാട്ടി. അവർ കാരണവരെ ചുണ്ണാമ്പുപാത്രം കൊണ്ട് മൂക്കിലിടിച്ചുവീഴ്ത്തി. മഹാബലിയുടെ മൂക്കിലൂടെ രക്തം ചീറ്റി. മാവേലി പിടഞ്ഞുമരിച്ചു. മന്റമക്കൾ പേടിച്ചുവിറച്ചു. അവർ നാലുപാടും ഓടാൻ തുടങ്ങി. തമ്പുരാക്ക ന്മാർ അവരെ തടഞ്ഞുനിർത്തി. ഭീഷണിപ്പെടുത്തി. അവരെ അകറ്റിതമ്മിലടിപ്പിച്ചു. മന്റമക്കളെ പലതായി തിരിച്ചു അങ്ങനെ നൂറ്റെട്ടു ജാതികളുണ്ടായി. അവരെ പരസ്പരം കാണാനും തൊടാനും പറ്റാത്തവിധം അകറ്റി. തമ്പുരാ ക്കൾ അവരുടെ ആധിപത്യം ഉറപ്പിച്ചു. അവർ പറഞ്ഞു: കേട്ടോളി നായിന്റെ മക്കളെ, വിരാടു പുരുഷന്റേതാണ് ലോകം. ഞങ്ങൾ വിരാടു പുരുഷന്റെ വായിൽനിന്നും കൈകളിൽ നിന്നും നെഞ്ചിൽനിന്നും പിറന്നവരാണ് നിങ്ങൾ ഞങ്ങളുടെ അടിമകളാണ്, ഞങ്ങൾ നിങ്ങളുടെ ഉടമകളാണ്. ഞങ്ങൾ പറയുന്നത് ചെയ്യുന്നതാണ് നിങ്ങളുടെ പണി. മന്റ മക്കൾ അതൊന്നും കേട്ടതായി ഭാവിച്ചില്ല. അവർക്ക് ജയ് വിളിച്ചില്ല. അവർ പറയുന്ന

തൊന്നും ചെയ്തില്ല. അപ്പോൾ കള്ളത്തമ്പുരാക്കന്മാർ പലതും പറഞ്ഞു പേടിപ്പിച്ചു. വാള് ചുഴറ്റി കുന്തമെറിഞ്ഞു. മന്റമക്കൾ അതൊന്നും കാര്യമാക്കിയില്ല. ഒടുവിലവർ നാവിൽ നിന്ന് ചോര ഇറ്റുന്ന, കണ്ണിൽ നിന്ന് തീ പാറുന്ന, രൗദ്രരൂപിണിയായ മാളിയെക്കൊണ്ടുവന്നു. അനുസരിക്കാത്തവരെ മാളി പിടിച്ചുതിന്നുമെന്ന് പേടിപ്പിച്ചു. മാളിയിറങ്ങിയതോടെ കൊടുങ്കാറ്റടിച്ചു. ഇടിവെട്ടി. മിന്നൽപിണറുകൾ അന്തരീക്ഷത്തെ ഭയാനകമാക്കി. അതോടെ മന്റമക്കൾ പേടിച്ചുവിറച്ചു. നിലവിളിച്ചു. രക്ഷിക്കണേ എന്നു കേണു. എന്തുഫലം? മാളി പിടിച്ചുതിന്നുമെന്ന് അവർക്കുറപ്പായി. അങ്ങനെ അവർ കള്ളത്തമ്പുരാക്കന്മാരുടെ അടുത്തേക്ക് ഓടിച്ചെന്നു. പറയുന്നതെന്തും ചെയ്യാമെന്ന് അവർ തമ്പുരാക്കളോട് ശപഥം ചെയ്തു. അങ്ങനെ അവർ തമ്പുരാക്കൾ പറയുന്നതെന്തും ചെയ്യുന്ന അടിമകളായി (ആവേദകൻ: പി.കെ. കാളൻ). അടിമത്ത വൽക്കരണത്തിന്റെയും ആര്യാധിനിവേശത്തിന്റെയും മാത്രമല്ല പ്രാചീനമായ സ്ഥിതി സമത്വത്തിന്റെകൂടി ചിത്രമാണ് ഈ ഐതിഹ്യം പങ്കുവെക്കുന്നത്.

കേരളത്തിലെ ഏറ്റവും വലിയ ആദിവാസിവിഭാഗമായ പണിയർ, തങ്ങളുടെ ആദിമാതാപിതാക്കളെ ഇപ്പിമല കൗണ്ടർ എന്ന തമ്പ്രാൻ വലവെച്ച് പിടിച്ച് അടിമകളാക്കിയതായി വിശ്വസിക്കുന്നു. പണിയരുടെ വിശ്വാസങ്ങളിൽ, അവരെ നിതാന്ത അടിമകളാക്കുന്നതിനുവേണ്ടി മേലാളന്മാർ സൃഷ്ടിച്ച വിശ്വാസങ്ങൾ നിലനിൽക്കുന്നുണ്ട്. പണിയ വിശ്വാസമനുസരിച്ച് മരണാനന്തരം എല്ലാവരും കീഴുർ ലോകത്ത് എത്തിച്ചേരും. ഇഹലോകത്തെ തങ്ങളുടെ ഉടമകളായ ജന്മിമാരും ഭൂവുടമകളും അവിടെയും ഉണ്ടായിരിക്കും. പണിയർ കീഴുർ ലോകത്ത് അവരുടെ അടിമകളായിരിക്കും. ഇഹലോകജീവിതകാലത്ത് തങ്ങളുടെ ഉടമകൾ പറയുന്ന കാര്യങ്ങളെല്ലാം മുറതെറ്റാതെയും മുറുമുറുപ്പില്ലാതെയും അനുസരിച്ചാൽ കീഴൂർ ലോകത്ത് ബുദ്ധിമുട്ടുകളില്ലാതെ ജീവിച്ചുപോകാം. അനുസരണക്കേടുകാണിച്ചാൽ കീഴുർലോകത്ത് അതികഠിനമായ ജീവിതം തുടരേണ്ടിവരും- ഈ വിശ്വാസം പണിയരെ അനുസരണയുള്ള അടിമകളാക്കി നിലനിർത്താൻ മേലാളന്മാർ സൃഷ്ടിച്ചതാവണം. കേരളത്തിലെ നിരവധി ആദിവാസിവിഭാഗങ്ങൾക്കിടയിൽ ഇത്തരം സങ്കല്പങ്ങളും വിശ്വാസങ്ങളും നിലനിൽക്കുന്നുണ്ട്. ഇത്തരം വിശ്വാസങ്ങൾ നിലനിൽക്കുന്ന സമൂഹങ്ങളിൽനിന്നും ചെറുത്തുനിൽപ്പുകളോ വിയോജിപ്പുകളോ ഉണ്ടാവുകയില്ലെന്ന് മേലാള കുടില ബുദ്ധികൾക്കറിയാം.

ആദിവാസി അടിമക്കച്ചവടം നിയമസഭയിൽ ചർച്ചയായത് 1964-ലാണ്. ഭൂപരിഷ്ക്കരണത്തെക്കുറി



ച്ചുള്ള ചർച്ചയ്ക്കിടയിലാണ് അടിമക്കച്ചവടം വിഷയമായത്.ഭൂപരിഷ്ക്കരണ നിയമങ്ങൾ ഒരു അടിയന്തരാവശ്യമാണെന്ന് സമർത്ഥിക്കുവാനായി, 1964 ലും വയനാട്ടിലെ വൻകിടഭൂവുടമകളുടെ കീഴിൽ ഇവിടെത്തെ ആദിവാസികൾ വെറും അടിമകളായി നരകിക്കുന്നു എന്ന് ചൂണ്ടിക്കാട്ടിക്കൊണ്ട് ഹരിജൻ എം.എൽ.എ. ആയ ഒ. കോരൻ ഒരു പ്രസംഗം നടത്തി. കെ. പാനൂർ രചിച്ച കേരളത്തിലെ ആഫ്രിക്ക തന്റെ വാദം തെളിയിക്കുവാനുള്ള രേഖയായി സ്പീക്കറുടെ മുമ്പാകെ അദ്ദേഹം ഹാജരാക്കുകയും ചെയ്തു. ഇതോടെ നിയമസഭയിലും പുറത്തും വയനാട്ടിലെ അടിമക്കച്ചവടം സജീവമായ ചർച്ചാവിഷയമായി. വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ അടിമസമ്പ്രദായം നിലനിൽക്കുന്നു എന്ന് മനസ്സിലാക്കിയ കേരളസർക്കാർ 1976 ൽ അടിമവേല നിർത്തലാക്കുന്ന ഒരു നിയമം കൊണ്ടുവന്നു. കേരളത്തിൽ 702 കുടുംബങ്ങൾ അടിമവേലയിൽ ഏർപ്പെട്ടിരിക്കുന്നതായി ഇതു സംബന്ധിച്ച് നടത്തിയ ഒരു സർവ്വെ വെളിപ്പെടുത്തി. അതിന്റെ അടിസ്ഥാനത്തിൽ അടിമപ്പണി സമ്പ്രദായം നിർത്തലാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള 1975 ലെ അടിമപ്പണി സമ്പ്രദായം (നിർത്തലാക്കൽ) ആക്ട് പാസ്സാക്കി. ഒരുഭൂവുടമ, പട്ടിക വർഗ്ഗത്തിൽപ്പെട്ട ഒരാളിന്, അയാൾ നേരിട്ടോ, അയാളുടെ കുടുംബാംഗങ്ങൾ മുഖാന്തിരമോ, കൂലി കൂടാതെ അഥാവ കുറഞ്ഞ കൂലിയിന്മേലോ ഒരു നിശ്ചിത കാലത്തേക്കു ജോലി ചെയ്തുകൊള്ളാമെന്ന വ്യവസ്ഥയിന്മേൽ പണം മുൻകൂറായി നൽകിയിരുന്ന സമ്പ്രദായത്തിനു പൂർണ്ണവിരാമമിടുകയായിരുന്നു സംസ്ഥാന അടിമസമ്പ്രദായം (നിർത്തലാക്കൽ) ആക്ടുകൊണ്ടുദ്ദേശിച്ചത്. എന്നാൽ ഇന്ത്യൻ പാർലമെന്റ് പിന്നീട് 1976 ലെ അടിമസമ്പ്രദായം (നിർത്തലാക്കൽ) ആക്ട് (1976 ലെ 19-ാംനമ്പർ കേന്ദ്ര ആക്ട്) പാസ്സാക്കി. ഇന്ത്യ ഒട്ടാകെ വ്യാപ്തിയുള്ള കേന്ദ്ര നിയമം സംസ്ഥാന നിയമത്തെക്കാൾ കൂടുതൽ സമഗ്രമായതും സംസ്ഥാന നിയമപ്രകാരം നിർത്തലാക്കപ്പെട്ട അടിമപ്പണി സമ്പ്രദായം ഉൾക്കൊള്ളുന്നതുമായതുകൊണ്ട് കേരള നിയമസഭ 1977 ൽ സംസ്ഥാന അടിമപ്പണി സമ്പ്രദായം (നിർത്തലാക്കൽ) റദ്ദാക്കൽ ആക്ട് പാസ്സാക്കി.

## പുനരധിവാസ ശ്രമങ്ങൾ

എഴുപതുകളുടെ ഒടുവിലും എൺപതുകളിലും അടിമത്തൊഴിലാളികളായ ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിന് സർക്കാർ ചില പദ്ധതികൾ ആവിഷ്ക്കരിക്കുകയുണ്ടായി. സുഗന്ധഗിരി പ്രോജക്ട്, പൂക്കോട് ഡയറി പദ്ധതി, പ്രിയദർശിനി എസ്റ്റേറ്റ് എന്നിവ.

ഇന്ദിരാഗാന്ധിയുടെ ഭരണകാലത്തു നടപ്പിലാക്കിയ പശ്ചിഘട്ട വികസനപദ്ധതിയുടെ ഭാഗമായാണ് സുഗന്ധഗിരി പ്രോജക്ട് ആരംഭിച്ചത്. നിക്ഷിപ്ത വനഭൂമിയിൽ നിന്ന് 1500 ഹെക്ടർ ഭൂമി ഉപയോഗിച്ച് ആദിവാസികളെ പുനരധിവസിപ്പിച്ച പദ്ധതിയായിരുന്നു ഇത്. കോടിക്കണക്കിന് രൂപ ഈ പ്രോജക്ടിന് വേണ്ടി ചിലവഴിച്ചിട്ടുണ്ട്. അഞ്ച് വർഷത്തിനുള്ളിൽ അഞ്ച് ഏക്കർ ഭൂമി വീതം ആദിവാസികൾക്കു നൽകി പ്രോജക്ട് പിരിച്ചുവിടുമെന്ന് വ്യക്തമാക്കപ്പെട്ടിരുന്നു. പൂക്കോട് ഡയറി പദ്ധതിയിൽ 1500 ഏക്കർഭൂമിയാണ് പദ്ധതിക്കു വേണ്ടി നിശ്ചയിച്ചിരുന്നത്. മാനന്തവാടി താലൂക്കിലെ പണിയരെയും അടിയരെയും പുനരധിവസിപ്പിക്കാനായി ആരംഭിച്ച പദ്ധതിയാണ് പ്രിയദർശിനി തേയിലത്തോട്ടം. അഞ്ച് യൂണിറ്റുകളിലായി 2500 ഹെക്ടറിലധികം ഭൂമിയാണ് ഇതിനുള്ളത്. 7 വർഷം കഴിയുമ്പോൾ 5 ഏക്കർവീതം ആദിവാസികൾക്കു പതിച്ചുനൽകുമെന്ന ഉറപ്പിലാണ് പ്രോജക്ട് തുടങ്ങിയത്. ഏഷ്യയിലെ ഏറ്റവും വലിയ രണ്ടാമത്തെ ആദിവാസി പുനരധിവാസ പദ്ധതി എന്ന ഖ്യാതി ഇതിനുണ്ട്.

ആദിവാസി ക്ഷേമപ്രവർത്തനതനങ്ങൾക്കായി കഴിഞ്ഞ അമ്പതു വർഷത്തിനിടെ അനേകം കോടികൾ സർക്കാറുകൾ ചെലവഴിച്ചിട്ടുണ്ട്; നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. എന്നിട്ടും ആദിവാസികളുടെ ജീവിതാവസ്ഥ ഇപ്പോഴും ഏറെ മാറ്റങ്ങളില്ലാതെ തുടരുകയാണ്.

അടിമത്തം പൂർണ്ണമായി നിരോധിക്കുകയും അവരുടെ പരിരക്ഷ ഉറപ്പുവരുത്തുന്ന നിരവധി നിയമങ്ങൾ നിർമ്മിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ( ദുർബല ജനവിഭാഗങ്ങളുടെ പ്രത്യേകിച്ച് പട്ടികജാതികളുടെയും പട്ടികവർഗ്ഗങ്ങളുടെയും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ താല്പര്യങ്ങളെ പ്രത്യേക ശ്രദ്ധയോടെ പ്രോത്സാഹിപ്പിക്കേണ്ടതും സാമൂഹികമായ അനീതികളിൽ നിന്നും എല്ലാ രൂപത്തിലുള്ള ചൂഷണത്തിൽ നിന്നും അവരെ സംരക്ഷിക്കേണ്ടതുമാണ്. എന്ന് ഇന്ത്യൻ ഭരണഘടനയുടെ നാലാം ഭാഗത്തിൽപ്പെട്ട 46 -ാം അനുഛേദത്തിൽ സർക്കാർ നയത്തെ ചൊല്ലിയുള്ള നിർദ്ദേശക തത്ത്വങ്ങളിൽ പറഞ്ഞിട്ടുണ്ട്.) എന്നിട്ടും മുഖ്യധാരാ സമൂഹത്തോടൊപ്പം എത്തുന്നതിനോ തങ്ങളുടെ ജീവിതത്തിന്റെ നരകീയാവസ്ഥയെ പൂർണ്ണമായും മറികടക്കുവാനോ ഇന്നും അവർക്ക് കഴിഞ്ഞിട്ടില്ല. എന്നുമാത്രമല്ല, പലവിധ ചൂഷണങ്ങൾ പുതുരൂപത്തിൽ



ഇന്നും നിലനിൽക്കുകയാണ്.

വിദ്യാഭ്യാസ, സാമൂഹിക, സാമ്പത്തിക മേഖലകളിൽ പൊതുസമൂഹത്തോടൊപ്പം എത്തുകയും, അവർക്കിടയിൽനിന്നുതന്നെ വിമോചന, നവോത്ഥാന പ്രസ്ഥാനങ്ങൾ ഉണ്ടാവുകയും ചെയ്താലേ ആദിവാസികളുടെ ജീവിതാവസ്ഥ ചൂഷണമുക്തമാകുകയുള്ളൂ. നൂറ്റാണ്ടുകളോളം അടിമത്താവസ്ഥ അനുഭവിച്ച സമൂഹങ്ങളിൽ സ്വാഭാവികമായും ഉണ്ടാകാവുന്ന അപകർഷബോധവും കീഴാള മനോഭാവവും പിഴുതെറിയാൻ വിദ്യാഭ്യാസ മുന്നേറ്റത്തിലൂടെയും അവർക്കിടയിൽ നിന്നുണ്ടാവുന്ന നവോത്ഥാന പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളിലൂടെയുമാണ് ഏറെ സാധ്യമാവുക. അത്തരത്തിലുള്ള സ്വത്വപരമായ തിരിച്ചറിവുകളും പ്രവർത്തനങ്ങളും ചെറിയതോതിലെങ്കിലും ആരംഭിച്ചിട്ടുണ്ട് എന്നതിന്റെ ശുഭസൂചനകൾ പല കോണുകളിൽ നിന്നും മുഴങ്ങിത്തുടങ്ങിയിട്ടുണ്ട്.



Photo : Ajeeb Komachi



# ആദിവാസി
## സ്വത്വം, പോരാട്ടം, ചരിത്രം

ഡോ. അസീസ് തരുവണ
(അസി. പ്രൊഫ. ഫാറൂഖ് കോളേജ്)

**സം**സ്ക്കാരത്തിന്റേയും ജീവിതത്തിന്റേയും പൊതുധാരയിൽ നിന്ന് ദീർഘകാലമായി ഒറ്റപ്പെട്ട്, ആചാരാനുഷ്ഠാനങ്ങളിലും ജീവിതചര്യകളിലും തനതുരീതികൾ നിലനിർത്തി ജീവിച്ചുപോരുന്ന ജനവിഭാഗങ്ങളാണ് ആദിവാസികൾ. മറ്റൊരർത്ഥത്തിൽ, മനുഷ്യ സംസ്ക്കാരത്തിന്റെ ആദിമരൂപങ്ങളെ പാരമ്പര്യമായി സംരക്ഷിച്ചു വരുന്നവരുമാണവർ.

ആദിമനിവാസികൾ, തദ്ദേശിയർ, പ്രാചീന ജനവിഭാഗങ്ങൾ, എന്നെല്ലാമുള്ള അർത്ഥത്തിലാണ് 'ആദിവാസികൾ' എന്ന പൊതു സംജ്ഞ ഉപയോഗിക്കുന്നത്. കാട്ടു ജാതിക്കാർ, വനവാസികൾ എന്നെല്ലാമാണ് കൊളോണിയൽ ആധിപത്യത്തിന് മുമ്പ് ആദിവാസികളെ പൊതുവെ വിശേഷിപ്പിച്ചിരുന്നത്. അവരുടെ സവിശേഷമായ സംസ്ക്കാരം, ഭാഷകൾ, സമൂഹഘടന, വിശ്വാസാചാരങ്ങൾ, പാരമ്പര്യം, കലാരൂപങ്ങൾ തുടങ്ങി ആദിവാസികളുടെ സ്വത്വവും അസ്ഥിത്വവുമായി ബന്ധപ്പെട്ട കാര്യങ്ങളൊന്നും തന്നെ അന്നു പഠനവിധേയമാക്കപ്പെട്ടിരുന്നില്ല എന്നു മാത്രമല്ല, പ്രാകൃതം, അപരിഷ്കൃതം, മ്ലേഛം തുടങ്ങിയ പദാവലികൾ ഉപയോഗിച്ചും അവഗണിച്ചും മാറ്റി നിർത്തുകയാണ് മുമ്പ് ചെയ്തിരുന്നത്.

പുരാണേതിഹാസങ്ങളിലാവട്ടെ, രാക്ഷസൻമാർ, അസുരൻമാർ, ദസ്യുകൾ, തുടങ്ങി ഭീകര രൂപങ്ങളായും ക്രൂരന്മാരുമായാണ് അവരെ ചിത്രീകരിക്കുന്നത്. പുരാണകാലത്ത് സകലവിധ മനുഷ്യാവകാശങ്ങളും നിഷേധിക്കപ്പെട്ടവരായിരുന്നു, ആദിമനിവാസികൾ. എന്നു മാത്രമല്ല, തദ്ദേശവാസികളായിരുന്ന ഈ നിഷ്കളങ്ക ജനതതിയെ ആര്യാക്രമണകാരികൾ കൂട്ടക്കൊല നടത്തിയിരുന്നു എന്നതിന് ചരിത്രം സാക്ഷിയാണ്. ആര്യാധിനിവേശത്തിന് മുമ്പ് സമ്പന്നമായ ജീവിതം നയിച്ചവരാണ് ഈ ജനത. അവരുടെ മിത്തുകളും സാഹിത്യരൂപങ്ങളും അതിനുള്ള തെളിവുകൾ നൽകുന്നുണ്ട്.

പൊതുവെ ആദിവാസികൾ എന്നറിയപ്പെടുന്നുണ്ടെങ്കിലും എല്ലാ ആദിവാസി വിഭാഗങ്ങളും ഒരേ സംസ്ക്കാരവും ഭാഷയും ജീവിതരീതിയും പങ്കുവയ്ക്കുന്നവരല്ല.




എന്നു മാത്രമല്ല, സമീപകാലം വരെ ഇവർക്കിടയിൽ പൂർണാർത്ഥത്തിലുള്ള മാനുഷികബന്ധങ്ങൾ പോലും സാധ്യമായിരുന്നില്ല. ഉച്ചനീചത്വങ്ങളും ജാതീയമായ പ്രശ്നങ്ങളുമാണ് ആദാനപ്രദാനങ്ങൾക്കു മുഖ്യതടസ്സമായത്. പണിയൻ തൊട്ടാൽ മാറാരോഗങ്ങൾ പിടിപെടുമെന്ന കുറുമരുടെ പഴയ വിശ്വാസവും നമ്പൂതിരി ഒഴികെയുള്ള എല്ലാ വിഭാഗങ്ങളോടും അയിത്തം പാലിച്ചിരുന്ന കുറിച്ച്യരുടെ ജാതീബോധവും ചില ഉദാഹരണങ്ങൾ മാത്രം. ഭിന്ന ദേശങ്ങളിൽ നിന്ന് ചരിത്രത്തിന്റെ വ്യത്യസ്ത ദശാസന്ധികളിൽ കുടിയേറിയവരായതുകൊണ്ടും ഭിന്ന നരവംശവിഭാഗത്തിൽ പെടുന്നവരായതുകൊണ്ടുമാവാം ഇങ്ങനെ സംഭവിച്ചത്. അതിനെല്ലാമപ്പുറം, കീഴാളരുടെ സംഘബോധത്തെ ശിഥിലീകരിക്കുവാനും വർഗബോധത്തെ ഹിമവത്കരിക്കാനും മേലാള-അധീന വർഗ്ഗം അവരെ പരസ്പരം അകറ്റി നിർത്തിയും ഇവർക്കിടയിൽ തെറ്റിദ്ധാരണകൾ സൃഷ്ടിച്ചും മാർഗ്ഗതടസ്സങ്ങൾ സൃഷ്ടിച്ചിരിക്കാനുള്ള സാധ്യതകൾ ഏറെയാണ്.

> വാമൊഴിയിലൂടെ കൈമാറ്റം ചെയ്യപ്പെടുന്ന മിത്തുകളിലും കഥകളിലും പാട്ടുകളിലും ഉൾചേർന്നതാണ് ആദിവാസികളുടെ ഭൂതകാലചരിത്രം.

ഒട്ടുമിക്ക ആദിവാസി വിഭാഗങ്ങളുടേയും ഭൂതകാലം ഇരുളടഞ്ഞതാണ്. കൃത്യമായ ലിഖിത ചരിത്രമുള്ള വിഭാഗങ്ങൾ ഇല്ലെന്നു തന്നെ പറയാം. വാമൊഴിയിലൂടെ കൈമാറ്റം ചെയ്യപ്പെടുന്ന മിത്തുകളിലും കഥകളിലും പാട്ടുകളിലും ഉൾചേർന്നതാണ് അവരുടെ ഭൂതകാലചരിത്രം. അതിനാൽ കെ. പാനൂർ നിരീക്ഷിച്ചതുപോലെ, പൊതുസമൂഹത്തെക്കുറിച്ച് ആദിവാസികൾക്കുള്ള അജ്ഞത പോലെ ആദിവാസികളെക്കുറിച്ചുള്ള പൊതുസമൂഹത്തിന്റെ അജ്ഞതയും തുടരുകയാണ്.

പണ്ടു കാലം മുതൽക്കേ കാടുകളിലും മലമ്പ്രദേശങ്ങളിലും മാത്രം കുടിൽ കെട്ടി വസിച്ചവരായിരുന്നു ആദിവാസികൾ എന്ന പൊതുധാരണ ഇപ്പോൾ തിരുത്തപ്പെട്ടിട്ടുണ്ട്. കൃത്യമായ കാരണങ്ങളാൽ 'കാടുകയറിയ'വരാണ് ആദിവാസികൾ. ചില വിഭാഗങ്ങളാവട്ടെ സമീപകാലത്താണ് വനവാസികളും പ്രാന്തവത്കൃതരുമായിത്തീർന്നത്. ഉദാഹണമായി, മദ്ധ്യേന്ത്യയിലെ ഗോണ്ടുകൾ മുഗളരുടെ വാഴ്ച കാലത്ത് സ്വതന്ത്രരായി നിലനിൽക്കുകയും നാടുഭരിക്കുകയും ചെയ്തവരായിരുന്നുവത്രേ. മഹാരാഷ്ട്രർ അവരെ കാടുകളിലേക്കോടിച്ചു. സന്താളി വിഭാഗം ഒരു കാലത്ത് ഗംഗാനദീതടങ്ങളിലുള്ള നല്ല ഭൂമികളിൽ അന്തസ്സിൽ ജീവിച്ചവരായിരുന്നു എന്നവരുടെ പാട്ടുകളിൽ കാണാം. സന്താളികൾ താമസിച്ചിരുന്ന പ്രദേശങ്ങളിലേക്ക് ബംഗാളി ഹിന്ദുക്കൾ കുടിയേറുകയും സന്താളുകൾക്കെതിരെ ആക്രമണങ്ങൾ അഴിച്ചുവിടുകയും ചെയ്തതോടെ പ്രാണരക്ഷാർത്ഥം നദീതടങ്ങളിൽ നിന്നു ഛോട്ടാ നാഗപ്പൂരിലേക്കും, 18-ാം നൂറ്റാണ്ടിൽ ഛോട്ടാ നാഗ്പൂരിൽ നിന്ന് രാജ്മഹൽ കുന്നുകളിലേക്കും, 19-ാം നൂറ്റാണ്ടിൽ രാജ്മഹൽ കുന്നുകളിൽ നിന്നു ഏറ്റവും വടക്കുഹിമാലയത്തിന്റെ അടിവാരത്തുള്ള ഉത്തരബംഗാളിലെ ആനക്കാടുകളിലേക്കും ഒളിച്ചോടേണ്ടി വന്നതായി ചരിത്രകാരന്മർ രേഖപ്പെടുത്തിയിട്ടുണ്ട്.

ഇന്ത്യയിൽ വടക്കുകിഴക്ക് ഹിമാലയ പർവ്വതത്തിന്റെ അടിവാരങ്ങളിലും മദ്ധ്യേന്ത്യയിൽ വിന്ധ്യന്റെ ചുറ്റുപാടുകളിലും തെക്ക് പടിഞ്ഞാറ് പശ്ചമഘട്ടത്തിന്റേയും കിഴക്കു പൂർവ്വ ഘട്ടത്തിന്റേയും താഴ്വാരങ്ങളിലാണ് ആദിവാസികൾ കൂടുതലായി വസിക്കുന്നത്. ചരിത്രത്തിലെ വ്യത്യസ്ത ആക്രമണകാരികളും കുടിയേറ്റക്കാരും മേലാളവിഭാഗങ്ങളും അവരെ ആവാസവ്യവസ്ഥയിൽ നിന്നും ആട്ടിയോടിച്ചിരിക്കാനുള്ള സാധ്യതകൾ ഏറെയാണ്.

കേരളത്തിലെ പല ആദിവാസി വിഭാഗങ്ങളും തങ്ങൾ പൂർവ്വകാലത്ത് ഭൂമിയുടെ അധിപന്മാരായിരുന്നെന്നും തങ്ങളിൽ നിന്നും രാജവംശങ്ങൾ ഉണ്ടായിരുന്നെന്നും വിശ്വസിക്കുന്നവരാണ്. അധികാരവും മണ്ണും തങ്ങളിൽ നിന്നും തട്ടിപ്പറിച്ച കള്ളതമ്പുരാക്കന്മാരെക്കുറിച്ചുള്ള കഥകളും വിശ്വാസങ്ങളും പല

ആദിവാസിവിഭാഗങ്ങൾക്കിടയിലുമുണ്ട്.

സവർണമേധാവിത്വവും വർണ്ണാശ്രമവ്യവസ്ഥയും സ്ഥാപിതമായ നൂറ്റാണ്ടുകൾക്ക് ശേഷമാണ് ഒട്ടേറെ ആദിവാസിവിഭാഗങ്ങൾ പുറാളിക (marginalised)ളായത്.

ചാതുർവർണ്ണ്യവ്യവസ്ഥയുടെ പുറത്താണ് ആദിവാസികൾ. അതിനാൽ മനുകൃതമായ നിയമ വ്യവസ്ഥയിൽ ആദിവാസികൾ ഉൾപ്പെട്ടിരുന്നില്ല. അവരെ മനുഷ്യരായി പരിഗണിക്കുവാൻ പോലും മനു തയ്യാറായിരുന്നില്ല എന്നു പറയുന്നതാവും ശരി. ചാതുർവർണ്യ വ്യവസ്ഥയിലെ ഏറ്റവും അടിത്തട്ടിലുള്ള ശൂദ്രർ കൈവശം വെക്കുന്ന ഭൂമി കൈയേറുന്നത് ഒരു കുറ്റമായി മനു കരുതുന്നില്ല.[2] അപ്പോൾ ആദിവാസികളുടെ കാര്യം ഊഹിക്കാവുന്നതേയുള്ളൂ.

അമേരിക്കയിലെ തദ്ദേശവാസികളായ റെഡ് ഇന്ത്യൻസിന്റെ ദുരനുഭവങ്ങളുമായി ഇന്ത്യയിലെ ആദിവാസികളുടെ ചരിത്രം താരതമ്യം ചെയ്യാവുന്നതാണ്. കൊളമ്പസിനെ പിന്തുടർന്നുകൊണ്ട് 16-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ, അശ്വാരൂഢരായി, തീ തുപ്പുന്ന തോക്കുകളുമായി മരണം വിതച്ചു കൊണ്ടു വന്ന സ്പാനിഷുകാരുടെ മുമ്പിൽ അമ്പും വില്ലും മാത്രം കൈയിലുണ്ടായിരുന്ന ലക്ഷക്കണക്കിന് ആദിവാസികൾ ചത്തൊടുങ്ങി. അവശേഷിച്ചവർ വനാന്തരങ്ങളിലേക്ക് രക്ഷപ്പെട്ടു. മെക്സിക്കോവിലെ മായന്മാരും തെക്കെ അമേരിക്കയിലെ ഇങ്കാകളും അങ്ങനെ നശിച്ചു.[3]



ആര്യൻമാർ മോഹൻജതാരോവിലേയും ഹാരപ്പയിലേയും നാഗരികതകൾ നശിപ്പിച്ചതും അവിടുത്തെ തദ്ദേശിയരെ കൊന്നൊടുക്കുകയോ ദക്ഷിണേന്ത്യയിലേക്ക് ആട്ടിയോടിക്കുകയോ ചെയ്തതും ചരിത്രമാണ്. കേരളത്തിൽ പോലും ആര്യാധിനിവേശത്തോടെ അധികാരവും ആവാസ വ്യവസ്ഥയും നഷ്ടപ്പെട്ട ജനവിഭാഗങ്ങൾ ഒട്ടേറെയാണ്. കേരളത്തിലെ പല കീഴാള വിഭാഗങ്ങൾക്കും തങ്ങളുടെ അധികാരാവകാശങ്ങൾ നഷ്ടപ്പെട്ടത് മേലാളരുടെ ചതിപ്രയോജങ്ങളിലൂടെയാണെന്ന് അവരുമായി വാമൊഴി സാഹിത്യത്തിൽ നിന്നും മനസ്സിലാക്കാം. ഇത്തരത്തിൽ അധികാരം നഷ്ടപ്പെട്ട വിഭാഗങ്ങൾ പ്രാണരക്ഷാർത്ഥം കാടുകളിൽ അഭയം തേടാനുള്ള സാധ്യതകൾ ഏറെയാണ്.

പല തരത്തിലാണ് ആദിവാസി വിഭാഗങ്ങൾ രൂപപ്പെട്ടിട്ടുള്ളത്. ഗോത്ര സംസ്ക്കാരത്തിന്റെ പിൻതുടർച്ചക്കാരായിത്തന്നെ നിലനിന്നവർ, ഫ്യൂഡൽ വ്യവസ്ഥിതിക്കുള്ളിൽ കഴിഞ്ഞിരുന്ന നാടോടി ജനവിഭാഗങ്ങളിൽ നിന്ന് സാമൂഹിക സമ്മർദ്ദങ്ങളാൽ കാടുകയറി ആദിവാസികളായിത്തീർന്നവർ എന്നിങ്ങനെ രണ്ടുതരം സംസ്ക്കാരിക പശ്ചാത്തലമുള്ളവർ ഇന്നത്തെ ആദിവാസികൾക്കിടയിലുണ്ട്. നാടുവാഴി-ജൻമിവ്യവസ്ഥിതിയിൽ ജൻമിത്വത്തിന്റെ ചൂഷണത്തിനും പീഢനത്തിനും വിധേയരായി സഹികെട്ടും കൂട്ടത്തോടെ ഭ്രഷ്ട് കല്പിക്കപ്പെട്ടും കാടുകളിലേക്ക് കയറിയവരാകാം രണ്ടാമത്തെ വിഭാഗത്തിൽപെട്ടവർ.[4] ചില ജാതികളിൽ പെട്ടവർ കാലാന്തരത്തിൽ പല വിധ കാരണങ്ങളാൽ പിൻതള്ളപ്പെടുകയും ഒടുവിൽ ആദിവാസികളായി മാറുകയും ചെയ്യപ്പെട്ടിട്ടുണ്ട്. തങ്ങൾ മലനമ്പൂതിരിമാരാണെന്ന് വിശ്വസിക്കുന്ന വയനാട്ടിലെ കുറിച്യർ ഒരു കാലത്ത് കരിനായന്മാരായിരുന്നു എന്നഭിപ്രായപ്പെട്ട പണ്ഡിതന്മാരുണ്ട്. കുറിച്യർ ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലുമൊക്കെ കേരളത്തിലെ പഴയകാല നായന്മാരോട് സാമ്യത പുലർത്തുന്നവരാണ്.


Best Compliments from

☎ 04936- 248011
9447443327



M.S
Ladies Fancy & Gift Palace
Meenangadi, Wayanad



Dealers in : Fancy,
Gold Covering, Gift, Crockery,
Stationary, Tailoring Materials etc.

കേരളത്തിലെ ചില ആദിവാസി വിഭാഗങ്ങൾ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് അടിമത്തൊഴിലാളികളായി എത്തിയവരാണ്. വയനാട്ടിലെ അടിയാന്മാർ കർണാടകയിൽ നിന്നും ഇത്തരത്തിൽ എത്തിപ്പെട്ടവരാണ്. അവരുടെ ആചാരവിശേഷങ്ങളിൽ കാണപ്പെടുന്ന കർണാടക ദേശ സ്വാധീനവും ഭാഷാപരമായ പ്രത്യേകതകളും കണക്കിലെടുക്കുമ്പോൾ കർണാടകയിൽ നിന്ന് കേരളത്തിലേയ്ക്ക് വന്ന ചെട്ടികളുടേയും ബ്രാഹ്മണരുടേയും കൂടെ എത്തിയവരാകാം അടിയാന്മാർ എന്ന ഊഹത്തിന് ബലമേറുന്നു. അവർ തൃശ്ശിലേരിയിലും തിരുനെല്ലിയിലും മുഖ്യമായും അമ്പലവാസി ജനവിഭാഗങ്ങളുടെ അടിമപ്പണിക്കാരായിരുന്നു.[5]

കേരളത്തിലെ ഏറ്റവും വലിയ ആദിവാസി വിഭാഗമായ പണിയരും ഇടുക്കിയിലെ മുതുവാന്മാരും പഴകാലത്ത് തമിഴ്നാട്ടിൽ നിന്ന് കുടിയേറിയവരാണ്. അവരുടെ ഭാഷകളിലെ തമിഴ് സ്വാധീനം അതിനു തെളിവാണ്. ഇവരും അടിമകളായിട്ടാണ് സമീപകാലം വരെ ജീവിച്ചത്. ചോലനായ്ക്കർ, കാടർ, കുറുമ്പർ, കൊറകർ, കാട്ടുനായ്ക്കർ എന്നീ അഞ്ചു വിഭാഗത്തിൽ പെട്ടവരെ പ്രാക്തനഗോത്രവർഗങ്ങൾ (Primitive tribes) എന്ന വകുപ്പിലാണ് കേന്ദ്രസർക്കാർ പെടുത്തിയിരിക്കുന്നത്. സംഘടിത കൃഷിരീതി ആരംഭിക്കുന്നതിന് മുമ്പുള്ള അവസ്ഥയിൽ ജീവിക്കുന്ന ആദിവാസി വിഭാഗങ്ങളാണവർ. ആകെ ആദിവാസി ജനസംഖ്യയുടെ അഞ്ചു ശതമാനമാണിവർ.

'വനവാസി'കളെന്നും 'കാട്ടുജാതി'ക്കാരെന്നും വിളിച്ച് മാറ്റി നിർത്തിയിരുന്ന വിഭാഗങ്ങളെക്കുറിച്ച് പഠനങ്ങൾ നടത്തുവാൻ ആദ്യം തയ്യാറായത് വിദേശികളാണ്. ഡോ. വെരിയർ എൽവിൻ, എ.എ.ഡി. ലൂയിസ്, എഡ്ഗാർ തേഴ്സ്റ്റൻ തുടങ്ങി നിരവധി പണ്ഡിതന്മാരും ഗവേഷകരും ഇന്ത്യയിൽ വന്ന് ആദിവാസികളെക്കുറിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ട്. മതപരിവർത്തനോദ്ദേശ്യത്തോടെയും ആദിവാസികളുടെ ആവാസ വ്യവസ്ഥയായ വനങ്ങൾ കൈവശപ്പെടുത്തുവാനും മറ്റും അവരെ പഠനവിധേയരാക്കിയവരും ഇല്ലാതെയല്ല. ബ്രിട്ടീഷുകാർ നടപ്പിലാക്കിയ വനനയങ്ങളും തുടർന്ന് നടത്തിയ വനംകൊള്ളയും ഏറ്റവും കൂടുതൽ ദോഷകരമായി ബാധിച്ചത് ആദിവാസികളെയാണ്. ആദ്യകാല ആക്രമണകാരികളും മേലാള അധീശവിഭാഗങ്ങളും ആദിവാസികളെ കാടുകളിലേക്കാണ് ആട്ടിത്തെളിച്ചതെങ്കിൽ ബ്രിട്ടീഷുകാർ വനഭൂമിയിൽ നിന്നും അവരെ നിഷ്കാസിതരാക്കുകയാണുണ്ടായത്.

## മാഞ്ഞുപോകുന്ന പോരാട്ടചരിത്രം

ബ്രിട്ടീഷുകാർ പിന്തുടർന്ന ഇത്തരം നയങ്ങൾക്കെതിരെ ഇന്ത്യയിൽ പലയിടത്തും ഗിരിവർഗ്ഗക്കാർ



### ഓർമ്മകൾ

ഹൃദയത്തിലേക്ക്
തൊടുത്ത് വിട്ട അസ്ത്രം...
ഇന്നും, മാറോടടക്കി വായിക്കാറുണ്ട്.
ഒരു പിടി കണ്ണുനീരിന്റെ നനവോടെ...



**നുഹ്മാൻ വൈത്തിരി**

### സ്വപ്നത്തിലേക്ക്

ഇത്രനാളും ഓടിയതും കിതച്ചതും
സ്വപ്നത്തിലേക്കെത്താൻ വേണ്ടി മാത്രം...
വേനലിന്റെ അഗ്നിക്കതിരിനെ അരിഞ്ഞുമാറ്റി
ഇനിയുമെത്ര ദൂരം?
ഇനിയും എത്ര വേനലിന്റെ കുടകുത്തിച്ചോർത്തി
മഴകൊള്ളാൻ പഠിക്കണം?
ഓടിത്തീർത്ത ദൂരം ഒരു മാന്ത്രികനെപ്പോലെ
തിരിച്ചു പിടിക്കണം?
പിന്നെ ആരും കാണാതെ രാത്രിയുടെ
മടിയിൽ മുഖം പൊത്തി പൊട്ടിക്കരയണം എനിയ്ക്ക്...

### നമ്മിൽ ചിലർ

കാലം കരിവേഷം
കെട്ടി ആടുമ്പോൾ...
ചാവുമൊഴി പാടിയിട്ടും
മരിക്കാതെ...
ബലിച്ചോറു കൊത്താൻ
മടിക്കുന്ന
കാക്കകളെപ്പോലെ
ചാഞ്ഞും,
ചെരിഞ്ഞും നോക്കി...
കുറ്റസമ്മതം നടത്തിയ
ഒറ്റുകാരായ്...
മരണം മണക്കുന്ന
മണ്ണിൽ മനുഷ്യരായ് ചിലർ...

കലാപങ്ങൾ നടത്തിയിട്ടുണ്ട്. കേരളത്തിൽ, വയനാട്ടിലെ ആദിവാസികൾ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാകമ്പനിക്കെതിരെ നടത്തിയ ധീരോദാത്തമായ ഗറില്ലാ പോരാട്ടങ്ങളെ ഇതോടൊപ്പം ചേർത്തു വായിക്കേണ്ടതാണ്. ഏറ്റവും ഖേദകരമായ വസ്തുത, ബ്രിട്ടീഷ് വിരുദ്ധകലാപത്തിൽ നേതൃത്വപരമായ പങ്ക് വഹിക്കുകയും ഒടുവിൽ രക്തസാക്ഷികളാവുകയും ചെയ്ത കണ്ണവം കാട്ടിലെയും വയനാട്ടിലെയും കുറിച്ച്യകലാപകാരികളെക്കുറിച്ചുള്ള വേണ്ടത്ര പഠനങ്ങൾ ഇനിയും ഉണ്ടായിട്ടില്ല എന്നതാണ്. ബ്രിട്ടീഷ് രേഖകളിൽ നിന്നുള്ള വിവരണങ്ങൾ മാത്രമാണ് ആദിവാസി കലാപകാരികളെക്കുറിച്ചുള്ള ലഭ്യമായ ചരിത്രം.

തലക്കൽ ചന്തുവിന്റെ നേതൃത്വത്തിൽ 1802 – ൽ നടന്ന പനമരം കോട്ട ആക്രമണം ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനി വിരുദ്ധ കലാപത്തിലെ പ്രോജ്ജ്വലാധ്യായമാണ്. ബ്രിട്ടീഷുകാരെ അക്ഷരാർത്ഥത്തിൽ ഞെട്ടിച്ച ഈ സംഭവത്തിന് നേതൃത്വം നൽകിയ ചന്തുവിന്റെ വസ്തുനിഷ്ഠമായ ജീവചരിത്രം ലഭ്യമല്ല. അമ്പും വില്ലും ഉപയോഗിച്ചുകൊണ്ടുള്ള ഒളിപ്പോർ യുദ്ധമാണ് ചന്തു നയിച്ചത്.



പഴശ്ശിയുടെ അന്ത്യത്തിനു ശേഷം ബ്രിട്ടീഷുകാർ നടപ്പാക്കിയ നികുതി പരിഷ്കാരങ്ങളും കാർഷിക മേഖലയിൽ നടപ്പിലാക്കിയ നയങ്ങളും കുറിച്യരേയും കുറുമരേയും മറ്റൊരു കലാപത്തിലേക്ക് നയിച്ചു. 1812 ൽ കുറിച്യരും കുറുമരും ചേർന്ന് നടത്തിയ കലാപം കേരളത്തിലുണ്ടായ കൊളോണിയൽ വിരുദ്ധകാർഷിക കലാപം എന്ന അർത്ഥത്തിൽ കൂടി പ്രസക്തമാണ്. വയനാട്ടിൽ തമ്പടിച്ചിരുന്ന കമ്പനി സൈന്യത്തെ നിരായുധീകരിക്കാനും വയനാട്ടിലേക്കുള്ള ചുരങ്ങളുടെ നിയന്ത്രണം ഏറ്റെടുക്കാനും ഈ കലാപത്തിലൂടെ ആദിവാസി പോരാളികൾക്ക് സാധിച്ചു. കുറിച്ച്യനേതാക്കളായ പ്ലാക്ക ചന്തു, ആയിര വീട്ടിൽ കോമപ്പൻ, മാമ്പിലാട്ടോടൻ യാമു, വെൺകലോൻ കേളു തുടങ്ങിയവരാണ് ഈ കലാപത്തിന് നേതൃത്വം നൽകിയത്. ആറുമാസക്കാലം ധീരമായി ചെറുത്തു നിന്ന ഈ കലാപകാരികൾ ഒടുവിൽ കൊല്ലപ്പെടുകയുണ്ടായി.


പഴശ്ശിയുടെ മരണത്തിനുശേഷവും ബ്രിട്ടീഷുകാർക്കെതിരെ കലാപക്കൊടുങ്കാറ്റ് അഴിച്ചുവിട്ട ആദിവാസി പോരാളികളുടെ പോരാട്ട വീര്യവും സ്വാതന്ത്ര്യ വാഞ്ചയും എടുത്തു പറയേണ്ടതാണ്. കമ്പനിപ്പടയ്ക്ക് ആദിവാസികളുടെ ധീരമായ ചെറുത്തുനിൽപ്പിന്റെ കാലത്ത് വയനാട് പൂർണമായി കീഴ്പ്പെടുത്തുവാൻ സാധിച്ചിരുന്നില്ല. കലാപകാരികളെ തൂക്കിലേറ്റുകയോ കൊന്നൊടുക്കുകയോ ചെയ്തതിനുശേഷം മാത്രമാണ് വയനാടിനെ പൂർണാർത്ഥത്തിൽ കീഴ്പ്പെടുത്തുവാൻ സാധിച്ചത്.

ബ്രിട്ടീഷുകാർ വയനാട് കീഴ്പ്പെടുത്തിയതോടെ ആദിവാസികൾക്കെതിരായുള്ള പ്രതികാര നടപടികൾ ശക്തമാക്കി. ഇത് തദ്ദേശവാസികളായ ആദിവാസികളെ അവരുടെ വാസസ്ഥലങ്ങളിൽ നിന്നും കൃഷി ഭൂമിയിൽ നിന്നും കുടിയൊഴിപ്പിക്കുവാൻ ഹേതുവായി. ഐതിഹ്യപ്രകാരം ഏതോ കാലത്ത് കോട്ടയം രാജാവ് കുറിച്യരെ കുടിയിരുത്തിയ കണ്ണവത്തെ പത്തുമലകൾ കൂടി ഉൾപ്പെട്ട ഭൂവിഭാഗം മുഴുവൻ ഇംഗ്ലീഷുകാർ പിൽക്കാലത്ത് വയനാടു റിസർവു കാടാക്കി മാറ്റി, എല്ലാം സർക്കാറിന്റേതാക്കി. പഴശ്ശി വിപ്ലവകാലത്ത് നാമാവശേഷമായ കുടുംബങ്ങളുടെ ഭൂസ്വത്തുക്കളെല്ലാം കമ്പനിക്ക് ലഭിച്ചതായി കണക്കാക്കപ്പെട്ടു. എടച്ചേന കുങ്കനെപ്പോലുള്ള കലാപകാരികളുടെ ഭൂസ്വത്തുക്കൾ കണ്ടു



കെട്ടി. എത്രയോ തലമുറകളായി സ്വന്തമായി അനുഭവിക്കുകയായിരുന്ന കാടിന്മേൽ എന്തെങ്കിലും അവകാശം ഉള്ളതായി കാണിക്കുന്ന രേഖകളൊന്നും കൈയിലില്ലാതിരുന്ന കുറിച്ച്യരിൽ കുറെ പേർ ഫോറസ്റ്റിലെ അടിമത്തൊഴിലാളികളായി മാറി, ഓരോ കൊല്ലവും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ നിന്ന് താൽക്കാലിക ലീസായി പാട്ടത്തിനനുവദിക്കുന്ന സ്ഥലത്ത് പുനം കൃഷി നടത്തിക്കൊള്ളാനും സർക്കാറിന്റെ കുടിയാന്മാരുടെ നിലയിൽ താമസം തുടർന്നുകൊള്ളാനും സായിപ്പു സമ്മതിച്ചു.[6]

ആദിവാസികളിലെ സമ്പന്നരും സാമൂഹികമമായി ഉന്നതരുമായിരുന്ന കുറിച്ച്യരുടെ അവസ്ഥ ഇതായിരുന്നെങ്കിൽ, പൊതുമണ്ഡലത്തിൽ ഇന്നും കാര്യമായ ഇടപെടലുകൾ നടത്താത്ത ജനവിഭാഗങ്ങളുടെ അവസ്ഥ ഊഹിക്കാവുന്നതേയുള്ളൂ. അത്തരം വിഭാഗങ്ങളുടെ വാസസ്ഥലങ്ങൾക്കുമേൽ നടത്തിയ നഗ്നമായ കടന്നുകയറ്റവും കൊളോണിയൽ ശക്തികൾ അവരുടെ സാമൂഹിക-സാമ്പത്തിക ഘടനയ്ക്ക് മേൽ നടത്തിയ കൈയ്യേറ്റവും നിസ്സീമമാണ്. കുറഞ്ഞ സ്ഥലങ്ങൾ ആദ്യം രേഖാമൂലം കൈവശപ്പെടുത്തി, പയ്യെ പയ്യെ തൊട്ടടുത്ത പ്രദേശങ്ങൾ അതിനോടു ചേർക്കുന്ന രീതി ബ്രിട്ടീഷ് കാലത്ത് പതിവായിരുന്നു. ഇത്തരത്തിൽ കൈവശപ്പെടുത്തിയ ചിലരെക്കുറിച്ചുള്ള രേഖകൾ ലഭ്യമാണെങ്കിലും അവർ കൈവശപ്പെടുത്തിയത് ഏതു വിഭാഗത്തിൽ പെട്ട ആദിവാസികളുടെ ആവാസസ്ഥലം എന്നത് വ്യക്തമല്ല. ചരിത്രകാരനായ കെ. കെ. എൻ കുറുപ്പ്, കമ്പനിയുടെ കീഴിലെ മജിസ്ട്രേറ്റ് കൂടിയായിരുന്ന ബ്രൗൺ സായിപ്പ് നടത്തിയ ഭൂമി കൈയേറ്റത്തെക്കുറിച്ച് പറഞ്ഞത് മാത്രം മതി നഗ്നമായ ഭൂമി കൈയേറ്റത്തിന്റെ ചിത്രമറിയാൻ: ''അഞ്ചരക്കണ്ടിയിൽ കാപ്പിത്തോട്ടവും കറുപ്പത്തോട്ടവും വെച്ചുപിടിപ്പിക്കാൻ 200 ഏക്കർ ഈസ്റ്റിന്ത്യാ കമ്പനിക്കാരിൽ നിന്ന് 1797-ൽ വാങ്ങിച്ച ബ്രൗൺ സായിപ്പിന്റെ തോട്ടം ഒരു വ്യാഴവട്ടക്കാലത്തിനിടയിൽ 3000 ഏക്കർ വിസ്തീർണ്ണമുള്ളതായി"എന്ന് കുറുപ്പ് രേഖപ്പെടുത്തുന്നു. ഇത് കേവലമൊരു ബ്രൗൺ സായിപ്പിൽ ഒതുങ്ങുന്ന കൈയ്യേറ്റത്തിന്റെ ഒറ്റപ്പെട്ട കഥയല്ല; അനേകം സംഭവങ്ങളിൽ ഒന്നു മാത്രമാണ്.





ഇത്തരത്തിൽ, ഭൂമികയ്യേറിയും ആവാസസ്ഥലങ്ങൾ പിടിച്ചടക്കിയും പുറംമ്പോക്കുകളിലേക്ക് തള്ളിയും നിശ്ശബ്ദരാക്കിയും കൊടിയ ചൂഷണത്തിന് വിധേയരാക്കപ്പെട്ട കേരളത്തിലെ ആദിവാസികൾ സ്വാതന്ത്ര്യപുലരിക്കുശേഷവും പറയത്തക്ക ഇടം ലഭിക്കാതെ ഇന്നും 'രണ്ടാം തരം' പൗരൻമാരായി തുടരുന്നു എന്നതാണ് സത്യം.

പ്രോജ്ജ്വലമായ ഗറില്ലാപോരാട്ടങ്ങളിലൂടെ നാടിനു വേണ്ടി പൊരുതി മരിച്ച ധീരരായ ആദിവാസി പോരാളികൾ, ഇന്ത്യൻ സ്വാതന്ത്ര്യ സമരചരിത്രത്തിൽ എന്തുകൊണ്ടാവാം അടയാളപ്പെടുത്താതെ, ചരിത്രത്താളുകളിൽ ഇടം ലഭിക്കാതെ പോയത്? പല കാരണങ്ങൾ കൊണ്ടാണ് ഇത്തരമൊരു പുറാളിയാക്കൽ (Marginalisation) നടന്നത് എന്നു കാണാൻ രചിക്കപ്പെട്ട ചരിത്രകൃതികളിലൂടെ ഒരു വട്ടം കടന്നുപോയാൽ മതി.

ഇന്ത്യയുടെ ദേശീയ ചരിത്രം നാടുവാഴിത്തത്തിന്റെയും സവർണ ഹൈന്ദവരുടേയും ചരിത്രമായി ചുരുങ്ങിയതാണ് ഒരു കാരണം. അതോടെ അപരവത്കരണത്തിന് കീഴാള, ന്യൂനപക്ഷവിഭാഗങ്ങൾ വിധേയമായി. ഇന്നും പൊതുബോധത്തിൽ പൂർണ പൗരത്വം ലഭിക്കാത്തവരെപോലെയാണ് ഇത്തരം വിഭാഗങ്ങൾ. സ്വാതന്ത്ര്യത്തിന് മുമ്പ് നാടുഭരിച്ചവർ, സ്വാതന്ത്ര്യാനന്തരം ചരിത്രം രചിച്ചപ്പോൾ തങ്ങൾ നാടിനുവേണ്ടി ചെയ്ത മഹത്തായ കാര്യങ്ങളുടെ പട്ടികയായി ചരിത്രം. സ്വാതന്ത്ര്യത്തിനായി പൊരുതിയ ഒട്ടേറെ ജനവിഭാഗങ്ങളും ജീവൻ നൽകി സ്വാതന്ത്ര്യ ഗാഥ രചിച്ചവരും ചരിത്രത്തിൽ നിന്ന് ബഹിഷ്കൃതരായി. ബ്രിട്ടീഷ് ചരിത്രകാരൻമാർ രചിച്ച ചരിത്ര കൃതികൾ പരിശോധിച്ചാൽ ഇതു കൂടുതൽ വ്യക്തമാവും. അവരെ അനുകരിച്ചും പദാനുപദം പകർത്തിയും രചിക്കപ്പെട്ട സ്വദേശീയരുടെ ചരിത്രഗ്രന്ഥങ്ങളിലും ഈ അപര്യാപ്തത മുഴച്ചു കാണാം. ബ്രിട്ടീഷുകാരെ ധീരമായി, സായുധ പോരാട്ടങ്ങളിലൂടെ

നേരിട്ട ഒട്ടേറെ കീഴാള വിഭാഗങ്ങളെപ്പറ്റി വളരെക്കുറച്ച് കാര്യങ്ങൾ മാത്രമേ നമുക്കിന്ന് അറിയുകയുള്ളൂ എന്നത് നമ്മുടെ ചരിത്രകൃതികളുടെ പോരായ്മയാണ് ചൂണ്ടിക്കാണിക്കുന്നത്.

ബ്രിട്ടീഷുകാർക്കെതിരെ പഴശ്ശി കലാപങ്ങളിൽ പങ്കെടുത്ത രണ്ട് ആദിവാസി വിഭാഗങ്ങളാണ് വയനാട്ടിലെ കുറിച്യരും കുറുമരും. ഇതിൽ കുറിച്യപടയാളികളിൽ ചിലരുടെയെങ്കിലും പേരും ധീരകൃത്യങ്ങളും നമുക്കറിയാം. (അതുപോലും അപൂർണം) എന്നാൽ കുറുമ പോരാളികളിൽ എത്രപേരുടെ പേരറിയാം? ബ്രിട്ടീഷ് രേഖകളിൽ നിന്ന് മനസ്സിലാക്കാനാവുന്നത് അവർ അങ്ങേയറ്റം വില്ലാളിവീരൻമാരും ധീരന്മാരുമായിരുന്നു എന്നാണ്.

മലബാറിന്റെ നോർത്തേൺ ഡിവിഷൻ സബ്കലക്ടറായിരുന്ന ടി.എച്ച് ബാബർ, കുറുമരുടെ കലാപ പങ്കാളിത്തത്തെക്കുറിച്ചും കുറുമരുടെ പോരാട്ട വീര്യത്തെ പറ്റിയും പറഞ്ഞ ചില കാര്യങ്ങൾ മലബാർ മാന്വലിൽ വില്യം ലോഗൻ ഉദ്ധരിച്ചിട്ടുണ്ട്. അതിങ്ങനെയാണ്: "കുറുമ്പർ അഥവാ കുറുമർ വില്ലാളികളും ഒരു സമുദായമെന്ന നിലയില വയനാട്ടുകാർക്കിടയിൽ ഏറ്റവും പരുഷസ്വഭാവികളുമാണ്.... കുറുമർ ഒരൊറ്റ ആൾ ഒഴിയാതെ വീടും കുടിയും ഉപേക്ഷിച്ച് പഴശ്ശിയോടൊപ്പം ചേർന്നിരിക്കുകയാണ്. അതീവ ദയനീയമാണ് അവരുടെ കാര്യം. കമ്പനി ഗവൺമെന്റ് അവരെ നശിപ്പിക്കാൻ പോകുന്നുവെന്നാണ് അവരുടെ ധാരണ. പള്ളൂർ ഏമാന്റെ പ്രലോഭനങ്ങളിൽ പെട്ടുപോയ ഈ ഗിരിവർഗ്ഗക്കാർക്ക് ആ ധാരണ എവിടെ നിന്നു കിട്ടിയെന്നു പ്രത്യേകം പറയേണ്ടതില്ല. പള്ളൂർ ഏമാൻ കലാപകാരികളുടെ പക്ഷം ചേർന്നപ്പോൾ കുറുമരും ഒന്നടങ്കം അയാളുടെ കൂടെപ്പോയി. കലാപത്തിൽ അവർ മുൻനിരയിൽ അണിനിരക്കുകയും ചെയ്തു. കുറുമർ എന്തു ക്രൂരതയും ചെയ്യാൻ മടിക്കാത്തവരാണ്."

കുറുമരെ ബാബർ വിലയിരുത്തുന്നത് ബ്രിട്ടീഷ് കൊളോണിയൽ പക്ഷത്തു നിന്നുകൊണ്ടാണ്. അതിനാൽ പരുഷ സ്വഭാവക്കാർ, ക്രൂരന്മാർ എന്നൊക്കെയുള്ള വിശേഷണങ്ങൾ കുറുമ പോരാളികൾക്കുള്ള അഭിനന്ദനങ്ങളാണ്. ചരിത്രത്തിൽ അവരെ ധീരന്മാരുടെ ഗണത്തിൽ പെടുത്താനുള്ള തികഞ്ഞ യോഗ്യതകളാണ്. എന്നിട്ടും കുറുമരുടെ ബ്രിട്ടീഷ് വിരുദ്ധപോരാട്ടങ്ങളെക്കുറിച്ച് മാത്രം പ്രതിപാദിക്കുന്ന ഒരൊറ്റ ചരിത്ര ഗ്രന്ഥവും മലയാളത്തില്ലാതെ പോയി എന്നത് സ്വതന്ത്ര്യ സമരചരിത്രഗ്രന്ഥങ്ങളുടെ പോരായ്മയും അപൂർണതയുമാണ് വിളിച്ചോതുന്നത്. ഗറില്ലാ സമരങ്ങളിലൂടെ വിരേതിഹാസം രചിച്ച കുറിച്യ, കുറുമ വിഭാഗങ്ങളുടെ ചരിത്രം അവരുടെ സ്വത്വബോധത്തിന്റെ മാത്രം പ്രകാശനമായല്ല, ഇന്ത്യൻ ദേശീയ ചരിത്രത്തിൽ അടയാളപ്പെടുത്തേണ്ട ആഖ്യാനങ്ങളായാണ് കാണേണ്ടത്.

സ്വാതന്ത്ര്യാനന്തരം, ചരിത്രഗ്രന്ഥങ്ങളിൽ മാത്രമല്ല, സാമൂഹിക ജീവിതത്തിലും അവർക്ക് നീതി ലഭിച്ചിട്ടില്ല. അവരുടെ ജീവിതാവസ്ഥയിൽ ചില മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും ഇന്നും പ്രശ്നസങ്കീർണമാണ് ആദിവാസികളുടെ അവസ്ഥ. ഒട്ടേറെ വികസന പദ്ധതികൾ അവർക്കുവേണ്ടി നടപ്പിലാക്കിയിട്ടുണ്ടെങ്കിലും അവയിൽ പലതിന്റേയും ഗുണഭോക്താക്കളാവാൻ അവർക്കു സാധിച്ചിട്ടില്ല.

വിദ്യാഭ്യാസ സാമൂഹിക, സാമ്പത്തിക മേഖലകളിൽ ആദിവാസികൾ മറ്റു വിഭാഗങ്ങളൊക്കെ പിന്നിലാണ്. മുഖ്യധാര എന്ന പരികൽപനയിൽ ആദിവാസി ഇന്നും ഉൾപ്പെട്ടിട്ടില്ല എന്നു മാത്രമല്ല, മുഖ്യധാരയിൽ ഉള്ളവർ എന്നഭിമാനിക്കുന്നവരുടെ പലവിധ ചൂഷണങ്ങളുടെ ഇരകളാണ് ആദിവാസികൾ.

ഇവയെല്ലാം നിലനിൽക്കെതന്നെ, സ്വാതന്ത്ര്യാനന്തരം ആദിവാസികളെ നരകീയാവസ്ഥയിൽ നിന്നും വിമോചിപ്പിക്കുകയും അന്തസ്സാർന്ന ജീവിതത്തിലേക്ക് കൈപിടിച്ചുയർത്തുകയും ചെയ്ത ചില കാര്യങ്ങളും കേരളത്തിലുണ്ടായിട്ടുണ്ട്. അടിമത്ത നിരോധനം അതിൽ എടുത്തുപറയേണ്ടതാണ്.

കഴിഞ്ഞ അമ്പത് വർഷത്തിനിടയിൽ കേരളത്തിലെ ചില ആദിവാസി വിഭാഗങ്ങളിൽ നിന്ന് ജനപ്രതിനിധികളും മുഖ്യധാരയിൽ ശ്രദ്ധിക്കപ്പെട്ട എഴുത്തുകാരും കലാകാരൻമാരും ആക്ടിവിസ്റ്റുകളും ഉണ്ടായി എന്നതും ശ്രദ്ധേയമായ മാറ്റമാണ്. അവരിലൂടെ ആദിവാസികൾ അനുഭവിക്കുന്ന ഒട്ടേറെ പ്രശ്നങ്ങൾ പൊതു സമൂഹത്തിനുമുമ്പിലെത്തിക്കാൻ സാധിച്ചിട്ടുണ്ട്. ജനാധിപത്യ പ്രസ്ഥാനങ്ങൾ അവർക്കിടയിൽ സജീവമായതും അവർക്കിടയിൽ നിന്നു തന്നെ സംഘടിത പ്രസ്ഥാനങ്ങൾ ഉണ്ടായി എന്നതും ആദിവാസികളെ പല വിധത്തിൽ പരിവർത്തിപ്പിച്ചുകൊണ്ടിരിക്കുന്ന ഘടകങ്ങളാണ്.

**അടിക്കുറിപ്പുകൾ**

1. *കേരളത്തിലെ അമേരിക്ക.* പുറം: 27,28 കെ. പാനൂർ
2. *മനുസ്മൃതി* പുറം. 8-417
3. *മായന്മാരും ഇങ്കാകളും,* ഉമയനല്ലൂർ ബാലകൃഷ്ണൻ, ഉദ്ധരണി: കേരളത്തിലെ അമേരിക്ക പുറം. 19
4. *ആദിവാസി പുരാവൃത്തം* പുറം: 24, ഡോ. കുമാരൻ വയലേരി
5. *കാട്ടു ജീവിതത്തിന്റെ സ്പന്ദനതാളങ്ങൾ* പുറം: 76 ഡോ. പി.ജി. പദ്മിനി
6. *Working plan for Waynad Ghat forests* by A.N. Sarmal F.S (34)
7. *The colonial Investment and the abolition of slavery South India - A case study of Kerala* - By Dr. K.K.N. Kurup

# ബേസിക്കലി ഞാനൊരു സോഷ്യലിസ്റ്റാണ് ബൈ നേയ്ച്ചർ ക്യാപ്പിറ്റലിസ്റ്റ് കമ്യൂണിസ്റ്റുകാരനും

**വിദ്യാഭ്യാസരംഗത്തെ കച്ചവടവത്കരണം, അൺ എയ്ഡഡ് സ്ഥാപനത്തിലെ അധ്യാപകരുടെ ശമ്പളവിഷയം, സ്ത്രീപുരുഷ സമത്വം, സംവരണം തുടങ്ങിയ കാര്യങ്ങളിൽ ഡോ.ഫസൽ ഗഫൂർ നിലപാട് വ്യക്തമാക്കുന്നു**



**ഡോ.ഫസൽ ഗഫൂർ/ അസീസ് തരുവണ**

കേരളീയ മുസ്‌ലീം വിദ്യാഭ്യാസ നവോത്ഥാനചരിത്രത്തിൽ മികച്ച സംഭാവനകൾ നൽകിയ സംഘടനയാണ് മുസ്‌ലീം എഡ്യുക്കേഷണൽ സൊസൈറ്റി(എം.ഇ.എസ്). മുസ്‌ലീം സമുദായത്തിന്റെ വിദ്യാഭ്യാസ-തൊഴിൽ മേഖലകളിലെ സംവരണമടക്കമുള്ള പ്രാതിനിധ്യത്തിനുവേണ്ടി പൊരുതിയ ചരിത്രം എം.ഇ.എസിനുണ്ട്. ഇന്ന് മുസ്‌ലീം സംഘടനകളിൽ ഏറ്റവും കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നത് എം.ഇ. എസ് ആണ്. വിദ്യാഭ്യാസത്തിലൂടെ സമൂഹത്തിന്റെ അന്ധതയെ അകറ്റുക എന്ന ലക്ഷ്യമാണ് എം.ഇ.എസ് ഉയർത്തിപ്പിടിച്ചത്. എം.ഇ.എസ് സ്ഥാപകനായ ഡോ. ഗഫൂർ മഹത്തായ സ്വപ്നങ്ങൾ കണ്ടാണ് നിരവധി പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടതെന്ന് സംഘടനയുടെ ചരിത്രം വ്യക്തമാക്കുന്നു.

ഡോ.ഗഫൂറിന്റെ മകനും സാമുദായിക-വിദ്യാഭ്യാസ-സാമൂഹ്യവിഷയങ്ങളിൽ സജീവമായി ഇടപെടുന്നയാളുമായ ഡോ. ഫസൽ ഗഫൂറാണ് ഇപ്പോൾ എം.ഇ.എസിന്റെ പ്രസിഡണ്ട്. വിദ്യാഭ്യാസരംഗത്തെ കച്ചവടവത്ക്കരണം, അൺ എയ്ഡഡ് സ്ഥാപനത്തിലെ അധ്യാപകരുടെ ശമ്പളവിഷയം, സ്ത്രീപുരുഷ സമത്വം, സംവരണം, തുടങ്ങിയ വിഷയങ്ങളിൽ തന്റേതായ നിലപാടുകൾ വ്യക്തമാക്കുന്നു, ഫസൽഗഫൂർ.

●

○ കേരളീയ മുസ്‌ലിം വിദ്യാഭ്യാസ പുരോഗതിയിൽ പ്രധാന പങ്കുവഹിച്ച സംഘടനയാണ് എം.ഇ.എസ്. താങ്കൾ പ്രസിഡണ്ടായ ശേഷമുള്ള കാലയളവിൽ മുസ്‌ലിം സമുദായത്തിലുണ്ടായ വിദ്യാഭ്യാസ പുരോഗതിയെ എങ്ങനെ വിലയിരുത്തുന്നു?

മുസ്‌ലിം സമുദായത്തെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസ രംഗത്ത് അഭൂതപൂർവ്വ



ഡോ.ഫസൽ ഗഫൂർ

മായ മുന്നേറ്റമാണ് കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടയിൽ ഉണ്ടായിട്ടുള്ളത്. സ്വന്തം മക്കളെ പഠിപ്പിക്കുന്ന കാര്യത്തിലായാലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുന്ന കാര്യത്തിലായാലും മുസ്‌ലിംകൾ ഏറെ ശ്രദ്ധപതിപ്പിച്ചതായി കാണാം. എയ്ഡഡ് മേഖലയിൽ 150 കോളജുകളാണുള്ളത്. ബ്രിട്ടീഷുകാരുടെ കാലത്ത് സ്ഥാപനങ്ങൾ ഉണ്ടാക്കുവാൻ എല്ലാവിധ സഹായങ്ങളും കിട്ടിയിരുന്നവരാണ് ക്രിസ്ത്യാനികൾ. അതിനാൽ അവരുടെ പുരോഗതി നമുക്ക് മാറ്റി നിർത്താം. മുസ്‌ലിം സമുദായത്തിന് ഇത്തരം അവസരങ്ങൾ ലഭിച്ചിരുന്നില്ല. എന്നാൽ സമീപകാലത്തായി വൻമുന്നേറ്റമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. എയ്ഡഡ് കോളജുകളിൽ 21 എണ്ണം മുസ്‌ലിംകളും 22 എണ്ണം എൻ.എസ്.എസും 14 എണ്ണം എസ്.എൻ.ഡി.പിയുമാണ് നടത്തുന്നത്. 21 മുസ്‌ലിം കോളജുകളിൽ ഏഴെണ്ണം എം.ഇ.എസിന്റേതാണ്. മുസ്‌ലിം സമുദായത്തിന്റെ ഒരു വിഭാഗത്തിന്റെ വലിയ മുന്നേറ്റം സ്വാശ്രയ മേഖലയിലാണ്. ഇതിന് സർക്കാറിൽ നിന്നും ഗ്രാന്റും കിട്ടുന്നില്ല. വെള്ള പേപ്പറിൽ ഒരു എൻ.ഒ.സി മാത്രമാണ് കിട്ടുന്നത്. സ്വാശ്രയ മേഖലയിലെ 16 മെഡിക്കൽകോളജുകളിൽ അഞ്ച് ക്രിസ്ത്യൻ, അഞ്ചു ഹിന്ദു, ആറു മുസ്‌ലിം ഇതാണവസ്ഥ. 20 ഡന്റൽ പ്രൈവറ്റുകോളജുകളിൽ 13 എണ്ണം മുസ്‌ലിംകളുടേതാണ്. നൂറിലേറെ എഞ്ചിനീയറിംഗ് കോളജുകളിൽ 45 എണ്ണം മുസ്‌ലിംകളുടേതാണ്.

○ *സ്വാശ്രയ മേഖല, വിദ്യാഭ്യാസ കച്ചവട മേഖലയാണല്ലോ. ഇതിൽ എം.ഇ.എസിന്റെ അവസ്ഥ എങ്ങനെയാണ്?*

എം.ഇ.എസിന്റെ അവസ്ഥ അവിടെ നിൽക്കട്ടെ, സ്വാശ്രയ മേഖലയിൽ ഭൂരിഭാഗവും കച്ചവടക്കാരാണ്. അതുകൊണ്ടാണ് എം.ഇ.എസ് ഫിഫ്റ്റി ഫിഫ്റ്റിയിൽ ഉറച്ചു നിൽക്കുന്നത്. പിന്നെയൊരു കാര്യം, കച്ചവടക്കാരനുണ്ടാക്കിയാലും കുഴപ്പമൊന്നുമില്ല. അമ്പതു ശതമാനം സർക്കാറിന് കൊടുത്തു കഴിഞ്ഞാൽ പാവപ്പെട്ടവർക്ക് അത് കിട്ടുമല്ലോ. കച്ചവട ലോബിയാണല്ലോ നമ്മളിൽ കൂടുതലും, ഫിഫ്റ്റി ഫിഫ്റ്റി എന്ന ഫോർമുലയിൽ അമ്പതുശതമാനം സീറ്റ് സർക്കാറിന് നൽകുമ്പോൾ കമ്യൂണിറ്റി ക്വാട്ടയിൽ പതിനഞ്ചു സീറ്റ് സർക്കാർ തിരിച്ചുതരും. കൂടാതെ സംവരണത്തിൽ നാലു സീറ്റും കിട്ടും. അപ്പോൾ ഇത് നഷ്ടമല്ല ലാഭമാണ്.

○ *നിസ്വാർത്ഥമതികളായ മഹാന്മാർ സ്ഥാപിച്ചതാണ് കേരളത്തിലെ ഒട്ടുമിക്ക മുസ്‌ലിം സ്ഥാപനങ്ങളും. എന്നാൽ രണ്ടാമത്തെയോ മൂന്നാമത്തെയോ തലമുറകളിൽ എത്തുമ്പോൾ കച്ചവടക്കാരുടെ കൈകളിലെത്തിയ അവസ്ഥയാണിപ്പോൾ നാം കാണുന്നത്. ഈ അപചയം എം.ഇ.എസിന് കൂടി ബാധകമാണെന്നു പറഞ്ഞാൽ...?*

ബേസിക്കലി മുസ്‌ലിംസമുദായത്തിന് കച്ചവട മനസ്സാണ്. അപചയത്തിന് കാരണം കച്ചവട മനസ്സാണ്. ഈ മന:സ്ഥിതിക്കാരെ കുടുക്കാനാണ് ഞാൻ ഫിഫ്റ്റി ഫിഫ്റ്റി ഫോർമുല നടപ്പിലാക്കാൻ ആവശ്യപ്പെട്ടത്. സ്വാശ്രയ മേഖലയിലെ അമ്പത് അമ്പതുകൊണ്ടുള്ള മെച്ചം പണമുള്ള അമ്പതു ശതമാനം വിദ്യാർത്ഥികൾക്ക് പഠിക്കാം. പണമില്ലാത്ത 20ശതമാനം വിദ്യാർത്ഥികൾക്കും പഠിക്കാം. ഇങ്ങനെ നോക്കുമ്പോൾ സ്വാശ്രയ മേഖല കൊണ്ട് മുസ്‌ലിം സമൂഹത്തിന് വൻനേട്ടമുണ്ടായിട്ടുണ്ട്.

**ബേസിക്കലി മുസ്‌ലിംസമുദായത്തിന് കച്ചവട മനസ്സാണ്. അപചയത്തിന് കാരണം കച്ചവട മനസ്സാണ്. ഈ മന:സ്ഥിതിക്കാരെ കുടുക്കാനാണ് ഞാൻ ഫിഫ്റ്റി ഫിഫ്റ്റി ഫോർമുല നടപ്പിലാക്കാൻ ആവശ്യപ്പെട്ടത്. സ്വാശ്രയ മേഖലയിലെ അമ്പത് അമ്പതുകൊണ്ടുള്ള മെച്ചം പണമുള്ള അമ്പതു ശതമാനം വിദ്യാർത്ഥികൾക്ക് പഠിക്കാം. പണമില്ലാത്ത 20ശതമാനം വിദ്യാർത്ഥികൾക്കും പഠിക്കാം. ഇങ്ങനെ നോക്കുമ്പോൾ സ്വാശ്രയ മേഖലകൊണ്ട് മുസ്‌ലിം സമൂഹത്തിന് വൻ നേട്ടമുണ്ടായിട്ടുണ്ട്**

○ ഈയിടെ താങ്കൾ ചങ്ങനാശ്ശേരിയിൽ നടത്തിയ പ്രസംഗം ഒട്ടേറെ പുതിയ വസ്തുതകൾ പുറത്തുകൊണ്ടുവരികയുണ്ടായി.....

അതിൽ ഏറ്റവും പ്രധാനപ്പെട്ട വസ്തുത ഇതായിരുന്നു. എന്റെ വല്യുപ്പയുടെ ജ്യേഷ്ഠൻ മണപ്പാട്ട് കുഞ്ഞഹമ്മദ് ഹാജി കേരളത്തിലെ ഒരു പ്രതിഭാസമായ വ്യക്തിത്വത്തിനുടമയായിരുന്നു. 1921 ൽ മുസ്‌ലിം ഐക്യസംഘം ഉണ്ടാക്കിയത് മണപ്പാട്ട് കുഞ്ഞഹമ്മദ് ഹാജിയായിരുന്നു. 1937 ലോ 38 ലോ മുസ്‌ലിം ലീഗ് രൂപീകരണത്തിന് സീതി സാഹിബിനോടൊപ്പം നിന്നത് അദ്ദേഹമായിരുന്നു. പി.ടി കുഞ്ഞുമുഹമ്മദിന്റെ വീരപുത്രനിൽ ഒരു സീനുണ്ട്. അൽ അമീൻ പത്രം സാമ്പത്തിക പ്രതിസന്ധി മൂലം പൂട്ടേണ്ട അവസ്ഥ വരുമ്പോൾ മണപ്പാട് കുഞ്ഞഹമ്മദ്ഹാജി സാമ്പത്തികസഹായം നൽകുന്നത്. ഈ മണപ്പാട്ട് കുഞ്ഞഹമ്മദ് ഹാജി ചങ്ങനാശ്ശേരി എൻ.എസ്.എസ് ഹെഡ് ക്വാർട്ടേഴ്സ് പണിയാൻ 25 ഏക്കർ ഭൂമി ദാനം കൊടുത്ത ആളാണ്. അതിനു ശേഷം മന്നത്ത് പത്മനാഭൻ ശങ്കറിനേയും കൂട്ടി ഹാജിയാരുടെ അടുത്ത് ചെന്ന് ഒരാവശ്യമുന്നയിച്ചു. ശങ്കർ കൊല്ലത്ത് ഒരു കോളജ് തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ഹാജിയാർ എന്തെങ്കിലും ചെയ്തുകൊടുക്കണമെന്നും. ഹാജിയാർ അതിനും കൊടുത്തു 25 ഏക്കർ സ്ഥലം. എൻ.എസ്.എസിന്റെ ആസ്ഥാനത്തുപോയി ഞാനിതു പ്രസംഗിച്ചിട്ടും ഒരു എൻ.എസ്.എസുകാരനും ഇതുവരെ മിണ്ടിയില്ല. ഞങ്ങളുടെ പണ കൊണ്ടാണ് എൻ.എസ്.എസ് ക്വാർട്ടേഴ്സ് ഉണ്ടാക്കിയത് എന്നോർമ്മിപ്പിച്ചതു വെറുതെയല്ല.

○ *ചങ്ങനാശ്ശേരി പ്രസംഗത്തിൽ*



ഫാറൂഖ് കോളജ്

*താങ്കൾ പറഞ്ഞത് എം.ഇ.എസിന്റെ സ്ഥാപനങ്ങളിൽ 60ശതമാനം അധ്യാപകരും അമുസ്‌ലിംകളാണെന്നാണ്. ഈ ശതമാനക്കണക്കിന്റെ മറ്റൊരു അർത്ഥം ന്യൂനപക്ഷത്തിന്റെ പേരിൽ നിർമിച്ച കോളജുകളിൽ പോലും മുസ്‌ലിംപ്രാതിനിധ്യം കുറവാണെന്നല്ലേ?*

മൊത്തം മുസ്‌ലിം കാഴ്ചപ്പാട് മെറിറ്റ് ഓറിയന്റഡ് ആണ്. അതിനനുസരിച്ചാണ് എം.ഇ.എസ് പ്രവർത്തിക്കുന്നത്. മുസ്‌ലിം സ്ഥാപനങ്ങളിലെ മുസ്‌ലിം അധ്യാപക പ്രാതിനിധ്യത്തെ പറ്റി മുമ്പൊരിക്കൽ 'മാധ്യമം' ഒരു പഠനം പ്രസിദ്ധീകരിച്ചിരുന്നു. അതിൽ ഏറ്റവും കുറച്ച് വിമർശിച്ചത് ഞങ്ങളെയായിരുന്നു. മുമ്പ് മുസ്‌ലിംകളിൽ നിന്ന് യോഗ്യരായ അധ്യാപകരെ കിട്ടാനില്ലായിരുന്നു. അതിനാൽ യോഗ്യതയുള്ള മറ്റുള്ളവരെ പരിഗണിക്കേണ്ടി വന്നു. ഇപ്പോൾ നല്ല ക്വാളിഫിക്കേഷനും ക്വാളിറ്റിയുമുള്ളവർ മുസ്‌ലിം സമുദായത്തിൽ നിന്നുതന്നെയുണ്ട്. കഴിഞ്ഞമാസം നൂറിലേറെ അധ്യാപകരെ ഞങ്ങൾ നിയമിച്ചു.അതിൽ 72 പേർ മുസ്‌ലിംകളാണ്.

○ *എം.ഇ.എസ് കോളജുകളിൽ പതിനഞ്ചും ഇരുപതും ലക്ഷമൊക്കെ കോഴ വാങ്ങിയാണ് നിയമനം നടത്തുന്നത് എന്ന ആരോപണമുണ്ടല്ലോ?*

കാശിനെക്കുറിച്ചുള്ള ഈ വർത്തമാനം, കാശ് എല്ലാവരും വാങ്ങുന്നുണ്ട്. എം.ഇ.എസ് കാശ് വാങ്ങുന്നു എന്ന് വളരെ കുറച്ചു പേരേ പറയൂ. ഏറ്റവും കുറച്ച് കാശ് വാങ്ങുന്നത് എം.ഇ.എസ്സാണ്. കഴിഞ്ഞ നിയമനത്തിൽ അമ്പത് ശതമാനം ഞങ്ങൾ ഫ്രീയായാണ് കൊടുത്തത്. പൈസയൊന്നും വാങ്ങാതെ മൂന്ന് ദളിത് അധ്യാപകരെ നിയമിച്ചിട്ടുണ്ട്. ബേസിക്കലി ഞാൻ പൈസ വാങ്ങുന്നതിന് എതിരാണ്.

പക്ഷേ ഒരു പ്രോബ്ലമുണ്ട്. കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ ഒരു പ്രശ്നം, വിദ്യാർത്ഥികളിൽ നിന്ന് പൈസ വാങ്ങുന്നില്ല എന്നതാണ്. എയ്ഡഡ് കോളജുകളിൽ 80–85 ശതമാനം സീറ്റുകളും ഫ്രീയാണ്. സ്ഥാപനം നടത്തിക്കൊണ്ടുപോകാൻ യാതൊരു വരുമാനവുമില്ലാതെ പറ്റില്ലല്ലോ.

ഞാൻ എയ്ഡഡ് കോളജുകളിലും മെഡിക്കൽകോളജിലുമൊക്കെ പഠിച്ചു വന്നയാളാണ്. പൂർണ്ണമായും ഫ്രീയായാണ് പഠിച്ചത്. എന്റെ ചോദ്യമിതാണ്. എന്തിനു എന്നെ ഫ്രീയായി പഠിപ്പിക്കണം? ഞാൻ ഭയങ്കര സാമ്പത്തിക ശേഷിയുള്ള ആളല്ലേ. സാമ്പത്തിക ശേഷിയുള്ളവരെ എന്തിന് ഫ്രീയായി പഠിപ്പിക്കണം? എന്റെ അഭിപ്രായത്തിൽ സമ്പന്നരെ ഫ്രീയായി പഠിപ്പിക്കരുത്.

○ *അപ്പോൾ സാമ്പത്തിക സംവരണമാണ് നടപ്പിലാക്കേണ്ടത് എന്നാണോ? എം.ഇ.എസ് മുമ്പ് അതിന് എതിരായിരുന്നുവല്ലോ?*

സാമ്പത്തിക സംവരണം എന്ന വാക്ക് നാം ഇവിടെ ഉപയോഗിക്കേണ്ട ആവശ്യമില്ല. പക്ഷേ ഇത് വളരെ സങ്കീർണ്ണമായ ഒരു പ്രശ്നമാണ്. നിങ്ങൾ ഇപ്പോഴും പഴയ മൈന്റ് സെറ്റിൽ നിന്നു മാറിയിട്ടില്ല. നമ്മൾ ഇപ്പോൾ ഏതു സമുദായത്തെപ്പറ്റിയാണ് സംസാരിക്കുന്നത്?

○ *ഇത് ചെറിയൊരു ന്യൂനപക്ഷത്തിന്റെ കാര്യമല്ലേ?*

അല്ല, അല്ല. ഞങ്ങൾക്ക് കൃത്യമായ കണക്കുണ്ട്. കോഴിക്കോട് മാവൂർ റോഡ് നോക്കുക. മാവൂർറോഡിലെ ബിൽഡിംഗുകൾ ഒക്കെ ആരുടേതാണ്? ഈ 46 എഞ്ചിനീയറിംഗ് കോളജുകൾ ആരുണ്ടാക്കി? അതിൽ മൂന്നോ നാലോ കോളജുകൾ മാത്രമാണ് സമസ്തയടക്കമുള്ള

**ഞാൻ എയ്ഡഡ് കോളജുകളിലും മെഡിക്കൽകോളജിലുമൊക്കെ പഠിച്ചു വന്നയാളാണ്. പൂർണ്ണമായും ഫ്രീയായാണ് പഠിച്ചത്. എന്റെ ചോദ്യമിതാണ്. എന്തിന് എന്നെ ഫ്രീയായി പഠിപ്പിക്കണം? ഞാൻ ഭയങ്കര സാമ്പത്തിക ശേഷിയുള്ള ആളല്ലേ. സാമ്പത്തിക ശേഷിയുള്ളവരെ എന്തിന് ഫ്രീയായി പഠിപ്പിക്കണം? എന്റെ അഭിപ്രായത്തിൽ സമ്പന്നരെ ഫ്രീയായി പഠിപ്പിക്കരുത്**

സമുദായ ട്രസ്റ്റുകളുടെ കൈവശമുള്ളത്. ബാക്കിയുള്ളതെല്ലാം ഡോ.മൊയ്തുവടക്കമുള്ള പ്രൈവറ്റ് വ്യക്തികളുടേതാണ്. വിദ്യാഭ്യാസ രംഗത്തെ ഈ ഇൻവെസ്റ്റ്മെന്റ് കാണിക്കുന്നതെന്താണ്? ഇവരാരും ഗൾഫ് പണക്കാരല്ലല്ലോ. എൻ.ആർ.ഐക്ക് മാത്രമേ പണമുള്ളൂ എന്ന നിങ്ങളുടെ തെറ്റിദ്ധാരണ മാറണം. മെഡിക്കൽകോളജ് ഉണ്ടാക്കണമെങ്കിൽ 300 കോടി ഇൻവെസ്റ്റ്മെന്റ് വേണം. അപ്പോൾ ഇവരെല്ലാം മുസ്‌ലിം പ്രമാണിമാരല്ലേ?

*○ അപ്പോൾ സാമ്പത്തിക സംവരണത്തിന്റെ കാലമായി എന്നാണോ പറയുന്നത്? സച്ചാർ കമ്മീഷൻ റിപ്പോർട്ടിനെ എങ്ങനെ മുഖവിലക്കെടുക്കാതിരിക്കും?*

സാമ്പത്തിക സംവരണത്തിന്റെ കാലമായി. ഞാൻ സാമ്പത്തിക സംവരണത്തിനായി വാദിക്കുന്ന ആളാണ്. ചില ആൾക്കാർ അതിനെ എതിർക്കുന്നുണ്ട്. പക്ഷേ ഞാൻ ഇതിൽ ഉറച്ചുനിൽക്കുകയാണ്. എന്റെ കൈയ്യിൽ കൃത്യമായ ഫിഗറുണ്ട്. എതിർക്കുന്നവരുടെ കൈയ്യിലതില്ല. ഞാൻ ജനിച്ചത് ഹയർ അപ്പർ സ്റ്റാറ്റസിൽ ആയതുകൊണ്ട് എന്റെ കൈയ്യിൽ എല്ലാ നിലയ്ക്കും ഫിഗേഴ്സുണ്ട്. ഒരാൾക്ക് ജന്മം കൊണ്ട് പലതും അറിയാൻ പറ്റും. ഇത് അഹങ്കാരമല്ല, ഫാക്ട് ആണ്. ഏറ്റവും വലിയ ബിസിനസ്കുടുംബമാണ് എന്റേത്. വളരെ പണ്ടു തന്നെ ഫോർഡ് വണ്ടികൾ ഉപയോഗിക്കുന്നവരാണവർ. തിരുവിതാംകൂർ പ്രജാസഭയിൽ എന്റെ ഗ്രാന്റ് ഫാദർ മെമ്പറായിരുന്നു. സർ സി.പിയുടെ കൂടെ. മണപ്പാട് കുഞ്ഞമ്മദ് ഹാജി എല്ലാവർക്കും ഭൂമിദാനം ചെയ്ത ആളാണ്. ഫാറൂഖ് കോളജിന് 190 ഏക്കർ ഭൂമികൊടുത്തിട്ടുണ്ട്. എന്റെ ബാപ്പ കേരളത്തിലെ ആദ്യത്തെ മെഡിക്കൽ വിദ്യാർത്ഥിയാണ്. ആദ്യത്തെ ഗവ.മെഡിക്കൽകോളജായ ട്രിവാൻഡ്രം മെഡിക്കൽകോളജിലെ ഫസ്റ്റ് വിദ്യാർത്ഥി. ഉപ്പയുടെ സിസ്റ്റർ ഫസ്റ്റ് എൽ.എൽ.ബിയാണ്. ഞാൻ കല്ല്യാണം കഴിച്ചത് എ.എ.റഹീമിന്റെ മകളെയാണ്. അദ്ദേഹത്തിന്റെ അളിയനാണ് തങ്ങൾ കുഞ്ഞുമുസ്ല്യാർ. അതുകൊണ്ട് ഈ രാഷ്ട്രീയമൊക്കെ എന്താണെന്ന് എനിക്കറിയാം.

**സാമ്പത്തിക സംവരണത്തിന്റെ കാലമായി. ഞാൻ സാമ്പത്തിക സംവരണത്തിനായി വാദിക്കുന്ന ആളാണ്. ചില ആൾക്കാർ അതിനെ എതിർക്കുന്നുണ്ട്. പക്ഷേ ഞാൻ ഇതിൽ ഉറച്ചുനിൽക്കുകയാണ്. എന്റെ കൈയ്യിൽ കൃത്യമായ ഫിഗറുണ്ട്. എതിർക്കുന്നവരുടെ കൈയ്യിലതില്ല. ഞാൻ ജനിച്ചത് ഹയർ അപ്പർ സ്റ്റാറ്റസിൽ ആയതുകൊണ്ട് എന്റെ കൈയ്യിൽ എല്ലാ നിലയ്ക്കും ഫിഗേഴ്സുണ്ട്. ഒരാൾക്ക് ജന്മം കൊണ്ട് പലതും അറിയാൻ പറ്റും. ഇത് അഹങ്കാരമല്ല, ഫാക്ട് ആണ്**

തങ്ങൾ കുഞ്ഞു മുസ്ല്യാരാണ് ആദ്യത്തെ എഞ്ചിനീയറിംഗ് കോളജ് സ്ഥാപിച്ചത്. അദ്ദേഹം കശുവണ്ടി കച്ചവടക്കാരനായിരുന്നു. ഇന്ന് തങ്ങൾ കുഞ്ഞുമുസ്ല്യാരെ കടത്തിവെട്ടുന്ന ധാരാളം സമ്പന്നരുണ്ട്. പി.എ റഹ്മാനിക്ക, നരിക്കോളി ഹമീ തുടങ്ങി ഒട്ടേറെ പേർ. ഇവരുടെയൊക്കെ വരുമാനം എത്രയാണ്? നമ്മളെന്തിന് ഒരു യൂസുഫലിയെ മാത്രം എണ്ണണം? പണ്ടത്തെപ്പോലെയല്ല കാര്യങ്ങൾ. മുസ്‌ലിംകളിലെ ഇപ്പോഴത്തെ തലമുറ വളരെ ബുദ്ധിപൂർവ്വം പണം ചെലവഴിക്കുന്നവരാണ്. ഈ സാമ്പത്തിക മുന്നേറ്റത്തിന് വലിയ പങ്കുവഹിച്ചത് രണ്ട് സംഘടനകളാണ്. മുസ്‌ലിം ലീഗും എം.ഇ.എസും.

വേണ്ടാത്ത ഐഡിയോളജിയൊന്നുമില്ലാത്ത സംഘടനകളാണ്

*ആൾ ഇന്ത്യ മുസ്‌ലിം എജുക്കേഷണൽ സമ്മേളനത്തിൽ ഫസൽ ഗഫൂ*



മുസ്‌ലിം ലീഗും എം.ഇ.എസും. വേണ്ടാത്ത ഐഡിയോളജിയാണ് മുജാഹിദുകളെ പിളർത്തിയത്. പണ്ട് കമ്യൂണിസ്റ്റ് പാർട്ടികൾക്ക് പറ്റിയതു തന്നെയാണ് ഇപ്പോൾ മുസ്‌ലിം നവോത്ഥാന പ്രസ്ഥാനങ്ങൾക്കും പറ്റിക്കൊണ്ടിരിക്കുന്നത്. വേണ്ടാത്ത സൈദ്ധാന്തിക തർക്കങ്ങൾ. മുസ്‌ലിംലീഗും എം.ഇ.എസും സമാന്തരമായി പോകുന്ന രണ്ടു സംഘടനകളാണ്. രണ്ടും ദേശീയ കാഴ്ചപ്പാടുള്ള പ്രസ്ഥാനങ്ങളാണ്. രണ്ടും സെക്കുലർ കാഴ്ചപ്പാട് പങ്കുവെക്കുന്നവരാണ്. പുരോഗമന കാഴ്ചപ്പാടുള്ളവരാണ്.

1970ൽ ചന്ദ്രികയിൽ ഹിന്ദി സിനിമയെപ്പറ്റി എന്റെ ഒരു ഫുൾപേജ് ലേഖനം വന്നിട്ടുണ്ട്. അതിൽ ഹേമമാലിനിയുടേയും ഒക്കെ ഫോട്ടോ ചേർത്തിരുന്നു. അത് വലിയ പുരോഗമനമല്ലേ? (ഞാൻ കേരള ഫിലിം ചേമ്പറിന്റെ പ്രസിഡണ്ടാണ്). പുരോഗമനാശയത്തോട് ചേർന്നു പോകുന്ന പ്രസ്ഥാനമാണ് എം.ഇ.എസ്. അതിനൊരു മുജാഹിദ് ബാക്ക് ഗ്രൗണ്ടുണ്ട്. പിന്നീട് സ്വതന്ത്രമായി. അതുപോലെയാണ് മുസ്‌ലിം ലീഗും. സി.എച്ചിന്റെ കാലംതൊട്ട് ലീഗ് വലിയൊരു പുരോഗമന പ്രസ്ഥാനമാണ്. സെക്കുലർ, ദേശീയ പുരോഗമന പ്രസ്ഥാനമാണത്. അതുതന്നെയാണ് എം.ഇ.എസ്. ഇരുസംഘടനകൾക്കും വേറിട്ട രീതികളുണ്ട്. എന്നാൽ പൊളിറ്റിക്സിൽ ഇടപെടാൻ ശ്രമിക്കാറില്ല. ഒരു എം.എൽ.എ പോസ്റ്റ് പോലും ഇതുവരെ ചെയ്തിട്ടില്ല. ഇന്നയാളെ എം.എൽ.എ ആക്കണമെന്നോ ഇന്നയാളെ മന്ത്രിയാക്കണമെന്നോ ഇതുവരെ പറഞ്ഞിട്ടില്ല.

○ *താങ്കളുടെ രാഷ്ട്രീയമെന്താണ്?*

ഞാൻ ബേസിക്കലി ഒരു സോഷ്യലിസ്റ്റാണ്. ഞാനൊരു കമ്യൂണിസ്റ്റ്കാരനാണ് ബൈനേച്ചർ. പക്ഷേ ഈ കമ്യൂണിസം ഒരു ക്യാപിറ്റലിസ്റ്റ് സെറ്റപ്പിനുള്ളിലെ കമ്മ്യൂണിസമാണ്.

○ *താങ്കൾ അടുത്ത തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ സ്ഥാനാർത്ഥിയാകുമെന്നും പറഞ്ഞു കേൾക്കുന്നുണ്ടല്ലോ?*

കഴിഞ്ഞ വർഷം ആദ്യം എന്റെ പേരായിരുന്നല്ലോ പൊന്നാനിയിൽ സ്ഥാനാർത്ഥിയായി ഉണ്ടായിരുന്നത്. ഞാൻ വേണ്ടാ എന്ന് പറഞ്ഞതിനുശേഷമാണ് ഹുസൈൻ രണ്ടത്താണിക്കു കൊടുത്തത്. അപ്പോൾ ഹുസൈൻ അല്ലല്ലോ ഒറിജിനൽ, ഞാനല്ലേ..! എന്നെ ബിനോയ് വിശ്വം നേരിട്ട് വിളിച്ച് പറഞ്ഞതാണല്ലോ സ്ഥാനാർത്ഥിയാവാൻ.

○ എം.ഇ.എസ് ഒരു വളരുന്ന സംഘടനയാണോ? എന്താണവസ്ഥ?

**കഴിഞ്ഞ വർഷം ആദ്യം എന്റെ പേരായിരുന്നല്ലോ പൊന്നാനിയിൽ സ്ഥാനാർത്ഥിയായി ഉണ്ടായിരുന്നത്. ഞാൻ വേണ്ടാ എന്ന് പറഞ്ഞതിനുശേഷമാണ് ഹുസൈൻ രണ്ടത്താണിക്കു കൊടുത്തത്. അപ്പോൾ ഹുസൈൻ അല്ലല്ലോ ഒറിജിനൽ, ഞാനല്ലേ..! എന്നെ ബിനോയ് വിശ്വം നേരിട്ട് വിളിച്ച് പറഞ്ഞതാണല്ലോ സ്ഥാനാർത്ഥിയാവാൻ**

നിങ്ങൾക്കൊക്കെ ഒരു തെറ്റിദ്ധാരണയുണ്ട്. സമസ്തയും കാന്തപുരം വിഭാഗവുമൊക്കെയാണ് വലിയ സംഘടനകളെന്ന്. ഒരിക്കലുമല്ല. മുസ്‌ലീം ലീഗു കഴിഞ്ഞാൽ ഏറ്റവും വലിയ സംഘടന എം.ഇ.എസ്സാണ്. ആളുകളുടെ എണ്ണം മാത്രമല്ല വണ്ണവും നോക്കണം. മുജാഹിദിന് എത്ര മെമ്പർമാരുണ്ടാകും.? ജമാഅത്തിന് എത്ര അംഗങ്ങളുണ്ടാകും? അയ്യായിരം മെമ്പർമാരുണ്ടാകും.

എം.ഇ.എസിനു 20,000 മെമ്പർമാരുണ്ട്. ഇവരൊന്നും സാധാരണക്കാരല്ല. വലിയ ശേഷിയുള്ളവരാണ്. ശക്തരായ അപ്പർ മിഡിൽ ക്ലാസ് ആണ്. ഞങ്ങളുടെ സംസ്ഥാന കമ്മിറ്റി അംഗങ്ങൾ പണവും സ്വാധീനവുമുള്ളവരാണ്. ഞങ്ങൾക്ക് സംഘടനാ പ്രവർത്തനത്തിന് സംഘടന പണം തരേണ്ട ആവശ്യമൊന്നുമില്ല. ഞങ്ങളുടെ സംസ്ഥാന കമ്മിറ്റിയിൽ തന്നെ നാലു ഡോക്ടർമാരുണ്ട്. ഏഴെട്ടു പേർ പ്രൊഫഷനൽസാണ്. 20,000 അംഗങ്ങളും കേരളത്തിലെ കാര്യപ്പെട്ട കുടുംബങ്ങളിൽ നിന്നുള്ളവരാണ്. അതുകൊണ്ടാണ് ഞാൻ വണ്ണം നോക്കണമെന്ന് പറഞ്ഞിരുന്നത്. ആയിരം രൂപയാണ് ഞങ്ങളുടെ ലൈഫ് മെമ്പർഷിപ്പ് തുക. താഴെക്കിടയിൽ നിന്നേ തിരഞ്ഞെടുപ്പ് നടത്തിയാണ് ഞങ്ങൾ കമ്മിറ്റി അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്. ഒരാൾക്ക് നേരെ സംസ്ഥാന കമ്മിറ്റിയിലേക്ക് വരാനാവില്ലെന്നു ചുരുക്കം.

○ *എം.എസ്.എസ് (m.s.s) സ്ത്രീധന വിരുദ്ധ കേമ്പയിൻ പോലുള്ള പ്രവർത്തനങ്ങൾ നടത്താറുണ്ട്. എം.ഇ.എസ് ഇത്തരം വല്ല പരിപാടികളും നടത്താറുണ്ടോ?*

അത്തരം പരിപാടികളൊന്നും നടത്താൻ ഞങ്ങൾ ഉദ്ദേശിക്കുന്നില്ല. ഞങ്ങളുടെ അഭിപ്രായത്തിൽ അതെല്ലാം വ്യക്തിപരമായ കാര്യങ്ങളാണ്. വ്യക്തിപരമായ കാര്യങ്ങളിൽ കൈയ്യിടരുത് എന്ന അഭിപ്രായക്കാരനാണ് ഞാൻ. സംവരണം പോലുള്ള പ്രശ്നങ്ങളിലേ ഞങ്ങൾ ഇടപെടൂ. മുസ്‌ലിംസമുദായത്തിൽ വിഘടനം ഉണ്ടാക്കുന്ന ഒരു കാര്യത്തിലും ഞങ്ങൾ ഇടപെടാറില്ല. രണ്ടഭിപ്രായമുള്ള കാര്യങ്ങളിൽ പ്രത്യേകിച്ച് കക്ഷിചേരാറില്ല. സ്ത്രീധനത്തെ പറ്റി ഞങ്ങൾക്കിടയിൽ രണ്ടഭിപ്രായമുണ്ട്. ഇത്തരം പ്രശ്നങ്ങളിൽ ഇടപെടേണ്ട എന്നാണ് ഞങ്ങളുടെ പൊതുതീരുമാനം. പി.എസ്.സി ഓഫീസ് മാർച്ച്, പാലോളികമ്മിറ്റി, തീവ്രവാദത്തിനെതിരെയുള്ള കോട്ടക്കൽ മീറ്റിംഗ് ഇതിലൊക്കെ ഞങ്ങൾ പങ്കെടുത്തിട്ടുണ്ട്. ജമാഅത്തെ ഇസ്‌ലാമിയെ ഒഴിവാക്കി ബാക്കിയെല്ലാ സംഘടനക

ളേയും ക്ഷണിച്ച പരിപാടിയായിരുന്നു കോട്ടക്കൽ മീറ്റിംഗ്. പക്ഷേ രണ്ടാമത്തെ മീറ്റിംഗിൽ ജമാഅത്തിനെ പങ്കെടുപ്പിച്ചു. അവരെ വിളിക്കാതിരിക്കാനാവില്ല. കാരണം അവരെ പേടിയാണ്. മുസ്‌ലിം സമുദായത്തിലെ ഏറ്റവും കമ്മിറ്റഡായ വർക്കേഴ്സുള്ളത് ജമാഅത്തിലാണ്. ഏറ്റവും ഐഡിയോളജിക്കലി സ്ട്രോങ് അവരാണ്. അവരുടേത് സാമുദായിക സാമൂഹിക ഇടപെടലുകളാണ്. ചെറുപ്പക്കാർക്കിഷ്ടമിതാണ്.


പൊതു പ്രശ്നത്തിലുള്ള ഞങ്ങളുടെ ഇടപെടൽ ഇങ്ങനെയാണ്. ഉദാഹരണമായി പർദ്ദ. പർദ്ദ വേണമോ വേണ്ടയോ എന്ന ചർച്ചയിൽ ഞങ്ങൾ ഇടപെടാറില്ല. ധരിക്കുന്നവർക്ക് ധരിക്കാം. ധരിക്കാത്തവർക്ക് ധരിക്കാതിരിക്കാം. സ്ത്രീധനം തെറ്റായ കാര്യമാണെന്ന് ഞങ്ങൾക്കറിയാം. പക്ഷേ പറഞ്ഞിട്ടു കാര്യമില്ല. ഇപ്പോഴത്തെ സാമൂഹിക വ്യവസ്ഥിതിയിൽ അതുണ്ട്. എം.ഇ.എസുകാർ സ്ത്രീധനം വാങ്ങാറില്ല.

○ *എം.ഇ.എസിൽ മെമ്പറാകാനുള്ള യോഗ്യതയെന്താണ്?*

ഈമാനുള്ള മുസ്‌ലിം ആയിരിക്കണം. അത്രയേയുള്ളൂ. അവന്റെ അടിസ്ഥാന വിശ്വാസങ്ങളിലേക്കൊന്നും ഞങ്ങൾ നോക്കാറില്ല. പിന്നെ കള്ളുകുടി പോലുള്ളത് പാടില്ല. ഞങ്ങൾ ക്ലബ്ബ് കൾച്ചറിനെതിരാണ്.

○ *എം.ഇ.എസ് സമ്പന്നരുടെ സംഘടനയാണോ? അതോ ജനകീയ പ്രസ്ഥാനമോ?*

ഞങ്ങളുടേത് എഡ്യുക്കേറ്റഡ് അപ്പർ മിഡിൽ ക്ലാസ് സംഘടനയാണ്. പിന്നെ ജനകീയമെന്നൊക്കെ പറഞ്ഞാൽ.. ഈ ജനം എന്നു പറഞ്ഞാൽ അത്ര നല്ലതൊന്നുമല്ല. ജനം നല്ലതാണെന്ന് നാം വെറുതെ പറയുകയാണ്.' ജനം വരുന്നത് അവരുടെ കാര്യത്തിനാണ്. ഇവരിൽ കുറച്ചു egalitarian (സമത്വവാദി) വാദക്കാരുമുണ്ടാകും. അതുകൊണ്ട് കുറേ ജനത്തെ ഇതിൽ ചേർത്തിട്ടു കാര്യമില്ല. എം.ഇ.എസിന് ഒരു ലക്ഷം മെമ്പർമാരെ ഉണ്ടാക്കുവാൻ വലിയ ബുദ്ധിമുട്ടൊന്നുമില്ല. കാരണം ജനങ്ങൾ ഓടിവരും. സ്ഥാപനങ്ങളും പണവുമുള്ളവരാണല്ലോ ഞങ്ങൾ.



ഫസൽ ഗഫൂറിന്റെ പിതാവ്
ഡോ. അബ്ദുൽ ഗഫൂർ

○ *എം.ഇ.എസ് തുടക്കത്തിൽ ആശയപരമായ ചില ഇടപെടലുകൾ നടത്തിയിരുന്നുവല്ലോ. ഉദാ: മോഡേൺ ഏജ് സൊസൈറ്റി?*

അതു തെറ്റാണ്. ഞങ്ങൾ ഒരിക്കലും ആശയപരമായ ഇടപെടലുകൾ നടത്തിയിട്ടില്ല. ടി.അബ്ദുൽഅസീസും ബഹാവുദ്ദീനും സംഘടനയിൽ ഉണ്ടായിരുന്നു. ഇവർ എന്റെ ബാപ്പയോടൊപ്പം നടന്നിരുന്നവരാണ്. ഇവർക്ക് ബാപ്പയെക്കുറിച്ച് പല തെറ്റിദ്ധാരണകളും ഉണ്ടായിരുന്നു. ബാപ്പ ലണ്ടനിലൊക്കെ പഠിച്ച ആളാണല്ലോ. അവർ പലതും ചർച്ച ചെയ്യുന്നതിനിടെ ആണിനും പെണ്ണിനും ഒരേ പോലെ സമ്പത്ത് കൊടുക്കുന്നതല്ലേ ശരി എന്നു ചോദിച്ചാൽ ബാപ്പ പറയും അത് ശരിയാണ് എന്ന്. (എന്നോടു ചോദിച്ചാൽ ഞാൻ പറയും അത് ശരിയല്ല എന്ന് ആണിനും പെണ്ണിനും ഒരേപോലെ സ്വത്ത് കൊടുക്കാനാവില്ല. കാരണം പെണ്ണുങ്ങൾക്ക്എന്തു റോളാണുള്ളത്. നമ്മൾപുരുഷന്മാരല്ലേ കാര്യങ്ങൾ നോക്കുന്നത്? പക്ഷേ പകുതി സ്വത്താണെങ്കിലും അതു റെഡിക്കു കൊടുക്കണം. കല്ല്യാണത്തിനു മുമ്പുതന്നെ കൊടുക്കണം. അല്ലാതെ ബാപ്പ മരിച്ചു കഴിഞ്ഞിട്ടുകൊടുക്കാമെന്നു കരുതരുത്. അതിനെ നിങ്ങൾക്ക് സ്ത്രീധനമെന്നു വിളിക്കാം. ഇതൊക്കെ ഓരോ വ്യൂപോയന്റാണ്.).

അങ്ങനെ വന്നപ്പോൾ ബഹാവുദ്ദീനും ടി.അബ്ദുൽഅസീസിനുമൊക്കെ ഒരു തോന്നലുണ്ടായി. ബാപ്പ ഇതിനൊക്കെ അനുകൂലമാണെന്ന്. മോഡേൺ ഏജ് സൊസൈറ്റിയുടെ ബേസിക് പ്രിൻസിപ്പൽ ശരിഅത്തു മാറ്റിയെഴുതണം എന്നതായിരുന്നു. ബാപ്പ അതിനോടൊന്നും യോജിച്ചിരുന്നില്ല. ബാപ്പ എന്റെ മാതിരി അങ്ങനെ സ്ട്രോംങ് ആയി അങ്ങോട്ടുപറയില്ല. ബാപ്പയ്ക്ക് അന്നു ചെറിയ പ്രായമാണ്. നാൽപ്പത് വയസ്സായിട്ടില്ല. 1930ലാണ് ജനനം. ബാപ്പ നല്ല മുജാഹിദ് തറവാട്ടിൽ ജനിച്ച ആളാണ്. പിന്നെങ്ങനെ മോഡേൺ ഏജ് സൊസൈറ്റിയോടൊപ്പം ചേരും.?

○ *അപ്പോൾ സ്ത്രീ പുരുഷ സമത്വം എന്ന ആശയം ശരിയല്ലെന്നാണോ പറയുന്നത്?*

അതുശരിയല്ല. ഒരിക്കലും സമമല്ല. അവരെങ്ങനെയാണ് ഈക്വൽ (equal) ആവുന്നത്? ലോകത്തിലെ ശാസ്ത്രജ്ഞൻമാർ മുഴുവൻ ആരാണ്.? ലോകത്തിലെ പ്രധാനപ്പെട്ട ചിന്തകന്മാരെല്ലാം ആരാണ്.? പുരുഷന്മാർ. പാശ്ചാത്യ ലോകത്ത് ചിന്തയ്ക്ക് വിലക്കൊന്നുമില്ലല്ലോ. എന്നിട്ടും അവിടെ ചിന്തകരായ സ്ത്രീകൾ ഇല്ലാത്തത് എന്തുകൊണ്ടാണ്? ഈ സ്വാതന്ത്ര്യം എന്നു പറയുന്നത് അവിടങ്ങളിൽ തോന്ന്യാസം കാണിക്കാനുള്ള സ്വാതന്ത്ര്യമായി മാറിയില്ലേ....

സ്ത്രീകൾ പ്രൊട്ടക്റ്റഡ് ആണ്. അതാണ് ഇസ്‌ലാമിന്റെ കാഴ്ചപ്പാട്. സ്ത്രീകളെ പഠിപ്പിക്കണം. അവർക്ക് ജോലി കൊടുക്കണം. എന്നാൽ ഭർത്താക്കന്മാരുടെ കീഴിലായിരിക്കണം. അവര് ആൺ പിള്ളേര് പറയുന്നത് കേൾക്കണം.

○ *താങ്കൾ പറയുന്നത് തന്നെയാണല്ലോ കാന്തപുരവും പറയുന്നത്?*

കാന്തപുരവും ഞാനും ഒരുപോലെയല്ല പറയുന്നത്. കാന്തപുരം എതിരായിട്ടാണ് പറഞ്ഞത്. ഞാൻ എതിരായിട്ടൊന്നും പറഞ്ഞിട്ടില്ല. കഴിവുണ്ടെങ്കിൽ അവർ ഉയർന്നു വരട്ടെ.

○ *അപ്പോൾ വനിതാ സംവരണം?*

ഞാനതിനും എതിരാണ്. ഞാൻ മാത്രമല്ല. മൂലായംസിംഗും ശരത്‌യാദവും ലാലുപ്രസാദും എതിരാണ്. അവർ പറയുന്നത് മുന്നാക്ക സമുദായത്തിലെ സ്ത്രീകൾ മാത്രം നിയമസഭ..
സിരാകേന്ദ്രങ്ങളിലെത്താൻ മാത്രമേ ഇതുപകാരപ്പെടൂ എന്നാണ്. പിന്നാക്ക സമുദായങ്ങളിലെ സ്ത്രീകൾ വിദ്യ അഭ്യസിച്ച് തുടങ്ങി

യിട്ടേയുള്ളൂ. അവർ ഭരിക്കാനായിട്ടില്ല. ബേസിക്കലി അത് ഒ.ബി.സി ശാക്തീകരണത്തെ ബാധിക്കും. മായാവതി ഒഴികെയുള്ള ജയലളിതയും മമതയുമൊക്കെ ബ്രാഹ്മണരാണ്.

○ *മുസ്‌ലിം സംഘടനകളിൽ ഏറ്റവും കൂടുതൽ ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ നടത്തുന്നത് എം.ഇ.എസ്സാണല്ലോ. ഇംഗ്ലീഷ് മീഡിയം തുടങ്ങുവാനുണ്ടായ സാഹചര്യം?*

ഞങ്ങൾക്ക് എയ്ഡഡ് സ്കൂളുകളും ഏരിയാ ഇന്റൻസീവ് പ്രോഗ്രാം സ്കൂളുമുണ്ട്. ഈയിടെ വിവാദത്തിൽ അകപ്പെട്ട മലപ്പുറത്തെ 35 സ്കൂളുകളിൽ എം.ഇ.എസിന്റെ സ്കൂളും പെടും. 35 സ്കൂളുകളും ലീഗിന്റെ കീഴിലുള്ളതാണെന്ന പ്രചരണം തെറ്റാണ്. സി.ബി.എസ്.ഇ സ്കൂളുകളും കെ.എസ്.സി സ്കൂളുകളും എം.ഇ.എസ് നടത്തുന്നുണ്ട്. ഒരു കാലഘട്ടത്തിൽ ഇംഗ്ലീഷ് പഠിക്കാതെ മുമ്പോട്ടു പോവാൻ പറ്റില്ലെന്ന തോന്നൽ സമൂഹത്തിൽ ഉണ്ടായി. അങ്ങനെയാണ് ഇംഗ്ലീഷ് മീഡിയം തുടങ്ങുന്നത്. ആദ്യത്തെ സി.ബി.എസ്.ഇ സ്കൂൾ ചാത്തമംഗലം എം.ഇ.എസ് രാജാ റസിഡൻഷ്യൽ സ്കൂളാണ്. മുസ്‌ലിം സമുദായത്തിൽ നിന്നുള്ള ആദ്യത്തെ ഇംഗ്ലീഷ് മീഡിയം സ്കൂളാണിത്. പിന്നെ ഞങ്ങൾ 32 സ്കൂളുകൾ തുടങ്ങി.

○ *അടുത്ത കാലത്തായി ശമ്പള വർധനവിനും മറ്റാനുകൂല്യങ്ങൾക്കും വേണ്ടി ഇംഗ്ലീഷ് മീഡിയം അധ്യാപകർ സംഘടിച്ചുകൊണ്ടിരിക്കുകയാണ്. അധ്യാപകരുടെ ഈ പ്രക്ഷോഭത്തെ എങ്ങനെയാണ് നോക്കി കാണുന്നത്.?*

**ഞാൻ ബേസിക്കലി ഒരു സോഷ്യലിസ്റ്റാണ്. ഞാനൊരു കമ്യൂണിസ്റ്റ്കാരനാണ് ബൈനേച്വർ. പക്ഷേ ഈ കമ്യൂണിസം ഒരു ക്യാപിറ്റലിസ്റ്റ് സെറ്റപ്പിനുള്ളിലെ കമ്യൂണിസമാണ്**

സി.ബി.എസ്.ഇ അധ്യാപകരുടെ സാലറിയുടെ കാര്യത്തിൽ വലിയ അനീതിയുണ്ട്. അവരുടെ സാലറിയുടെ കാര്യത്തിൽ നഴ്സുമാരുടെ വിഷയത്തിലെന്ന പോലെ ഒരു പൊളിച്ചെഴുത്ത് ആവശ്യമാണ്. നഴ്സുമാരുടെ പ്രശ്നങ്ങൾ പരിഹരിച്ചതു പോലെ ഇംഗ്ലീഷ് മീഡിയം അധ്യാപകരുടെ പ്രശ്നങ്ങളും പരിഹരിക്കണം. ഇംഗ്ലീഷ് മീഡിയം അധ്യാപകരുടെ പ്രശ്നം വന്നപ്പോൾ ഞങ്ങളൊക്കെ തീരുമാനമെടുത്തു. അവർക്ക് ന്യായമായ സാലറി കൊടുക്കണം. പക്ഷേ, അതിനൊരു ഡിഫിക്കൽറ്റിയുണ്ട്. ടൗണുകളിലുള്ള സ്കൂളുകളിൽ നിങ്ങൾ പറയുന്ന ശമ്പളമൊക്കെ കൊടുക്കാൻ പറ്റും. പക്ഷേ ഗ്രാമങ്ങളിലെ സ്കൂളുകളിൽ അത് സാധ്യമല്ല. ഉദാഹരണം എ.ആർ നഗറിലുള്ള സ്കൂൾ. അവിടെ എങ്ങനെ സർക്കാർ പറയുന്ന സാലറി കൊടുക്കും? വിദ്യാർത്ഥികളിൽ നിന്ന് വലിയ ഫീസ് വാങ്ങാൻ പറ്റില്ലല്ലോ. അങ്ങനെ വൻഫീസ് ഈടാക്കിയാൽ ഗ്രാമപ്രദേശത്ത് സ്കൂൾ തുടങ്ങുന്നതിന്റെ ഉദ്ദേശ്യം നടക്കാതെ പോവും.

എം.ഇ.എസിന് ഒരേകീകൃത ഫീസല്ലയുള്ളത്. ലോക്കൽ കമ്മിറ്റികളാണ് ഫീസ് തീരുമാനിക്കുന്നത്. കൈതപ്പൊയിൽ ഒരു സ്കൂളുണ്ട്. അവിടെ ഒരിക്കലും നഗരത്തിൽ വാങ്ങുന്ന ഫീസ് വാങ്ങാൻ പറ്റില്ല. അപ്പോൾ അവിടെയെങ്ങനെ അധ്യാപകർക്ക് നിങ്ങൾ പറയുന്ന സാലറി കൊടുക്കും. ഞാൻ ഞങ്ങളുടെ സ്ഥാപനങ്ങളിലേക്ക് സർക്കുലർ അയച്ചിട്ടുണ്ട്. അതിൽ പറയുന്നത് ഇതാണ്, ഗവൺമെന്റ് പറയുന്ന സാലറി തരാം പക്ഷേ ചില ക്രൈറ്റീരിയകളുണ്ട്. ഒന്ന് അവർ ടെറ്റ് (Teachers eligibility test) പാസായി

*ചങ്ങനാശേരിയിലെ എൻ.എസ്.എസ് ആസ്ഥാനം*



രിക്കണം. രണ്ട് എം.എ പോലുള്ള മറ്റു ക്വാളിഫിക്കേഷൻസ് നേടിയിരിക്കണം. മൂന്ന് പ്രൈവറ്റ് ട്യൂഷൻ പാടില്ല. നാല് അവർ 36 മണിക്കൂർ വർക്ക് ചെയ്യണം. സ്കൂളിന്റെ ഇത്ര കിലോമീറ്ററിനുള്ളിൽ ജീവിക്കണം. ക്രൈറ്റീരിയകൾ പാലിച്ചാൽ സാലറികൊടുക്കാം. ഈ അധ്യാപകരൊന്നും പി.എസ്.സി പാസായിട്ടല്ലല്ലോ വരുന്നത്. പിന്നെയെങ്ങനെയാണ് ഇവർ സർക്കാർ സാലറി ക്ലെയിം ചെയ്യുക?

പി.എസ്.സി ജയിക്കാത്ത ആൾ സെക്കന്റ് ഗ്രെയ്ഡ് അല്ലേ? അപ്പോൾ സെക്കന്റ് ഗ്രേഡ് യോഗ്യതയുള്ള അധ്യാപകന് ഫസ്റ്റ് ഗ്രേഡ് അധ്യാപകന്റെ സാലറി ക്ലെയിം ചെയ്യാൻ പറ്റില്ല. എന്നാലും എം.ഇ.എസിന്റെ വലിയ സ്ഥാപനങ്ങളിലൊക്കെ തുടക്ക ശമ്പളം 14500 ആണ്.

○ *സി.ബി.എസ്.ഇ നിയമാവലിയിൽ പറയുന്നത് അധ്യാപകർക്ക് അതാത് സ്റ്റേറ്റിലെ സാലറി കൊടുക്കണമെന്നാണ്?*

അതിനുയോഗ്യതയുണ്ടാവേണ്ടതുണ്ട്. കോളജിൽ അധ്യാപകരെ പോസ്റ്റ് ചെയ്യുമ്പോൾ നെറ്റ് പാസാവണം, പി.എച്ച്.ഡി വേണം എന്നെല്ലാം നിബന്ധനകൾ പറയാറുണ്ട്. പക്ഷേ പാരലൽകോളജിലെ അധ്യാപകൻ വെറും എം.എ കാരനാണ്. അവർക്ക് യു.ജി.സി സാലറി കൊടുക്കാൻ പറ്റില്ലല്ലോ. ഇതുപോലെയാണ് ഇംഗ്ലീഷ് മീഡിയം അധ്യാപകരുടേയും അവസ്ഥ. നമ്മൾ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കണം. ഇംഗ്ലീഷ് മീഡിയത്തിലെ അധ്യാപകരും വിദ്യാർത്ഥികളും ഒന്നുവേറെ തന്നെയാണ്. ഞാൻ അധ്യാപകരോട് പറയുന്നത് ഇതാണ്. നിങ്ങൾ യോഗ്യത നേടി വരിക. സാലറി തരാം.

○ *അപ്പോൾ മതിയായ യോഗ്യതയില്ലാത്തവരാണോ ഇംഗ്ലീഷ് മീഡിയം അധ്യാപകർ?*

യോഗ്യത എന്നത് ഒരു കംപാരറ്റീവ് സംഭവമാണ്. സർക്കാർ നിശ്ചയിക്കുന്ന യോഗ്യതകൾ നടപ്പിലായിക്കൊള്ളണമെന്നില്ല. സർക്കാർ സംവിധാനത്തിന് പരിമിതിയുള്ളതിനാൽ ആളെ കുറയ്ക്കാനാണ് യോഗ്യതകൾ ഫിക്സ് ചെയ്യുന്നത്. യോഗ്യതകളുടെ വ്യത്യസ്തതയ്ക്കും ഒരു ഉദാഹരണം പറയാം. നമ്മളെയൊക്കെ മുസ്‌ലിയാക്കന്മാർ അറബി പഠിപ്പിക്കുന്നുണ്ട്. നാം ആരെങ്കിലും അവരുടെ യോഗ്യതകൾ നോക്കാറുണ്ടോ? അദ്യമവർ പരീക്ഷ പാസായിവരട്ടെ എന്നു പറയാറുണ്ടോ. ഇപ്പറഞ്ഞതുപോലെ യോഗ്യത കംപാരറ്റീവാണ്. അതേപോലെ വിദ്യാർത്ഥികളും കംപാരറ്റീവ്‌ലി വീക്കറാണ്. ടോപ്പ് മെറിറ്റിലുള്ളവരൊന്നുമില്ല.

○ *സി.ബി.എസ്.ഇയുടെ നോംസ് ആന്റ് റെഗുലേഷൻസിൽ പറയുന്ന കാര്യങ്ങൾ പാലിച്ചില്ലെങ്കിൽ അഫിലിയേഷൻ കട്ടായി പോവില്ലേ?*

ഞാനതിനൊന്നും എതിരല്ല. ആ സാലറി കൊടുക്കണം. വിദ്യാർത്ഥികളിൽ നിന്ന് അതിനുള്ള ഫീസ് ഈടാക്കണം. ഞാൻ നിരന്തരം ഞങ്ങളുടെ സ്കൂളുകൾക്ക് സർക്കുലർ അയക്കാറുണ്ട്. അധ്യാപകരെ റീ ഇന്റർവ്യു ചെയ്ത് യോഗ്യതയില്ലാത്ത 20 ശതമാനം അധ്യാപകരെ ഒഴിവാക്കി യോഗ്യതയുള്ളവർക്ക് സാലറി കൊടുക്കാൻ. ഞാൻ ഞങ്ങളുടെ ഒരു സ്കൂളിന്റെ പ്രിൻസിപ്പലെ വിളിച്ച് ഞങ്ങൾ കൊടുക്കുന്ന സാലറി എത്രയെന്നും കേൾപ്പിച്ചു തരാം.

ഡോ. ഫസൽ ഗഫൂർ ഫോൺ ചെയ്യുന്നു. തുടർന്നുള്ള സംഭാഷണങ്ങൾ:

○ *പ്രിൻസിപ്പൽ, നമ്മുടെ സാലറി സ്കെയിൽ ഒന്നു പറഞ്ഞു തരൂ. നമ്മുടെ ടീച്ചേഴ്സിന്റെ മിനിമം സാലറി. ഫോർത്ത് സ്റ്റാന്റേർഡ് വരെയുള്ള ടീച്ചേഴ്സിന്റെ മിനിമംസാലറി?*

*ടൻ തൗസന്റ്*

○ *എയ്ത്ത് സ്റ്റാന്റേർഡ് വരെയോ?*

*ട്വൽവ് തൗസന്റ്, റഫ് ഐഡിയയാണേ.*

*നിങ്ങൾ കാര്യങ്ങൾ കരക്ടായി പഠിച്ചിട്ടില്ല. തേർട്ടീൻ തൗസന്റ് (13500) ഫൈവ് ഹൺഡ്രഡാണ് ഫസ്റ്റ് സാലറി.*

○ *നമ്മുടെ പ്ലസ്ടു സാലറിയോ?*

*സിക്സ്റ്റീൻ തൗസന്റിനടുത്ത് വരും.*

○ *സ്റ്റാർട്ടിംഗ് സാലറിയല്ലേ പറഞ്ഞത്.?*

*ട്വൽത്തിലാണ് സ്റ്റാർട്ട് ചെയ്യുന്നത്.*

○ *പ്ലസ്ടു സ്റ്റാർട്ടിംഗ് സാലറി എത്രയാണ്?*

*ഇൻക്ലൂഡിംഗ് ഓൾ ബെനഫിറ്റ്? ഫിഫ്റ്റീൻ തൗസന്റിനടുത്തുണ്ട്.*

○ *ഞാൻ നാളെ ഒരു ടീച്ചറെ നിങ്ങളുടെ സ്കൂളിലേക്ക് അയക്കുന്നുണ്ട്. നിങ്ങൾ എത്ര സാലറി കൊടുക്കും. ഇൻക്ലൂഡിംഗ് ഓൾ ബെനഫിറ്റ്?*

*12 കൊടുക്കും.*

○ *ഇതെന്താ ടീച്ചറെ ഓരോന്നു പറയുന്നത്. നിങ്ങൾക്ക് നിങ്ങളുടെ സ്റ്റാഫിന്റെ സാലറി അറിയില്ലെങ്കിൽ നിങ്ങൾ മോശപ്പെട്ട പ്രിൻസിപ്പലാണ്.*

*അല്ല സാർ, പുതിയ സ്കെയിലല്ലേ.*

○ *ഞാൻ പറഞ്ഞുതരാം. ഓർക്കാൻ എളുപ്പമാണ്. 12500, 14500, 16500 എന്നതാണ് സ്കെയിൽ.*

*ശരി, ഒ.കെ,*

ഫോൺ സംഭാഷണം അവസാനിപ്പിക്കുന്നു.

ഇത് ഞങ്ങളുടെ എല്ലാ വലിയ സ്കൂളുകളിലും കൊടുക്കുന്ന സാലറിയാണ്. ചെറിയ സ്കൂളുകളിൽ



ഇത് കൊടുക്കാൻ പറ്റില്ല. ചെറിയ സ്കൂളിലെ ടീച്ചേഴ്സ് ക്വാളിഫൈഡ് അല്ല. ടെറ്റ് പാസാവണം.

○ *തിരൂരിലെ എം.ഇ.എസിന്റെ സ്കൂളിൽ നിന്ന് ഒരു വാർത്ത കേട്ടു. മ്യൂസിക്കിന്റെ ടീച്ചർ അടക്കം ഇംഗ്ലീഷിലുള്ള കഴിവ് പരിശോധിക്കുന്ന പരീക്ഷ പാസാവണം എന്ന്. പരീക്ഷയിൽ തോൽക്കുന്ന വർഷങ്ങളിൽ പ്രവർത്തന പരിചയമുള്ള ടീച്ചേഴ്സിന് പോലും സാലറി കുറയ്ക്കുന്നതായി....?*

അത് തെറ്റാണ്. ഇംഗ്ലീഷിന് ഞങ്ങൾ അത്ര ഇംപോർട്ടൻസ് കൊടുക്കാറില്ല. നമ്മുടെ ചില മാപ്പിളമാർക്കൊക്കെ ഒരു തോന്നലുണ്ട്. അവർ വലിയ ഇംഗ്ലീഷുകാരാണെന്ന്. ഞാന തിന് എതിരാണ്. ഞാൻ ഇംഗ്ലണ്ടിൽ പഠിച്ച ആളാണ്. ഇംഗ്ലണ്ടിൽ പഠിച്ച കേരളത്തിലെ ആദ്യ വിദ്യാർത്ഥി ഞാനാണ്. ഞങ്ങളുടെ വീട്ടിലെ പലരും ഇംഗ്ലണ്ടിലും മറ്റും പോയി പഠിച്ചവരാണ്. പക്ഷേ ഞങ്ങളാരും വീട്ടിൽ ഇംഗ്ലീഷ് സംസാരിക്കാറില്ല. ഞങ്ങളെല്ലാം മലയാളത്തിലാണ് സംസാരിക്കാറുള്ളത്. ഇംഗ്ലീഷിൽ സംസാരിക്കുന്നത് ഇപ്പോൾ ഒരു പുത്തൻ പ്രവണതയാണ്. ഇവർക്ക് വരാൻ പോകുന്ന ദുരന്തം മലയാളം അറിയാത്ത പ്രശ്നമായിരിക്കും. നാളെ ഈ നാട്ടിലെ സകല പ്രശ്നങ്ങളും ഡീൽ ചെയ്യേണ്ടത് മലയാളത്തിലായിരിക്കും. അവരവസാനം ടോം വടക്കൻ സംസാരിക്കുന്ന പോലെയാവും. ഈയിടെ ഞങ്ങളുടെ കുറേ പാരന്റ്സ് വന്നു പറഞ്ഞു.അറബിക് പഠിപ്പിക്കുന്നത് ഇംഗ്ലീഷിലായിരിക്കണമെന്ന്.

ഞാൻ അധ്യാപകരെ വിളിച്ച് അവരോട് പറഞ്ഞു. ഖുർആൻ പഠിപ്പിക്കുന്നത് മലയാളത്തിൽ മതിയെന്ന്. മനസ്സിൽ പതിയണമെങ്കിൽ എന്തും മാതൃഭാഷയിലായിരിക്കണം. എന്നാലേ അതിന്റെ ഇഫക്ട് കിട്ടൂ.

പല സ്കൂളുകളിലും അധ്യാപകർ സംഘടിക്കുകയും അന്യായമായ പുറത്താക്കലിനെതിരെ സമരമാരംഭിച്ചതും പത്ര വാർത്തയുണ്ട്. ഇതു മുമ്പില്ലാത്തതാണ്.

എന്റെ നയം വളരെ സിംബിളാണ്. സാലറി ഞങ്ങൾ അർഹമായ രീതിയിൽ തന്നെ കൊടുക്കാം. പക്ഷേ റീ ഇന്റർവ്യു ചെയ്ത് ഇവരുടെ യോഗ്യതകൾ പരിശോധിക്കണം. എം.ഇ.എസ് സ്കൂളിൽ പി.എഫും ഗ്രാറ്റിവിറ്റിയും മറ്റാനുകൂല്യങ്ങളും നൽകുന്നുണ്ട്.

ഇംഗ്ലീഷ് മീഡിയം ടീച്ചേഴ്സിന്റെ സ്റ്റേറ്റ് കമ്മിറ്റി ഉണ്ടായി കഴിഞ്ഞു. നിരവധി ഇംഗ്ലീഷ് മീഡിയങ്ങൾ നടത്തുന്ന ഒരു സംഘടനയുടെ സാരഥി എന്ന നിലയിൽ ഈ അധ്യാപകരുടെ കൂട്ടായ്മയെ എങ്ങനെ നോക്കിക്കാണുന്നു?

ഇതിനെപ്പറ്റി പറയുമ്പോൾ മറ്റു ചിലതു കൂടി നിങ്ങൾ അറിയണം. ഒരു യോഗ്യതയുമില്ലാത്ത അണ്ടി കച്ചവടക്കാരനും ഓറഞ്ചു കച്ചവടക്കാരനും എൻ.ഒ.സി നൽകും. ഇവർ സ്കൂളിൽ മതിയായ സാലറി കൊടുക്കില്ല. ഇതാണ് പ്രശ്നം. സ്വാഭാവികമായും ടീച്ചേഴ്സ് സംഘടിക്കും. ഇതാണിപ്പോൾ സംഭവിച്ചത്. സാലറിയുടെ കാര്യം പറയുമ്പോഴെല്ലാം അധ്യാപകരുടെ യോഗ്യതയും നിങ്ങൾ കാണണം. ഞങ്ങളുടെ സ്കൂളുകളിൽ എല്ലാ വിധ ആനുകൂല്യങ്ങളും സാലറിയും കൊടുക്കുന്നുണ്ട്. തിരൂർ, ചാത്തമംഗലം, പാവങ്ങാട്, പട്ടാമ്പി തുടങ്ങിയ ഏത് സ്കൂളിൽ ബന്ധപ്പെട്ടാലും ഇതു നിങ്ങൾക്ക് അറിയാൻ കഴിയും. ഞങ്ങളുടെ പട്ടാമ്പി സ്കൂളിൽ എന്തു സാലറി കൊടുക്കുന്നുണ്ട് എന്ന് അവിടുത്തെ സെക്രട്ടറിയെ വിളിച്ചു ഞാൻ കേൾപ്പിച്ചുതരാം.



○ *ഡോ. ഫസൽ ഗഫൂർ ഫോൺ ചെയ്യുന്നു: (പ്രഫ. ഉസ്മാനെ, നമ്മുടെ പട്ടാമ്പി സ്കൂളിൽ ഏന്തു സാലറിയാണ് കൊടുക്കുന്നത്?*

*നമ്മൾ 9,800 മുതൽ 12,000 വരെയാണ് കൊടുക്കുന്നത്.*

○ *പ്ലസ്ടു വിൽ എന്തുകൊടുക്കുന്നുണ്ട്.?*

*12,500 വരെ കൊടുക്കുന്നുണ്ട്.*

എന്നാൽ നിങ്ങൾ കൈതപ്പൊയിലിൽ പോയി ചോദിച്ചാൽ ഇതൊന്നും കൊടുക്കുന്നില്ല എന്നു കേൾക്കും. അതൊരു ചെറിയ സ്ഥാപനമാണ്. റക്കഗ്നൈസ് സ്ഥാപനമല്ല.

○ പൊതുവെ ഇംഗ്ലീഷ് മീഡിയം ലാഭകരമാണോ?

നന്നായി നടത്തിയാൽ ലാഭകരമാണ്. പിന്നെ ഇതൊരു ചൂതാട്ടമാണ്. അപ്പോയ്മെന്റിനൊന്നും കാശ് മേടിക്കുന്നില്ലല്ലോ.

○ *എം.ഇ.എസിന് എയ്ഡഡ് സ്കൂളുകളും കോളജുകളും ഉണ്ടല്ലോ. അവിടെയൊക്കെ പണം വാങ്ങിയല്ലെ നിയമനം?*

അതിപ്പം നിങ്ങൾ ചോദിച്ചാൽ ഇല്ലെന്നല്ലേ ഞാൻ പറയൂ.... (ചിരി...)

എന്റെ അഭിപ്രായത്തിൽ നേഴ്സുമാർക്കും ടീച്ചേഴ്സിനുമൊക്കെ മാന്യമായ സാലറി കൊടുക്കണം. ഞാൻ ബൈനേചർ ഒരു സോഷ്യലിസ്റ്റാണെന്നു പറഞ്ഞല്ലോ. മാന്യമായ സാലറി കൊടുക്കാത്ത സെക്രട്ടറിമാരെ ഞാൻ മാറ്റിയിട്ടുണ്ട്. പിന്നെ അധ്യാപകരെല്ലാം നല്ലവരാണെന്ന അഭിപ്രായം എനിക്കില്ല. അവരുടെ കയ്യിലിരിപ്പിനെ കുറിച്ചുള്ള ധാരാളം പരാതികൾ എന്റെ കൈയ്യിലുണ്ട്. മൊത്തം സമൂഹത്തിലുണ്ടായ അധഃപതനം അവർക്കിടിയിലുമുണ്ട്. രാത്രി ലേഡി ടീച്ചേഴ്സിനേയും ഗേൾസിനേയും ഫോൺ ചെയ്ത കേസുകളടക്കം. അതൊന്നും പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഇംഗ്ലീഷ് മീഡിയങ്ങളിൽ ട്രാൻസ്ഫർ ഇല്ല. ജോലി സമയവും കുറവാണ്. അടുത്ത കാലത്തായി കോർപ്പറേറ്റ് ട്രാൻസ്ഫർ ഏർപ്പെടുത്തിയിട്ടുണ്ട്. □




ഡോ. അസീസ് തരുവണ

# ഗൾഫിലെ ചൂടും ചീറിപ്പായുന്ന ബൈക്കും...

**എന്റെ മനസ്സ് നിറയെ മുസഫയിലെ ലേബർ ക്യാമ്പിന്റെ ചിത്രങ്ങളായിരുന്നു. ദുബായിൽ നിന്നും പരിചയപ്പെട്ട, മുപ്പത് വർഷം പിന്നിട്ട പ്രവാസി വൃദ്ധന്റെ ചിത്രവും. അവ എന്റെ മനസ്സിൽ ഏൽപ്പിച്ച ആഘാതം അത്രമേലായിരുന്നു. പ്രവാസിയല്ലാത്ത ഒരാളുടെ ഗൾഫ് നിരീക്ഷണം**

എൺപതുകളുടെ തുടക്കത്തിൽ കണ്ട ഒരു സംഭവം ഞാനിന്നുമോർക്കുന്നു. അന്നെനിക്ക് ആറോ ഏഴോ ആണ് പ്രായം. നാട്ടിലെ സ്കൂൾ മുറ്റത്ത് ഏതാനും കൂട്ടുകാരോടൊപ്പം ഞാൻ ഗോട്ടികളിക്കുകയായിരുന്നു. ഈ സമയം, ഒരു വെള്ള അമ്പാസിഡർ കാർ ഞങ്ങൾക്കരികിലൂടെ കടന്നുപോയി. പിൻഭാഗത്ത് വലിയ രണ്ട് പെട്ടികൾ വെച്ചിരുന്നതിനാൽ കാറിന്റെ ഡിക്കി വാപിളർന്ന രൂപത്തിലായിരുന്നു. അത്തരമൊരു കാഴ്ച അതിനു മുമ്പ് ഞാൻ കണ്ടിരുന്നില്ല. അതിലുമേറെ കൗതുകമായത്, കാറിനു പിന്നാലെ ഓടിയിരുന്ന ആൾക്കൂട്ടമാണ്. അങ്ങാടി വരാന്തയിലും റോഡിലും പതിവായി സൊറ പറഞ്ഞിരി



ക്കുന്നവരും അല്ലാത്തവരുമടങ്ങിയ ഒരു വൻജനസഞ്ചയം കാറിനു പിന്നാലെയുണ്ടായിരുന്നു. ചിലർ ഓട്ടവേഗതയ്ക്ക് ചെരുപ്പ് കാലിൽ നിന്നൂരി കയ്യിൽ പിടിച്ചു. ചിലർ ഇങ്ങനെ വിളിച്ചു പറയുന്നുണ്ടായിരുന്നു: "ഊക്കാടൻ ആലി ദുബായീന്നു വന്നേ...." ഞാനും ആ കൂട്ടയോട്ടത്തിൽ ഒരംഗമായി. കാർ ആലിയുടെ വീട്ടുമുറ്റത്തെത്തി, നിമിഷങ്ങൾക്കകം വീട്ടുമുറ്റം ജനനിബിഡമായി. വീട്ടുകാരുടെ കെട്ടിപ്പിടുത്തത്തിനും ചുംബനങ്ങൾക്കും ശേഷം ആലി ഉമ്മറത്തേക്ക് എഴുന്നള്ളി. മൂന്നു വർഷങ്ങൾക്കു ശേഷമുള്ള വരവാണ്. എന്റെ ഏറെക്കുറെ അയൽപക്കക്കാരനായിരുന്നെങ്കിലും ആലിയെ ഞാനാദ്യമായി കാണുകയാണ്.

ആലി ഒരു ടിൻപൊട്ടിച്ച് അവിടെ കൂടിയവർക്കെല്ലാം ബിസ്കറ്റ് വിതരണം ചെയ്തു. ചെറിയ, മധുരമുള്ള ബിസ്കറ്റ്. അതിനുമുമ്പ് അത്തരമൊരു ബിസ്കറ്റ് ഞാൻ തിന്നിട്ടില്ല. ഇത് ദുബായീന്നു കൊണ്ടുവന്നതായിരിക്കുമെന്ന് ചിലർ അടക്കം പറഞ്ഞു. അതുകൊണ്ട് ബിസ്കറ്റിനു ഒരു പ്രത്യേക രുചിയും ഗന്ധവും അനുഭവപ്പെട്ടു. സ്വദേശിയേക്കാൾ വിദേശിയായ എന്തിനോടും മലയാളിക്ക് ഒരു മമത തോന്നാറുണ്ടല്ലോ.

ഉമ്മറത്തെ പത്തായത്തിന്റെ മുകളിലിരുന്ന് പുരുഷാരത്തിന്റെ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും ആലി മറുപടി പറഞ്ഞു. ഗൾഫിനേയും ജോലിയേയും യാത്രയേയും പറ്റി പറഞ്ഞ പലതും അതിശയോക്തിപരമായിരുന്നു. എനിക്ക് അപരിചിതമായ കാര്യങ്ങൾ ആയതിനാലും നന്നേ ചെറുപ്പമായതിനാലും കേട്ടതൊന്നും ഓർമ്മയിൽ നിന്നില്ല. ദുബായിലെ അത്യുഷ്ണത്തെ പറ്റി പറഞ്ഞ ചിലത് മങ്ങിയ രൂപത്തിൽ ഓർമ്മയിലുണ്ട്. (കൊടും തണുപ്പ് അനുഭവിച്ചിരുന്ന വയനാട്ടുകാരായ ഞങ്ങൾക്ക് ചൂട് ഒരു കാൽപ്പനിക സ്വപ്നമായിരുന്നു.)

**ആലി ഒരു ടിൻ പൊട്ടിച്ച് അവിടെ കൂടിയവർക്കെല്ലാം ബിസ്കറ്റ് വിതരണം ചെയ്തു. ചെറിയ, മധുരമുള്ള ബിസ്കറ്റ്. അതിനു മുമ്പ് അത്തരമൊരു ബിസ്കറ്റ് ഞാൻ തിന്നിട്ടില്ല. ഇത് ദുബായീന്നു കൊണ്ടുവന്നതായിരിക്കുമെന്ന് ചിലർ അടക്കം പറഞ്ഞു. അതുകൊണ്ട് ബിസ്കറ്റിനു ഒരു പ്രത്യേക രുചിയും ഗന്ധവും അനുഭവപ്പെട്ടു. സ്വദേശിയേക്കാൾ വിദേശിയായ എന്തിനോടും മലയാളിക്ക് ഒരു മമത തോന്നാറുണ്ടല്ലോ**

ഞാൻ കണ്ട ആദ്യ ഗൾഫുകാരൻ ഊക്കാടൻ ആലിയാണ്. ഞാൻ കേട്ട ആദ്യ ഗൾഫ് വിശേഷം ചൂടിനെപ്പറ്റിയാണ്. ഞാൻ കഴിച്ച ആദ്യ ഗൾഫ് വിഭവം ആ ചെറിയ മധുരബിസ്കറ്റാണ്. (ക്ഷമിക്കണം, ആ ബിസ്കറ്റ് ഇപ്പോൾ ഞങ്ങളുടെ നാട്ടിൻപുറത്തെ എല്ലാ ബേക്കറിയിലുമുണ്ട്. ആ ബിസ്കറ്റ് ടിൻ എവിടെ നിന്ന് വാങ്ങിയതാവും? ദുബായിൽ നിന്നോ കോഴിക്കോട്ടു നിന്നോ? എനിക്കത് ആദ്യമായി കഴിച്ച ഗൾഫ് മധുരമാണ്. അങ്ങനെ വിശ്വസിക്കാനാണ് ഇഷ്ടം)

ആലി ദുബൈയിൽ നിന്നുതന്നെയായിരിക്കുമോ വന്നത്? ഉറപ്പിച്ചു പറയുവാൻ കഴിയില്ല. കാരണം 'ദുബൈ' എന്ന് മുമ്പ് വാമൊഴിയിൽ പറഞ്ഞിരുന്നത്, യു.എ.ഇ യിലെ ഒരു പ്രദേശം എന്ന അർത്ഥത്തിൽ മാത്രമല്ല; അറേബ്യ എന്ന വിശാല അർത്ഥത്തിൽ



കൂടിയാണ്. സൗദി അറേബ്യയിൽ നിന്നും ഖത്തറിൽ നിന്നും മറ്റും വരുന്നവരേയും 'ദുബായിക്കാരൻ' എന്നാണ് ഞങ്ങളുടെ നാട്ടുമ്പുറത്ത് വിളിച്ചിരുന്നത്. 'വല്യ ദുബായ്ക്കാരനാണെന്നാണ് നാട്യം' എന്നൊക്കെയുള്ള പ്രയോഗങ്ങൾ നാട്ടിലുണ്ട്. ചുരുക്കത്തിൽ, 'ദുബൈ' എന്നത് ഗൾഫിന്റെ, അറേബ്യയുടെ സർവ്വ നാമമാണ്.

പിന്നീട് പല കാലത്തായി, നാട്ടിൽ നിന്നും പലരും 'ദുബായി'ക്ക് പൊയ്ക്കൊണ്ടിരുന്നു. അവരുടെ പോക്കും വരവും പല രീതിയിൽ ആഘോഷമായി. ഗൾഫിൽ നിന്നും കൊണ്ടുവരുന്ന സ്പ്രേയും നഖം വെട്ടിയും മറ്റും എന്റെ വീട്ടിലുമെത്തി. എന്റെ പെങ്ങളെ വിവാഹം ചെയ്തത് ഒരു ഗൾഫുകാരനായിരുന്നു (ഗൾഫിൽ നിന്നുണ്ടായ മാനസികമായ ഷോക്കിനെ തുടർന്ന് അദ്ദേഹം മരണപ്പെട്ടു) അതിനാൽ അളിയന്റെ ഓരോ വരവിന്റെ ഘട്ടത്തിലും ഓരോ ഗൾഫ് വിഭവങ്ങൾ കിട്ടിക്കൊണ്ടിരുന്നു. ജപ്പാൻ നിർമിത ലുങ്കിയും കൊടും തണുപ്പിനെ ചെറുക്കുന്ന കൊറിയൻ പുതപ്പും, ടേപ്പ് റിക്കാർഡറും എടുത്തു പറയേണ്ടതാണ്. ടോപ്പ് നഷ്ടപ്പെട്ട, കാലിയായ സ്പ്രേ കുപ്പികൾ വീട്ടുമുൻവശത്തെ തൊടിയിൽ അടുത്തകാലം വരെയും കാണാമായിരുന്നു.

തൊണ്ണൂറുകളുടെ ആരംഭത്തിൽ എന്റെ മൂത്ത സഹോദരൻ പ്രവാസിയായി. തുടർന്ന്, മറ്റു രണ്ട് സഹോദരന്മാരെക്കൂടി മൂത്തയേട്ടൻ കൊണ്ടുപോയി. 'ബൂഫിയ' യിലായിരുന്നു മൂന്നു പേർക്കും ജോലി. അതോടെ അവരുടെ കത്തുകളിലൂടെയും അതിശയോക്തി കലർന്ന വിവരണങ്ങളിലൂടെയും ഗൾഫ് ഏറെ സുപരിചിതമായി. അവിടുത്തെ റോഡ് ഞങ്ങളുടെ ഇടവഴി പോലെ പരിചിതം. അവിടുത്തെ സംസ്കാരം, ഭക്ഷണം, ഇവയെല്ലാം പതിയെ ഞങ്ങളുടെ നാട്ടുമ്പുറത്തുമെത്തി. പർദ്ദ ധാരികൾ ഇന്ന് ഒരു അറേബ്യൻ കാഴ്ച മാത്രമല്ലാതായിക്കഴിഞ്ഞു. ഞങ്ങളുടെ സാമ്പത്തിക ഭദ്രതയും വിദ്യാഭ്യാസ പുരോഗതിയും സൃഷ്ടിച്ചത് ഒരു നവോത്ഥാന പ്രസ്ഥാനവുമല്ല; ഗൾഫ് പണമാണ്. മലയാളി, ഗൾഫ് പ്രവാസം ആരംഭിച്ചില്ലായിരുന്നെങ്കിൽ നാമേതോ ബീഹാറി ഗ്രാമീണന്റെ അവസ്ഥയിൽ തുടരുമായിരുന്നു. ഓലപ്പുരകൾ ചോർന്നൊലിക്കുമായിരുന്നു. പണക്കൊഴുപ്പിൽ സംഘടനകൾ തടിച്ചുകൊഴുക്കുമായിരുന്നില്ല. കേരളം ദാരിദ്ര്യം കൊണ്ട്, പട്ടിണികൊണ്ട് പൊറുതിമുട്ടുമായിരുന്നു...

## രണ്ട്

"അവൻ നാട്ടിലുള്ള മാവുകളിലൊക്കെ വലിഞ്ഞു കയറും, അവയുടെ ഉച്ചിയിലെ ചില്ലകൊമ്പുകളിൽ പിടിച്ച് ഇലപ്പടർപ്പുകളിലൂടെ മീതേക്കൂടി അനന്തമായ ലോകവിശാലതയിൽ നോക്കുക അവന് ഒരു രസമാണ്. ചക്രവാളത്തിന്റെ അപ്പുറത്തുള്ള ലോകങ്ങൾ കാണുവാൻ അവനു കൊതിയാണ്. ഭാവനയിൽ മുഴുകി അവൻ വൃക്ഷത്തിന്റെ ഉച്ചിയിൽ നിൽക്കുമ്പോൾ അടിയിൽ നിന്ന് സുഹ്റ വിളിച്ചു ചോദിക്കും:

'മക്കം കാണാവോ ചെറ്ക്കാ'?

മജീദ് അതിനുത്തരമായി, ഉയരെ മേഘങ്ങളോടു പറ്റിച്ചേർന്നു പറക്കുന്ന പരുന്തുകളുടെ പാട്ട് എന്നു വിശ്വസിക്കുന്ന വരികൾ സ്വരമാധുര്യത്തോടെ ഉരുവിടും:

മക്കം കാണാം, മദീനത്തെ പള്ളീം കാണാം!" (ബാല്യകാല സഖി)

മലയാളി, ഗൾഫ് പ്രവാസം ആരംഭിച്ചില്ലായിരുന്നെങ്കിൽ നാമേതോ ബീഹാറി ഗ്രാമീണന്റെ അവസ്ഥയിൽ തുടരുമായിരുന്നു. ഓലപ്പുരകൾ ചോർന്നൊലിക്കുമായിരുന്നു. പണക്കൊഴുപ്പിൽ സംഘടനകൾ തടിച്ചു കൊഴുക്കുമായിരുന്നില്ല. കേരളം ദാരിദ്ര്യം കൊണ്ട്, പട്ടിണികൊണ്ട് പൊറുതിമുട്ടുമായിരുന്നു...

വയനാട്ടിലെ ഏതു കുന്നുമ്പുറത്തു നിന്നു നോക്കിയാലും ചുറ്റും കോട്ട കെട്ടിയതുപോലെ നീലമലകളാണ്. ചിലപ്പോഴവ കോടമഞ്ഞിൽ കുളിച്ചു നിൽക്കും. മേഘത്തെ ചുംബിച്ചു നിൽക്കുന്ന മലകൾക്കപ്പുറം എന്തായിരിക്കാം എന്ന ആലോചന ബാല്യത്തിൽ എന്നെയേറെ അലട്ടിയിട്ടുണ്ട്. അതിനു പലതരം ഉത്തരങ്ങൾ കണ്ടെത്തിയിരുന്നു.

കടലിനെ കുറിച്ചുള്ള വിചാരങ്ങൾ വയനാടൻ ബാല്യത്തെ പൊതുവെ അലട്ടാറില്ല. കാരണം ഞങ്ങളുടെ ഭാവനയ്ക്ക് അതിരുപണിത നീലമലകൾക്കപ്പുറമാണത്. ഗതാഗത സൗകര്യം കുറഞ്ഞ കാലത്ത് എത്ര വയനാട്ടുകാർ കടലുകണ്ടിരിക്കും? കടലിനപ്പുറമല്ല, നീലമലകൾക്കപ്പുറം എന്തായിരിക്കാം എന്ന ആലോചനയാണ് ഞങ്ങളെ കുഴക്കിയിരുന്നത്. അതിനു കണ്ടെത്തിയ ഉത്തരങ്ങളിലൊന്ന് 'ബാല്യകാല സഖി'യിലെ മജീദ് പാടിയ പാട്ടിലെ 'മക്കം കാണാം, മദീനത്തെ പള്ളീം കാണാം' എന്നതായിരുന്നു. ഉയർന്നു നിൽക്കുന്ന മരക്കൊമ്പുകളിൽ നിന്നും കുന്നുമ്പുറത്തു നിന്നും ഞങ്ങളവ കണ്ടിട്ടുണ്ട്. കയ്യെത്തും ദൂരത്തുള്ള 'വിദൂര ദേശങ്ങൾ'!

നാട്ടിലും കുടുംബത്തിലുമുള്ള പലരും ജോലി തേടി ഗൾഫിലേക്ക് പോയി തുടങ്ങിയതോടെ സങ്കൽപ്പങ്ങളിൽ മാറ്റം വന്നു. തിരിച്ചു വന്നവരുടെ വിവരണങ്ങളിൽ നിന്ന് ഒരു പുതുലോക ചിത്രം കിട്ടി. പണം വാരിക്കൂട്ടാവുന്ന ഒരിടം എന്നതായിരുന്നു അതിലൊന്ന്! അറബികൾ ഇഷ്ടം പോലെ പണം വാരി വിതറുന്നു; പ്രവാസികൾ അത് വാരി കൂട്ടുന്നു. റോഡിന്റെ ഇരു പാർശ്വങ്ങളിലും ദിർഹമുകളും ദിനാറുകളും! പണം കായ്ക്കുന്ന മരങ്ങൾ പോലും അവിടങ്ങളിൽ ഉണ്ടെന്ന് തോന്നുന്ന തരത്തിലാണല്ലോ മുൻകാല പ്രവാസികളുടെ വിവരണങ്ങൾ! 'അറബിക്കഥ'യിൽ കറുത്ത ഹാസ്യമായി ഇത്തരമൊരു പരാമർശം ശ്രീനിവാസൻ നടത്തുന്നുണ്ട്!

ഗൾഫ് എനിക്കെന്നുമതിനാൽ സ്വപ്നഭൂ

മിയായിരുന്നു; അറേബ്യ സന്ദർശിക്കുക എന്നത് ഒടുങ്ങാത്ത അഭിലാഷവും. അതിനുള്ള ആദ്യ അവസരമൊത്ത് വന്നതാകട്ടെ രണ്ടായിരത്തി പത്ത് ഓഗസ്റ്റിലായിരുന്നു. അബുദാബിയിലെ കേരള സോഷ്യൽ സെന്ററിനോട് അതിനുള്ള കടപ്പാട് പറഞ്ഞറിയിക്കാനാവാത്തതാണ്.

## മൂന്ന്

യാത്രകൾ അവനവനിലേക്കുള്ള തീർത്ഥാടനമാണ്. എന്റെ മനസ്സിന്റെ ചക്രവാളത്തെ വികസ്വരമാക്കാൻ ഓരോ യാത്രയും അവസരമേകിയിട്ടുണ്ട്. ഇന്ത്യയിലെ ഒട്ടുമിക്ക സംസ്ഥാനങ്ങളും സന്ദർശിച്ചപ്പോൾ സംസ്കാരത്തിന്റെ വൈവിധ്യവും വൈപുല്യവും എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്; ഓരോ യാത്രയും പുതുകാഴ്ചകളും പുതുലോകവും മുമ്പിൽ മലർക്കെ തുറന്നുവെച്ചു.

സത്യത്തിൽ യു.എ.ഇ സന്ദർശനം സങ്കൽപ്പലോകത്തെ ഇടിച്ചുപൊളിക്കുന്നതായിരുന്നു. ഗൾഫ് ജീവിതത്തെക്കുറിച്ചുള്ള കാൽപ്പനിക ധാരണകളെ ചീട്ടുകൊട്ടാരം കണക്കെ തകർത്തു. രാത്രി പതിന്നൊന്നു മണിക്ക് ദുബൈ എയർപോർട്ടിൽ ഇറങ്ങുമ്പോൾ അനുഭവിച്ച കൊടുംചൂട് പ്രതീകാത്മകമായി ഗൾഫ് പ്രവാസികളുടെ ചുടുനിശ്വാസത്തിന്റെ ഊഷ്മാവായി തോന്നിയത് യാദൃച്ഛികമല്ല.

ബാല്യത്തിൽ, ഗൾഫിനെക്കുറിച്ച് ആദ്യംകേട്ട 'ചൂട്' യു. എ. ഇയിലെ പതിനഞ്ചു ദിവസവും അതിന്റെ ഉയർന്ന സാന്ദ്രതയിൽ അനുഭവിച്ചു. ഗൾഫിൽ അനുവദിക്കപ്പെട്ട ദിനങ്ങൾ വളരെ കുറവായിരുന്നതുകൊണ്ടും എല്ലായിടവും കാണുവാനും പരിപാടികളിൽ പങ്കെടുക്കുവാനും ഉള്ള തിരക്കിനിടയിൽ ചൂടിനെ മറന്നു.

എന്റെ ആത്മസുഹൃത്തും അനിയൻ പുതിയാപ്ലയുമായ മുജീബ് ദുബൈയിൽ ജോലിചെയ്യുന്നുണ്ട്. അവനും സുഹൃത്ത് അശ്റഫും, ദുബൈ എയർപോർട്ടിൽ എന്നെ കാത്തു നിൽക്കുന്നുണ്ടായിരുന്നു. എയർപോർട്ടിൽ നിന്ന് കാറിലേക്കുള്ള നടത്തം അക്ഷരാർത്ഥത്തിൽ ചുട്ടുപൊള്ളിച്ചു. അശ്റഫിന്റെ ഫ്ളാറ്റിലേക്കുള്ള യാത്രയിൽ ഒരു കൊച്ചുകുഞ്ഞിന്റെ കൗതുകത്തോടെ പുറംലോകത്തെ നിയോൺ വെളിച്ചത്തിൽ മുങ്ങിയ ദുബൈയുടെ സൗന്ദര്യം ആസ്വദിച്ചു.

പിറ്റേ ദിവസമായിരുന്നു അബുദാബി കേരള സോഷ്യൽ സെന്ററിന്റെ ആഭിമുഖ്യത്തിലുള്ള സാഹിത്യ ക്യാമ്പ്. ദുബൈയിൽ നിന്ന് ബസ്സ് മാർഗ്ഗം അബുദാബിയിലേക്കുള്ള യാത്രയിൽ സുഹൃത്ത് മുജീബുമുണ്ടായിരുന്നു. യു. എ. ഇയുടെ ഭൂമിശാസ്ത്രം നന്നായി അറിയുന്നവനാണ് മുജീബ്. അതിനാൽ ഒരു ഗൈഡിനെ പോലെ ഓരോ കാര്യങ്ങളും അവൻ പറഞ്ഞു തന്നുകൊണ്ടേയിരുന്നു. 'ആടുജീവിത'ത്തിലൂടെ തീവ്രമായി അനുഭവിച്ച മരുഭൂമിയുടെ ഭീകരത മരുഭൂമി കണ്ടപ്പോൾ മനസ്സിലൂടെ കടന്നുപോയി. യാത്രയിലെ ഓരോ കാഴ്ചകളും ഗൾഫും കേരളവും തമ്മിലുള്ള അന്തരം ബോധ്യപ്പെടുത്തി തന്നു. യു. എ. ഇയിൽ നിന്ന് ഇനിയും എത്രയെത്ര കാര്യങ്ങൾ നാം പഠിക്കേണ്ടിയിരിക്കുന്നു?

കേരള സോഷ്യൽ സെന്ററിലെ സാഹിത്യ ക്യാമ്പ് മുൻധാരണകളെ തിരുത്തി. കേരളത്തിൽ നടക്കാറുള്ള സാഹിത്യ ക്യാമ്പുകളിൽ പോലും കാണാത്ത സജീവത ക്യാമ്പ് അംഗങ്ങളിൽ കണ്ടു. അമ്പതിലേറെ പ്രവാസി എഴുത്തുകാർ അച്ചടക്കത്തോടെ, നിറഞ്ഞ ആത്മാർത്ഥതയോടെ ക്യാമ്പിനെ സജീവമാക്കി. എ. എ മുഹമ്മദും, ശിഹാബുദ്ദീൻ പൊയ്ത്തും കടവും ക്യാമ്പിൽ സംബന്ധിച്ചത് ക്യാമ്പിനെ ഗൗരവതരമാക്കി. പ്രവാസിയെഴുത്തിന്റെ ആത്മാവ് അറിയുന്നവരാണല്ലോ അവർ.

അബുദാബിയിലെ സോഷ്യൽ സെന്ററിന്റെ അകത്തളം കേരളം പറിച്ചു നട്ടതുപോലെയാണ്. മലയാളത്തിൽ ബോർഡ്, സോഷ്യൽ സെന്റർ ഓഡിറ്റോറിയത്തിനകത്ത് കേരളീയ നാട്ടുമ്പുറത്തെന്നപോലെ ഉണ്ടയും പഴം പൊരിയും കിട്ടുന്ന തട്ടുകട..ആകപ്പാടെ കേരളത്തിന്റെ കൊച്ചുപതിപ്പ്.

കേരളത്തിൽ നടക്കാറുള്ള സാഹിത്യ ക്യാമ്പുകളേക്കാൾ ആവേശകരമായി തോന്നി സോഷ്യൽ സെന്ററിലേത്. ക്യാമ്പംഗങ്ങളിൽ ഒട്ടുമിക്കപേരും എഴുത്തുകാർ. അവരിൽ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചവർ ഒട്ടേറെ. കവി അസ്മോപുത്തൻചിറ മുതൽ പത്രപ്രവർത്തകനും എഴുത്തുകാരനുമായ സഫറുള്ള പാലപ്പെട്ടിവരെ. ബ്ലോഗെഴുത്തുകാർ ഒട്ടേറെ.

സോഷ്യൽ സെന്ററിൽ മൂന്ന് പ്രഭാഷണങ്ങൾ നടത്തുവാൻ എനിക്കവസരം ലഭിച്ചു. സാഹിത്യ ക്യാമ്പിനു പുറമെ നാടക ക്യാമ്പിന്റെ സമാപന ചടങ്ങിലും 'രാമായണത്തിന്റെ ബഹുസ്വരത'യെപ്പറ്റി ക്ഷണിക്കപ്പെട്ട സദസ്സിനു മുമ്പിലും. രാമായണത്തിന്റെ നാടോടി രൂപങ്ങളെ പറ്റിയാണ് എന്റെ ഗവേഷണം. അതിനാൽ പ്രസ്തുത പരിപാടി കൂടുതൽ ഹൃദ്യമായി തോന്നി. സോഷ്യൽ സെന്ററിലെ മലയാളി സുഹൃത്തുക്കളുടെ സ്നേഹം വീർപ്പുമുട്ടിക്കുന്നതാണ്.

ഇപ്പോൾ ഗൾഫ് എന്നു പറഞ്ഞാൽ പതിനഞ്ചു ദിവസം ഞാൻ ആവോളം നുകർന്ന സ്നേഹമാണ്; തിരക്കുകൾക്കിടയിലും ഫ്ളാറ്റുകളിലേക്ക് ക്ഷണിച്ചവരുടെ മറക്കാനാവാത്ത മുഖമാണ്.

## നാല്

ഗൾഫിലെ മലയാളികൾ മണ്ണിൽ പ്ലാസ്റ്റിക്കെന്ന പോലെയാണ്. അവർ അറേബ്യൻ മണ്ണിൽ ലയിച്ചു ചേർന്നിട്ടില്ല. അല്ലേലും എന്നും തിരിച്ചു പോക്കിനെപ്പറ്റി മാത്രം ചിന്തിക്കുന്നവർക്കെന്ത് അറേബ്യൻ മണ്ണും സംസ്കാരവും സാഹിത്യവും?

ബാല്യത്തിൽ സങ്കൽപ്പിച്ച പണം കായ്ക്കുന്ന മരങ്ങളൊന്നും യു.എ. ഇയിൽ കണ്ടില്ല. അൽഐനിൽ നടന്ന ഒരു പ്രഭാഷണ പരിപാടിക്കിടെ ഒരാൾ ചോദിച്ചു: "നാട്ടിൽ നിന്ന് ചിന്തിക്കുമ്പോൾ ഗൾഫിനെക്കുറിച്ചുള്ള ചിത്രമെന്താണ്?" എനിക്ക് ഏറെയൊന്നും ആലോചിക്കേണ്ടി വന്നില്ല. പഴയ പണം കായ്ക്കുന്ന മരം, റോഡരികിൽ അറബികൾ വാരി വിതറിയ പണം....ഇവയൊക്കെ രസകരമായി വിശദീകരിച്ചപ്പോൾ മറ്റൊരാളുടെ ചോദ്യം ഇങ്ങനെ: "ഇപ്പോൾ, ഇവിടെ ഗൾഫിൽ എത്തിയപ്പോൾ എന്തുതോന്നി?" – എന്റെ മനസ്സ് നിറയെ മുസഫയിലെ ലേബർ ക്യാമ്പിന്റെ ചിത്രങ്ങളായിരുന്നു. ദുബായിൽ നിന്നും പരിചയപ്പെട്ട മുപ്പത് വർഷം പിന്നിട്ട പ്രവാസി വൃദ്ധന്റെ ചിത്രവും. അവ എന്റെ മനസ്സിൽ ഏൽപ്പിച്ച ആഘാതം അത്രമേലായിരുന്നു. എനിക്കവ വിശദീകരിക്കേണ്ടിവന്നു.

ലേബർ ക്യാമ്പിൽ താമസിച്ച്, കഠിനാധ്വാനം ചെയ്ത് അയക്കുന്ന പണത്തിന്റെ വില നാട്ടിലുള്ളവർ അറിയുന്നുണ്ടാകുമോ? പണക്കൊ



ഴുപ്പിന്റെ അഹങ്കാരത്തോടെ കാമ്പസിൽ വരുന്ന വിദ്യാർത്ഥികളെ കാണുമ്പോൾ ഞാൻ പാവപ്പെട്ട പ്രവാസികളെ ഓർക്കാറുണ്ട്. 'ഫാദർ എന്തുചെയ്യുന്നു' എന്നു ചോദിക്കുമ്പോൾ 'ഗൾഫിലാണ്' എന്നുത്തരം പറയുന്നവരോട്, അറിയാതെ, 'നന്നായി പഠിക്കണം' എന്ന് ഉപദേശിച്ചു പോകാറുണ്ട്. ഗൾഫിലെ പൊരിവെയിലത്ത് വിയർപ്പൊഴുക്കി അയക്കുന്ന പണത്തിന്റെ മൂല്യവും പ്രവാസിക്ക് അവരുടെ മക്കളിലൂടെയുള്ള സ്വപ്നങ്ങളും എന്നിലേക്കപ്പോൾ ആവാഹിക്കും.

ദുബൈയിൽ നിന്ന് പരിചയപ്പെട്ട, പ്രവാസത്തിന്റെ മുപ്പത് വർഷങ്ങൾ പിന്നിട്ടയാളെ ആദ്യം കണ്ടത് പന്ത്രണ്ടു പേർ താമസിക്കുന്ന ഒരു കുടുസ്സു മുറിയിൽ വെച്ചാണ്. റൂമിൽ അപ്പോൾ അരണ്ട വെട്ടമെ ഉണ്ടായിരുന്നുള്ളൂ. ഏ. സിയുടെ തണുപ്പ്, വല്ലാത്തൊരു ആശ്വാസം പകർന്നിരുന്നു. രാത്രിയും പകലും ജോലിചെയ്യുന്നവർ ആ മുറിയിൽ താമസിച്ചിരുന്നു. അതിനാൽ ശബ്ദമുണ്ടാക്കരുത് എന്നും ഉറങ്ങുന്നവർക്ക് വിഘ്നം വരുത്തരുതെന്നും ആദ്യമെ എനിക്ക് മുന്നറിയിപ്പ് കിട്ടിയിരുന്നു. മൂന്ന് തട്ടുകളിലായിട്ടാണ് ആളുകൾ കിടന്നിരുന്നത്. അത്തരമൊരു തട്ടിന്റെ ഏറ്റവും അടിയിൽ ഉറങ്ങാൻ ഒരുങ്ങുന്ന വൃദ്ധനായ പ്രവാസി എന്നോട് വിശേഷങ്ങൾ ചോദിച്ചു. "താങ്കൾ എത്ര വർഷമായി ദുബായിൽ എത്തിയിട്ട്" എന്നു ഞാൻ തിരിച്ചു ചോദിച്ചപ്പോൾ ഒരു ജ്ഞാനിയെപ്പോലെ അയാൾ അൽപനേരം മൗനിയായി. ഒരാത്മ വിചാരണ പോലെ പിന്നീടയാൾ പറഞ്ഞു: "മുപ്പത് വർഷവും നാലുമാസവും". നാട്ടിൽ വല്ലതും സമ്പാദിച്ചിട്ടുണ്ടോ എന്ന എന്റെ ചോദ്യത്തിന് ഒരു നീണ്ട മറുപടി അയാൾ പറഞ്ഞു. "മകളെ നല്ല നിലയിൽ വിവാഹം ചെയ്തയക്കുക, സ്വന്തമായി ഒരു വീടുണ്ടാക്കുക ഇതൊക്കെയായിരുന്നു ദുബായിലേക്ക് വരുമ്പോഴുണ്ടായിരുന്ന സ്വപ്നങ്ങൾ" അദ്ദേഹം പറഞ്ഞു തുടങ്ങി. "മകളെ നല്ല നിലയിൽ കെട്ടിച്ചയച്ചു. ഇപ്പം അവളുടെ മകളെ കെട്ടിച്ചയക്കാനായി. അതുകൂടി കഴിഞ്ഞിട്ട് തിരിച്ചു പോണം...."

വൃദ്ധൻ വീണ്ടും മൗനത്തിലാണ്ടു. "അപ്പോൾ വീടൊ?" ഞാൻ ചോദിച്ചു. "മൂവായിരം സ്ക്വയർഫീറ്റുള്ള വീട് നാട്ടിലുണ്ടാക്കി. മക്കളൊക്കെ നല്ല നിലയിലായി..." അൽപം നിർത്തി അയാൾ ഒരാത്മഗതം പോലെ തുടർന്നു. 'വർഷങ്ങളായിട്ട് ഞാൻ കിടക്കുന്നത് ഈ മുറിയിൽ ഈ സ്ഥലത്താണ്." മൂന്ന് തട്ടുകളുള്ള കട്ടിലിന്റെ ഏറ്റവും അടിയിൽ. അടുത്തു കിടക്കുന്ന തൊഴിലാളിയെ ശല്യം ചെയ്യാതെ, ശബ്ദമുണ്ടാക്കാതെ.

ഈ മനുഷ്യന്റെ മകനും ഒരുപക്ഷേ ഞാൻ പഠിപ്പിക്കുന്ന കാമ്പസിൽ ബൈക്കിൽ ചീറി വന്ന് ഒരു ദുരന്തനാടകത്തിലെ കോമാളിയെ പോലെ പാവപ്പെട്ട വിദ്യാർത്ഥികളുടെ ശ്രദ്ധയാകർഷിക്കുന്നുണ്ടാവണം!

□

ബാർ കലാപത്തെക്കുറിച്ച് ഒരു തെറ്റിദ്ധാരണ നീക്കി എന്ന് സമ്മതിച്ചാൽ തന്നെ മുസ്‌ലിം സമുദായം കണക്കില്ലാത്ത പെണ്ണു കെട്ടുന്നവരും ബാലരതിയിൽ തല്പരരുമാണെന്നുമുള്ള നിരവധി പ്രചാരണങ്ങൾ അഴിച്ചുവിട്ടത് മാർക്സിസ്റ്റ് പാർട്ടിയാണ്. മലബാർ കലാപത്തെക്കുറിച്ചുള്ള മുറിവ് കാലം ഉണക്കിയെങ്കിലും ഇനിയും ഉണങ്ങാത്ത ഒട്ടനേകം വ്രണങ്ങൾ കമ്യൂണിസ്റ്റ് പാർട്ടി ഈ സമുദായത്തിന് സമ്മാനിച്ചിട്ടുണ്ട്. അവർ അവകാശപ്പെടുന്ന കാര്യങ്ങളെല്ലാം തന്നെ അവഗണിക്കാൻ പോന്നതാണ്. ഇസ്‌ലാമിക ശരീഅത്തിനെക്കുറിച്ചോ മുസ്‌ലിം സമുദായത്തെ പറ്റിയോ യാതൊന്നും അറിയാത്തവരാണ് കമ്യൂണിസ്റ്റുകൾ. മാർക്സും ഏംഗൽസും ഇസ്‌ലാം മതത്തെ അറിഞ്ഞിട്ടില്ല. ഇപ്പോൾ വർഗ രാഷ്ട്രീയം പരാജയപ്പെട്ടതുകൊണ്ടാണ് സ്വത്വ രാഷ്ട്രീയത്തിലേക്ക് കടക്കാൻ അവർ ശ്രമിക്കുന്നത്. അതും പരസ്യപ്പെടുത്താതെ രഹസ്യമായിക്കൊണ്ട്. തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുള്ള ഒരു പൊളിറ്റിക്കൽ തട്ടിപ്പ് മാത്രമാണത്.

ബാബരി മസ്ജിദാണല്ലോ ഇന്ത്യൻ മുസ്‌ലിംകൾ അനുഭവിച്ച മറ്റൊരു വലിയ പ്രശ്നം. അന്ന് ഇ.എം.എസ് തിരൂരിൽ വന്ന് പ്രസംഗിച്ചത് അതിനെ മൂന്നായി വീതംവെച്ച് പള്ളിയും അമ്പലവും നിർമിക്കണമെന്നാണ്. മുസ്‌ലിംകളുടെ ആത്മവിശ്വാസവും പ്രതീക്ഷയും നഷ്ടപ്പെടുത്തുന്ന നിലപാടുകളാണ് അന്ന് ഇടതുപക്ഷത്തിന്റേതായുണ്ടായത്. മുസ്‌ലിംകളുടെ കണ്ണീരൊപ്പാൻ അന്ന് ബാധ്യതപ്പെട്ടവർ മുസ്‌ലിം സംഘടനകളേക്കാൾ, ഇടതുപക്ഷമടങ്ങുന്ന പാർട്ടികളാണ്. എന്നാൽ അന്നോ ഇന്നോ അത് വേണ്ടവിധത്തിൽ അവർ നിർവഹിക്കുന്നില്ല. മോഡിയെ കോൺഗ്രസ് എതിർക്കാത്തതുകൊണ്ട് ഞങ്ങൾ കോൺഗ്രസിനെ എതിർക്കുന്നു എന്ന വിചിത്ര വാദമാണ് അവർ കൊണ്ടുവരുന്നത്. കോൺഗ്രസിനെ എതിർക്കുന്ന അത്ര ശക്തിയിൽ ബിജെപിയെ എതിർക്കാൻ അവർക്ക് സാധിക്കാത്തത് സഹജമായ ഹിന്ദുത്വ മനോഭാവം കൊണ്ടാണ്.

> പൊതുമണ്ഡലത്തിൽ നിന്ന് വീക്ഷിക്കുമ്പോൾ മുസ്‌ലിം നവോത്ഥാനം ഒരു സ്തംഭനാവസ്ഥയിലൂടെയാണ് മുന്നോട്ട് പോകുന്നതെന്ന് കാണാൻ സാധിക്കും. സമസ്തയുടെ ബാപ്പു മുസ്ല്യാർ വിളിച്ചു ചേർത്ത ഒരു യോഗത്തിൽ എല്ലാ മുസ്‌ലിം സംഘടനകളും ഒപ്പ് വെക്കുക എന്നതിൽ നവോത്ഥാനത്തിന്റെ ഒരു സ്തംഭനം കൃത്യമായി കാണാൻ സാധിക്കും.

ഡോ. അസീസ് തരുവണ

# 'മാനവിക മുസ്‌ലിം സംഗമം' ഒരു ക്രിയാത്മക ഇടപെടലാണ്

സമീപ കാലത്ത് കേരളത്തിലെ മുസ്‌ലിം സമുദായത്തിന്റെ പ്രശ്നങ്ങൾ പൊതുമണ്ഡലത്തിൽ ഏറെ ചർച്ച ചെയ്യപ്പെടുന്നുണ്ട്. വിവാഹപ്രായം പോലുള്ള വിഷയങ്ങൾ ഇവിടുത്തെ മുസ്‌ലിം സംഘടനകൾ വളരെ മുമ്പ് തന്നെ ചർച്ച ചെയ്ത ഒന്നാണ്. എന്നാൽ അതിനപ്പുറം ഇത്തരം വിഷയങ്ങളിൽ എഴുത്തുകാർ, സാംസ്കാരിക പ്രവർത്തകർ, രാഷ്ട്രീയക്കാർ തുടങ്ങിയവർ സ്വീകരിക്കുന്ന നിലപാടുകൾ നമുക്ക് വ്യക്തമായിട്ടില്ല. ഇയൊരു സാഹചര്യത്തിലാണ് വ്യത്യസ്ത ചിന്താധാരകളിലുള്ളവരെ മാനവിക മുസ്‌ലിം സംഗമം എന്ന പേരിൽ ഒരുമിച്ചു കൂട്ടുന്നത്. മുമ്പും ഇത്തരത്തിലുള്ള ഇടപെടലുകൾ ഉണ്ടായിട്ടുണ്ട്. എൺപതുകളിൽ ശരീഅത്ത് വിവാദ കാലത്ത് എൻ പി മുഹമ്മദിന്റെ അഭിപ്രായ പ്രകടനങ്ങളൊക്കെ അതിന്റെ ഭാഗമാണ്. അതിനാൽ തന്നെ ഈ കൂട്ടായ്മ വ്യത്യസ്ത ചിന്താധാരകൾ പുലർത്തുന്നവരുടേതാണ്. ഇൻസൈഡർ ക്രിട്ടിക്സ് എന്നു നാം വിളിക്കുന്ന പോലെ ഔട്ട്സൈഡർ ക്രിട്ടിക്സും ഇതിൽ ഭാഗവാക്കായിട്ടുണ്ട്. അതിൽ പങ്കെടുത്ത ആളുകളെ നിരീക്ഷിച്ചാൽ അത് പെട്ടെന്ന് ബോധ്യമാകും. വളരെ ക്രിയാത്മകമായ നിർദേശങ്ങളാണ് പലരും ഇതിൽ മുന്നോട്ട് വെച്ചത്, അതൊരിക്കലും തന്നെ സമുദായത്തെ സംബന്ധിച്ച് നെഗറ്റീവ് പ്രവണതയായിരുന്നില്ല. ഉദാഹരണത്തിന്, മുസ്‌ലിം സമുദായത്തിൽ പ്രീമാരിറ്റൽ കോഴ്സ് തുടങ്ങേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് ശിഹാബുദ്ധീൻ പൊയ്ത്തുംകടവ് സംസാരിച്ചത്.

സമുദായത്തിലെ അംഗങ്ങൾ കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്ന പ്രവണത വർധിച്ചു വന്നിട്ടുണ്ട്, അതിനാൽ മദ്റസ പാഠപുസ്തകങ്ങൾ കുറച്ചുകൂടി ശാസ്ത്രീയമാക്കണം. ഇത്രയേറെ മതം പഠിച്ചിട്ടും അത് ഉള്ളിൽ തട്ടാത്തതിന് കാരണം ആത്മീയതയുടെ ചോർച്ചയാണ്. ഇവിടെ ചർച്ചക്ക് വന്ന മറ്റൊന്ന് ഇന്ത്യയിലെ മുസ്‌ലിം വ്യക്തിനിയമമാണ്. ഇന്ത്യൻ വ്യക്തി നിയമം പലതും ഇസ്‌ലാമികമോ മനുഷ്യാവകാശപരമോ അല്ല. ശിയാക്കൾക്ക് മുത്അ വിവാഹം അനുവദിച്ചിരിക്കുന്നതും, മുത്വലാഖിന്റെ നിയമ സാധുതയും വലിയ മനുഷ്യവകാശ പ്രശ്നം കൂടിയാണ്. അതുകൊണ്ട് മുസ്‌ലിം വ്യക്തി നിയമം പരിഷ്കരിക്കപ്പെടണം. അന്ധവിശ്വാ

സങ്ങളുടെ ക്രമാതീതമായ വർധന ആശങ്കാജനകമാണ്. അങ്ങേയറ്റം കോർപ്പറേറ്റ് വത്കരിക്കപ്പെട്ട രൂപത്തിലാണ് മതസംഘടനകൾ പ്രവർത്തിക്കുന്നത്. പ്രവാചകന്റെ പേരിലുള്ള മുടിയും നാൽപതു കോടിയുടെ പള്ളിയും ആട് മേയ്ക്കാൻ ജീവിതം ഉഴിഞ്ഞുവെക്കുന്ന വിഭാഗവും ഇതിന്റെയെല്ലാം പ്രതിഫലനമാണ്. നവോത്ഥാനത്തിന്റെ വലിയ പൈതൃകം അവകാശപ്പെടുന്ന കേരളത്തിലാണ് ഇതൊക്കെ നടക്കുന്നത്. ഇതിനെതിരെ സമുദായ സംഘടനകൾക്കുള്ളിൽ നിന്നെന്ന പോലെ പുറത്ത് നിന്നും ശബ്ദം ഉയരേണ്ടതുണ്ട്.

അവിടെ ക്ഷണിക്കപ്പെട്ട ഞാനടങ്ങുന്ന എല്ലാവർക്കും കൃത്യമായ വിഷയങ്ങൾ നൽകിയിരുന്നു. കേരളീയ മുസ്‌ലിം നവോത്ഥാനത്തിനെന്തു സംഭവിച്ചു എന്നതിനെക്കുറിച്ച് സംസാരിക്കാനാണ് എന്നോടാവശ്യപ്പെട്ടത്. പൊതുമണ്ഡലത്തിൽ നിന്ന് വീക്ഷിക്കുമ്പോൾ മുസ്‌ലിം നവോത്ഥാനം ഒരു സ്തംഭനാവസ്ഥയിലൂടെയാണ് മുന്നോട്ട് പോകുന്നതെന്ന് കാണാൻ സാധിക്കും. സമസ്തയുടെ ബാപ്പു മുസ്ല്യാർ വിളിച്ചു ചേർത്ത ഒരു യോഗത്തിൽ എല്ലാ മുസ്‌ലിം സംഘടനകളും ഒപ്പ് വെക്കുക എന്നതിൽ നവോത്ഥാനത്തിന്റെ ഒരു സ്തംഭനം കൃത്യമായി കാണാൻ സാധിക്കും. മറ്റൊന്ന്, കേരളത്തിൽ മുസ്‌ലിം നവോത്ഥാനത്തിന് വേണ്ടി വക്കം മൗലവി, കെ എം മൗലവി അടക്കമുള്ളവർ പ്രയത്നിക്കുന്ന അതേ വേളയിൽ തന്നെ കെ ടിയുടെ നാടകവും ബഷീറിന്റെ കൃതികളും അതിന് കാരണമാകുന്നുണ്ട്. സാഹിത്യം, കലാരൂപങ്ങൾ തുടങ്ങിയവയിലൂടെ നിർവഹിക്കപ്പെട്ടിരുന്ന നവോത്ഥാനത്തിന്റെ തുടർച്ചയാണ് ഇത്തരം മാനവിക സംഗമങ്ങൾ. ഒട്ടേറെ വിദ്യഭ്യാസ പ്രവർത്തനങ്ങൾ നടത്തിയ എം ഇ എസ് പോലുള്ളവ ഇന്ന് കേവലം കച്ചവട തൽപരരായി മാറുന്നു. പാരമ്പര്യ മുസ്‌ലിം സംഘടനകളെല്ലാം ഏകധാരയിൽ മുന്നോട്ട് പോകുന്നു. വക്കം മൗലവിയും മക്തി തങ്ങളും ഊന്നിപ്പറഞ്ഞ സ്ത്രീവിദ്യഭ്യാസം നിഷേധിക്കപ്പെടുന്ന പ്രവണത മുസ്‌ലിം സംഘടനകളുടെ ഭാഗത്ത് നിന്ന് തന്നെ ഉണ്ടാവുന്നു. ഇത്തരം കാര്യങ്ങൾ വിശാലമായ ഒരു പ്ലാറ്റ്ഫോമിൽ ച



*ഡോ. അസീസ് തരുവണ*

ർച്ച ചെയ്യേണ്ടതുണ്ട്.

സമുദായ പ്രശ്നങ്ങളിൽ ഇതുവരെ അഭിപ്രായമുന്നയിക്കാത്ത പലരും വളരെ ക്രിയാത്മകമായാണ് ഇവിടെ സംസാരിച്ചത്. മുസ്‌ലിം സ്വത്വം എന്നത് പ്രശ്നമുള്ളവരും അംഗീകരിക്കുന്നവരും ഇതിൽ പങ്കെടുത്തിട്ടുണ്ട്. ഞാൻ മനസ്സിലാക്കിയടത്തോളം മുസ്‌ലിം ഐഡന്റിറ്റിയിൽ നിൽക്കാൻ താൽപര്യമില്ലാത്ത ഒരാളാണ് ഹമീദ് ചേന്നമംഗല്ലൂർ. അദ്ദേഹം അതിൽ പങ്കെടുക്കുകയും വളരെ പോസിറ്റീവായ നിർദേശങ്ങൾ നൽകുകയും ചെയ്തു. ഇത്തരത്തിലുള്ള ആളുകളൊക്കെ 'മുസ്‌ലിം' സംഗമത്തിൽ പങ്കെടുത്തുവെന്നത് ഐഡന്റിറ്റിയുടെ ഭാഗത്ത് നിന്ന് ചർച്ച ചെയ്യേണ്ടതാണ്. അവർക്ക് ഇത്തരത്തിൽ സംസാരിക്കാൻ സാ


സമുദായ സംഘടനകൾക്കകത്തു നിൽക്കുന്നവർ അമാനവികരാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. മാനവികത എന്ന വിശാല തലത്തിൽ നിന്നുകൊണ്ട് മുസ്‌ലിം ഐഡന്റിറ്റിയിൽ ഉള്ളവരും ഇല്ലാത്തവരും ഒത്തുചേർന്ന ആദ്യത്തെ പരിപാടിയായിരിക്കും ഇത്. ഇവിടെ ചർച്ച ചെയ്ത പലതും സമുദായ സംഘടനകളോട് കൂടി ആലോചിക്കാൻ വരെ ധാരണയായിട്ടുണ്ട്.


ധിക്കുന്നത് മനുഷ്യാവകാശത്തിന്റെയും മാനവികതയുടേയും ഭാഗത്ത് നിന്നുകൊണ്ടാവണം. മതത്തിന്റെ ഭാഗത്ത് നിന്നില്ലെങ്കിലും മാനവിക പ്രശ്നങ്ങൾ എന്ന നിലക്ക് സമുദായത്തിന്റെ കാര്യം അവർക്കും പറയാവുന്നതാണ്. വിശ്വാസികളല്ലെങ്കിലും ജനിച്ച സമുദായത്തിന്റെ ഐഡന്റിറ്റി പരിഗണിച്ചാവാം മാനവിക മുസ്‌ലിം സംഗമത്തിൽ അവർ പങ്കെടുത്തത്. അഡ്വ. സീനത്ത്, ഖദീജ മുംതാസ് തുടങ്ങിയവരാണ് ഇതിന്റെ സംഘാടനത്തിന് മുൻകൈ എടുത്തത് എന്ന നിലക്ക്, മുസ്‌ലിം പ്രശ്നങ്ങൾ സ്ത്രീകളുടെ ഭാഗത്ത് നിന്ന് ഉന്നയിക്കപ്പെടുന്നുവെന്നത് ശ്രദ്ധേയമാണ്. ഖുർആനിന്റെയും ഇസ്‌ലാമിന്റെയും സാധ്യതകൾ വർധിപ്പിക്കുന്ന തരത്തിലുള്ള നിരവധി വായനകൾ ഇപ്പോൾ ആഗോളതലത്തിൽ തന്നെ നടക്കുന്നുണ്ട്. അതൊന്നും തന്നെ ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങൾക്ക് വിരുദ്ധമാകുന്നില്ല.

സമുദായ സംഘടനക്കകത്ത് നിന്നുകൊണ്ടും പുരോഗമന കാഴ്ചപ്പാടുകൾ പുലർത്തുന്നവരുടെ നിലപാടുകൾ ചർച്ച ചെയ്യേണ്ടതാണ്. സത്യത്തിൽ, യൂത്ത് ലീഗ് നേതാവ് പി കെ ഫിറോസിന്റെ ലേഖനമാണ് ഇവിടുത്തെ മുസ്‌ലിം സംഘടനകളെ രണ്ടാമതൊന്നു കൂടി ആലോചിക്കാൻ പ്രേരിപ്പിച്ചത്. സമുദായ സംഘടനക്കകത്ത് നിൽക്കുന്നവരെപ്പോലെ പുറത്ത് നിൽക്കുന്നവർക്കും അഭിപ്രായം പറയാമല്ലോ? ഈ സംഗമത്തിൽ പങ്കെടുത്ത എല്ലാവരും വിശ്വാസികളാണെന്ന് അഭിപ്രായമില്ല. എന്നാൽ ഭൂരിപക്ഷവും യഥാർഥ വിശ്വാസികൾ തന്നെയാണ്. സമുദായ സംഘടനകൾക്കകത്തു നിൽക്കുന്നവർ അമാനവികരാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. മാനവികത എന്ന വിശാല തലത്തിൽ നിന്നുകൊണ്ട് മുസ്‌ലിം ഐഡന്റിറ്റിയിൽ ഉള്ളവരും ഇല്ലാത്തവരും ഒത്തുചേർന്ന ആദ്യത്തെ പരിപാടിയായിരിക്കും ഇത്. ഇവിടെ ചർച്ച ചെയ്ത പലതും സമുദായ സംഘടനകളോട് കൂടി ആലോചിക്കാൻ വരെ ധാരണയായിട്ടുണ്ട്. അത്കൊണ്ട് തന്നെ ഇത്തരം ആളുകളെ പെട്ടെന്ന സമുദായ വിരുദ്ധരാക്കി ചിത്രീകരിക്കുന്നത് ഭൂഷണമല്ല.



# മാറ്റം അനിവാര്യം

എഴുത്തുകാരനും ഫാറൂഖ് കോളജ് അധ്യാപകനുമായ

ഇൻഫോസിസിലെ സുധാമൂർത്തി എഴുതിയ ഒരനുഭവം ഇങ്ങനെ: സന്ദർഭം ഒരു സംഗീത സദസ്സ്. പരിപാടികൾ തുടങ്ങുന്നതിന്റെ തൊട്ടുമുമ്പുള്ള വേളയിൽ, തൊട്ടടുത്തിരിക്കുന്ന രണ്ടു സ്ത്രീകൾ തമ്മിലുള്ള സംസാരം സുധാമൂർത്തി കേൾക്കുകയാണ്. ആദ്യത്തെ സ്ത്രീ: 'എന്റെ മകളെ കൊണ്ട് ഞാൻ തോറ്റു. അവളെ എന്തു ചെയ്യണമെന്ന് എനിക്ക് ഒരെത്തും പിടിയും കിട്ടുന്നില്ല. അവൾക്ക് ഒന്നിലും ഒരു താൽപര്യവുമില്ല; ഒരക്ഷരം വായിക്കുകയില്ല. വെറും മണങ്ങൂസ്. എന്താ ഞാനിവളെക്കൊണ്ട് ചെയ്യേണ്ടൂ, ദൈവമേ!' രണ്ടാം സ്ത്രീ: 'താനിത്ര വേവലാതിപ്പെടുന്നതെന്തിന്? അവളെ ഒരു ടീച്ചറാക്കാൻ നോക്ക്!'

ഈയൊരു സംഭവം, വിദ്യാഭ്യാസ മേഖലയിൽ സ്ത്രീ പങ്കാളിത്തം വർധിക്കുന്നുവോ എന്ന ചർച്ചകളിലെല്ലാം 'ഗുണമേന്മ'യെപ്പറ്റി പറയുന്നേടത്ത് ഉദ്ധരിക്കാറുള്ളതാണ്. ഈയൊരു സംഭാഷണം സാമാന്യവത്കരിക്കുന്നത് ഉചി

## ഡോ. അസീസ് തരുവണ



തമാണോ എന്നാലോചിക്കേണ്ടതുണ്ട്.

ദളിത് സമൂഹത്തിനെ പോലെ അക്ഷരം വിലക്കപ്പെട്ടവരായിരുന്നു കേരളീയ സ്ത്രീ സമൂഹവും. സമീപകാലത്താണ് വിദ്യാഭ്യാസരംഗത്ത് സ്ത്രീ മുന്നേറ്റം സാധ്യമായത്. ഇ.എം.എസ് നമ്പൂതിരിപ്പാട് തന്റെ ആത്മകഥയിൽ പറയുന്നത്, അദ്ദേഹം പഠിക്കുന്ന 1920 കാലത്ത്, കൂടെ ഒരൊറ്റ സ്ത്രീയും പഠിക്കാനുണ്ടായിരുന്നില്ല എന്നാണ്. അദ്ദേഹം പഠിച്ച സ്കൂളിലോ സമീപസ്ഥ സ്കൂളുകളിലോ ഒരൊറ്റ പെൺകുട്ടിയും ഉണ്ടായിരുന്നില്ലത്രെ. 1948-ൽ സ്ഥാപിതമായ കേരളത്തിലെ ആദ്യത്തെ മുസ്‌ലിം കോളജായ ഫാറൂഖ് കോളജിൽ ഒരു പെൺകുട്ടി പഠിക്കാനെത്തുന്നത് 1959-ലാണ്. പത്തു വർഷത്തിനു ശേഷം. എടവണ്ണ സ്വദേശി ചെറുമി. എന്നാൽ ഇന്ന് ഫാറൂഖ് കോളജിലടക്കം എഴുപത് ശതമാനം പെൺകുട്ടികളാണ് പഠിക്കുന്നത്. സ്കൂൾ അധ്യാപകരിൽ എഴുപത് ശതമാനത്തോളം അധ്യാപികമാരാണെന്നു പഠനങ്ങൾ തെളിയിക്കുന്നു. സ്വാശ്രയ വിദ്യാലയങ്ങളിലിത് എൺപതു ശതമാനത്തോളമാണ്. നഴ്സിങ് പോലെ അധ്യാപനവും ഒരു പെൺപണിയായി മാറിക്കൊണ്ടിരിക്കുന്നു. ഇതിനെ ആശങ്കയോടെ കാണുന്ന രീതി ശരിയല്ലെന്നാണ് എന്റെ അഭിപ്രായം. ഒരുകാലത്ത് വിദ്യ നിഷേധിക്കപ്പെട്ടവർ ഉയർത്തെഴുന്നേൽക്കുന്നതിനെ സ്വാഗതം ചെയ്യപ്പെടുകയാണ് വേണ്ടത്. എന്നാൽ പുരുഷാധിപത്യം കൊടികുത്തിവാഴുന്ന നമ്മുടെ സമൂഹത്തിൽ വിദ്യാഭ്യാസ മേഖല സ്ത്രൈണവത്കരിക്കപ്പെടുന്നത്, അറിവ് എന്ന അധികാരത്തിനു മേലുള്ള കടന്നുകയറ്റമായി പുരുഷലോകം കാണുക സ്വാഭാവികമാണ്. സ്ത്രീകൾ അധ്യാപനരംഗം കയ്യടക്കിയാൽ വിദ്യാഭ്യാസത്തിന്റെ 'ക്വാളിറ്റി' പോകുമെന്നാണ് മറുവാദം. പുരുഷ അധ്യാപകർക്കെല്ലാം നല്ല 'അധ്യാപന ക്വാളിറ്റി'യുണ്ടെന്നും അവരെല്ലാം മഹാ വായനക്കാരും പണ്ഡിതരുമാണെന്നാണ് ഇതിന്റെ ധ്വനി.

**1948-ൽ സ്ഥാപിതമായ കേരളത്തിലെ ആദ്യത്തെ മുസ്‌ലിം കോളജായ ഫാറൂഖ് കോളജിൽ ഒരു പെൺകുട്ടി പഠിക്കാനെത്തുന്നത് 1959-ലാണ്. പത്തു വർഷത്തിനു ശേഷം. എടവണ്ണ സ്വദേശി ചെറുമി**



ഇതു ശരിയാണോ? എന്തുകൊണ്ട് സ്ത്രീകൾക്ക് നന്നായി 'റഫറൻസ്' ചെയ്യുവാനും പുരുഷാധ്യാപകരെ പോലെ സെമിനാറുകൾക്കും മറ്റുമായി ദൂരെ ദേശങ്ങളിലേക്കു പോകുവാനും ദിവസങ്ങളോളം വീടുവിട്ടുനിൽക്കുവാനും കഴിയുന്നില്ല? ഉത്തരം ലളിതമാണ്: പുരുഷന്മാർക്ക് പഠിപ്പിച്ചാൽ മാത്രം മതി.

അതിനു വേണ്ടി 'റഫറൻസ്' ചെയ്യുവാൻ രാത്രി സമയമുണ്ട്. സെമിനാറുകൾക്കും ചർച്ചകൾക്കും പങ്കെടുക്കുവാൻ അവസരങ്ങൾ ഏറെയുണ്ട്. അങ്ങനെ ടീച്ചിംഗിന്റെ മേന്മ വർധിപ്പിക്കാം. ഇതേസമയം, സ്ത്രീകൾക്ക് വീട്ടിലെത്തിയാൽ അടുക്കളപണി, വസ്ത്രം അലക്കൽ, കുട്ടികളുടെ കാര്യങ്ങൾ നോക്കൽ തുടങ്ങി ഒരു നൂറു കൂട്ടം ജോലികളുണ്ട്. ഈ ഇരട്ട പണിയാണ് സത്യത്തിൽ വില്ലൻ. അതിനാൽ വീട്ടുജോലികളിൽ ഭാര്യയെ സഹായിക്കുവാൻ, അല്ലെങ്കിൽ വീട്ടുജോലി വിഭജിച്ചുകൊണ്ട് സ്ത്രീകളുടെ ജോലിഭാരം കുറയ്ക്കുവാൻ ശ്രമിക്കുകയാണ് വേണ്ടത്. സ്പോർട്സ്, കലാ-സാഹിത്യരംഗം തുടങ്ങിയവയിൽ പുരുഷാധ്യാപകരെക്കാൾ മികവ് പ്രകടിപ്പിക്കുന്ന ധാരാളം അധ്യാപികമാരിന്നുണ്ട്. പുരുഷാധിപത്യം അടിച്ചേൽപിച്ച വിലക്കുകളും വിലങ്ങുകളുമാണ് സ്ത്രീകൾ മറികടക്കേണ്ടത്. ഏറെ വൈകാതെ അതു സംഭവിക്കുക തന്നെ ചെയ്യും.

രക്ഷിതാക്കൾക്ക് ഇന്നേറെ ആശ്വസിക്കാം; നാമിപ്പോൾ നമ്മുടെ പിഞ്ചോമനകളെ കലാലയങ്ങളിലേക്കയക്കുന്നത്, അമ്മയുടെയോ അമ്മൂമ്മയുടെയോ അമ്മായിയുടേയോ പെങ്ങളുടേയോ മടിത്തട്ടിലേക്കാണെന്ന്. അമ്മയിൽ നിന്നും അമ്മൂമ്മയിൽ നിന്നും എത്ര മൃദുവായി കാരുണ്യപൂർവമാണ് അവർ കാര്യങ്ങൾ പഠിക്കുന്നതെന്ന്. അല്ലേലും കഴിഞ്ഞ അറുപതു വർഷത്തെ വിദ്യാഭ്യാസ പരീക്ഷണത്തിൽ പുരുഷന്മാർ സൃഷ്ടിച്ച 'ക്വാളിറ്റി'യുടെ അനന്തരഫലമാണല്ലോ ഇന്നത്തെ സമൂഹം! ടീച്ചിംഗ് മേഖലയിൽ ക്വാളിറ്റിയുള്ള പുരുഷ അധ്യാപകർ കുറയുന്നതെന്തുകൊണ്ട് എന്നുകൂടി ചർച്ച ചെയ്യുവാൻ സമയമായിരിക്കുന്നു.

photo: diamond paul
govt. college trissur

# ഒരിക്കലും മറക്കാനാവാത്ത പെരുന്നാൾ

കവർസ്റ്റോറി ● ഡോ. അസീസ് തരുവണ

**ഓരോ സംഘവും തക്ബീർ മന്ത്രങ്ങൾ ഉരുവിട്ടുകൊണ്ട് വീടുവീടാന്തരം കയറിയിറങ്ങും. തലേന്നു രാത്രി സന്ദർശിച്ച വീട്ടിൽ വീണ്ടും കയറിയെന്നുവരാം. കുട്ടികൾ വൻ സംഘങ്ങളായി, അവരിൽ ഓരോരുത്തരുടെയും വീടുകളിൽ കയറിയിറങ്ങും. ഉണ്ണിയപ്പമോ നെയ്യപ്പമോ ആണ് ഉച്ചവരെ വീടുകളിൽ നിന്നു കിട്ടുക. ഒപ്പം പോത്തിറച്ചിയുമുണ്ടാകും. ഇറച്ചിയും ഉണ്ണിയപ്പവും!**

അവസാനിച്ചു പോകരുതേയെന്നാശിച്ചു പോവുന്ന ആഘോഷത്തിന്റെ വസന്തദിനമാണ് ചെറിയ പെരുന്നാൾ. ഹൃദയങ്ങൾ ഹൃദയങ്ങളെ സ്നേഹിക്കുന്ന ദിനമാണത്. വിദ്വേഷത്തിന്റെ കരിമേഘങ്ങൾ ഇണക്കത്തിന്റെയും സാഹോദര്യത്തിന്റെയും മതിമറക്കലിൽ അലിഞ്ഞില്ലാതാവുന്ന സുദിനമാണ് പെരുന്നാളുകൾ. ബാല്യകാല ഓർമകളിൽ പൂത്തുനിൽക്കുന്ന പെരുന്നാൾ ദിനത്തിനു ഇരട്ടി മധുരവും സുഗന്ധവുമാണ്.


കേരളത്തിൽ മറ്റൊരിടത്തുമില്ലാത്തവിധം പെരുന്നാൾ സുദിനം തിമിർത്ത് ആഘോഷിക്കുന്ന പ്രദേശമാണ് ഞങ്ങളുടേത്; പ്രത്യേകിച്ച് വടക്കേ വയനാടൻ ഗ്രാമങ്ങൾ; ചിലർക്കെങ്കിലും ഈയൊരു അവകാശവാദം പൂർണമായി സമ്മതിച്ചുതരുവാൻ മടിയുണ്ടാവാമെങ്കിലും. ഇതിനപ്പുറം ഞങ്ങളെക്കാൾ നിങ്ങൾക്കെന്ത് ആഹ്ലാദങ്ങളാണുള്ളത് എന്ന ബാല്യനിഷ്കളങ്കമായ സന്ദേഹത്തിൽ നിന്നുമാണ് ഈ അവകാശവാദം. ഞങ്ങളെ സംബന്ധിച്ചേടത്തോളം ഒരു പകലിൽ എരിഞ്ഞു തീർന്നുപോകുന്നതല്ല പെരുന്നാൾ സുദിനം. കൃത്യമായി പറഞ്ഞാൽ, റമദാൻ ഇരുപത്തിയേഴോടെയാണ് അത് ആരംഭിക്കുന്നത്. എപ്പോഴാണത് അവസാനിക്കുന്നത് എന്ന് പറയുക സാധ്യമല്ല.

റമദാൻ ഇരുപത്തിയേഴ് പൊതുവെ, ലൈലത്തുൽ ഖദ്റിന്റെ രാവാണ് എന്നുറപ്പിച്ച മട്ടാണ്. അന്ന് പള്ളികൾ നിറഞ്ഞു കവിയും. ഖുർആൻ പാരായണവും പ്രാർഥനയുംകൊണ്ട് രാവിനെ 'ഹയാത്താ'ക്കും. ആളുകൾ കൂട്ടംകൂട്ടമായി ഖബ്റിസ്ഥാനങ്ങളിൽ പോയി, മരിച്ചുപോയ ബന്ധുമിത്രാദികൾക്കുവേണ്ടി പ്രാർഥിക്കും. ഒരു ഖബ്റിനു ചുറ്റും ചിലപ്പോൾ നാൽപതും അമ്പതും പേർ നിന്നു പ്രാർഥിക്കും. ഖബ്റാളിയുടെ സന്തതി പരമ്പരയുടെ വലിപ്പ ചെറുപ്പത്തിനനുസരിച്ച് ഇത് മാറിമറിയാം. ഞങ്ങൾ കുട്ടികൾ പ്രാർഥനക്കിടയിൽ, മുൻനിരയിൽ നിൽക്കുവാൻ തിക്കുംതിരക്കും കൂട്ടും. ഇരുപത്തിയാറാം നോമ്പിന്റെ പകലിൽ ഏതെങ്കിലും ഒരു ബന്ധു ഖബ്റിന്റെ ചുറ്റുപാടുമുള്ള കാടുവെട്ടി വൃത്തിയാക്കിയിരിക്കും. സാധാരണഗതിയിൽ ശ്മശാനം പേടിപ്പെടുത്തുന്ന സ്ഥലിയാണ്. ലൈലത്തുൽ ഖദ്റിന്റെ ദിനത്തിൽ ഭയം എവിടെയോ പോയൊളിക്കും. ഇരുപത്തിയേഴാം രാവിൽ തന്നെയാണ് ലൈലത്തുൽ ഖദ്ർ സംഭവിക്കുന്നതെങ്കിൽ അന്ന് രാവിന്റെ ഏതോ അനർഘ നിമിഷത്തിൽ മരങ്ങൾ ശിരസ്സു നമിച്ച് ദൈവത്തിനു സുജൂദ് ചെയ്യുമെന്ന് ബാല്യകാലത്തെന്നോ ഉറുദിയിൽ കേട്ടത് ഓർക്കുന്നു.

ഒരു പത്ത് വർഷം മുമ്പുവരെ ഇരുപത്തിയേഴിന്റെ പ്രഭാതത്തിൽ കുട്ടികൾ സംഘം സംഘമായി വീടുവീടാന്തരം കയറിയിറങ്ങി 'ഇരുപത്തിയേഴിന്റെ പൈസ' ശേഖരിക്കുമായിരുന്നു (അതിസമ്പന്നരുടെ വീടുകൾക്ക് മുമ്പിൽ സകാത്തിന്റെ വിഹിതത്തിനു വേണ്ടി തിക്കിതിരക്കി ഉന്തിലും തള്ളിലും ആളുകൾ കൊല്ലപ്പെട്ടു എന്നൊക്കെയുള്ള ബംഗ്ലാദേശ് വാർത്തകളുമായി ഇതിനു യാതൊരു സാമ്യവുമില്ലെന്നു പ്രത്യേകം പറയട്ടെ). അൽപ്പം സാമ്പത്തിക ശേഷിയുള്ളവരുടെ വീടുകളിലൊക്കെ കുട്ടികൾ ഓടിയെത്തും. അമ്പതു പൈസ മുതൽ മുകളിലോട്ട് എത്ര വേണമെങ്കിലും തരാവുന്നതാണ്. ഒരു സംഘത്തിനു പൈസ കിട്ടിയാൽ അത് വാമൊഴിയായി കാതോടു കാത് പ്രചരിക്കും. അതുകൊണ്ട് 'ഞാൻ പൈസ തന്നത് ആരോടും പറയണ്ട' എന്ന് വീട്ടുകാർ പ്രത്യേകം ഉണർത്തും. കുട്ടികളുടെ ഈ പൈസക്കുള്ള ഓട്ടത്തിനു യാചനയുടെ ഒരു സ്വഭാവമുണ്ടായിരുന്നില്ല. 'കൈനീട്ടം കൊടുക്കുക' എന്നൊക്കെ പറയുമ്പോലെയുള്ള ഒരു പരിപാടി. തലേന്നു തന്നെ പണം കൊടുക്കേണ്ട വീട്ടുകാർ നാണയത്തുട്ടുകൾ ശേഖരിച്ചുവെച്ചിരിക്കും. പണം വാങ്ങാൻ വരുന്ന സംഘത്തിൽ ഉൾപ്പെടേണ്ടിയിരുന്ന ഒരാൾ വരാതിരുന്നാൽ അവരെക്കുറിച്ച് ചിലപ്പോൾ അന്വേഷിക്കും. 'എടോ നിന്റെ അനിയൻ എവിടെ പോയി' എന്നൊക്കെ.

അവനുള്ളത് ചിലപ്പോൾ ജ്യേഷ്ഠൻവശം കൊടുത്തയക്കും. 'ഇരുപത്തിയേഴിന്റെ പൈസ'ക്ക് വേണ്ടി ഓടിനടക്കുന്ന കുട്ടികളെല്ലാം ഒരു ഗതിയുമില്ലാത്തവരുടെ മക്കൾ മാത്രമായിരിക്കുമെന്ന് തെറ്റിദ്ധരിക്കരുത്. ഞങ്ങളുടെ വീട്ടുമുറ്റത്തും കുട്ടികൾ എത്തുമായിരുന്നു.

ഇരുപത്തിയേഴിന്റെ പകലിൽ ബന്ധുക്കളിൽപെട്ട ചിലർ കവലയിൽവെച്ച് കണ്ടാൽപോലും



അടുത്ത് വിളിച്ചു പൈസ തരും. ഇന്നു ചിലർ പറയുന്ന 'ഇരുപത്തിയേഴാം രാവിലെ യാചന' തുടങ്ങിയ പ്രയോഗങ്ങളുമായി ഇതിനു യാതൊരു ബന്ധവുമില്ലായിരുന്നു.

ഒരു നാട്ടുപ്രമാണി ഇതിനു വിരുദ്ധമായി പെരുമാറിയത് ബാല്യകാല ഓർമയിൽ മായാതെ കിടക്കുന്നു. കക്ഷി കവലയിലെ ഒരു പലചരക്കുകടയുടെ മുമ്പിലുള്ള ഉപ്പുപെട്ടിയുടെ മുകളിൽ ചമ്രംപടിഞ്ഞിരിക്കും. കുട്ടികളും മുതിർന്നവരും അദ്ദേഹത്തിനുചുറ്റും ഉന്തും തള്ളുമാവും. അപ്പോൾ അദ്ദേഹം എല്ലാവരോടും മാറിനിൽക്കാൻ കൽപ്പിക്കും. നാണയതുട്ടുകൾ ഓരോ ആൾക്കും കൈയിൽ കൊടുക്കുന്നതിനുപകരം അന്തരീക്ഷത്തിലേക്ക് വലിച്ചെറിയും. കുട്ടികളും ചിലപ്പോൾ മുതിർന്നവരും ആർപ്പുവിളികളോടെ അതിനുവേണ്ടി ഉന്തുംതള്ളുമാവും. കൂട്ടത്തിൽ ഏറ്റവും ഉയരമുള്ളയാൾ അന്തരീക്ഷത്തിൽ വെച്ചുതന്നെ അത് കൈവശപ്പെടുത്തും. കുറച്ചു പേർക്കു കിട്ടുകയും ഒട്ടേറെ പേർക്ക് കിട്ടാതിരിക്കുകയും ചെയ്യുന്ന ഈ ഏറു പരിപാടി പൊതുബോധത്തിനു എതിരായിരുന്നു. ഈ 'കലാപരിപാടി' നടക്കുമ്പോൾ നാട്ടിലെ ദരിദ്രരായ ചിലർ അൽപ്പം മാറി നിൽക്കുന്നുണ്ടാവും. അവരെ പേരുചൊല്ലി അടുത്തേക്ക് വിളിച്ച് പൈസ കൊടുക്കുന്നത് ഞാൻ പല തവണ കണ്ടിട്ടുണ്ട്.

ഇരുപത്തിയേഴ് കഴിയുന്നതോടെ നോമ്പ് അവസാനിച്ച പ്രതീതിയാണ്. പള്ളിയിൽ പഴയതുപോലെ നാലുവരിയിലും അഞ്ചുവരിയിലും ആളുകൾ ഒതുങ്ങും. അവരിലേറെയും പ്രായം ചെന്ന കാരണവന്മാരായിരിക്കും. നോമ്പ് ഇരുപത്തിയെട്ടു കഴിഞ്ഞാൽ പിന്നെ പെരുന്നാൾ ദിനത്തിനുവേണ്ടിയുള്ള ഒടുങ്ങാത്ത കാത്തിരിപ്പാണ്. 'മാസം കാണുന്നതിനുവേണ്ടി' നാട്ടിലെ കുന്നിൻപുറങ്ങളിൽ ആളുകൾ കൂട്ടംകൂട്ടമായി നിൽക്കും. മാസപ്പിറവി കാണാവുന്ന സമയത്തെക്കുറിച്ച് യാതൊരു ധാരണയുമില്ലാത്തതിനാൽ ഇശാഅ് ബാങ്ക് വരെയും ആളുകൾ കുന്നിൻ മുകളിൽ ചെലവഴിക്കും. മാറാട് കടപ്പുറത്തെന്നപോലെ തരുവണക്കടുത്ത പുലിക്കാടുകുന്നിലും അങ്ങനെ പലതവണ മാസം കണ്ടിട്ടുണ്ട്. പണ്ടൊരിക്കൽ കുന്നിൻ മുകളിൽവെച്ച് ഒരാൾ മാത്രം മാസപ്പിറവി കണ്ടു. കക്ഷി അത്ര 'ജ്ഞാനി'യൊന്നുമായിരുന്നില്ല. കണ്ട വിവരം പള്ളി ഇമാമിനെ ചെന്നുകണ്ട് ഉണർത്തിച്ചതോടെ വിഷയം നാടാകെ പരന്നു. തൊട്ടടുത്ത ഗ്രാമങ്ങളിലേക്കും മാസപ്പിറവി വാർത്തയെത്തുവാൻ പിന്നെ ഏറെ സമയം വേണ്ടി വന്നില്ല. തൊട്ടടുത്ത പള്ളികളിലെ ഇമാമുമാർ അടക്കമുള്ള ഒരു വൻസദസ് മാസപ്പിറവി കണ്ടയാളെ വിചാരണയായി.

## അറിയിപ്പ്

പെരുന്നാൾ പ്രമാണിച്ച് ഓഫീസിന് അവധിയായതിനാൽ 16.08.2013-ന് *പ്രബോധനം* പ്രസിദ്ധീകരിക്കുന്നതല്ല. എല്ലാവർക്കും ഹൃദ്യമായ

**പെരുന്നാൾ ആഹ്ലാദങ്ങൾ**

എഡിറ്റർ

കക്ഷിക്ക് പല ചോദ്യങ്ങൾക്കും ഉത്തരമില്ലായിരുന്നു. ഒടുവിൽ ഇങ്ങനെ പറഞ്ഞുവത്രെ: "ഇനിമേൽ ഞാൻ സുപ്ര വട്ടത്തിൽ കണ്ടാലും പറയില്ല..." (സുപ്ര, കൂട്ടമായി വട്ടത്തിലിരുന്ന് ഭക്ഷണം കഴിക്കുമ്പോൾ അടിയിൽ വിരിക്കുന്ന വട്ടത്തിലുള്ള പായയാണ്). ഇതൊരു തമാശ കഥയാവാം.

ജലാലുദ്ദീൻ റൂമിയുടെ അനശ്വര കഥകളിൽ 'പെരുന്നാൾ മാസം' എന്നൊരു കഥയുണ്ട്. അതിങ്ങനെയാണ്: "വിശുദ്ധ റമദാൻ അവസാനിക്കാൻ ഏറിയാൽ ഇനി ഒരു ദിവസം കൂടിയേ ഉള്ളു. സൂര്യൻ അസ്തമിച്ചു കഴിഞ്ഞു. ശവ്വാൽ മാസപ്പിറവി കാണാൻ ഖലീഫ ഉമറിനോടൊപ്പം കുറച്ച് ആളുകൾ ഒരുയർന്ന കുന്നുംപുറത്ത് തടിച്ചുകൂടി. ആ ശുഭശകുനത്തിനു ദൃക്സാക്ഷിയാകുവാൻ ഹൃദയം തുടിക്കുകയായിരുന്ന അവരിലൊരാൾ പറഞ്ഞു: "നോക്കൂ ഉമർ, പെരുന്നാൾ മാസമതാ കാണുന്നു!" ഉമറിനു പക്ഷേ ആകാശത്തൊന്നും കാണാനായില്ല. അദ്ദേഹം പറഞ്ഞു: "അല്ല.... അത് മാസപ്പിറവിയല്ല. നിങ്ങളുടെ ഭ്രമകൽപ്പനയിൽ നിന്നുദിച്ച ചന്ദ്രക്കലയാണത്. നിങ്ങളുടെ കൈത്തലമൊന്ന് നനച്ച് കൺപുരികം തിരുമ്മി ശരിക്കും നോക്കിയിട്ട് പറയൂ. എന്താണ് കാണുന്നത്."

കൺപുരികം നനച്ചപ്പോൾ അയാൾ ചന്ദ്രക്കല കണ്ടില്ല. "അല്ലയോ അമീറുൽ മുഅ്മിനീൻ, ഒന്നും കാണാനില്ലല്ലോ! ചന്ദ്രൻ അപ്രത്യക്ഷനായിരിക്കുന്നു."

"അതെ" ഉമർ പറഞ്ഞു. "നിങ്ങളുടെ കൺപുരികത്തിലെ രോമം ഒരു വില്ലുപോലെ വളഞ്ഞ് നിങ്ങളിലേക്ക് ഒരഭിപ്രായത്തിന്റെ ശരമെയ്തു."

പുരിക രോമത്തിന്റെ വക്രതയുണ്ടാക്കിയ മിഥ്യാദർശനം അമ്പിളിക്കീറാണെന്ന് തെറ്റിദ്ധരിച്ച അയാൾ ഖലീഫാ ഉമറിന്റെ ഈ വിശദീകരണം കേട്ടപ്പോൾ തന്റെ വിഡ്ഢിത്തവും പൊങ്ങച്ചവും തിരിച്ചറിഞ്ഞു ലജ്ജിച്ചു.

ഫോണടക്കമുള്ള വാർത്താവിനിമയ സൗകര്യങ്ങളും ഇന്നത്തെ രീതിയിലുള്ള ഗതാഗത സൗകര്യങ്ങളുമില്ലാത്ത കാലത്ത് താനൂർ, മാറാട് കടപ്പുറങ്ങളിൽ മാസപ്പിറവി കണ്ടാൽ ചുരത്തിനു മുകളിലുള്ള വയനാട്ടുകാർ എങ്ങനെയായിരിക്കാം തത്സമയം വിവരം അറിഞ്ഞിരിക്കുക? എഴുപതു പിന്നിട്ട എന്റെ ഉമ്മയുടെ ഓർമയിൽ അത്തരം ഒട്ടേറെ പെരുന്നാളുകൾ കടന്നുപോയിട്ടുണ്ട്. മാസപ്പിറവി വിവരം പെരുന്നാൾ ദിവസം ഉച്ചക്ക് രണ്ടുമണിക്ക് അറിഞ്ഞ സംഭവങ്ങൾ. ഇതിന്റെ എല്ലാ ദുരിതങ്ങളും അനുഭവിച്ചിരുന്നത് സ്ത്രീകളാണ്. അക്കാലത്തെ കുട്ടികൾ എത്രമേൽ സങ്കടപ്പെട്ടിരിക്കും?

പെരുന്നാൾ മാസപ്പിറവി വിവരം അറിഞ്ഞാൽ പിന്നെ ഫിത്വ്ർ സകാത്തിന്റെ അരിവിതരണത്തിനുള്ള കാര്യങ്ങൾ ചെയ്യും. സംഘടിത സകാത്ത് പോലുള്ള സംവിധാനങ്ങളൊന്നും ഞങ്ങളുടെ നാട്ടിൽ എന്റെ ബാല്യകാലത്ത് കേട്ടുകേൾവിയില്ലാത്ത കാര്യമാണ്.

രാത്രിയിൽ തക്ബീർ മുഴക്കി ആളുകൾ ബന്ധുമിത്രാദികളുടെ വീടുകൾ കയറിയിറങ്ങും. രാത്രി 12 വരെയെങ്കിലും ഇതു തുടരും. രാവിലെ കുളിച്ചൊരുങ്ങി പുതുവസ്ത്രങ്ങൾ അണിഞ്ഞ് കൂട്ടംകൂട്ടമായി പുരുഷന്മാർ പള്ളികളിലേക്ക് പോകും. ഈദുഗാഹുകൾ ഞങ്ങളുടെ നാട്ടിൻപുറത്ത് ആരംഭിച്ചത് പുരോഗമന പ്രസ്ഥാനങ്ങളുടെ ആരംഭത്തോടെയാണ്. പെരുന്നാൾ നമസ്കാരാനന്തരം ആളുകൾ സംഘങ്ങളായി പിരിയും. ഓരോ സംഘവും തക്ബീർ മന്ത്രങ്ങൾ ഉരുവിട്ടുകൊണ്ട് വീടുവീടാന്തരം കയറിയിറങ്ങും. തലേന്നു രാത്രി സന്ദർശിച്ച വീട്ടിൽ വീണ്ടും കയറിയെന്നുവരാം. കുട്ടികൾ വൻ സംഘങ്ങളായി, അവരിൽ ഓരോരുത്തരുടെയും വീടുകളിൽ കയറിയിറങ്ങും. ഉണ്ണിയപ്പമോ നെയ്യപ്പമോ ആണ് ഉച്ചവരെ വീടുകളിൽ നിന്നു കിട്ടുക. ഒപ്പം പോത്തിറച്ചിയുമുണ്ടാകും. ഇറച്ചിയും ഉണ്ണിയപ്പവും! ഇത്തരമൊരു കോമ്പിനേഷൻ മറ്റു വല്ലേടത്തുമുണ്ടോ എന്നറിയില്ല. കഴിഞ്ഞ മെയ് മാസത്തിൽ ലക്ഷദ്വീപ് സന്ദർശിച്ചപ്പോൾ ഒരു ഡോലീപ്പാട്ടു കലാകാരന്റെ വീട്ടിൽനിന്നു ചായക്കൊപ്പം തന്നത് പൊരിച്ച ചൂതമത്സ്യവും തേങ്ങാപ്പൂളുമായിരുന്നു.

സംഘങ്ങളായി കുട്ടികളെ പോലെ മുതിർന്നവരും വീടുവീടാന്തരം കയറിയിറങ്ങും. സംഘത്തിൽ പെട്ടവർ ബന്ധുവാണോ അടുത്ത സുഹൃത്താണോ എന്നതൊന്നും പ്രശ്നമല്ല. പെരുന്നാൾ ദിവസം എല്ലാവരും സമന്മാരാണ്. ചിലപ്പോൾ സുഹൃത്തിന്റെ സുഹൃത്തിന്റെ വീട്ടിലും പോകും. ഒരാൾ കുറഞ്ഞത് നാൽപ്പത് വീടെങ്കിലും കയറിയിറങ്ങിയിരിക്കുമെന്നാണ് കണക്ക്. ഇടവഴികളിൽനിന്നും റോഡിൽനിന്നും തക്ബീർ ധ്വനികൾ മുഴങ്ങും. ജാതിമത ഭേദമില്ലാതെ എല്ലാവരും ആഘോഷത്തിൽ പങ്കാളികളാവും. ചെറിയ ആൺകുട്ടികളെപ്പോലെ പെൺകുട്ടികളും വീടുകൾ സന്ദർശിക്കുമെങ്കിലും മുതിർന്ന സ്ത്രീകളുടെ സന്ദർശന സമയം വൈകുന്നേരമാണ്. പകൽ അവരെ സംബന്ധിച്ചേടത്തോളം തിരക്കിന്റെ സമയമാണ്. സന്ദർശകർക്ക് ഭക്ഷണമൊരുക്കുന്നതും മറ്റും അവരാണ്. വൈകുന്നേരത്തിനുമുമ്പ് ബന്ധുവീടുകളും മറ്റും സന്ദർശിച്ചു കഴിഞ്ഞില്ലെങ്കിൽ രാത്രിയും അതു തുടരും. സ്ഥിരം സന്ദർശിക്കുന്ന ഒരാൾ വന്നില്ലെങ്കിൽ വീട്ടുകാർ അന്വേഷിക്കും. അതുപിന്നെ പരിഭവമാവും. 'ഓൻ പെരുന്നാളായിട്ടുപോലുമൊന്ന് കയറിയില്ല' എന്നൊക്കെ. വയറു നിറയെ ഭക്ഷണം കഴിക്കണമെന്ന നിർബന്ധമൊന്നുമില്ല, വീട്ടുകാർ നിർബന്ധിക്കുമെങ്കിലും. ചിലപ്പോൾ വെറും വെള്ളത്തിലും ഭക്ഷണം ഒതുക്കിയെന്നുവരാം. ഭക്ഷണം പരമപ്രധാനമല്ല; കുശലാന്വേഷണവും ബന്ധം പുതുക്കലുമാണ് പ്രധാനം. തലേദിവസം ഫോൺ ചെയ്ത്, നാളെ വീട്ടിൽ 'ലഞ്ചിനു വരണം' എന്നൊന്നും പറയുന്ന രീതി ഒരു കാലത്തും ഞങ്ങളുടെ നാട്ടിൻപുറത്ത് പതിവില്ലാത്തതാണ്. പഠനകാലത്ത്, ഒരു പെരുന്നാൾ ദിവസം തിരുവനന്തപുരത്ത് തങ്ങേണ്ടി വന്നപ്പോഴാണ് ഇത്തരമൊരു രീതിയുണ്ടെന്നുപോലും ഞാനറിഞ്ഞത്. 'പെരുന്നാളിനും ക്ഷണിക്കണോ' എന്നാണ് നാട്ടിലെ ഒരു പ്രയോഗം.

പെരുന്നാൾ ദിവസം വൈകുന്നേരമാകുന്നതോടെ പുരുഷന്മാർ കലാപരിപാടികളിലേക്കും മറ്റും തിരിയും. പ്രധാനമായും കഥാപ്രസംഗങ്ങളാണ് മുമ്പ് നടന്നിരുന്നത്. ഇസ്‌ലാമിക ചരിത്രത്തിലെ ഏതെങ്കിലുമൊരു സംഭവത്തെ അടിസ്ഥാനമാക്കിയുള്ളതായിരിക്കും കഥാപ്രസംഗം. കാഥികർ തന്മയത്വത്തോടെ അവതരിപ്പിക്കുന്ന ഇത്തരം പരിപാടികൾക്ക് ധാരാളം ആളുകൾ കേൾവിക്കാരായുണ്ടാകും.

എന്തുതന്നെയായാലും പെരുന്നാളുകൾ പറഞ്ഞറിയിക്കാനാവാത്ത സന്തോഷത്തിന്റെയും സാഹോദര്യത്തിന്റെയും അത്യാഹ്ലാദത്തിന്റെയും വസന്തോത്സവമാണ്. ബാല്യകാലത്തെ നിറംമങ്ങാത്ത പെരുന്നാളുകൾക്ക് ഞങ്ങളുടെ പ്രദേശത്ത് ഇപ്പോഴും കാര്യമായ ക്ഷതം സംഭവിച്ചിട്ടില്ല. ■

# ഇശൽ പൈതൃകം

ത്രൈമാസിക

മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരകം,കൊണ്ടോട്ടി (കേരള സർക്കാർ -സാംസ്കാരിക കാര്യവകുപ്പ്)



# ഇശൽ പൈതൃകം
ത്രൈമാസിക

ലക്കം അഞ്ച് & ആറ്
2013 മാർച്ച്
പകർപ്പവകാശം പ്രസാധകർക്ക്
വില 10



**ചീഫ് എഡിറ്റർ**
*സി.പി. സൈതലവി*

**അസോസിയേറ്റ് എഡിറ്റർ**
*ഡോ. കെ.കെ മുഹമ്മദ് അബ്ദുൽ സത്താർ*

**കോ-ഓഡിനേറ്റിംഗ് എഡിറ്റർ**
*കാനേഷ് പൂനൂർ*

**എഡിറ്റോറിയൽ ബോർഡ്**
*എ.കെ. അബ്ദുറഹിമാൻ*
*ആസാദ് വണ്ടൂർ*
*കെ.വി. അബൂട്ടി*
*ബാലകൃഷ്ണൻ വള്ളിക്കുന്ന്*
*സീതി. കെ. വയലാർ*
*ശ്രീധരൻ പാറക്കോട്*
*പി.മൊയ്തീൻകുട്ടി മാസ്റ്റർ*
*കെ.ടി. റഹ്മാൻ തങ്ങൾ*
*സലാം തറമ്മൽ*
*അഡ്വ. ടി.പി. രാമചന്ദ്രൻ*

**എഡിറ്റർ**
*പി.പി. റഹ്മത്തുള്ള*



**ടൈപ്പ് സെറ്റിങ്ങ്**
*ഇംപ്രസ്സ് പ്രിന്റേഴ്സ്, വണ്ടൂർ*
*ക്രിയേറ്റീവ് ഡിസൈനേഴ്സ്, വണ്ടൂർ*
**കവർ, ബുക്ക് ഡിസൈൻ ആൻഡ് പ്രിന്റിങ്ങ്**
ജില്ലാ പഞ്ചായത്ത് പ്രസ്സ്, കൊണ്ടോട്ടി

**പ്രസാധകർ**
*മഹാകവി മോയിൻകുട്ടി വൈദ്യർ*
*സ്മാരക സമിതി കൊണ്ടോട്ടി - 673638*
*ഫോൺ - 0483 - 2711432*


---


**ഇശൽ പൈതൃകത്തിൽ പ്രസിദ്ധീകരിക്കുന്ന രചനകളിലെ ആശയങ്ങൾ വൈദ്യർ സ്മാരക കമ്മറ്റിയുടേതോ, സംസ്ഥാന സർക്കാരിന്റെതോ സാംസ്കാരിക വകുപ്പിന്റെതോ ആയി കൊള്ളേണ്ടതില്ല. - എഡിറ്റർ**



**Ishal Paithrkam Thrimasika**
Malayalam
Vol - 5 & 6
March 2013
Copy Rights Reserved
Price ₹ 10

**Editor**
Rahmathulla. P.P

**Type setting,**
Impress Printers, Wandoor
Creative Designers, Wandoor

**Cover ,Layout & Printers**
District Panchayat Press, Kondotty

**Publisher**
Mahakavi Moyinkutty Vaidyar
smaraka samithi Kondotty,
673638 Ph: 0483 - 2711432



# പൊതുമണ്ഡലത്തിന്റെ രൂപവത്കരണവും കേരളീയ മുസ്‌ലിംകളും

## സയ്യിദ് സനാഉല്ലാ മക്തി തങ്ങളുടെ (1847 - 1912) നൂറാം ചരമവർഷത്തിൽ അദ്ദേഹത്തിന്റെ ഭാഷ, വിദ്യാഭ്യാസ ചിന്തകളെ മുൻനിർത്തി ഒരു പഠനം.

ഡോ. അസീസ് തരുവണ ——

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധ കാലഘട്ടവും ഇരുപതാം നൂറ്റാണ്ടിന്റെ പ്രാരംഭദശകങ്ങളും കേരളത്തെ, വിശിഷ്യ കേരളീയ മുസ്ലിംകളെ സംബന്ധിച്ചിടത്തോളം സംഭവബഹുലവും അതീവ പ്രാധാന്യം അർഹിക്കുന്നതുമാണ്. കോളോണിയൽ വിരുദ്ധ പ്രക്ഷോഭങ്ങളുടെ സമരോത്സുകമായ കാലഘട്ടമായിരുന്നു അത്. പുതിയ ആശയങ്ങളും പ്രസ്ഥാനങ്ങളും രൂപം കൊള്ളുകയും സമൂഹത്തിൽ ഒട്ടേറെ മാറ്റങ്ങൾ ദൃശ്യമാവുകയും ചെയ്തതും ഇതേ ഘട്ടത്തിലാണ്.കേരളത്തിൽ ബ്രിട്ടീഷ് ആധിപത്യം അരക്കിട്ടുറപ്പിക്കുയും പാശ്ചാത്യആശയങ്ങളും ഇംഗ്ലീഷ് വിദ്യാഭ്യാസവും പ്രചാരം നേടികൊണ്ടിരിക്കുകയും ചെയ്ത ഇതേ കാലത്ത് തന്നെ, കൊളോണിയൽ വിരുദ്ധ സമര, കലാപങ്ങൾ കത്തി പടർന്നതായും കാണാം.കേരളത്തിലെ, പ്രത്യേകിച്ച് മലബാറിലെ മാപ്പിളമാർ തങ്ങളെ ദ്രോഹിക്കുകയും കടുത്ത ചൂഷണത്തിന് വിധേയരാക്കുകയും ചെയ്ത ജന്മിമാർക്കും അവരെ താങ്ങി നിർത്തിയ ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിക്കുമെതിരെ അതിശക്തമായ കലാപങ്ങൾ നടത്തുകയും ചെയ്ത കാലഘട്ടമായിരുന്നു അത്. 1921 ലെ മലബാർ കലാപത്തിനു മുൻപ് തന്നെ ചെറുതും വലുതുമായ നൂറുകണക്കിനു കലാപങ്ങൾ മലബാറിലെ മാപ്പിളമാർ നടത്തിയതായി ചരിത്രത്തിൽ കാണാം. ഈ സമര,കലാപങ്ങളിൽ കൊല്ലപ്പെട്ട മാപ്പിളമാരുടെ കൃത്യമായ കണക്കുകൾ പോലും ലഭ്യമല്ല.മാപ്പിളമാരെ

സംബന്ധിച്ചേടത്തോളം ബ്രിട്ടീഷു കാർ എല്ലാ അർത്ഥത്തിലും ശത്രു പക്ഷത്തായിരുന്നു.

കൊളോണിയൽ ശക്തികൾ ക്കെതിരെ നൂറ്റാണ്ടുകൾക്കു മുമ്പേ പടനയിച്ച പാരമ്പര്യം കേരളത്തിലെ മുസ്ലിംകൾക്കുണ്ട്.1850 കളിലെ ഒന്നാം സ്വാതന്ത്ര്യ സമരത്തിനും ഒരു നൂറ്റാണ്ടു മുമ്പ് നികുതി നിഷേധ ഭീഷണി മുഴക്കിയ വെളിയംങ്കോട് ഉമർഖാളിയുടെയും മമ്പുറം ഫസൽ പൂക്കോയ തങ്ങളുടെയും പാരമ്പര്യം.

ഇതേ കാലയളവിൽ തന്നെ, കേരളത്തിലെ വ്യത്യസ്ത ജാതി, മത, സമുദായങ്ങൾക്കിടയിൽ നവോത്ഥാന ശ്രമങ്ങൾ ശക്തിയാർജ്ജിക്കുകയും പുതിയ ആശയങ്ങളും പ്രസ്ഥാനങ്ങളും രൂപപ്പെടുകയും ചെയ്തു. വിവിധ ജാതി - മതങ്ങൾക്കിടയിൽ നിന്ന് ഉയർന്നുവന്ന നവോത്ഥാന നായകൻമാരുടെ സംഭാവനകൾ ഈ മേഖലയെ പുഷ്കലമാക്കി.അയ്യാ വൈകുണ്ഠൻ (1805 – 1851), ബ്രഹ്മാനന്ദ ശിവയോഗി (1852 – 1929), ചട്ടമ്പി സ്വാമികൾ (1853 – 1924),ശ്രീനാരായണഗുരു (1856 – 1928),അയ്യംങ്കാളി (1863 - 1941), പൊയ്കയിൽ കുമാരഗുരു(1878 – 1938) തുടങ്ങിയവരുടെ പേരുകൾ എടുത്തു പറയേണ്ടതാണ്.ജാതി - ജന്മി -നാടുവാഴിത്തത്തിനെതിരെ രൂപംകൊണ്ട പ്രസ്ഥാനങ്ങളും ബ്രിട്ടീഷ് മേൽകോയ്മക്കെതിരെ ശക്തിയാർജ്ജിച്ച ദേശീയ പ്രസ്ഥാനങ്ങളും സാമൂഹിക നവോത്ഥാന സംരംഭങ്ങളെ പിൻതുണക്കുകയും പല വിധത്തിൽ സഹായിക്കുകയും ചെയ്തു. ഇതു കേരളത്തിന്റെ സാമൂഹിക സാംസ്കാരിക മേഖലയിൽ മാറ്റങ്ങൾക്ക് ആക്കംകൂട്ടാൻ കാരണമായി

ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രചാരം, ഗദ്യസാഹിത്യത്തിന്റെ വളർച്ച,പത്രമാസികകളുടെ പ്രചാരം, അച്ചടി, പാശ്ചാത്യലോക പരിചയം തുടങ്ങി നിരവധി ഘടകങ്ങൾ കേരളത്തിൽ ചെറിയ തോതിലെങ്കിലും നവോത്ഥാനം സാധ്യമാക്കുകയും പൊതുമണ്ഡലം രൂപപ്പെടുത്തുകയും ചെയ്തു. തീവണ്ടി, പോലീസ്. കോടതി,പൊതുസ്കൂളുകൾ, പോസ്റ്റ് ഓഫീസ്,വായന ശാലകൾ തുടങ്ങിയ ആധുനിക സ്ഥലികൾ പുതിയ ലോകബോധവും പൗരബോധവും സൃഷ്ടിച്ചു. ഇവയെല്ലാം നവോത്ഥാനത്തെ ത്വരിതപ്പെടുത്തുകയും പൊതുമണ്ഡലത്തെ ശക്തിപ്പെടുത്തുകയും ചെയ്തു.

## പൊതുമണ്ഡലവും മുസ്ലിംകളും

കേരളത്തിൽ 'പൊതുമണ്ഡലം'രൂപപ്പെട്ടത് നവോത്ഥാന സംരഭങ്ങൾ ശക്തിയാർജ്ജിച്ചതോടെയാണ്. അതിനുമുമ്പ് വ്യത്യസ്ഥ ജാതി മതവിഭാഗങ്ങളിൽ പെട്ടവർ ഒന്നിക്കുന്ന ഇടങ്ങൾ നാമമാത്രമായിരുന്നു.ഓരോജാതിക്കും മതതിനും അവരുടെതായ ഇടങ്ങൾ ഉണ്ടാവുകയും അവയെ കൂട്ടിയോജിപ്പിക്കുന്ന പൊതുകണ്ണികൾ ഇല്ലാതിരിക്കുകയും ചെയ്യുന്ന അവസ്ഥയാണ് അന്ന് നിലനിന്നിരുന്നത്. ഇന്ത്യൻ ജാതി - വ്യവസ്ഥ ഇതിനൊരു കാരണമാണ്. താഴ്ന്ന ജാതിക്കാരെ അസഹിഷ്ണുതാപരമായിട്ടാണ് സവർണ്ണ ഭാഗങ്ങൾ അന്നു കണ്ടിരുന്നത്.20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പുലയക്കുട്ടിക്ക് സ്കൂൾ പ്രവേശനം നൽകിയതറിഞ്ഞ് ഊന്നു പാറപണിക്കർ ബോധംകെട്ടു വീണത് കേരള ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്.

കന്നട,അറബി - കാശ്മീരി, അറബി -തുർക്കിസ്ഥാനി,അറബി-മാലി, അറ ബി-പുഷ്ത്ത്,അറബി- താഷ്കന്റ് തുടങ്ങിയവ ഉദാഹരണം.

അറബി - മലയാളത്തിൽ, മതഗ്രന്ഥങ്ങൾക്കു പുറമെ വൈദ്യം, ജ്യോതിഷം, വേദാന്തം, ഗണിതം, നോവൽ, കഥ, കവിത, ഹസ്തരേഖ ശാസ്ത്രം, നിഘണ്ടു മുതലായ നിരവധി വിഷയങ്ങളിലുള്ള ഗ്രന്ഥ ങ്ങൾ ലഭ്യമാണ്. കൊളോണിയൽ വിരുദ്ധ പടപ്പാട്ടുകളുടെ അതി സമ്പന്നമായ ശേഖരം തന്നെ ഈ ഭാഷയിലുണ്ട്. മലയാളത്തിൽ രചിക്കപ്പെട്ട ബ്രിട്ടീഷ് വിരുദ്ധ കാവ്യങ്ങളുടെ പതിന്മടങ്ങ് കൃതി കൾ.

പൊതു മണ്ഡലം രൂപപ്പെ ടുകയും മലയാള ഭാഷ പൊതു ഭാഷയായി മാറുകയും ചെയ്ത തോടെ അറബി മലയാളം വ്യവഹാര മണ്ഡലത്തിൽ നിന്ന് അപ്രത്യക്ഷ മാവുകയും ഇന്നത് ഒരു മ്യൂസിയം പീസ് ആയി മാറുകയും ചെയ്തിരി ക്കുന്നു. സമീപകാലം വരെ നമ്മുടെ മദ്രസകളിൽ ഈ ഭാഷക്ക് വലിയ സ്വാധീനമായിരുന്നു. ഇപ്പോൾ ആ സ്ഥാനം അറബിയും മലയാളവും പിടിക്കുകയാണ്. ഗവേഷകനായ കെ.കെ. മുഹമ്മദ് അബ്ദുൽ കരിം എഴുതി : 'കേരള നദ്‌വത്തും കേരള ജംഇയത്തുൽ ഉലമയും കേരള ജമാഅത്തെ ഇസ്ലാമിയും അറബി - മലയാള പഠനത്തെ നിരുത്സാഹ പ്പെടുത്തുകയാണുണ്ടായത്. കൂടുതൽ ഭാഷാ പഠനത്തിന് ഊ ന്നൽ നൽകാനാണ് ആ മാർഗ്ഗം അംഗീകരിച്ചത് എന്നു പറയുന്നു. എന്നാൽ കേരള മുസ്ലിംകളുടെ ചിരപുരാതനമായൊരു സാഹിത്യ സമ്പത്തിനെ അഗണ്യകോടിയിലേ ക്ക് തള്ളിനശിപ്പിക്കാൻ ആ നയം വഴി തെളിയിച്ചുവെന്ന വസ്തുത മറന്നു കൂടാ. നമ്മുടെ പണ്ഡിത സംഘടനകൾ അവരുടെ മദ്രസാ പാഠപുസ്തകങ്ങളിൽ ചിലതെങ്കി ലും അറബി - മലയാളം ലിപിയിൽ തന്നെ പ്രസിദ്ധീകരിക്കേണ്ടതാണ്. അക്കാര്യത്തിൽ സമസ്ഥകേരള ജംഇയത്തുൽ ഉലമ അഭിനന്ദനമ ർഹിക്കുന്നു. സമസ്തകേരളയുടെ വിദ്യാഭ്യാസ ബോർഡ് നടത്തുന്ന 'മുഅല്ലിം' മാസികയിൽ ഒരു ഭാഗം അറബി - മലയാള ലേഖനത്തിനാ യി നീക്കിവെച്ചിട്ടുണ്ടെന്നും ശ്ലാഘ നീയം തന്നെ "(3).

പൊതു സ്കൂളുകൾ ആരംഭിച്ചതും അവിടങ്ങളിൽ മല യാളവും ഇംഗ്ലീഷും 'പൊതു' വായി പഠിപ്പിക്കുവാൻ ആരംഭിച്ചതും, മാറ്റത്തിന്റെ ഘട്ടത്തിൽ സ്വാഭാവി കമായും ആശങ്കയോടെയാണ് അന്ന് പലരും വീക്ഷിച്ചിരുന്നത്. രണ്ടു കാരണങ്ങൾ കൊണ്ടായിരു ക്കാം ഈ എതിർപ്പ്. ഒന്ന്, 'നായർ ഭാഷ'യായ മലയാളത്തിന്റെ അധി നിവേശം.മറ്റൊന്ന് തങ്ങൾ ജീവൻ കൊടുത്തും പൊരുതികൊണ്ടി രിക്കുന്ന കൊളോണിയൽ ശക്തി കളുടെ ഭാഷയോടുള്ള എതിർപ്പ്. ജാതി, ജന്മിനാടുവാഴിത്തത്തിനും ബ്രിട്ടീഷ് കൊളോണിയത്തത്തി നുമെതിരെ പടനയിച്ചു കൊണ്ടിരി ക്കുന്നവരെ സംബന്ധിച്ചടത്തോളം അതിന്റെ ചിഹ്നങ്ങളേയും സ്വത്വമു ദ്രകളേയും നിരാകരിക്കുക എന്നതു കൂടി ഒരു സമരരീതിയാണ്. ഇതേ സമയം, കൊളോണിയൽ ശക്തിക ളെ അവരുടെ 'ഉപകരണങ്ങൾ' ഉപയോഗിച്ചു കൊണ്ടു തന്നെ തകർക്കുക എന്നതായിരുന്നു ഇവ്വി

ഷയകമായിണ്ടായിരുന്ന മറ്റൊരു വീക്ഷണം.

**മക്തിതങ്ങളുടെ ശ്രമങ്ങൾ**

മുസ്‌ലിംകൾ അറബിയും അറബി മലയാളവും മാത്രമല്ല, മലയാളവും മറ്റു ഭാഷകളും പഠിക്കണമെന്നും ഭാഷാശുദ്ധി ദീക്ഷിക്കണമെന്നും ആഹ്വാനം ചെയ്ത പണ്ഡിതൻമാരിൽ ഒരാളായിരുന്നു മക്തി തങ്ങൾ എന്ന സയ്യിദ് സനാഉല്ലാ മക്തി (1847–1912). മലയാളം, അറബി, ഹിന്ദുസ്ഥാനി, പേർഷ്യൻ, തമിഴ് ഭാഷകളിൽ പ്രാവീണ്യം നേടിയ മക്തി തങ്ങൾ മികച്ച പ്രഭാഷകനും ശ്രദ്ധേയനായ എഴുത്തുകാരനുമായിരുന്നു. തഅ്ലീമുൽ ഖുർആൻ, മുഅല്ലിമുൽ ഇഖ്‌വാൻ, മരുമക്കത്തായം എന്നീ മൂന്ന് അറബി മലയാള കൃതികളുടെയും അൻപതിൽപരം മലയാളഭാഷാ കൃതികളുടെയും കർത്താവാണദ്ദേഹം. 1888 ൽ രചിച്ച തഅ്ലീമുൽ ഇഖ്‌വാൻ ആദ്യത്തെ അറബി അക്ഷരാഭ്യാസ പാഠപുസ്തകമാണ് 1891 ൽ മക്തി തങ്ങൾ 'മുഅല്ലിമുൽ ഇഖ്‌വാൻ' എന്ന പേരിൽ ഒരു ഗ്രന്ഥം പുറത്തിറക്കി. ഈ കൃതിയെ തങ്ങൾ പരിചയപ്പെടുത്തുന്നത് ഇങ്ങനെയാണ്: ''മലയാളികളായ ഇസ്‌ലാമിന്റെ കലാമുൽ മഖാം അഅ്നി (അഥവാ) നാട്ടുവാക്ക് മലയാളമാകയാൽ അതിനെ തള്ളിവെപ്പാൻ പാടില്ലാതിരിക്കുയും ആ ബാഷയിൽ തന്നെ കിതാബുകളും മറ്റുമെശുതി വരികയും ചെയ്യുന്നുയെന്നാൽ ആ ബാഷയെ അറബുയെശുത്തിൽ യെശുതി വരുന്ന അവസ്ഥക്ക്, അറബുയെശുത്തിൽ മലയാള ഒച്ച കൊടുക്കുന്ന ഹുറൂഫ് ഇല്ലാതിരിക്കയാൽ വേണ്ടതിനെ ഉണ്ടാക്കിയും തർക്കീബു കൊടുത്തും ശരിപ്പെടുത്തേണ്ട അവകാശം നമ്മളിൽ ഇരിക്കയാൽ ആവക സകല ആവശ്യങ്ങളെ നിവർത്തിക്കുന്നതായ ഒരു കിതാബ് മുഅല്ലിമുൽ ഇഖ്‌വാൻ യെന്ന നാമത്തിൽ നാം ഉണ്ടാക്കി അച്ചടിപ്പിച്ചു.''(4)

ഈ കൃതിയെപ്പറ്റി ചരിത്രകാരനായ പി.എ. സൈതുമുഹമ്മദിന്റെ അഭിപ്രായം ഇങ്ങനെ: ''മലയാള ഭാഷയിൽ കേരളപാണിനിക്കുള്ള വ്യാകരണപ്രാധാന്യം അറബി മലയാളത്തിൽ മുഅല്ലിമുൽ ഇഖ്‌വാൻ നൽകാവുന്നതാണ്. ഒരു നല്ല ഭാഷാ സാഹിത്യം അറബി മലയാളത്തിൽ വളർത്തിയെടുക്കുവാൻ മഖ്ദീ തങ്ങൾ ചെയ്ത സുത്യർഹമായ സേവനത്തിനൊരു നിദർശനമാണ് പ്രസ്തുത ഗ്രന്ഥം''.(5)

അറബി മലയാളത്തെ ലിപി പരിഷ്കരണത്തിലൂടെ മലയാള ലിപിക്കൊപ്പം ഉയർത്താൻ ശ്രമിച്ചു എന്നതാണ് മുഅല്ലിമുൽ ഇഖ്‌വാൻ എന്ന കൃതിയുടെ പ്രത്യേകത.ഉറുദു അക്ഷരങ്ങളുടെ മാതൃകയിലായിരുന്നു ഈ പരിഷ്കരണം. ഈ ലിപി പരിഷ്കരണത്തെ അടിസ്ഥാനമാക്കിയാണ് മക്തി തങ്ങളുടെ സുഹൃത്തും കവിയും പ്രമുഖ പണ്ഡിതനുമായിരുന്ന കൊച്ചി സ്വദേശി ചേനത്തുവളപ്പിൽ ഹൈദ്രൂസ്ബ്നു അബ്ദിർ റഹിമാൻ എന്ന, അടിമ മുസ്‌ലിയാർ രചിച്ച ഇബ്റാസുൽ ഇനായ ഫീ ശർഹി ബിദായത്തിൽ ഹിദായ എന്ന തൊള്ളായിരത്തിൽ പരം താളുകൾ വരുന്ന ബൃഹദ് ഗ്രന്ഥം രചിച്ചത്. (അടിമ മുസ്‌ലിയാർ മുഹ്‌യുദ്ദീൻ മാലക്ക് ഖുർറത്തുൽ ഐൻ എന്ന പേരിൽ ഒരു വ്യാഖ്യാനം രചിച്ചിട്ടുണ്ട്)

കൊച്ചി കൽവത്തിയിൽ നിന്ന് മക്തി തങ്ങൾ അറബി മലയാള ലിപിയിൽ തുഹ്ഫത്തുൽ അഖ്‌യാർ വ ഹിദായത്തുൽ അശ്റാർ എന്ന പേരിൽ ഒരു അറബി മലയാള പ്രതിപക്ഷ പത്രം ഒരു വർഷത്തോളം നടത്തുകയുണ്ടായി. ഇതിൽ അദ്ദേഹം പരിഷ്കരിച്ച ലിപി വ്യവസ്ഥയായിരുന്നു ഉപയോഗിച്ചിരുന്നത്

ജനങ്ങൾക്ക് ഭാഷാ പഠനത്തിന് സൗകര്യപ്പെടുന്ന ഒരു സംസ്കൃത - മലയാള-അറബി നിഘണ്ടു അദ്ദേഹം രചിച്ചിരുന്നെങ്കിലും പ്രസിദ്ധീകരിക്കുന്നതിനു മുമ്പ് നഷ്ടപ്പെട്ടുപോയി.കയ്യെഴുത്തു പ്രതി അപഹരിക്കപ്പെട്ടതാണെന്ന് മക്തി തങ്ങൾ എഴുതിയിട്ടുണ്ട് നിഘണ്ടുവി

ന്റെ ആവശ്യകതയെപ്പറ്റി അദ്ദേഹം ഇങ്ങനെ പറയുന്നു: "മലയാള മുസ്ലിം അറബിപദാർത്ഥം അറിയാതെ അന്ധരായിത്തീരുന്ന ദോഷത്തിൽ നിന്ന് രക്ഷനേടുന്ന മാർഗ്ഗം എന്തെന്നു ആലോചിക്കണം". പുത്തനായ മദ്രസ ഏർപ്പെടുത്തിയാലും ഈ ദോഷം തീരുന്നതല്ല.ഇവിടുത്തെ ഗുരുക്കൻമാർ പതിവുപോലെ പഠിപ്പിക്കും. പരദേശർ മലയാളം അറിയുന്നതുമില്ല. മദ്ധ്യസ്ഥാനത്തു മറ്റൊരു ഭാഷയെ ആശ്രയിച്ച് ക്രമപെടുത്താമെന്നുള്ള ധൈര്യം ദുസ്സാധ്യമെങ്കിലും അതിനുള്ള പ്രയാസവും കാലതാമസവും എത്ര എന്നും തത്സമയമുള്ള ഗുരുക്കൻമാർക്ക് ഉപകരിക്കുമോ എന്നും ചിന്തിക്കുന്ന മനുഷ്യബുദ്ധി ശഠിക്കും. എന്നാൽ തൽക്കാലവസ്ഥക്ക് അത്യാവശ്യമായത് അർത്ഥ നിഘണ്ടു ആകുന്നു. അറബിപദത്തിനൊത്ത മലയാള പദവും സംസ്കൃത പദവും കാണിക്കുന്ന നിഘണ്ടു(ഞാൻ ചമച്ചതും മയൻഹമദാനി ശൈഖിന്റെ ശിഷ്യൻ അപഹരിച്ചതുമായ തരത്തിൽ) ചമച്ചു പ്രസിദ്ധപ്പെടുത്തുന്നതാകയാൽ അതു പുതു പാഠശാലകൾക്കും ശേഷമുള്ള എല്ലാ ജനങ്ങൾക്കും ഗുണകരമായും ഉപകാര പ്രദമായും ഭവിക്കുമെന്നു അഭ്യാസാത്മാക്കളെത്രയും സമ്മതിക്കും. ഭാഷാഭ്യാസഹൃദയം നിഘണ്ടുവാകുന്നു.

ഇംഗ്ലീഷുകാർ കേരളത്തിൽ പൊതു സ്കൂളുകൾ ആരംഭിച്ചതോടെ മലയാളം കേരളീയരുടെ മൊത്തം വ്യവഹാര ഭാഷയായി മാറി. ജാതി മത പരിഗണനകൾക്കതീതമായി എല്ലാവരും മലയാളം എഴുതുവാനും വായിക്കുവാനും ആരംഭിച്ചു.മലയാള ഭാഷ പൊതുഭാഷയായി തീരുന്നതിനു മുമ്പ് മലയാളികളിൽ മഹാഭൂരിപക്ഷം നിരക്ഷരരായിരുന്നു എന്ന് ഇതിനർത്ഥമില്ല. മുസ്ലിംകൾക്ക് പൊതുവെ അറബി മലയാളമറിയാമായിരുന്നു. മത ഗ്രന്ഥങ്ങളോ സാഹിത്യ കൃതികളോ മാത്രമല്ല, കത്തുകൾ പോലും ഈ ഭാഷയിൽ എഴുതപ്പെട്ടിരുന്നു.അറബി മലയാളം മാത്രം ലിഖിത ഭാഷയായി സ്വീകരിച്ചിരുന്ന ഒരു സമൂഹത്തോട് മാറ്റത്തിന്റെ ഘട്ടത്തിൽ മലയാള ഭാഷാ പഠനത്തിന്റെ ആവശ്യകത ഊന്നി പറയേണ്ടിവരിക സ്വാഭാവികമാണ്. പൊതു മണ്ഡലത്തിലേക്കുള്ള പ്രവേശനത്തിന് ഇതാവശ്യമായിരുന്നു. തീർച്ചയായും ഇത്തരമൊരു ഘട്ടത്തിൽ എതിർപ്പുകൾ സ്വാഭാവികമാണ്

അറബി മലയാളത്തിൽ നിന്ന് മലയാളത്തിലേക്ക് മാറിക്കൊണ്ടിരിക്കുന്ന മാറ്റത്തിന്റെ ഘട്ടത്തിൽ നിരവധി പണ്ഡിതൻമാർ മലയാളം പഠിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപറയുകയുണ്ടായി.അവരിലൊരാളാണ് സനാഉല്ലാ മക്തി തങ്ങൾ. മലയാളം പഠിക്കേണ്ടത് ഈമാനിന്റെ പൂർത്തീകരണത്തിന് അത്യാവശ്യമാണെന്നു വരെ അദ്ദേഹം ആഹ്വാനം ചെയ്തു.മലയാള ഭാഷ വശമില്ലാത്തതിനാൽ ഇസ്ലാമിക പാഠങ്ങൾ പഠിപ്പിക്കുന്ന ഗുരുനാഥൻമാർ തെറ്റായി അറബി പദങ്ങൾ വിവർത്തനം ചെയ്യുന്നതായി തങ്ങൾ ചൂണ്ടിക്കാട്ടുന്നു. അദ്ദേഹം എഴുതി: "മാതൃഭാഷ മാത്രമല്ല മലയാളിയെ ഇസ്ലാമാക്കുന്ന ഗുരു ഭാഷയുമായ മലയാളം പഠിക്കായ്കയാൽ വേദാഭ്യാസം ദോഷപ്പെടുന്നു.'ഈമാൻ' നഷ്ടപ്പെടുന്നു. എങ്ങനെയെന്നാൽ ഗുരുസ്ഥാനത്തിരിക്കുന്ന പണ്ഡിതൻ അറബി പദാർത്ഥം ഗ്രഹിക്കാതെയും ശിഷ്യനെ ധരിപ്പിക്കാൻ ഭാഷാ പദം അറിയാതെയും ഉഴലുന്നു.അറബി പദങ്ങളെ തന്നെ മടക്കി മടക്കി പറഞ്ഞും അതൊടൊന്നിച്ച് ആംഗ്യം ചേർത്തും മധ്യത്തിൽ തോന്നിയവിധം ഓരോ വാക്കുകൾ പറഞ്ഞും ഒരു വിധേന കാര്യം ധരിപ്പിക്കുന്നു. മേൽപ്രകാരം പറയുന്ന വാക്കുകളിൽ ചിലതു നിരർത്ഥമായും ചിലതു വിപരീതാർത്ഥമായും ചിലതു ദുരർത്ഥമായും (മതത്തിനു വിരുദ്ധമായും) ഭവിക്കുന്നു. ചൊല്ലിക്കൊടുക്കുന്ന ഭാഷാപദത്തിനുള്ള അർത്ഥമെന്ത്? ഭാഷ ഏത്? എന്ന് ചോദിക്കുകയോ മാറ്റിപറയണമെന്നാവശ്യപ്പെടുകയോ ചെയ്താൽ കോപം ഒഴികെ നിവൃത്തിയില്ല...."(7)

ഇത്തരത്തിൽ സംഭവിക്കുന്ന നിരവധി വിവർത്തനപ്പിശകുകൾ മക്തി തങ്ങൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട് അതിനാൽ 'മലയാളം പഠിക്കാതെ മതം ശുദ്ധമാകുന്നതും പ്രകാശിക്കുന്നതുമല്ല' എന്നദ്ദേഹമെഴുതി.

മലയാളം പഠിക്കാത്ത, അറിയാത്ത പണ്ഡിതൻമാർക്ക് സംഭവിക്കാവുന്ന അബദ്ധങ്ങളെ മക്തി തങ്ങൾ ദീർഘമായി ഉപന്യസിച്ചിട്ടുണ്ട്.ഭാഷാഭ്യാസത്തിന്റെ അഭാവം നിമിത്തം സംഭവിക്കാവുന്ന അബദ്ധങ്ങളെപ്പറ്റി മക്തി തങ്ങൾ പറഞ്ഞ കാര്യങ്ങൾക്ക്, ഇന്നും പ്രസക്തിയുണ്ട്. മക്തി തങ്ങൾ ഭാഷാപഠനത്തിന്റെ പ്രാധാന്യത്തെപ്പറ്റി ഇങ്ങനെ എഴുതി: "അക്ഷരാഭ്യാസ പ്രാപ്തരാകുന്ന പുത്രീ പുത്രൻമാരെ ഖുർആൻ ഓതിക്കുന്ന മൊല്ലമാരിൽ ഏൽപ്പിക്കുന്നു.ഖുർആൻ അവസാനിക്കുന്നത് വരെ അതിൽ തന്നെ ശ്രമിപ്പിക്കുന്നു. ഒന്നോ രണ്ടോ മൂന്നോ വത്സരം കൊണ്ടു ഖുർആൻ അവസാനിപ്പിക്കുന്നു. ഉടനെ പത്ത് കിതാബ് എന്ന പുസ്തകം എടുക്കുന്നു.അത്അറബിഭാഷയിൽ ഉള്ളതാകയാൽ വാചകം ചൊല്ലി മലയാള ഭാഷയിൽ അർത്ഥപ്പെടുത്തി പഠിപ്പിക്കുന്നു. അർത്ഥപ്പെടുത്തുന്ന മലയാളം മലവാസികൾ പോലും ഹസിക്കത്തക്കതാകുന്നു......

മലയാളം എഴുതി പഠിപ്പിക്കായ്കയാൽ അക്ഷര ഉച്ചാരണം ശരിപ്പെടാതെ പണ്ഡിതൻമാർ പോലും രാസ്ത്രി, നസ്ക്വേത്രം, കശുത്തു, എശുത്തു എന്ന് പറഞ്ഞു ഹശിക്കപ്പെടുന്നു.

പണ്ഡിതൻമാർ പോലും ശുദ്ധമായ മലയാളം അറിയായികയാൽ ഇതര ജനത്തിൽ ഇറങ്ങി പ്രസംഗിക്കാൻ ശങ്കിക്കുന്നു.അന്യജനം വരാത്ത സ്ഥലത്തും സമയത്തും പ്രസംഗിക്കുന്നു. ഇതിനാൽ മതാഭിവൃദ്ധിക്ക് ആവശ്യമായതും വേദം നിർബന്ധിക്കുന്നതുമായ പ്രസംഗം മുടങ്ങി നടപ്പില്ലാതിരിക്കുന്നു.

പത്ത് പതിനാല് കൊല്ലം പഠിച്ച മുസ്ലിയാർ അറബി ഭാഷയിലോ മലയാള ഭാഷയിലോ ഒരു വാചകം എഴുതാനും ഒരു സദസ്സിൽ ഇറങ്ങി ഒരു വിഷയത്തെ സംബന്ധിച്ചു സംസാരിക്കാനും നിവൃത്തിയില്ലാതിരിക്കുന്നു. ഇതിന്റെ കാരണം ഭാഷ ഗ്രഹിക്കാത്തതു തന്നെ.

മലയാളം എഴുതി പഠിക്കായ്ക കൊണ്ട് രാജ്യ നിയമം അറിയാതെ ദോഷപ്പെടുന്നു. സമ്പാദ്യം അന്യർക്കു കൊടുത്ത് മലയാളഭാഷ പഠിക്കേണ്ടതിന്റെ അനിവാര്യത 'മുസ്ലിം ജനവും വിദ്യാഭ്യാസവും' എന്ന ലേഖനത്തിൽ മക്തി തങ്ങൾ ഊന്നിപ്പറയുന്നു. ഒപ്പം ദർസ്സുകൾ വഴി ശാസ്ത്രീയമായി ഭാഷാഭ്യാസനം എങ്ങനെ സാധ്യമാക്കാം എന്നും വിശദീകരിക്കുന്നു.

സർക്കാർ ഉദ്യോഗം ലഭിക്കണമെങ്കിൽ ഇംഗ്ലീഷ്, മലയാള ഭാഷാ പഠനങ്ങൾ അത്യാവശ്യമാണെന്നും അതിനാൽ മുസ്ലിംകൾ ഭാഷാപഠത്തിനും സ്കൂൾ വിദ്യാഭ്യാസത്തിനും പ്രാധാന്യം നൽകണമെന്നും, മക്തിതങ്ങൾ തന്റെ 'രാജഭക്തിയും ദേശാഭിമാനവും' എന്ന കൃതിയിൽ എഴുതി. ആൺകുട്ടികൾ മാത്രമല്ല പെൺകുട്ടികളും സ്കൂൾ വിദ്യാഭ്യാസം നേടണമെന്ന് മക്തി തങ്ങൾ വാദിച്ചു.

ഭൗതിക വിദ്യാഭ്യാസം നേടേണ്ടതിന്റെ പ്രാധാന്യം അദ്ദേഹം നിരന്തരം ഉണർത്തി.ഓത്തുപള്ളിയിൽ മാത്രം പോയാൽ പോരാ പൊതു പള്ളികൂടത്തിലും പഠിക്കണമെന്ന് ആഹ്വാനം ചെയ്തു. അദ്ദേഹം പറഞ്ഞു "പ്രിയ ജനമേ, ഇനി എങ്കിലും ഉണരണം.അത്യാവശ്യമായ ഭാഷകൾ രണ്ടും പഠിക്കുന്നതിന് ശ്രമിക്കണം. പ്രത്യേക പാഠശാലകൾ വേണമെന്ന് സിദ്ധാന്തിക്കുന്നതിലേക്കും ന്യായമൊട്ടുമില്ല.ഈ ആവശ്യത്തിലേക്ക് അനേക പാഠശാലകൾ ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുണ്ട്. പ്രത്യേകം നിങ്ങൾക്ക് സ്കൂൾ ഫീസ് കുറച്ചും വെച്ചിരിക്കുന്നു. ഇതു മഹാ കരുണയും പ്രത്യേക ദയയുമാകുന്നു. നിവൃത്തിയില്ലാത്തവരെ ധർമ്മമായും പഠിപ്പിക്കുന്നു. അതുകൊണ്ട് സർക്കാർ സ്കൂളിൽ ചേർന്ന് പഠിക്കുന്നത്

ഉത്തമം അഭ്യാസവിശേഷതയുമുണ്ട്''.(9)

പല സമുദായങ്ങളും സ്വന്തമായി കലാലയങ്ങൾ സ്ഥാപിക്കുന്നുണ്ടെന്നും അവ നല്ലനിലയിൽ പ്രവർത്തിക്കുന്നതായി കാണുന്നുണ്ടെന്നും അതുപോലെ സ്വന്തം ''ഉത്സാഹത്തിൻമേലും ചിലവിൻമേലും തന്താങ്ങൾക്കൈശ്വര്യമായ്' സ്ഥാപനങ്ങൾ ആരംഭിക്കണമെന്നും തങ്ങൾ എഴുതിയിട്ടുണ്ട്. കല്യാണ അടിയന്തിരങ്ങളിലും മറ്റും പണം വാരിക്കോരി ചിലവാക്കുന്ന മാതാപിതാക്കൾ അഭ്യാസ വിഷയത്തിൽ ചിലവാക്കാതിരിക്കുന്നത് മൂത്ത മൂഢതയാകുന്നു.''(10)

ഭൗതിക വിദ്യാഭ്യാസം കരസ്ഥമാക്കിയാലേ സർക്കാർ ഉദ്യോഗങ്ങൾ നേടുവാനും സമുദായത്തിന് അർഹമായ സ്ഥാനമാനങ്ങൾ പിടിച്ചു വാങ്ങാനും സാധിക്കുകയുള്ളൂ എന്നദ്ദേഹം മനസ്സിലാക്കിമത സംഘടനകൾ രൂപപ്പെടാത്ത അക്കാലത്ത് ഒറ്റയാനായി ഈ സന്ദേശം പ്രചരിപ്പിക്കുവാൻ കേരളത്തിലങ്ങോളമിങ്ങോളം തങ്ങൾ യാത്ര ചെയ്തു. സ്റ്റേജും പേജും അതിനായി ഉപയോഗിച്ചു. എന്നാൽ മക്തി തങ്ങളുടെ ജീവിത കാലത്ത് 'ഒരു മുസ്ലിം' ഹൈസ്കൂൾ നിർമ്മിച്ചു കാണുവാൻ അദ്ദേഹത്തിന് സാധിച്ചില്ല. അദ്ദേഹത്തിന്റെ മരണാനന്തരം ഇരുപത്തിമൂന്ന് വർഷം കഴിഞ്ഞപ്പോഴാണ് കേരളത്തിൽ ആദ്യമായിമുസ്ലിംകളുടെ നടത്തിപ്പിൽ ഒരു ഹൈസ്കൂൾ സ്ഥാപിതമാകുന്നത്. 1935 ൽ തലശ്ശേരിയിൽ വെച്ച് മുസ്ലിം ഹൈസ്കൂൾ കമ്മിറ്റി രൂപീകൃ [redacted]ചിനു വേണ്ടി 'മുസ്ലിം ഹൈസ്കൂൾ കമ്മിറ്റി - മുസ്ലീകളോട് അഭ്യർത്ഥന' എന്ന ശീർഷകത്തിൽ ഒരു ലഘുലേഖ പ്രസിദ്ധപ്പെടുത്തുകയുണ്ടായി.മക്തി തങ്ങൾ പറഞ്ഞതും സ്വപ്നം കണ്ടതുമായ കാര്യങ്ങൾ മറ്റൊരു രീതിയിലും ഭാഷയിലും ഈ ലഘുലേഖയിൽ കാണാം.കേരള മുസ്ലിം വിദ്യാഭ്യാസ ചരിത്രത്തിലെ സുപ്രധാന ആധാര രേഖയായ പ്രസ്തുത ലഘുലേഖയിലെ പ്രസക്തഭാഗങ്ങൾ ഇങ്ങനെ :

'' ......മദ്രാസ് സംസ്ഥാനത്തെ മുസ്ലിം ജനസംഖ്യയിൽ മൂന്നിലൊരു ഭാഗവും ജില്ലയിലെ ഒട്ടാകെ ജനസംഖ്യയിൽ ഏത്രയും ഉയർന്ന ഒരു ഭാഗവും വഹിക്കുന്ന വമ്പിച്ച മാപ്പിള സമുദായം വിദ്യാഭ്യാസ കാര്യത്തിൽ ഇന്നു പുറകിൽ തള്ളപ്പെട്ടുപോയതുകൊണ്ട് സമുദായത്തിന് ന്യായമായി ലഭിക്കേണ്ട പൗരാവകാശങ്ങൾ പലതും നഷ്ടപ്പെട്ടു പോയിരിക്കുന്നു. ഉദ്യോഗങ്ങൾ ഗവൺമെന്റ് സർവ്വീസിലായാലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലായാലും അവർക്ക് പ്രായേണ ഇല്ലതന്നെ എന്നു പറയേണ്ടി വന്നിരിക്കുന്നു. കൃഷി, കച്ചവടം, ആദിയായ തൊഴിലുകളിൽ അവർക്ക് ക്ഷയമല്ലാതെ അഭിവൃദ്ധിയില്ല. വ്യവസായങ്ങൾ പരിഷ്കൃത രീതിയിൽ ഏർപ്പെടുത്തി നടത്തുവാനുള്ള പഠിപ്പും സ്വാധീന ശക്തിയും ഇല്ലായ്ക നിമിത്തം ആകാര്യവും വളരെ പരുങ്ങലിലാണ്. ഇതുകൊണ്ടെല്ലാം മാപ്പിളമാരുടെ വിദ്യാഹീനത അവരുടെ പൗരാവകാശങ്ങളെ മാത്രമല്ല, സമുദായിക ജീവിതത്തിന് ഒഴിച്ചു കൂടാത്ത ധനാഭിവൃദ്ധിയെ കൂടി നഷ്ടമാക്കിയിട്ടുണ്ടെന്ന് കാണാം.

മാപ്പിള വിദ്യാഭിവൃദ്ധിക്ക് ഗവൺമെന്റ് ചെയ്ത പരിശ്രമങ്ങളുടെ ഫലമായി വിദ്യാഭ്യാസ പരമായി ഒരു ഉണർവ്വ് വിശേഷിച്ച് എലിമെണ്ടറി വിദ്യാഭ്യാസ കാര്യത്തിൽ സമുദായത്തിൽ ഉണ്ടായിട്ടുണ്ടെന്ന് നാം ഓർക്കേണ്ടതും ഗവൺമെന്റിനോട് ആ കാര്യത്തിൽ നന്ദിയുള്ളവരായിരിക്കേണ്ടതുമാണ്. എന്നാൽ സെക്കണ്ടറി വിദ്യാഭ്യാസ കാര്യത്തിലും ഇപ്പോഴും സമുദായ ഗാഢമായ ഉറക്കത്തിൽ കിടക്കുകയാണ്. മലബാർ ജില്ല ഒട്ടുക്ക് നോക്കിയാൽ ഉയർന്ന ക്ലാസുകളിൽ പഠിക്കുന്നവരുടെ എണ്ണം കൈവിരലുകളിൽ എണ്ണുവാനേ കാണുകയുള്ളൂ.......എന്നാൽ സംസ്ഥാനത്തിലെ മുസ്ലിം ജനസംഖ്യയിൽ മൂന്നിൽ

ഒരു ഭാഗമുള്ള മാപ്പിളമാർക്ക് ഒരു ഹൈസ്കൂൾപോലും ഇതുവരെ സ്ഥാപിക്കപ്പെടാത്തത് വളരെ പരിതാപകരമാണെന്നും, അതുകൊണ്ട് മലബാറിലെ ഏറ്റവും ഉത്തമമായ ഒരു കേന്ദ്രത്തിൽ ഒരു മുസ്ലിം ഹൈസ്കൂൾ ഗവൺമെന്റിൽ നിന്ന് സ്ഥാപിച്ചു തരണമെന്നും അതുകൊണ്ട് മാപ്പിളമാരുടെ ഉയർന്ന വിദ്യാഭ്യാ സത്തിനുള്ള അവസരം അൽപമെങ്കിലും നീങ്ങുകയുള്ളൂയെന്നും നമ്മുടെ സമുദായ സംഘങ്ങളും, പൊതുകാര്യ പ്രവർത്തകരും, വിശേഷിച്ച് ഗവൺമെന്റിൽ നിന്ന് കുറച്ചു മുമ്പ് മുസ്ലിം വിദ്യാഭ്യാസ കാര്യങ്ങളെ സംബന്ധിച്ച അന്വേഷണങ്ങൾ ചെയ്വാൻ നിയോഗിച്ചിരുന്ന മുസ്ലിം വിദ്യാഭ്യാസ കമ്മറ്റിയും ഗവൺമെന്റിനെ ബോധിപ്പിക്കുകയുണ്ടായി. ഇതിന്റെയെല്ലാം ഫലമായി മുസ്ലിം വിദ്യാഭ്യാസ കമ്മറ്റിയുടെ ശുപാർ ശകളെ സംബന്ധിച്ച് ഗവൺമന്റ് പുറപ്പെടുവിച്ച കൽപനയിൽ മലബാറിൽ ഒരു മുസ്ലിം ഹൈസ്കൂൾ സ്ഥാപിച്ചു കൊടുക്കുന്നതാണെന്ന് പ്രസ്ഥാവിച്ചിരുന്നു. മുസ്ലിം ഹൈസ്കൂൾ സ്ഥാപിക്കുവാൻ നിശ്ചയിച്ചതിൽ ഗവൺമെന്റിനെ അഭിനന്ദിച്ചും, ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് താമസിക്കുവാനും മതപഠനത്തിനും സൗകര്യമുള്ള റെസിഡൻഷ്യൽ സ്കൂൾ ആയിരിക്കണമെന്നും, ഫീസിളവുണ്ടായിരിക്കണമെന്നും അപേക്ഷിച്ചുകൊണ്ടുള്ള പ്രമേ [redacted] പ്രധാനമായ നി[redacted]യം ചെയ്യുകയുണ്ടായി 'ഗവൺമെന്റിൽ നിന്ന് സ്ഥാപിക്കുന്ന ഹൈസ്കൂൾ കുട്ടികളുടെ താമസത്തി നുള്ള ഹോസ്റ്റലുകൂടി ആകുന്ന പക്ഷം നൂറു സാധു വിദ്യാർത്ഥികൾക്ക് താമസത്തി നുവേണ്ടി വരുന്ന ചെലവുകൾ ചെയ്വാൻ മുസ്ലിം ഹൈസ്കൂൾ കമ്മറ്റി എന്ന പേരിൽ ഒരു കമ്മിറ്റി ഉണ്ടായിരിക്കേണ്ടതാണെന്നായിരുന്നു ആ നിശ്ചയം. തൽസമയം തന്നെ പ്രസ്തുത ഹൈസ്കൂൾ കമ്മിറ്റി സ്ഥാപിക്കപ്പെടുകയും ചെയ്തു. കമ്മറ്റിയുടെ ഭാവി വിജയത്തിന്റെ ശുഭ ലക്ഷണമെന്നോണം, ലോകത്തിൽ സദയം സന്നദ്ധ നായിരുന്ന ബഹുമാനപ്പെട്ട കണ്ണൂർ രാജാവ് സുൽത്താൻ അബ്ദുൽ റഹ്മാൻ അലി രാജാ അവർകൾ 1000ക. കമ്മിറ്റി ഫണ്ടിലേക്ക് നൽകാമെന്ന് സന്തോഷപൂർവ്വം വാഗ്ദാനം ചെയ്തു എന്നുള്ളത് ഏറ്റവും സന്തോഷത്തോടെ പ്രസ്ഥാവിച്ചു കൊ ള്ളുന്നു."

സത്യത്തിൽ ഒരു നൂറ്റാണ്ടു മുമ്പ് മക്തിതങ്ങൾ വരച്ചിട്ട വിദ്യാഭ്യാസ പുരോഗതിയുടെ നൂറിരട്ടി ഗതിവേഗത്തിലാണ് ഇന്ന് മുസ്ലിം സമുദായത്തിന്റെ വിദ്യാഭ്യാസ പുരോഗതി. മുസ്ലിം കൾക്കിട യിൽ ഇക്കാര്യത്തിൽ ഏറെ മുന്നിൽ പോയത് സുന്നീ പ്രസ്ഥാനമാണ് . അവസാന കാലത്ത് വ്യസന സമേതം അദ്ദേഹം എഴുതിയ കുറിപ്പിലെ വാക്കുകൾ സമുദായം ഇന്ന് കൈവരിച്ച നേട്ടങ്ങളുടെ ഗ്രാഫായി കാണാവുന്നതാണ്: "

പ്രിയ ജനമേ! മലയാളമെന്ന ദേശഭാഷയും ഇംഗ്ലീഷ് ഭാഷയും പഠിക്കണമെന്നും ഗവൺമെന്റ് ഉദ്യോഗം വരിക്കണമെന്നും ഉപദേ [redacted] ഇനിക്കു [redacted]ക്യവും വന്ന[redacted]. ഇതുവരെ വഴിപ്പെടാതിരുന്നു എന്നു മാത്രമല്ല, എന്നിൽ വൈരാഗ്യംപൂണ്ട് ദുഷി ക്കുന്നത് എത്ര വ്യസനം.....

ഹേ ജനമേ! ഗവൺമെന്റ് ചെയ്തി രിക്കുന്ന ഗുണമോർക്കണം. സ്കൂൾ ഫീസ് നമുക്കു വേണ്ട ചുരുക്കിയാക്കിയിരിക്കവേ സിദ്ധാന്തം

ഒഴിയാതെ രാജനീതിക്കും ഇസ്ലാം മതവിധികൾക്കും വിരോധമായ അപേക്ഷകൾ കൊണ്ടാടുന്നതും ശുപാർശ അന്വേഷിക്കുന്നതും അവകാശ ആക്രമം ആകുന്നു. ആകയാൽ സിദ്ധാന്തത്തിന് പകരം ഭക്തിയുള്ളവരായി സർക്കാർ പള്ളിക്കൂടങ്ങളിൽ കുട്ടികളെ അയക്കുന്നതിലേക്ക് ഉപദേശിക്കണമെന്ന് മുസ്ല്യാമാർ മുതലായവരോട് പ്രത്യേകം അപേക്ഷിക്കുന്നു''.(11)

## സമുദായികാവസ്ഥ

സംഘടിതപ്രസ്ഥാനങ്ങളോ ഇന്നത്തെ രീതിയിലുള്ള മദ്രസാപ്രസ്ഥാനമോ ആരംഭിക്കുന്നതിന് തൊട്ടു മുമ്പുള്ള കാലഘട്ടത്തിലാണ് സനാഉല്ലാ മക്തി തങ്ങൾ ജീവിച്ചത്. കേരളത്തിലേയോ വിശിഷ്യ മലബാറിലേയോ മുസ്ലിംകളെ പ്രതിനിധീകരിക്കുന്ന സംഘടനകൾ അന്നില്ലായിരുന്നു. ഓരോ നാട്ടിൽ ഓരോ രീതികൾ, അന്നത്തെ മദ്രസകളായ ഓത്തുപള്ളികൾക്ക് പോലും ഏകീകരണം ഉണ്ടായിരുന്നില്ല. മണ്ണിന്റെ ഒരു തറ, മറയില്ലാതെ മേൽക്കൂര മാത്രമുള്ള അഞ്ചുകാലുകളിൽ കെട്ടിയുണ്ടാക്കിയ ഒരു ചെററപുര! ഇതായിരുന്നു ഓത്തുപുരകളുടെ അവസ്ഥ. വലിയ ഓത്തുപുരകളിൽ നൂറിൽപരം കുട്ടികളും ഒരധ്യാപകനും ഒരു മേശയും ഒരു വടിയും ഓരോ കുട്ടിക്കും ഓരോ ക്ലാസുമായിരുന്നു. ഓത്തുപള്ളികളിൽ ഒരേ സിലബസായിരുന്നില്ല പഠിപ്പിച്ചിരുന്നത്. പഠിപ്പിക്കുന്നയാളുടെ വിവരത്തിനനുസരിച്ചായിരുന്നു സിലബസ് എന്നു പറയാം.

മതപഠനം നേടിയവരും ഭൗതിക വിദ്യാഭ്യാസം നേടിയവരും തമ്മിലുള്ള അകലം ഏറെയായിരുന്നു. മതപണ്ഡിതൻമാരാകട്ടെ പലതരക്കാർ. 1892 ൽ മക്തി തങ്ങൾ പത്രാധിപരും ചേനത്തുവളപ്പിൽ സയ്യിദ്അബ്ദു റഹ്മാൻ ഹൈദ്രോസ്എന്ന അടിമ മുസ്ലിയാർ (കൊച്ചി) അണിയാപുറത്ത് അമ്മു സാഹിബ് (തലശ്ശേരി) അറക്കൽ കുഞ്ഞഹമ്മദ് മൗലവി (കൊച്ചി), എന്നിവർ സഹപത്രാധിപരായും പ്രസിദ്ധീ കരിച്ച തുഹ്ഫത്തുൽ അഖ്യാർ വ ഹിദായത്തുൽ അശ്റാർ എന്ന അറബി മലയാള ദ്വൈവാരികയുടെ പ്രഥമ ലക്ക ത്തിൽ അന്നത്തെ സാമുദായിക ദയനീയാവസ്ഥയിൽ മക്തിതങ്ങൾക്കുണ്ടായിരുന്ന മനോവിഷമം ഇങ്ങനെ വരച്ചിട്ടു.

ന ശക്തി നാസഹായം സ്വ
ന്തക്കൂട്ടത്തിൽ സ്വയം ബാഖീ
അസൂയ ദുഷ്ട മൃഗം പോൽ
സദാ സമ്പാദിയം ബാഖീ
പറഞ്ഞങ്ങു നിഗളിക്കും
പരസ്പരം സഹോദരൻ
അഹംഭാവം അഹങ്കാരം
നിറഞ്ഞ നാടിയം ബാഖീ


കേരളീയ മുസ്ലികൾ കഴിഞ്ഞ ഒരു നൂറ്റാണ്ടിനിടയിൽ പിന്നിട്ട വളർച്ചയും അഭ്യുന്ന തിയും മേൽവരികളെ തന്നെ കടപ്പുഴക്കി എറിയും വിധത്തിലായിരുന്നു. ജിവിതക്കാലത്ത് അദ്ദേഹത്തിനു ചെറു സംഘങ്ങളുടെ മാത്രം സ്വീകാര്യതയേ ലഭിച്ചിരുന്നുള്ളൂ. (1889 ൽ കണ്ണൂരിൽ അദ്ദേഹം ഒരുപറ്റം മുസ്ലിം യുവാക്കളെ സംഘടിപ്പിച്ചു മുഹമ്മദീയ സഭ എന്ന പേരിൽ ഒരു സാംസ്കാരിക സമിതി രൂപീകരിച്ചു.) ഇത്തരം പ്രവർത്തനങ്ങൾ ശ്ലാഖിച്ചും പിന്തുണച്ചും അറബി മലയാള ത്തിൽ ലേഖനമെഴുതിയ പൊന്നാനി മഖ്ദൂമായിരുന്ന പുതിയകത്ത് അബ്ദുരഹിമാൻ എന്ന ബാവ മുസ്ലിയാർ അടക്കമുള്ള ഉൾക്കാഴ്ചയും ദീർഘവീക്ഷണവുമുള്ള പണ്ഡിതൻമാരുടെ ഒരു ചെറുനിര അദ്ദേഹ ത്തോടൊപ്പമുണ്ടായിരുന്നു.ഇന്ന് കേരളത്തി ലെ ഏതേത് മത സംഘടനക്കും സ്വീകാര്യമാ കുന്ന കാര്യങ്ങളെ മക്തി തങ്ങൾ

പറയുക യും എഴുതുകയും ചെയ്തിട്ടുള്ളു എന്ന് ചുരുക്കം.

1912 സെപ്തംബർ 18ന് മരണപ്പെടുന്നതിന്റെ ഏതാനും മിനിറ്റുകൾക്ക് മുമ്പ് പ്രിയ ശിഷ്യൻ സി.വി. ഹൈദ്രോസ് സാഹിബിന് തന്റെ ഇഷ്ടതൂലിക നൽകി ക്കൊണ്ട് മക്തി തങ്ങൾ പറഞ്ഞു: "ഞാനിതാ എന്റെ റബ്ബിങ്കലേക്ക് പോകാറായി ഇനി ഈ പേനകൊണ്ട് നീ ഇസ്‌ലാമിനുവേണ്ടി ജിഹാദ് ചെയ്യുക" ചുരുക്കത്തിൽ, മുസ്‌ലിം സമുദായത്തിലെ വിദ്യാഭ്യാസ രീതികളെയാണ് മക്തി തങ്ങൾ നേരിട്ടത്. അതിന്റെ ശൈലിയിലായിരുന്നു പ്രശ്നങ്ങളത്രയും.

**അടിക്കുറിപ്പുകൾ**

1. വില്യം ലോഗൻ, മലബാർ മാന്വൽ
2. യുവകേരളം, പുസ്തകം 2 / ലക്കം 3
3. കേരള മുസ്‌ലിം നവോത്ഥാന ചരിത്രം. പ്രബോധനം സ്പെഷ്യൽ പതിപ്പ് 1998 ഏപ്രിൽ
4. തുഹ്ഫത്തുൽ അഖിയാർ ..........പാശ്ചികം, വ1, ലക്കം 1, പേജ് 2
5. കേരള മുസ്‌ലിം ഡയറക്ടറി പുറം 581
6. ഭാഷാഭ്യാസ ഹൃദയം, മക്തി തങ്ങളുടെ സമ്പൂർണ്ണ കൃതികൾ പുറം 447, 448
7. മുസ്ലിം ജനവും വിദ്യാഭ്യാസവും, മക്തി തങ്ങൾ സമ്പൂർണ്ണ കൃതികൾ
8. മുസ്‌ലിം ജനവും വിദ്യാഭ്യാസവും, മക്തി തങ്ങൾ സമ്പൂർണ്ണ കൃതികൾ
9. രാജഭക്തിയും ദേശാഭിമാനവും., മക്തി തങ്ങൾ സമ്പൂർണ്ണ കൃതികൾ
10. രാജഭക്തിയും ദേശാഭിമാനവും., മക്തി തങ്ങൾ സമ്പൂർണ്ണ കൃതികൾ
11. രാജഭക്തിയും ദേശാഭിമാനവും - രണ്ടാം ലേഖനം മക്തി തങ്ങൾ സമ്പൂർണ്ണ കൃതികൾ, പു. 507 - 508





# പുതിയ വഴികൾ തേടുന്ന ആദിവാസി വിദ്യാഭ്യാസം



ഡോ. അസീസ് തരുവണ
റിസർച്ച് സ്കോളർ
കോഴിക്കോട് സർവകലാശാല

സംസ്കാരത്തിന്റെയും ജീവിതത്തിന്റെയും പൊതുധാരയിൽ നിന്നും ഒറ്റപ്പെട്ട് വനാന്തരങ്ങളിലും വനങ്ങളിലുമായി ബന്ധപ്പെട്ട പ്രദേശങ്ങളിൽ വസിക്കുകയും സവിശേഷമായ ആചാരാനുഷ്ഠാനങ്ങൾ നിലനിർത്തുകയും ചെയ്യുന്ന ജനവിഭാഗങ്ങളാണ് ആദിവാസികൾ. ഒരു സംസ്കാരത്തിന്റെ മുഴുവൻ നന്മയും പേറി ജീവിക്കുന്നവർ. എന്നാൽ പരിഷ്കൃത സമൂഹത്തിന്റേതായ എല്ലാവിധ ചുറ്റുപാടുകളിൽ നിന്നും സ്വയം ഒഴിഞ്ഞു മാറിയും പലരാലും മാറ്റിനിർത്തപ്പെട്ട ഒരു കൂട്ടം ആളുകൾ. മറ്റൊരു രീതിയിൽ പറഞ്ഞാൽ നമ്മുടെ പ്രാചീന സംസ്കാരത്തിന്റെ തിരുശേഷിപ്പുകളാണ് ആദിവാസി സമൂഹം.

ഇന്ത്യൻ ജനസംഖ്യയുടെ 8 കോടി 43 ലക്ഷം വരുന്ന ആദിവാസികൾ വ്യത്യസ്തമായ ആചാരങ്ങളാലും സംസ്കാരങ്ങളാലും തനതായ ഭാഷയാലും സമ്പന്നരാണ്. ഇന്ത്യയിൽ 450 വിഭാഗം ആദിവാസികൾ ഉണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കേരളത്തിലെ പുതിയ കണക്കു പ്രകാരം 43 വിഭാഗങ്ങളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പുരാതന കാലത്തിൽ കാട്ടുവാസികൾ എന്ന ഒരൊറ്റ പേരിലാണ് ഇവർ അറിയപ്പെട്ടിരുന്നത്. ബ്രിട്ടീഷ് കാലഘട്ടത്തോടുകൂടിയാണ് ഇവരെ കുറിച്ചുള്ള കണക്കുകൾ പോലും ആരംഭിക്കുന്നത്. ചരിത്രത്തിൽ തുല്യതയില്ലാത്തവിധം അടിച്ചമർത്തപ്പെടുകയും അവകാശങ്ങൾ നിഷേധിക്കപ്പെടുകയും ഓരം തള്ളി നിർത്തുകയും ചെയ്ത ആദിവാസി സമൂഹത്തെക്കുറിച്ചുള്ള മുഖ്യധാരാ ചർച്ചകൾ തുടങ്ങുന്നത് 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ്.

ആദിവാസികളുടെ പ്രശ്നങ്ങളെച്ചൊല്ലി വഴിയോരങ്ങളിൽ ഏതെങ്കിലും ഒരു കൊടിയുടെ തണലിൽ വാവിട്ടു കരയുന്ന നിരവധി സമരങ്ങൾ നാം കണ്ടിട്ടുണ്ട്. ചെങ്ങറയിലും അട്ടപ്പാടിയിലും ആവർത്തിച്ചതും മുത്തങ്ങയിൽ അരങ്ങേറിയതുമെല്ലാം തെല്ലും പുതുമയില്ലാത്ത കാര്യങ്ങളായി മാറികൊണ്ടിരിക്കുന്നു. എന്നാൽ വിദ്യാഭ്യാസ സാഹചര്യങ്ങൾ നേടിയെടുക്കുന്നതിനായി ഇതുവരെ ഒരു തരത്തിലുമുള്ള സമരങ്ങളും നടന്നതായി കേട്ടിട്ടില്ല എന്നു തന്നെ പറയാം. ശ്രീനാരായണ ഗുരുവും, അയ്യങ്കാളിയുമൊക്കെ പടപൊരുതി നേടിയെടുത്ത അക്ഷരസ്വാതന്ത്ര്യം ചരിത്രത്തിന്റെ താളുകളിൽ എഴുതപ്പെട്ടപ്പോൾ എന്തുകൊണ്ട് ഒരു 'വെളുക്കനോ' 'ചാമനോ' ഇവിടെ ഉയർന്നു വന്നില്ല? ഇവിടെ നാം ചിന്തിക്കേണ്ടുന്ന വസ്തുത വിശക്കുന്ന വയറിനു എത്രമാത്രം വേദം ഉൾക്കൊള്ളാനാവും എന്നതാണ്!

ആദിവാസികളെക്കാൾ മുന്നിൽ നിൽക്കുന്ന ദലിത് സമൂഹത്തിനു പോലും സംസ്കൃതം കേട്ടാൽ ചെവിയിൽ ഈയം ഒഴിക്കുക, ഉച്ചരിച്ചാൽ നാവു ഛേദിക്കുക തുടങ്ങിയ ക്രൂരമായ ശിക്ഷാരീതികൾ നേരിട്ട കാലത്ത് ആദിവാസി സമൂഹം അനുഭവിച്ച മനുഷ്യത്വരഹിതമായ പീഡനങ്ങൾ ഊഹിക്കാവുന്നതിലും അപ്പുറത്താണ്. വയനാട്ടിലെ വള്ളിയൂർക്കാവ് ഉത്സവങ്ങളിലൂടെ മേലാളന്മാരുടെ അടിമകളായി മാറുന്ന താഴേക്കിടയിലെ ആദിവാസി

വിഭാഗങ്ങൾക്കു അടിച്ചമർത്തലുകൾക്കപ്പുറം വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ചിന്തകൾക്കുപോലും സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല. എന്നാൽ ബഹദൂർ സി. ഗോപാലൻ നായരുടെ *വയനാട് – ഇറ്റ്സ് പീപ്പിൾ ആൻഡ് ട്രഡീഷൻ* എന്ന പുസ്തകത്തിൽ കുറുമ്പർ അക്ഷരാഭ്യാസം നേടിയതായി പ്രതിപാദിക്കുന്നു. ആദിവാസികളിലെ നമ്പൂതിരിമാർ എന്നറിയപ്പെടുന്ന കുറിച്യർ സമുദായം പോരാട്ടചരിത്രങ്ങളുടെ ഭാഗമായും ഭൂസ്വത്തുക്കളാലും സമ്പന്നരായിരുന്നു.

ഒരു മലയ്ക്കു ചുറ്റും താമസിക്കുമ്പോഴും ഉപജാതികൾക്കിടയിൽ പരസ്പരം യാതൊരുവിധ ബന്ധങ്ങളും ഉണ്ടാകാത്തവിധം അവർക്കിടയിൽ ഉന്താൻ ജാതിവ്യവസ്ഥ ഒരു 144 നിയമം പാസാക്കിയിരുന്നോ എന്നുതന്നെ സംശയിക്കേണ്ടിയിരിക്കുന്നു. 43 വിഭാഗങ്ങളും ഓരോ തരത്തിൽ ചിന്തിക്കുമ്പോൾ വിദ്യാഭ്യാസ്ത്തിനായ് നാലുചുമരുകൾക്കുള്ളിൽ ഇവരെ ഒന്നിപ്പിക്കുക എന്നത് ശ്രമകരമാണ്. ഒരുമിച്ചിരുന്നു ഉച്ചക്കഞ്ഞി കഴിക്കാൻ പോലും കഴിയാത്ത വിധം ശക്തമായിരുന്നു ഇവർക്കിടയിലെ ജാതിവിഭാഗീയത. ജാതിക്കകത്ത് പോലും ഇത്തരം ശക്തമായ തരത്തിൽ ഉപജാതികൾ തമ്മിലുള്ള അയിത്തങ്ങൾ നിലനിൽക്കെ സർക്കാരിൻരെ വിദ്യാഭ്യാസപദ്ധതികൾ എത്തരത്തിൽ നടപ്പാക്കുമെന്നത് ചോദ്യമായി മാറുന്നന്നു.

ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ മാതൃഭാഷയെ ചവിട്ടി മെതിക്കുന്നതുകണ്ട് ചാനലുകളിൽ പൊട്ടിക്കരഞ്ഞവരാണ് മലയാളികൾ. തങ്ങളുടെ മാതൃഭാഷയോട് ഇത്തരത്തിലുള്ള സ്നേഹം കൊണ്ടുനടക്കുന്നവരാണ് ആദിവാസികളും എന്ന വസ്തുത നാം മറന്നുപോകുന്നു. അവരുടെ തനതായ ഭാഷയ്ക്കു യാതൊരുവിധ പരിഗണനയും കൊടുക്കാതെ മുഖ്യധാരയിലേക്കും അവരെ എത്തിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി മലയാളവും ഇംഗ്ലീഷുമെല്ലാം അടിച്ചേൽപ്പിക്കുകയാണ് ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം. 'അമ്മയെ' 'മമ്മി' ആക്കിയ മലയാളിയുടെ ഇത്തരം പുരോഗമനാശയങ്ങൾ ഉൾക്കൊള്ളാൻ മണ്ണിന്റെ മനസറിഞ്ഞു ജീവിക്കുന്ന സമൂഹത്തിനു അത്രമേൽ എളുപ്പമല്ല.

അക്ഷരാഭ്യാസം എന്നതിനെക്കാൾ ഒരു നേരത്തെ ആഹാരം എന്ന ആഗ്രഹവുമായാണ് പല കുട്ടികളും സ്കൂളുകളിൽ എത്തുന്നത്. ആദിവാസികളുടെ ജീവിതരീതിയെ കുറിച്ചോ, സംസ്കാരത്തെക്കുറിച്ചോ ഭാഷയെക്കുറിച്ചോ യാതൊന്നും അറിയാതെ പഠിപ്പിക്കനായി ട്രൈബൽ സ്കൂളികളിലേയ്ക്ക് 'പണിഷ്മെന്റ് ട്രാൻസ്ഫറിലൂടെ' എത്തുന്ന അധ്യാപകർക്കു എത്രത്തോളം ആ കുട്ടികളിലേക്ക് ഇറങ്ങിച്ചെല്ലാൻ സാധിക്കും? എത്രത്തോളം ആശയവിനിമയം സാധ്യമാകും? ദരിദ്രചുറ്റുപാടുകളിൽ നിന്നും വരുന്ന ആദിവാസി വിദ്യാർഥികൾക്കു സ്കൂളുകളിൽ അവഗണനകൾ മാത്രം നേരിടേണ്ടതായി വരുന്നു. ദളിതു വിദ്യാർത്ഥിയായ അംബേദ്ക്കറെ നിലത്തിരുത്തി പഠിപ്പിച്ച സംസ്കാര ശൂന്യത നാം കേട്ടിട്ടുള്ളതാണല്ലോ...? ഇത്തരം അവഗണനകൾ അവരുടെ വിദ്യാഭ്യാസ മുന്നേറ്റങ്ങൾക്കും മുമ്പിൽ വലിയൊരു പ്രതിസന്ധിയായി ഇന്നും നിലനിൽക്കുന്നു.

**സ്കൂളുകളിൽ എത്തുന്ന വിദ്യാർത്ഥികളുടെ സ്വത്വബോധത്തെ ചോദ്യം ചെയ്യുന്ന തരത്തിൽ വേശനെയും വാറ്റയെയും കറുമ്പിയെയും സിന്ദുവും ബിന്ദുവും രാജുവും ആക്കിമാറ്റുന്ന പൊങ്ങച്ച സംസ്കാരത്തിനിരകളാകേണ്ടി വരുകയാണ് പലരും. അവരുടെ വ്യക്തിത്വമാണിവിടെ ചോദ്യം ചെയ്യപ്പെടുന്നത്.**

സ്കൂളുകളിൽ എത്തുന്ന വിദ്യാർഥികളുടെ സ്വത്വബോധത്തെ ചോദ്യം ചെയ്യുന്ന തരത്തിൽ വേശനെയും വാറ്റയെയും കറുമ്പിയെയും സിന്ദുവും ബിന്ദുവും രാജുവും ആക്കിമാറ്റുന്ന പൊങ്ങച്ച സംസ്കാരത്തിനിരകളാകേണ്ടി വരുകയാണ് പലരും. അവരുടെ വ്യക്തിത്വമാണിവിടെ ചോദ്യം ചെയ്യപ്പെടുന്നത്. ഇത്തരം പ്രവർത്തികൾ അവർക്കിടയിൽ തങ്ങൾ മാറ്റിനിർത്തപ്പെടേണ്ടവരാണെന്ന മനോഭാവം സൃഷ്ടിക്കുന്നു. സംസ്കാരത്തിൽ നിന്നുമുള്ള ഈ പറിച്ചു നടൽ അവരെ വെറും ജീവശവങ്ങളാക്കി മാറ്റുന്നു.

വീടുകളിലെ പട്ടിണിയിൽ നിന്നും രക്ഷപ്പെടുന്നതിനായി ട്രൈബൽ ഹോസ്റ്റലുകളിൽ എത്തുന്ന വിദ്യാർഥികളെ വരവേൽക്കുന്നത് അയിത്താചാരങ്ങളും അടിച്ചമർത്തലുകളുമാണ്. ഇത്തരം അടിച്ചമർത്തലുകൾ അവർക്കിടയിൽ തങ്ങൾ അടിച്ചമർത്തപ്പെടേണ്ടവർ മാത്രമാണെന്നു ചിന്തിപ്പിക്കുന്നു. തല ചായ്ക്കാനൊരു കൂരയ്ക്കും പാതിവയറു നിറയ്ക്കാനുള്ള ഓട്ടത്തിനുമിടയിൽ വിദ്യാഭ്യാസത്തിന്റെ പ്രസക്തി എത്രത്തോളമാണെന്ന് ചിന്തിക്കുക? അന്തിയുറങ്ങാൻ പടുകൂറ്റൻ മാളികയും കഴിക്കാൻ വിഭവസമൃദ്ധമായ ഭക്ഷണങ്ങളും ജന്മാവകാശമായി കിട്ടിയ നമുക്കെങ്ങനെയാണ് അടിസ്ഥാനാവശ്യങ്ങൾക്കായി ജീവിതം മുഴുവൻ സമരം ചെയ്തുതീർക്കുന്നവന്റെ ദുരിതമറിയാനാവൂ.

എന്തിനും ഏതിനും 'റിസേർച്ചുകൾ' നടത്തി ഉത്തരം കണ്ടെത്തുന്ന നാം ഈ വിഷയങ്ങളിലും ഒരുപാട് പഠനങ്ങൾ നടത്തിയിരിക്കുന്നു. എന്നാൽ അവ റിസേർച്ചു പേപ്പറുകൾ എന്ന രീതിയിൽ ചിതലരിക്കപ്പെടുകയും ആദിവാസി സമൂഹത്തിന്റെ സാംസ്കാരിക സമ്പന്നത നാം മനസ്സിലാക്കാതെ പോവുകയും ചെയ്യുന്നു. നിരവധി ഗവേഷണ പരീക്ഷണങ്ങളിലൂടെ നാം കണ്ടുപിടിച്ച മരുന്നുകൾക്കും യന്ത്രങ്ങൾക്കും പരിഹരിക്കാനാവാത്ത രോഗങ്ങൾ പോലും ഭേദമാക്കുന്ന സമ്പന്നമായ ചികിത്സാരീതികൾ. കൊയ്ത്തുപാട്ടുകളും നാടൻപാട്ടുകളും കോൽക്കളിയും വട്ടക്കളിയും ഉൾപ്പെടുന്ന യാതൊരുവിധ ഏച്ചുക്കെട്ടലുകളുമില്ലാത്ത തനതു കലാരൂപങ്ങൾ. അമ്പെയ്ത്തു വിദ്യപോലുള്ള ആയുധ കലകൾ. വ്യത്യസ്തമായ സംഗീതോപകരണങ്ങളും കരകൗശലവിദ്യകളും സ്വന്തമായുള്ളവർ. മണ്ണിൽ പൊൻവിളയിക്കുന്ന മാന്ത്രികത വശമുള്ളവർ. ഇങ്ങനെ പറഞ്ഞാലും തീരാത്ത പാരമ്പര്യങ്ങളും അറിവുകളും വരദാനമായി കിട്ടിയവർ. ഈ കാടിന്റെ മക്കൾക്കു ഫിസിക്സും സോഷ്യോളജിയും രാസവാക്യങ്ങളും പലപ്പോഴും എടുത്താൽ പൊങ്ങാത്തഭാരമായി മാറുന്നു. അതുകൊണ്ടു തന്നെ അവ പാതിവഴിയിൽ ഇട്ടെറിഞ്ഞ് പലരും തങ്ങളുടെ കുടിലിലേക്കു തന്നെ തിരിച്ചുപോകുന്നു. ഇവിടെയാണ് ഇത്തരം ആളുകളെ മുന്നോട്ടു കൊണ്ടുവരാനുള്ള പുതിയ പദ്ധതികൾ ചർച്ച ചെയ്യപ്പെടേണ്ടത്. കോടിക്കണക്കിനു രൂപ ചിലവാക്കി വികസന പ്രഹസന നാടകങ്ങൾ അരങ്ങേറുമ്പോൾ അവയൊക്കെയും ഭംഗിയായി ആടിതീർത്ത് ആധികാരികം പടിയിറങ്ങുമ്പോൾ ഞാക്കൊന്നുറിയില്ലേ എന്ന മട്ടിൽ പകച്ചു നിൽക്കുന്ന കുറെ പാവം വികസനത്തിന്റെ ഇരകൾ.

ആദിവാസി വിഭാഗത്തിൽപ്പെട്ട മുള്ളുവ കുറുമ്പരിൽ നിന്നും താരതമ്യേന സാഹിത്യത്തിലും വിദ്യാഭ്യാസരംഗത്തും ചെറിയ തരത്തിലുള്ള സാന്നിധ്യം കാണാനായിട്ടുണ്ട്. നാരായന്റെ കൊച്ചരേത്തി എന്ന നാടകം ഇതിനു തെളിവാണ്. സർക്കാരിന്റെ താഴെ തട്ടിലുള്ള ഉദ്യോഗങ്ങളിലും ഇത്തരക്കാർ ചെറിയ തോതിൽ സ്ഥാനം പിടിച്ചിരിക്കുന്നു. ഇവർക്കിടയിൽ ഫലപ്രദമായ രീതിയിൽ എങ്ങനെ വിദ്യാഭ്യാസം നടപ്പാക്കാമെന്ന ചർച്ചകൾ ഇന്നും തുടർന്നകൊണ്ടേയിരിക്കുന്നു. വയനാട്ടിൽ കെ. ജെ. ബേബി ആരംഭിച്ച കനവ് എന്ന പദ്ധതി ഒരു പരീക്ഷണമായിരുന്നു. സംസ്കാരത്തിൽ നിന്നൊരു പറിച്ചുനടൽ ഒഴിവാക്കികൊണ്ടു കാടിന്റെ മക്കളെ പ്രകൃതിയിൽ നിന്നുതന്നെ പാഠങ്ങൾ പഠിപ്പിക്കുന്ന രീതി. പുറത്തിറങ്ങുന്നവർക്കു ഇന്റർവ്യൂകളിൽ പ്രദർശിപ്പിക്കാൻ സർട്ടിഫിക്കറ്റുകൾ കിട്ടില്ലെന്നത് ഇവിടുത്തെ യാഥാർത്ഥ്യം. പതിയെ അടച്ചുപൂട്ടിയ ഈ സ്ഥാപനത്തിൽ നിന്നും തങ്ങളുടെ കഴിവുകൾ തിരിച്ചറിഞ്ഞ് മുന്നോട്ടു സഞ്ചരിച്ചവർ നിരവധി. .. അത്തരത്തിൽ അതൊരു വിജയമായിരിന്നു എന്നുവേണം പറയാൻ. ഇത്തരം പരീക്ഷണങ്ങൾക്കു വേണ്ട പിന്തുണകൾ നൽകിയും പ്രോത്സാഹിപ്പിക്കുകയും അവിടെ നിന്നും പുറത്തിറങ്ങുന്നവരെ അംഗീകരിക്കാൻ സമൂഹം തയ്യാറാവുകയും ചെയ്താൽ നാളെയുടെ വാഗ്ദാനങ്ങളാവാൻ കൈയ്യടികളേറ്റു വാങ്ങാൻ കഴിവുള്ളവർ പലരും പുറത്തുവരുക തന്നെ ചെയ്യും.

**1992കളിൽ കേരളം സമ്പൂർണ്ണ സാക്ഷരത കൈവരിച്ചപ്പോഴും ആദിവാസികൾക്കിടയിൽ അത് വെറും 51% മാത്രമായിരുന്നു. അവരുടെ തനതുഭാഷയെ അവഗണിച്ചു കൊണ്ടു അവരെ നാം മലയാളം പഠിപ്പിച്ച് സാക്ഷരർ ആക്കാൻ ശ്രമിച്ചപ്പോൾ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ചീട്ടുകൊട്ടാരം പോലെ തകർന്നടിഞ്ഞു.**

കോടികൾ ചിലവിട്ടു നടത്തുന്ന വികസന പ്രവർത്തനങ്ങൾ എങ്ങും എത്താതെ പോകുമ്പോൾ തകർന്നില്ലാതാവുന്നത് ഒരു സംസ്കാരം തന്നെയാണ്. അട്ടപ്പാടിയിൽ കോടികൾ ചിലവാക്കി അഹാഡ്സ് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ എത്രമാത്രം ഫലം കണ്ടു എന്നത് സംശയമാണ്? ഭരണഘടന സ്വയം ഭരണത്തിനുള്ള അവകാശങ്ങൾ അനുവദിച്ചുകൊടുക്കുമ്പോഴും എന്തുകൊണ്ടാണ് വിദ്യാഭ്യാസപരമായ വികസനങ്ങൾ നടപ്പിലാകാത്തത്? ഒരു പക്ഷെ വിവരമുള്ള ജനത കൂലിക്കു ജയ് വിളിക്കാൻ വരില്ലെന്നത് നേതാക്കൾ തിരിച്ചറിഞ്ഞതു കൊണ്ടാവണം.

1992കളിൽ കേരളം സമ്പൂർണ്ണ സാക്ഷരത കൈവരിച്ചപ്പോഴും ആദിവാസികൾക്കിടയിൽ അത് വെറും 51% മാത്രമായിരുന്നു. അവരുടെ തനതുഭാഷയെ അവഗണിച്ചു കൊണ്ടു അവരെ നാം മലയാളം പഠിപ്പിച്ച് സാക്ഷരർ ആക്കാൻ ശ്രമിച്ചപ്പോൾ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ചീട്ടുകൊട്ടാരം പോലെ തകർന്നടിഞ്ഞു. മലയാളത്തിനുപോലും ഇംഗ്ലീഷ് ഭാഷയ്ക്കു തുല്യമായ വാക്കുകൾ കിട്ടാതെ വരുമ്പോൾ തതുല്യമായ പദങ്ങൾ ഉപയോഗിക്കുകയാണ് ആദിവാസികൾക്കിടയിൽ.

ട്യൂബ് ലൈറ്റിനു മലയാളം പദം അന്വേഷിക്കുന്ന മലയാളിക്കു മുന്നിൽ 'ബടിബുളാക്കു' എന്ന പേരിൽ തലയുയർത്തി നിൽക്കുന്ന പണിയഭാഷ. പൊതുവേ വാമൊഴിയായി മാത്രം നിലനിൽക്കുന്ന ആദിവാസിഭാഷകൾക്കു ഇന്നു ഡിക്ഷ്ണറികൾ പ്രാബല്യത്തിലുണ്ട്. നോർത്ത് ഇന്ത്യയിലെ സന്താളി വിഭാഗത്തിനു തങ്ങളുടെ ഭാഷയ്ക്കു യൂണിവേഴ്സിറ്റി തലത്തിൽ അംഗീകാരം ലഭിച്ചു കഴിഞ്ഞു. അസാമിലെ 'ഖാസി' ഭാഷയും ഗുജറാത്തിലെ 'മേയ്ത്തി' ഭാഷയുമെല്ലാം ഇതിനുദാഹരണമാണ്. കേരളത്തിൽ അട്ടപ്പാടിയിൽ നടത്തിയ ഇത്തരം ശ്രമം കാര്യമായ രീതിയിൽ വിജയിച്ചില്ല. വിവിധ വിഭാഗങ്ങൾക്കിടയിൽ നിലനിൽക്കുന്ന വ്യത്യസ്തതയാണിതിനുകാരണം.

എന്നാൽ വളരെയധികം പദസമ്പത്തോടുകൂടി പുറത്തിറങ്ങിയ നിഘണ്ടുകൾ പുതിയൊരു മാറ്റത്തിനു കാരണമായേക്കാവുന്ന തരത്തിലുള്ളതാണ്. അവരുടെ ഭാഷയിൽ പുസ്തകങ്ങൾ പുറത്തിറക്കാൻ സാധിക്കുമെന്ന ആശയം ഇവിടെ വഴിതുറക്കുന്നു. ഞങ്ങളുടെ ഭാഷയിൽ പുസ്തകങ്ങൾ ഇറങ്ങുകയും അംഗീകാരം ലഭിക്കുകയും ചെയ്യുക വഴി പലരെയും അത് വിദ്യാഭ്യാസരംഗത്തേക്ക് അടുപ്പിക്കുന്നതിനു സഹായകമാകും.



ആദിവാസി വിദ്യാഭ്യാസത്തെ ഘട്ടം ഘട്ടമായി തിരിച്ച് അവരെ അവരുടെ ഭാഷയിൽ പഠിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളും അവർക്കിടയിൽ നിന്നു തന്നെ അധ്യാപകരെയും മുന്നോട്ടു കൊണ്ടുവന്നാൽ അത് പുത്തൻമാറ്റങ്ങൾക്കു വഴിയൊരുക്കും. വലിയ വലിയ യോഗ്യതകൾ മാനദണ്ഡം വയ്ക്കാതെ അത്തരത്തിൽ അധ്യാപകരെ മുന്നോട്ടു കൊണ്ടുവരികയും അതേ ഭാഷയിൽ അവരുടെ സംസ്കാരങ്ങളിൽ അടിയുറച്ച സിലബസുകൾ തയ്യാറാക്കുകയും ഒക്കെ നടപ്പാക്കാവുന്ന നിർദ്ദേശങ്ങളാണ്. ആദിവാസി വികസനം ലക്ഷ്യമാക്കി വയനാട്ടിലെ ചെതലയത്ത് സ്ഥാപിക്കുന്ന Tribal Institute of Studies and Research ഇത്തരത്തിൽ സഹായകരമാകുന്നമെന്ന് കരുതാം. ആദിവാസികളുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിനും ജീവിതരീതികൾ മെച്ചപ്പെടുത്തുന്നതിനും ഉതകുന്ന തരത്തിലാണത് നടപ്പാക്കുന്നത്. എടുത്താൽ പൊങ്ങാത്ത ഭാരം ചുമപ്പിക്കുന്നതിനു പകരം അവരെ എങ്ങനെ മുന്നോട്ടു കൊണ്ടുവരാൻ കഴിയുമെന്ന ചർച്ചയുടെ ഫലമാണീ സ്ഥാപനം. രോഗങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണവും സർക്കാർ ജോലികൾ നേടുന്നതിനുള്ള മാർഗങ്ങളും കൈത്തൊഴിലുകളും പഠിപ്പിക്കുക വഴി അവരെയും സമൂഹത്തിന്റെ ഭാഗമാക്കി മാറ്റാനുള്ള ശ്രമം.

അതിജീവന സാധ്യതകൾ റിസേർച്ചുകളിൽ ഒതുങ്ങിപ്പോകുന്ന ഈ കാലഘട്ടത്തിൽ അരുതാത്തത് കുത്തിവെയ്ക്കാനുള്ള ശ്രമം ഉപേക്ഷിച്ച് അനുയോജ്യമായ പദ്ധതികൾ നടപ്പാക്കുകയാണ് വേണ്ടത്. വെളുക്കനെയും ചാമിയെയും അവരായിതന്നെ അംഗീകരിച്ച് വിദ്യാഭ്യാസ രീതികളിൽ വേണ്ടുന്ന മാറ്റം വരുത്താൻ തയ്യാറായാൽ അവരും സമൂഹത്തിന്റെ ഭാഗമാവുക തന്നെ ചെയ്യും. 'മാറ്റുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ മാറ്റുമതുകളീ നിങ്ങളെതാൻ' എന്ന കവിവാക്യം വിസ്മരിച്ചുകൂടാ.


*കേട്ടെഴുതിയത്: റിയ ബേബി, അതുല്യ ഇ.പി.*



അസീസ് തരുവണ

# സ്വർഗംതേടി ഒരു ധിഷണാശാലി

സമകാലീന ഇസ്ലാമിക ലോകത്തെ അതുല്യ പ്രതിഭാശാലിയായ സിയാവുദ്ദീൻ സർദാറിന്റെ desperately seeking paradise എന്ന പുസ്തകത്തിന്റെ മലയാള പരിഭാഷയായ 'സ്വർഗംതേടി നിരാശയോടെ' എന്ന കൃതി വ്യത്യസ്തമായ വായനാനുഭവം സമ്മാനിക്കുന്നു. ശാസ്ത്രം, മതം, സമകാലീന സംസ്കാരം തുടങ്ങിയവയെപ്പറ്റി നാല്പതിലേറെ ഗ്രന്ഥങ്ങൾ രചിച്ച സർദാറിന്റെ ആത്മകഥാപരമായ കൃതിയാണിത്. ഇസ്ലാമിനകത്തു കൂടി സർദാർ നടത്തിയ സഞ്ചാരമാണിതെന്നും പറയാം. കേരളീയമായ പല അനുഭവങ്ങളും ലണ്ടനിലും അല്ലെങ്കിൽ അദ്ദേഹം സഞ്ചരിച്ച മറ്റു പല സ്ഥലങ്ങളിലും കാണാൻ സാധിക്കുന്നുവെന്നതാണ് എന്നെ ഏറ്റവും ആകർഷിച്ച ഘടകം.




ഇരുപതാം നൂറ്റാണ്ടിൽ മുസ്ലിം ലോകത്ത് ഉദയംകൊണ്ട വിവിധ ഇസ്ലാമിക പ്രസ്ഥാനങ്ങളെ സൂക്ഷ്മമായി പിന്തുടരാൻ സർദാർ സമയം കണ്ടെത്തിയിട്ടുണ്ട്. തബ്ലീഗ് ജമാഅത്ത് മുതൽ ഇഖ്വാനുൽ മുസ്ലിമൂൻ, ജമാഅത്തെ ഇസ്ലാമി വരെയുള്ള സംഘങ്ങളെ അദ്ദേഹം ശ്രദ്ധാപൂർവം പിന്തുടരുന്നുണ്ട്. എവിടെയാണ് ഇസ്ലാമിന്റെ മൗലികസൗന്ദര്യം ബാക്കി നില്ക്കുന്നത് എന്ന് അദ്ദേഹം തന്റെ യാത്രയിൽ അന്വേഷിക്കുന്നു. സ്വർഗം തേടിയുള്ള സംഘടനകളുടെ മത്സരയോട്ടം സർദാറിന് ഒരു കോമാളിക്കാഴ്ചയായാണ് അനുഭവപ്പെടുന്നത്. ഈ കോമാളി മുഖങ്ങളിൽ ഒന്നല്ലേ തന്റേതുമെന്ന് ഒരു ഞെട്ടലോടെ സർദാറും തിരിച്ചറിയുന്നു.

ഈ പുസ്തകത്തിൽ പല വിഷങ്ങളിലൂടെയും കടന്നുപോകുന്നുണ്ട്. ആധുനിക ഇസ്ലാമിക സമൂഹങ്ങൾ നേരിടുന്ന പല ആശയപരമായ വെല്ലുവിളികളെയും തന്റേതായ വീക്ഷണകോണിലൂടെ അദ്ദേഹം നോക്കിക്കാണുന്നു. ഉദാഹരണത്തിന് സെക്യുലറിസം മറ്റൊരു മതമാണെന്നാണ് സർദാറിന്റെ നിരീക്ഷണം. സെക്യുലറസത്തിന്റെ ഉല്പന്നമായ ലിബറൽ ഹ്യൂമനിസത്തിന് അതിന്റേതായ വിശ്വാസപദ്ധതികളുണ്ട്, മതവും രാഷ്ട്രീയവുമായുള്ള വിഭജനം, സമ്പൂർണമായ ആവിഷ്ക്കാര സ്വാതന്ത്ര്യം തുടങ്ങിയവ ഇതിൽ ചർച്ചചെയ്യുന്നു. ഇവയിൽ വളരെ വ്യത്യസ്തമായ നിലപാടുകളാണ് അദ്ദേഹത്തിനുള്ളത്.

കേരളത്തിലെ സംഘടനകൾക്കിടയിൽ നടക്കുന്ന തർക്കങ്ങൾക്ക് ഹേതുവായ കാര്യങ്ങളെ നാം നിസ്സാരമെന്ന് വിശേഷിപ്പിക്കുമ്പോഴും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇത് സജീവമായി ചർച്ചചെയ്യപ്പെടുന്നുണ്ടെന്നത് മറ്റൊരു കൗതുകമാണ്. എന്നാൽ ഈ പിടിവലികൾ സമുദായത്തിന് എത്രത്തോളം ആരോഗ്യകരമാണ് എന്ന സ്വയം വിചാരണക്ക് ഈ കൃതി പ്രേരണ നല്കും. കേവല ആത്മീയത മാത്രം പ്രബോധനം ചെയ്യുന്ന തബ്ലീഗ് ജമാഅത്തിനെ അദ്ദേഹം രൂക്ഷമായി വിചാരണ ചെയ്യുന്നുണ്ട്.

ഈ പുസ്തകത്തിന്റെ ഭാഷ എടുത്തുപറയേണ്ടതാണ്. വളരെ ഋജുവും ദൃഢവുമായ ഒരു ഗദ്യമാണ് മൂലകൃതിക്കും വിവർത്തനത്തിനുമുള്ളത്. വളരെ മൗലികമായ കാഴ്ചപ്പാടുകൾ അദ്ദേഹം ഇതിൽ മുന്നോട്ടുവെക്കുന്നുണ്ട്. ക്ലാസിക്കൽ ഇസ്ലാമിസ്റ്റുകളും തൊട്ടുമുമ്പ് കടന്നുപോയ നവോത്ഥാനനായകരും അവതരിപ്പിച്ച ആശയങ്ങളെ കുറച്ചുകൂടി മുമ്പോട്ട് കൊണ്ടുപോകാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. അജയ് പി മങ്ങാടിന്റെ പ്രൗഢമായ അവതാരികയും ഈ വിവർത്തനത്തിന് ഒരു മുതൽക്കൂട്ടാണ്.

(സ്വർഗംതേടി നിരാശയോടെ, സിയാവുദ്ദീൻ സർദാർ, വിവ. കെ സി സലീം, അദർ ബുക്സ് കോഴിക്കോട്)